
സ്വതന്ത്ര സമുദായം




305-5095
483

ഇ. മാധവൻ


Arch Center

Research Center




(Malayalam)
Swathanthra Samudayam
by E. Madhavan
First published October 1934
Second Impression Sep: 1979
Printed at Kumari Printing Works. Trivandrum-6
Cover: Somaraj
Price: Rs. 10.00
Rights Reserved
Publishers:
Prabhatham Printing & Publishing Co. (P) Ltd
Trivandrum-695024, Kerala India
Sales Department
PRABHATH BOOK HOUSE
TRIVANDRUM-QUILON-ALLEPPEY-ERNAKULAM
ELOOR-TRICHUR-PALGHAT-CALICUT-CANNANORE

M. G15

സ്വതന്ത്രസമുദായം

5078



ഇ. മാധവൻ

പ്രസാധകർ;
പ്രഭാതം പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ്
കമ്പനി ലിമിറ്റഡ്

പ്രഭാത് ബുക്ക് ഹൗസ്
തിരുവനന്തപുരം
വില 10 രൂപ

305.5095483



PBH / PPB-29 / 79 / 1000-1

അവതാരിക

'സ്വതന്ത്രസമുദായം' ആദ്യം പുറത്തു വന്നതു് 1934 ഒക്ടോബറിലാണു്. വരുന്ന ഒക്ടോബറിൽ ഈ പുസ്തകത്തിനു നാല്പത്തഞ്ചു വയസ്സു് തികയും. ഈ നാല്പത്തഞ്ചു വർഷങ്ങൾ ചരിത്രസംഭവങ്ങൾ തിങ്ങി നിറഞ്ഞ കാലഘട്ടമാണു്. ലോകമൊട്ടുക്കു് വമ്പിച്ച പരിവർത്തനങ്ങളുണ്ടായിരിക്കുന്നു. ഈ കൊച്ചു കേരളത്തിൽ തന്നെ അത്ഭുതകരങ്ങളായ മാറ്റങ്ങളാണുണ്ടായിരിക്കുന്നതു്.

ഈ. മാധവന്റെ പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ തിരുവിതാംകൂറിലും കൊച്ചിയിലും ഹിന്ദുരാജാക്കന്മാരും മലബാറിൽ ബ്രിട്ടീഷുകാരും സേച്ഛാഭരണം നടത്തുകയായിരുന്നു. തിരുവിതാംകൂർ മഹാരാജാവു് നാടുകടത്തിയ 'സ്വദേശാഭിമാനി' കെ. രാമകൃഷ്ണപിള്ള ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള മലബാറിൽ അഭയം തേടി. സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണകാലത്തു് തിരുവിതാംകൂറിലെ 'വിദ്ധ്വംസകപ്രവർത്തകർ'ക്കും 'രാജദ്രോഹി'കൾക്കും കൊച്ചിയും മലബാറും താവളസ്ഥാനങ്ങളൊരുക്കുകയും ചെയ്തു. എന്നാൽ 'സ്വതന്ത്രസമുദായം' എന്ന പുസ്തകശിശുവിനു് അവിടെയെങ്ങും അഭയം ലഭിച്ചില്ല. തിരുവിതാംകൂർ സർക്കാർ 'സ്വതന്ത്രസമുദായ'ത്തിന്റെ കോപ്പികൾ കണ്ടുകെട്ടി. തുടർന്നു് കൊച്ചി, മദ്രാസു് ഗവണ്മെന്റുകളും നിരോധന ഉത്തരവുകൾ പുറപ്പെടുവി

ച്ചു. ഒരു പുസ്തകത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ ബഹുമതിയും അംഗീകാരവുമാണ്. മുന്നോട്ടുള്ള പ്രയാണത്തിനു കൂടുതൽ ഉണർവുണ്ടാക്കുവാൻ കഴിഞ്ഞ ഒരു കൃതിക്ക് ചരിത്രത്തിൽ തീർച്ചയായും ഒരു പ്രധാന സ്ഥാനമുണ്ട്.

ഗവണ്മെൻറുകളുടെ പുസ്തകം കണ്ടുകെട്ടൽ വളരെ രസകരമായ ഒരേർപ്പാടാണ്. അതൊരു നല്ല അഡ്വർട്ടൈസ്മെൻറായിത്തീരുകയാണ് പതിവ്. നിരോധിക്കപ്പെട്ടുന്ന പ്രസിദ്ധീകരണങ്ങളുടെ കോപ്പികൾ പലപ്പോഴും പോലീസിനു പിടികൊടുക്കാതെ അപ്രത്യക്ഷപ്പെടും. അവ ജനങ്ങളുടെയിടയിൽ ധാരാളം പ്രചരിക്കുകയുംചെയ്യും. 'സ്വതന്ത്രസമുദായ'ത്തിൻറെ കഥയും ഇതു തന്നെയായിരുന്നു. ഈ മാധവൻറെ പിൻമുറക്കാരായ കമ്യൂണിസ്റ്റുകാർ ഒളിവിൽപ്പോയിത്തുടങ്ങുന്നതിനു വളരെ മുമ്പു തന്നെ അദ്ദേഹത്തിൻറെ പുസ്തകം അണ്ടർഗ്രൗണ്ട് പ്രവർത്തനം ആരംഭിച്ചു. കേരളത്തിൽ ആശയപരമായ വിപ്ലവ മുന്നേറ്റത്തിനു ഏറ്റവും കൂടുതൽ സംഭാവന നൽകിയ പുസ്തകങ്ങളിലൊന്നാണ് 'സ്വതന്ത്രസമുദായം'.

മാധവൻ വെറുമൊരു ചിന്തകനോ എഴുത്തുകാരനോ ആയിരുന്നില്ല. താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങളിൽ അദ്ദേഹം ഊർജ്ജസ്വലമായ പങ്കു വഹിച്ചു. എസ്സ്. എൻ. ഡി. പി. യോഗം, സഹോദരസംഘം, യുക്തിവാദം, തീയ്യവ്യവജനസംഘം, നിവർത്തനം എന്നീ പ്രസ്ഥാനങ്ങളുടെ സജീവപ്രവർത്തകനായിരുന്ന അദ്ദേഹം. എസ്. എൻ. ഡി. പി. യോഗം ഒരു രാജദ്രോഹപ്രസ്ഥാനമായിരുന്ന നിവർത്തനപ്രക്ഷോഭണ കാലത്തു് മാധവൻ യോഗത്തിൻറെ പ്രഗത്ഭനായ സംഘടനാ സെക്രട്ടറിയായിരു

ന്ന. ആ വക പ്രവർത്തനങ്ങളിൽ നിന്നെല്ലാം നേടിയ അറിവും അനുഭവങ്ങളുമാണ് ഇത്തരം ഒരു പുസ്തകമെഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്.

മാധവൻ വിഭാവനം ചെയ്ത 'സ്വതന്ത്രസമുദായം' ഈഴവസമുദായമാണു്. ഈഴവർ ഹിന്ദുക്കളല്ല. ബുദ്ധമതവിശ്വാസികളായിരുന്ന ഒരു വമ്പിച്ച ജനവിഭാഗത്തെ ബ്രാഹ്മണാധിപത്യത്തിലുള്ള ഹിന്ദുമതം കടിക്കിലാക്കുകയാണു് ചെയ്തതു്. ഈഴവർക്കു് ഹിന്ദുമതത്തിൽ നിന്നു് ദ്രോഹവും അപമാനവും മാത്രമേ അനുഭവപ്പെട്ടിട്ടുള്ളു. അവർ ഈ നരകം വലിച്ചെറിഞ്ഞു് സ്വതന്ത്രരാകണം. യാതൊരു മതവുമായും ബന്ധമില്ലാത്ത ഒരു സമുദായമായി അവർ ജീവിക്കണം. ഈ പ്രമേയമാണു് മാധവൻ ചർച്ച ചെയ്തിരിക്കുന്നതു്.

സ്വതന്ത്രസമുദായ വാദത്തിന്റെ പ്രസക്തിയും ആവശ്യകതയും ശരിക്കു മനസ്സിലാകണമെങ്കിൽ ഈഴവ സമുദായം സ്വാതന്ത്ര്യാവകാശങ്ങളാരാഞ്ഞു കടന്നു വന്ന വഴികളെപ്പറ്റി സാമാന്യമായിട്ടെങ്കിലും അറിഞ്ഞിരിക്കേണ്ടതുണ്ടു്.

19–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണു് ഈഴവ സമുദായം ഉണർന്നു തുടങ്ങിയതു്. ധീരസമുദായാഭിമാനിയായ ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ നേതൃത്വത്തിൽ മദ്ധ്യതിരുവിതാംകൂറിൽ നടന്ന സ്വാതന്ത്ര്യസമരങ്ങളും ഒറ്റപ്പെട്ടവ ആയിരുന്നില്ല. ജാതിശല്യം മൂർദ്ധന്യത്തിലെത്തിയിരുന്ന തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളുടെ പല ഭാഗങ്ങളിലും ഈ മാതിരി സമരങ്ങൾ നടന്നിട്ടുണ്ടു്. വഴി നടക്കുന്നതിനും, സ്ത്രീകൾക്കു മാറുമറയ്ക്കുന്നതിനും മറ്റുമുള്ള അവകാശങ്ങൾ നേടുന്നതിനു് സംഘബലമുള്ള സ്ഥലങ്ങളിൽ ഈ

വർ എന്തും സഹിക്കുന്നതിനു സന്നദ്ധരായി മുന്നിട്ടിറങ്ങി. സർക്കാരിന്റെ പിൻബലത്തോടുകൂടി സവർണ്ണഹിന്ദുക്കൾ നടത്തിവന്ന അക്രമങ്ങളെ ഈഴവർ കരബലംകൊണ്ടു നേരിട്ടു. സർക്കാർ പള്ളിക്കൂടങ്ങളിലും കച്ചേരികളിലും പ്രവേശിക്കുന്നതിനുള്ള അവകാശം സ്ഥാപിക്കുന്നതിനും ഈഴവർക്കു് സംഘബലത്തെ ആശ്രയിക്കേണ്ടി വന്നിട്ടുണ്ടു്.

സ്വാതന്ത്ര്യതൃഷ്ണ അദമ്യമായിത്തീർന്നതോടുകൂടി ഈഴവർ രക്ഷാമാർഗങ്ങളും പലതും ആരാഞ്ഞു തുടങ്ങി. ശ്രീനാരായണഗുരുവിന്റെ ക്ഷേത്രപ്രതിഷ്ഠാ മതത്തെപ്പറ്റി ഈഴവർക്കുണ്ടായിരുന്ന സങ്കൽപ്പങ്ങൾക്കു മാറ്റം വരുത്തി. ബ്രാഹ്മണ ക്ഷേത്രിയാകുന്ന മായക്കു മരുന്നിന്റെ ലഹരിയിൽ നിന്നു് ഈഴവർ വിമുക്തരായി. അവരിൽ ചിന്താശീലരായിട്ടുള്ളവർ ശ്രുതി-സ്മൃതികളെ ചോദ്യം ചെയ്തു. സനാതനമെന്നു കരുതപ്പെട്ടിരുന്ന സകലതിനെയും വെല്ലുവിളിക്കുന്ന ഒരു പുതിയ തലമുറ ആവിർഭവിച്ചു.

1917-ൽ ആരംഭിച്ച സഹോദരപ്രസ്ഥാനം ഈഴവരുടെ സ്വാതന്ത്ര്യസമരത്തെ ഒരു പുതിയ ഘട്ടത്തിലേക്കു് പ്രവേശിപ്പിച്ചു. ശ്രീനാരായണഗുരുവിന്റെ 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്'' എന്ന സന്ദേശത്തിനു് സഹോദരനയ്യപ്പൻ 'ജാതി വേണ്ടാ, മതം വേണ്ടാ, ദൈവം വേണ്ടാ മനുഷ്യനു്'' എന്നു് വ്യാഖ്യാനം നൽകി. റഷ്യൻ സോഷ്യലിസ്റ്റു് വിപ്ലവത്തിന്റെ ആശയങ്ങളും ഈഴവയുവാക്കളെ ആകർഷിച്ചു തുടങ്ങിയതും ഈ ഘട്ടത്തിലാണു്.

എസ്സു്. എൻ. ഡി. പി. യോഗം ആദ്യകാലങ്ങളിൽ ആചാരപരിഷ്കാരങ്ങളിലാണു് പ്രധാനമായും ശ്രദ്ധകേന്ദ്രീ

കരിച്ചതു്. ക്രമേണ അതിന്റെ പ്രവർത്തനമണ്ഡലം വിപുലമായി. നിവർത്തന പ്രക്ഷോഭണത്തിന്റെ പര്യവസാനംവരെ ഈഴവ സമുദായത്തിന്റെ എല്ലാ അവകാശസമരങ്ങൾക്കും നേതൃത്വം നൽകിയതു് യോഗമാണു്. സഹോദരപ്രസ്ഥാനവും മറ്റും യോഗത്തിന്റെ മാതൃസ്ഥാനം അംഗീകരിച്ചിരുന്നു.

ഹിന്ദുരാജാക്കന്മാർ ഭരിക്കുന്ന തിരുവിതാംകൂറിലും കൊച്ചിയിലും ഈഴവർക്കു് സക്കാർസർവ്വീസിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. 1918–ൽ തിരുവിതാംകൂറിലെ ഈഴവരും ക്രിസ്ത്യാനികളും മുസ്ലീംകളും ഒത്തുചേർന്നു് ഒരു 'പൗരാവകാശസമിതി' രൂപീകരിക്കുകയും സക്കാർസർവ്വീസിൽ നീതിപൂർവ്വകമായ പ്രാതിനിധ്യം അനുവദിക്കുക, അയിത്തം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടു പ്രക്ഷോഭണം നടത്തുകയും ചെയ്തു. ഈ പ്രക്ഷോഭണത്തിന്റെ പ്രധാന നേതൃത്വം ക്രിസ്ത്യാനികൾക്കായിരുന്നു. അവക്കു് ചില ആനുകൂല്യങ്ങൾ അനുവദിച്ചതോടുകൂടി പ്രക്ഷോഭണം കെട്ടടങ്ങുകയും ചെയ്തു.

ഏതാണ്ടു് ഇതേ സമയത്തുതന്നെ ഈഴവരുടെയിടയിൽ മതപരിവർത്തനാശങ്കയും ശക്തിപ്പെട്ടു. പല പ്രമുഖ ഈഴവ നേതാക്കന്മാരും മതപരിവർത്തനത്തിന്റെ വക്താക്കളായിത്തീർന്നു. കുമാരനാശാൻ, മൂർക്കോത്തുകുമാരൻ മുതലായി ചുരുക്കം ചില നേതാക്കന്മാർ മാത്രമേ ആ സംരംഭത്തെ എതിർക്കാനുണ്ടായിരുന്നുള്ളു. ഹിന്ദുമതത്തോടുള്ള അതിർകടന്ന പ്രേമംകൊണ്ടല്ല ആശാൻ മതപരിവർത്തന സംരംഭത്തെ എതിർത്തതു്. മതപരിവർത്തനംമൂലം ഈഴവരുടെ സംഖ്യാബലം കുറയുമെന്നും, അതു് രാഷ്ട്രീയമായ ശക്തിഹീനതയ്ക്കു കാരണമാ

കമെന്നും അദ്ദേഹം ഭയപ്പെട്ടിരുന്നു. ആശാനും ഈഴവരുടെ ഹിന്ദു മത പാരതന്ത്ര്യത്തിൽ അസംതൃപ്തനായിരുന്നെന്നും 'ദുരവസ്ഥ' യിലെ ചില പരാമർശങ്ങളും തെളിയിക്കുന്നുണ്ട്.

ഈഴവർ ഇങ്ങനെ അക്ഷമരായി പല വാതലുകളിൽ ചെന്നു മുട്ടുകയും തട്ടുകയും ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചതു്. കേരളത്തിലും അതിന്റെ ചലനങ്ങളുണ്ടായി. ഇന്ത്യയുടെ ഇതരഭാഗങ്ങളിലെപ്പോലെ കേരളത്തിലും കോൺഗ്രസ്സിന്റെ നേതൃത്വം സവർണ്ണ ഹിന്ദുക്കൾക്കായിരുന്നു. അവരിലധികം പേരും സാമൂഹ്യകാര്യങ്ങളിൽ കടുത്ത യാഥാസ്ഥിതികരായിരുന്നതാനും. അക്കാരണത്താൽ അവകാശപ്രബുദ്ധരായ ഈഴവർ കോൺഗ്രസ്സിനെ സംശയത്തോടുകൂടിയാണു വീക്ഷിച്ചതു്. ഈഴവർ സവർണ്ണഹിന്ദുക്കളുടെയോ കോൺഗ്രസ്സിന്റെയോ കൂട്ടു പിടിക്കുന്നതു് അപകടമാണെന്നും, അവർ സ്വന്തം കാലിൽ ഉറച്ചുനിന്നുകൊണ്ടു് സ്വാതന്ത്ര്യാവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കണമെന്നുമായിരുന്നു ഈഴവ നേതാക്കന്മാരുടെ പൊതുവായ അഭിപ്രായം. ഇതിൽനിന്നു വ്യത്യസ്തമായ ഒരഭിപ്രായമുള്ള നേതാവു് ടി. കെ. മാധവൻ മാത്രമായിരുന്നു.

കേരളത്തിലെ കോൺഗ്രസ്സ് നേതൃത്വത്തെക്കൊണ്ടു് അയിത്തോച്ചാടന പ്രക്ഷോഭണവും ക്ഷേത്രപ്രവേശനവാദവും ഏറ്റെടുപ്പിക്കാനുള്ള ടി. കെ. യുടെ ശ്രമം ആദ്യമെന്നും ഫലിച്ചില്ല. പരാജയത്തിന്റെ മുമ്പിൽ പിൻതിരിയാത്ത മാധവൻ മഹാത്മജിയെക്കണ്ടു് ആനുകൂല്യം സമ്പാദിക്കുകയും, കോകനദാ കോൺഗ്രസ്സ് സമ്മേളനത്തിൽ ഹാജരായി എ. ഐ.

സി. സി. യെക്കൊണ്ടു് അയിത്തോച്ചാടനപരിപാടി അംഗീകരിപ്പിക്കുകയും ചെയ്തതിനെത്തുടർന്നാണു് കേരളത്തിലെ സവർണ്ണഹിന്ദു കോൺഗ്രസ്സു് നേതൃത്വത്തിനു മാനസാന്തരമുണ്ടായതു്. ഈഴവരുടെ മതപരിവർത്തനവാദവും, അഹിന്ദുസമുദായങ്ങളുമായുള്ള രാഷ്ട്രീയക്കൂട്ടുകെട്ടും, സവർണ്ണഹിന്ദു നേതാക്കന്മാരുടെ കണ്ണുതുറപ്പിക്കുവാൻ സഹായിച്ചിട്ടുണ്ടു്.

1924 മാർച്ചിൽ സുപ്രസിദ്ധമായ വൈക്കം സത്യഗ്രഹം ആരംഭിച്ചു. കോൺഗ്രസ്സു് കമ്മറ്റിയുടെ ആഭിമുഖ്യത്തിലാണു് സത്യഗ്രഹം നടത്തപ്പെട്ടതു്. ടി. കെ. മാധവൻ എസ്സു്. എൻ. ഡി. പി. യോഗത്തിന്റെ സമുന്നത നേതാക്കന്മാരിലൊരാളായിരുന്നെങ്കിലും, സത്യഗ്രഹത്തിനു് യോഗത്തിന്റെ അനുമതിനേടാൻ അദ്ദേഹം കൂട്ടാക്കിയില്ല. സത്യഗ്രഹം തുടങ്ങുകയും അറസ്റ്റുകളും നടക്കുകയും ചെയ്തതിനുശേഷം യോഗം അങ്ങോട്ടു ചെന്നു സഹായസഹകരണങ്ങളും നൽകുകയാണു ചെയ്തതു്. തത്വത്തിൽ യോഗം സത്യഗ്രഹത്തിനു് എതിരായിരുന്നു.

വൈക്കം സത്യഗ്രഹത്തിൽ ഈഴവജനസാമാന്യം അത്യധികമായ താല്പര്യം പ്രകടിപ്പിച്ചു. അവർ ആളെക്കൊണ്ടും അർത്ഥം കൊണ്ടും സത്യഗ്രഹവിജയത്തിനായി ആവതെല്ലാം ചെയ്തു. എന്നാൽ സത്യഗ്രഹത്തിന്റെ പരിണാമം ഈഴവരെ കഠിനമായി നിരാശപ്പെടുത്തുന്ന ഒന്നായിരുന്നു. സവർണ്ണഹിന്ദുക്കളെയും, കോൺഗ്രസ്സിനെയും കൂട്ടുപിടിച്ചുകൊണ്ടു് സ്വാതന്ത്ര്യം നേടുവാനുള്ള പരിശ്രമം ഒരു പാഴ്വേലയാണെന്നു് ഈഴവർക്കു്—വിശേഷിച്ചും ഈഴവയുവാക്കന്മാർക്കു്—ബോദ്ധ്യമായി.

ഈഴവരുടെ സ്വാതന്ത്ര്യസമരത്തെ സംബന്ധിച്ചിടത്തോളം വൈക്കം സത്യഗ്രഹം ഒരു വഴിത്തിരിവായിരുന്നു. ക്ഷേത്ര ബഹിഷ്ക്കരണം, മതനിഷേധം, നിരീശ്വരത്വം, യുക്തിവാദം മുതലായ പരിപാടികളുടെ ഉപജ്ഞാതാവായ കെ. അയ്യപ്പൻ സമുദായ നേതൃത്വത്തിലേക്കുയർന്നതു് ഈ കാലഘട്ടത്തിലാണു്. വൈക്കം സത്യഗ്രഹത്തിൽ ടി. കെ. മാധവന്റെ അനുയായികളായി പ്രവർത്തിച്ച ഈഴവ യുവാക്കൾ അയ്യപ്പന്റെ നേതൃത്വം സ്വീകരിച്ചു് ഹിന്ദുമതവിരോധികളും നിരീശ്വരവാദികളുമായിത്തീർന്നു. പിൽക്കാലത്തു് നിവർത്തനപ്രക്ഷോഭണത്തിലേർപ്പെട്ടു് സവർണ്ണമേധാവിത്വത്തേയും രാജഭക്തിയേയും വെല്ലുവിളിച്ചതും ഈ തലമുറതന്നെയാണു്.

ചരിത്രപ്രധാനമായ നിവർത്തന പ്രക്ഷോഭണം 1932-33 ലാണു് ആരംഭിച്ചതു്. തിരുവിതാംകൂറിന്റെ സാമൂഹ്യ രാഷ്ട്രീയ സംവിധാനത്തെ അടിമുടി പിടിച്ചു കുലുക്കിയ ഒരു രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു അതു്. ഈഴവ–ക്രൈസ്തവ-മുസ്ളീം സമുദായങ്ങളും സംയോജിച്ചുനടത്തിയ ഒരു പ്രക്ഷോഭണമായിരുന്നു അതെങ്കിലും, അതിനു സമരവീര്യം നൽകിയതും അതിന്റെ മുന്നണിപ്പടയാളികളായി നിന്നുപൊരുതിയതും ഈഴവരായിരുന്നു. എസ്സ്. എൻ. ഡി. പി. യോഗം ജനറൽസെക്രട്ടറിയും നിവർത്തനത്തിന്റെ അനിഷേധ്യനേതാവുമായ സി. കേശവന്റെ പേരിൽ തിരുവിതാംകൂർ സർക്കാർ രാജദ്രോഹക്കുറ്റം ചുമത്തി കേസെടുത്തു് ജയിലിലടച്ചു. ആ രാജദ്രോഹി ജനലക്ഷങ്ങളുടെ ആരാധനാമൂർത്തിയായിത്തീർന്നു.

നിവർത്തന പ്രക്ഷോഭണം ഉഴുതുമറിച്ച മണ്ണിലാണു് സ്റ്റേറ്റു് കോൺഗ്രസ്സു് കൃഷിയിറക്കി വിളവെടുത്തതു്.

'സ്വതന്ത്രസമുദായം' പ്രസിദ്ധീകരിക്കുമ്പോഴേക്കും നിവർത്തനപ്രക്ഷോഭണക്കൊടുങ്കാറ്റ് തിരുവിതാംകൂറിനെ ഇളക്കിമറിക്കുകയായിരുന്നു. ആ കാലഘട്ടത്തെപ്പറ്റി സി. കേശവൻ തന്റെ ആത്മകഥയിൽ ഇപ്രകാരം പറയുന്നു:

"ഒരു വലിയ ആശയ വിപ്ലവത്തെയും സമരസന്നദ്ധതയേയും ഈഴവയുവജനങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഗവണ്മെന്റിന്റെയും അന്യസമുദായങ്ങളുടെയും, വിശേഷിച്ച് നായന്മാരുടെയും, സൗജന്യങ്ങളെ പിച്ചച്ചട്ടിയുമായി നടക്കാൻ ഈഴവയുവാക്കളെ മേലാൽ സന്നദ്ധരല്ല എന്ന ഒരു വെല്ലുവിളിയുടെ മുഴക്കം എവിടെയും കേൾക്കാമായിരുന്നു .... ഹിന്ദുമതത്തിന്റെയും സവർണ്ണ മേധാവിത്വത്തിന്റെയും ഉരുക്കുകോട്ടയിൽ നിന്നും പുറത്തുചാടി, ഒരു പുതിയ സ്വർഗത്തിലേക്ക് ഓടിപ്പോകാൻ അവർ വെമ്പൽകൊണ്ടു. വിജയമെങ്കിൽ വിജയം, മരണമെങ്കിൽ മരണം എന്ന ഒരു മരണപ്പാച്ചിലിനും അവർ സന്നദ്ധരായി നിൽക്കുകയായിരുന്നു. ഈ ആവേശവും വെമ്പലും ഒരു അഖില തിരുവിതാംകൂർ ഈഴവയുവജനസമാജമായി രൂപംപൂണ്ടു. വിപ്ലവാശയങ്ങളുടെ മുൻപന്തിയിൽ എന്നും നിന്നിട്ടുള്ള ചേർത്തലത്താലൂക്കിൽത്തന്നെ ആയിരുന്നു ഈ സമാജം രൂപം കൊണ്ടതു്. ഇതിന്റെ ആദ്യയോഗം 1933 ജൂലൈ 31–ാംതീയതി ചേർത്തലവച്ചു് നടന്നു. ഞാനായിരുന്നു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചതു്. യോഗത്തിന്റെ പ്രാണവായുവെപ്പോലെ എവിടെയും പ്രസരിച്ചിരുന്നതു് കെ. സി. കുട്ടൻ ആയിരുന്നു."

ഈഴവർ ഹിന്ദുക്കളല്ലെന്നു് എസ്. എൻ. ഡി. പി. യോഗം പ്രഖ്യാപിക്കണമെന്ന പ്രമേയം ഈ യോഗം സർവസമ്മതമായി അംഗീകരിച്ചു. സ്വതന്ത്രസമുദായ വാദത്തിന്റെ

ഔപചാരികമായ ആദ്യത്തെ പരസ്യ പ്രഖ്യാപനം ഇതായിരുന്നു.

അടുത്ത വർഷം പട്ടണക്കാട്ടുവച്ചുകൂടിയ തീയ്യയുവജനസമാജത്തിന്റെ മൂന്നാമത്തെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് ഈ. മാധവനായിരുന്നു. അന്നു് അദ്ദേഹം എഴുതിവായിച്ച അദ്ധ്യക്ഷപ്രസംഗമാണു് ഈ ഗ്രന്ഥരചനയ്ക്കു കാരണമായിത്തീർന്നതു്.

അക്കാലത്തു് ഈഴവസമുദായം വമിച്ച തീയും പുകയും ഈ പുസ്തകത്തിന്റെ ഓരോ പേജിലും കാണാം. ഈഴവർ നടത്തിയ ഐതിഹാസിക സമരത്തിന്റെ ഒർപ്പണമാണു് ഈ പുസ്തകം.

ആ സമരത്തിന്റെ ശാസ്ത്രീയവും സത്യസന്ധവുമായ ഒരു വിലയിരുത്തൽ ഇനിയുണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. മാർക്സിസ്റ്റുകാരായ ചരിത്രകാരന്മാർ പോലും ഇതുവരെ അതിനു മിനക്കെട്ടിട്ടില്ല.

ഈഴവർ നയിച്ച സാമൂഹ്യ–രാഷ്ട്രീയ പ്രക്ഷോഭണങ്ങളാണു് ഇവിടത്തെ ഫ്യൂഡൽ വ്യവസ്ഥയുടെ അടിത്തറ തകർത്തതു്. പിന്നീടു നടന്ന സമരങ്ങളെല്ലാം തകർന്നു വീണ ആ അടിത്തറയുടെ അവശിഷ്ടങ്ങൾ എടുത്തു മാറ്റുകയേ ചെയ്തുള്ളൂ. ചരിത്രപരമായ ഈ കടമ നിർവഹിക്കാൻ ഈഴവരെ പ്രാപ്തരാക്കിയതു് സംഘടനയിലും സമ്പത്തിലോ അധികാരസ്ഥാനങ്ങളിലും അവർക്കുള്ള സവിശേഷസ്ഥാനമായിരുന്നു.

കേരളത്തിൽ ബ്രാഹ്മണാധിപത്യത്തിനും പ്രാകൃതാചാരങ്ങൾക്കും എതിരായി ആദ്യം പ്രതിഷേധശബ്ദം ഉയർത്തി.

യത്തു് പശ്ചാത്യവിദ്യാഭ്യാസംകൊണ്ടു പ്രബുദ്ധതനേടിയ നായന്മാരാണു്. പക്ഷേ ശക്തമായ ഒരു ബഹുജനപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അവർ വിജയിച്ചില്ല. ഉല്പതിഷ്ണുക്കളായ നായന്മാർക്കു് സ്വന്തം സമുദായത്തിൽ നിന്നുതന്നെ വലിയ എതിർപ്പു നേരിടേണ്ടിവന്നു. നിലവിലിരിക്കുന്ന സാമൂഹ്യവ്യവസ്ഥയിൽ നായർ സമുദായത്തിലെ താഴേക്കിടയിലുള്ളവർക്കുപോലും ചില നിക്ഷിപ്ത താല്പര്യങ്ങളുണ്ടായിരുന്നു. അതുകൊണ്ടു് അടിസ്ഥാനപരമായ മാറ്റത്തെ അവർ അനുകൂലിച്ചില്ലെന്നു മാത്രമല്ല, നിലവിലിരിക്കുന്ന വ്യവസ്ഥയെയും സമ്പ്രദായങ്ങളെയും പരിരക്ഷിക്കുവാൻ വ്യഗ്രത കാണിക്കുകയും ചെയ്തു. ആവക സ്ഥാപിതതാല്പര്യങ്ങളൊന്നും ഈഴവർക്കുണ്ടായിരുന്നില്ല.

ഈഴവർ ബഹുഭൂരിപക്ഷവും ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളുമായിരുന്നു. അവരിൽ നല്ലൊരു ശതമാനം നെയ്ത്തു്, കയർ മുതലായകൈത്തൊഴിലുകളിലും ഏർപ്പെട്ടിരുന്നു. ആലപ്പുഴ, കൊല്ലം മുതലായ പട്ടണങ്ങളിൽ ആധുനിക രീതിയിലുള്ള വ്യവസായശാലകളും തുടങ്ങിയപ്പോഴും അവിടെ തൊഴിലാളികളായിച്ചേർന്നതും അധികവും ഈഴവരായിരുന്നു. സർക്കാർ പള്ളിക്കൂടങ്ങളിൽ പ്രവേശനം ലഭിച്ചിരുന്നില്ലെങ്കിലും, സാംസ്ക്കാരിക കാര്യങ്ങളിൽ ഈഴവർ അത്ര പിന്നോക്കമൊന്നും ആയിരുന്നില്ല. ബുദ്ധമതപാരമ്പര്യത്തിന്റെ ഫലമായി ഈഴവരിൽ എക്കാലത്തും ധാരാളം സ്വതപണ്ഡിതന്മാരും വൈദ്യം, ജ്യോത്സ്യം മുതലായ വിദ്യകളിൽ പ്രാവീണ്യം സിദ്ധിച്ചവരും ഉണ്ടായിരുന്നു. ക്രൈസ്തവമിഷണറിമാർ സ്ഥാപിച്ച പള്ളിക്കൂടങ്ങളിൽ പഠിച്ചു് ഈഴവർ ആധുനിക വിദ്യാഭ്യാസം നേടുകയും ചെയ്തു. ഇപ്രകാരമെല്ലാമുള്ള ഒരു സമുദായം ആധുനീകരണത്തിനു മുൻകൈയെടുത്തതിൽ അത്ഭുതമില്ല.

"വർഗ്ഗസമുദായത്തിൽ ഓരോ കാലഘട്ടത്തിലും തങ്ങളുടെ ജീർണ്ണിച്ച ഭരണക്രമത്തോടൊപ്പം രംഗത്തുനിന്നു മാറേണ്ടിവരുന്ന ജീർണ്ണിച്ച വർഗ്ഗങ്ങളെ, പഴയഭരണക്രമം തകർത്തു് സമുദായത്തെ കൂടുതൽ ഉയർന്ന ഘട്ടത്തിലേയ്ക്കു കടക്കാൻ സഹായിക്കുന്നതിനു് ബാദ്ധ്യസ്ഥരായ മറ്റുവർഗ്ഗങ്ങളും എന്നുതിർക്കുന്നു. പിന്തിരിപ്പൻ വർഗ്ഗങ്ങളും ഭൂതകാല വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണു് ചിന്തിക്കുന്നതു്. കാരണം, നിലവിലുള്ള വ്യവസ്ഥ കാലഹരണപ്പെട്ടു കഴിഞ്ഞു എന്നും അതിനെ താങ്ങിനിർത്താനാവില്ലെന്നും അവർക്കുകാണാൻ കഴിയുന്നില്ല." ('വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം—' പുറം 41—പ്രോഗ്രസ്പബ്ലിഷേഴ്സ്, മോസ്ക്കോ 1978.)

ഈഴവർ സ്വാതന്ത്ര്യാവകാശങ്ങൾക്കുവേണ്ടി നടത്തിയ സമരം യഥാർത്ഥത്തിൽ തുറന്ന വർഗസമരമായിരുന്നു. മതശാസനങ്ങളുടെയും രാഷ്ട്രീയാധികാരത്തിന്റെയും പിൻബലത്തോടുകൂടി ഈഴവരുടെയും മറ്റു് അവശസമുദായങ്ങളുടേയും മേൽ അടിച്ചേൽപ്പിച്ചിരുന്ന മേധാവിത്വത്തിന്റെ കാതൽ സാമ്പത്തിക ചൂഷണമായിരുന്നു. ഉല്പാദനശക്തികൾ വളർന്നിട്ടും ഉല്പാദന–വിതരണബന്ധങ്ങളിൽ മാറ്റം വരുത്താൻ ഈ ചൂഷണ സമ്പ്രദായത്തിന്റെ ഗ്രണഭോക്താക്കൾ സമ്മതിച്ചില്ല. ചൂഷിത വർഗം സമരംനടത്തി കാലഹരണപ്പെട്ട ആ ഉല്പാദനബന്ധങ്ങളുടെ കെട്ടു പൊട്ടിക്കുകയേ നിർവാഹമുണ്ടായിരുന്നുള്ളൂ. ഈഴവർ നയിച്ച സാമൂഹ്യവിപ്ലവം അതാണു ചെയ്തതു്. ആ വിപ്ലവം കേരളീയസമുദായത്തെ ഒരു ഘട്ടത്തിൽനിന്നു് വേറൊരു ഘട്ടത്തിലേക്കു നയിച്ചു.

സാമൂഹ്യ–രാഷ്ട്രീയ സംവിധാനങ്ങളിൽ മാറ്റം വരുത്താനുള്ള സമരത്തോടൊപ്പം പ്രത്യയശാസ്ത്രപരമായ സമരവും

ഊർജ്ജിതമായി നടന്നിരുന്ന എന്നുള്ളതിനു് 'സ്വതന്ത്രസമുദായം' തന്നെ ഒന്നാം തരം തെളിവാണു്. (ആശാന്റെയും അയ്യപ്പന്റെയും മറ്റും പദ്യകൃതികളും സി. വി. കുഞ്ഞുരാമന്റെയും മറ്റും ലേഖനങ്ങളും ഇത്തരുണത്തിൽ ശ്രദ്ധേയങ്ങളാണു്. വർഗസമുദായങ്ങളിലെല്ലാം രണ്ടു സംസ്ക്കാരങ്ങളും സമാന്തരമായി നിലനിൽക്കുമെന്നു് ലെനിൻ പറഞ്ഞിട്ടുണ്ടു്. ആ സംസ്ക്കാരങ്ങളിൽ മേധാവിവർഗത്തിന്റെ സംസ്ക്കാരത്തിനായിരിക്കും മുൻകൈയു്. എന്നാൽ ക്രമേണ മേധാവിവർഗസംസ്ക്കാരം ജീർണ്ണിക്കും. അതു് പുരോഗതിക്കു വിലങ്ങു തടിയായിത്തീരും. ജീർണ്ണിച്ച ആ സംസ്ക്കാരത്തിന്റെ വിശ്വരൂപം ഈ പുസ്തകത്തിൽ നമുക്കു കാണുവാൻ കഴിയും. എന്നാൽ മാധവന്റെ പുസ്തകം കേവലം നിഷേധാത്മകമായ ഒന്നല്ല. പഴയ വ്യവസ്ഥിതിയും പഴയ സംസ്ക്കാരവും വലിച്ചെറിയണമെന്നു പറയുക മാത്രമല്ല അദ്ദേഹം ചെയ്യുന്നതു്. ഒരു പുതിയ വ്യവസ്ഥിതിയുടെയും പുതിയ സംസ്ക്കാരത്തിന്റെയും നേർക്കു അദ്ദേഹം വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു. റഷ്യൻ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ നേട്ടങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആവേശകരമായ വിവരണം നോക്കുക. സ്വാതന്ത്ര്യം തേടിപ്പറപ്പെട്ട ഈഴവ പുരോഗമനവാദികളെ ചെന്നെത്തിയതു് റഷ്യൻ വിപ്ലവത്തിലും സോഷ്യലിസത്തിലുമാണു്.

ഈ പുസ്തകം വീണ്ടും പ്രസിദ്ധീകരിക്കുന്നതു് ഒരു സാഹിത്യ കൗതുകം(Literary curiosity)എന്ന നിലയ്ക്കല്ല. എല്ലാ വിധത്തിലും ഇതിനു് ഇന്നും പ്രസക്തിയുണ്ടു്. മാധവൻ ആക്ഷേപിച്ച മതമൗഢ്യതകളും അന്ധവിശ്വാസങ്ങളും ഇന്നും ഇവിടെ കൊ

ടികത്തിവാഴ്ത്തുന്നു. മതനിരപേക്ഷതയുടെ പേരിൽ എല്ലാ മതക്കാരുടെയും അന്ധതകളെ ഗവണ്മെൻറുകൾ പ്രോത്സാഹിപ്പിക്കുന്നു. ഹിന്ദുരിവൈവലിസം രാജ്യത്തിനൊരു വമ്പിച്ച ഭീഷണിയായിത്തീർന്നിരിക്കുന്നു. ദേശീയസ്വാതന്ത്ര്യസമരകാലത്തു് നമ്മുടെ രാഷ്ട്രീയനേതാക്കന്മാരും ദേശീയകവികളും ദേശാഭിമാനം ഉജ്ജ്വലിപ്പിക്കുവാൻ കുറുക്കുവഴി തേടിയതിൻറെ ഫലമായിട്ടാണു് ഹിന്ദുരിവൈവലിസത്തിനു മാന്യത ലഭിച്ചതു്. സാംസ്കാരിക പൈതൃകത്തെ വിമർശനബുദ്ധിയോടുകൂടി വിലയിരുത്തുകയും, അതിലടങ്ങിയിരിക്കുന്ന വൈകൃതങ്ങൾ തുറന്നു കാട്ടുകയും ചെയ്യുന്നതിനു് ദേശീയവാദികൾ മുതിർന്നില്ല. അതിനൊരുമ്പെട്ടതു് സാമൂഹ്യവിപ്ലവപ്രസ്ഥാനങ്ങളുടെ നേതാക്കന്മാർ മാത്രമായിരുന്നു. അവരെയാകട്ടെ ദേശീയവാദികൾ പുച്ഛിച്ചു തള്ളുകയും ചെയ്തു. ഈ അവസ്ഥയ്ക്കു് മാറ്റമുണ്ടായേ തീരൂ. ദേശീയമായതിനെയെല്ലാം കണ്ണടച്ചുവാഴ്ത്തുകയും, വൈദേശികമായതിനെയെല്ലാം പരിഹസിക്കുകയും ചെയ്യുന്ന ഏർപ്പാടു് അവസാനിപ്പിക്കണം. ഈ വഴിക്കു നമ്മെ ചിന്തിപ്പിക്കുന്ന ഒരു പുസ്തകമാണു് 'സ്വതന്ത്ര സമുദായം.'

ഈ പുസ്തകത്തിൻറെ കർത്താവിനെ നേരിട്ടു കാണുവാനും അദ്ദേഹത്തിൻറെ പ്രസംഗം കേൾക്കുവാനും എനിക്കു ഭാഗ്യം ലഭിച്ചിട്ടുണ്ടു്. ഈ. മാധവൻറെ പ്രസംഗങ്ങൾ കേട്ടാണു് താൻ യുക്തിവാദിയും കമ്യൂണിസ്റ്റുകാരനുമായതെന്നു് പരേതനായ സഖാവു് കെ. ടി. ജേക്കബ് ഒരിക്കൽ പറഞ്ഞതു് ഞാനോർക്കുന്നു. ജേക്കബ്ബിനെപ്പോലെ അനേകം പേർക്കു് സത്യത്തിൻറെ വഴി കാണിച്ചു കൊടുത്ത ധന്യാത്മാവാണു് ഈ. മാധവൻ. അദ്ദേഹത്തിൻറെ കുടുംബം പ്രശസ്തമായ ഒരു കമ്യൂണിസ്റ്റു കുടുംബമാവുകയും ചെയ്തല്ലോ. ഈ പുസ്തക

അദ്ദേഹത്തിന്റെ ഒരു ശാശ്വതസ്മാരകമാണ്. ഇതിന്റെ പുനഃപ്രകാശനം വഴി പ്രഭാതം പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി ഭാരവാഹികളെ പുരോഗമന വാദികളായ കേരളീയരുടെ അളവറ്റ കൃതജ്ഞതയ്ക്കർഹരായിരിക്കുന്നു.

തിരുവനന്തപുരം
10-5-1979

എം. കെ. കുമാരൻ

പ്രാരംഭം

ഈഴവർ കേരളത്തിൽ 25 ലക്ഷമുണ്ട്. ഇതു് കൊച്ചീ രാജ്യത്തിലെ ജനസംഖ്യയുടെ ഏകദേശം ഇരട്ടിയും, തിരുവിതാംകൂറിലേതിന്റെ പകുതിയോടടുത്തതുമാകുന്നു. ഈ സംഖ്യ ശക്തന്മാരായ സിക്കുകാരുടേതിൽ പകുതിയും, ധനാഢ്യരായ പാഴ്സികളുടെ ഏകദേശം ഇരുപത്തിഅഞ്ചിരട്ടിയും, ഇന്ത്യൻ ക്രിസ്ത്യാനികളുടെ മൂന്നിൽ ഒരു ഭാഗവും കൂടി ആണ്. ജാതിഭേദങ്ങളും ഉച്ചനീചാവസ്ഥകളും കൊണ്ടു് പ്രത്യേകിച്ചും ദുഷ്ടമായിരിക്കുന്ന ഹിന്ദുമതക്കുട്ടിൽ കുടുങ്ങിപ്പോയതുമൂലമുളവായ അസ്വാതന്ത്ര്യം, അവശത ഇവകളാൽ നേരിട്ട മതപരിവർത്തനം, ഇവരുടെ സംഖ്യയെ ക്രമാതീതമായി ശോഷിപ്പിച്ചിട്ടുണ്ട്. ഉപജീവനാർത്ഥം ബർമ്മ, സിലോൺ, സിംഗപ്പൂർ മുതലായ വിദേശങ്ങളിൽ വാസമുറപ്പിച്ചു പോയതു മൂലവും, തീയരുടെ സംഖ്യ ഇവിടെ ഗണ്യമാംവിധം കുറഞ്ഞു പോയിരിക്കുന്നു. എന്നിട്ടും കേരളത്തിൽ മറ്റെല്ലാ സമുദായക്കാരേക്കാളും എണ്ണത്തിൽ ഇന്നും

മുന്നണിയിൽ നിൽക്കുന്നതു് തീയരാകുന്നു. ഈ സമുദായം യതീശ്വരനായ ശ്രീ. നാരായണഗുരുസ്വാമിയുടേയും, കേരളീയ കവിമുഖ്യന്മാരിൽ അഗ്രിമസ്ഥാനത്തെ അലങ്കരിക്കുന്ന കുമാരനാശാന്റെയും, ക്ഷേത്രപ്രവേശനം, അയിത്തോച്ചാടനം എന്നീ കാര്യങ്ങളിൽ ഗാന്ധിക്കും കാൺഗ്രസ്സിനും മാർഗദർശിയായിത്തീർന്ന കർമ്മകുശലൻ ടി. കെ. മാധവന്റേയും ജനയിത്രിയാണെന്നു സാഭിമാനം പ്രസ്താവിക്കത്തക്കവണ്ണം സംപൂജ്യയാകുന്നു. സമുദായോത്തേജകനും വിശ്രുതനുമായ ഡോക്ടർ പല്പുവിനും, രാജ്യതന്ത്രം, ധനതത്വശാസ്ത്രം, പത്രപ്രവർത്തനം ആദിയായി വിവിധ നിലകളിൽ പ്രഖ്യാതനായ 'മിതവാദി' കൃഷ്ണനും, കേരളത്തിൽ അതിശക്തിയായി പടർന്നുപിടിച്ചിട്ടുള്ള നിർമ്മതപ്രസ്ഥാനത്തിന്റെ മാർഗദർശിയും, ധർമ്മധീരനുമായ 'സഹോദര'നയ്യപ്പനും ജനനിയാകുവാൻ ഈ സമുദായത്തിനുതന്നെയാണു് യോഗ്യം സിദ്ധിച്ചിട്ടുള്ളതു്.

കൈത്തൊഴിൽ, കച്ചവടം, വ്യവസായം, ചിത്രമെഴുത്തു്, സംഗീതം, സാഹിത്യം, കായികാഭ്യാസം ആദിയായ വകകളിൽ അനന്യസാമാന്യമായ സാമർത്ഥ്യം നേടിയ അനവധി പുരുഷകേസരികളും ഈ സമുദായത്തിലുണ്ടായിട്ടുണ്ടു്. കപ്പൽക്കച്ചവടം, ബാങ്കിംഗ് മുതലായവയിലും തീയസമുദായക്കാർ ഏർപ്പെട്ട കീർത്തി നേടിയിട്ടുണ്ടു്. വ്യവസായത്തിലും പരിശ്രമശീലത്തിലും സർവ്വവിദിതമായ പ്രഖ്യാതി സമ്പാദിച്ചവർ എന്നു് കേരളീയ ജനതയുടെ മുക്തകണ്ഠമായ അഭിനന്ദനത്തിനു് പാത്രമായിത്തീർന്നിട്ടുള്ളതും ഈഴവസമുദായമാണു്. വൈദ്യശാസ്ത്രത്തിൽ ഇത്ര അപാരമായ പാണ്ഡിത്യവും, പ്രശസ്തിയും നേടിയ ഒരു സമുദായം ഇന്ത്യയിലെങ്ങും തന്നെയില്ലെന്നുള്ളതു് ഈ സമുദായത്തിന്റെ മറെറാരു പ്രത്യേകതയാകുന്നു.

ഏവംവിധങ്ങളായ കാരണങ്ങളാൽ തീയസമുദായം കേരളത്തിലെന്നല്ല, ഭാരതത്തിൽപോലും മറേറതു സമുദായക്കാരോടും കിടപിടിക്കുന്നവരാണെന്നിരുന്നാലും, ഇന്നു നാം ഇവിടുള്ള അവശസമുദായങ്ങളിൽ ഒരു വർഗക്കാരായിക്കഴിഞ്ഞുകൂടേണ്ടി വന്നിരിക്കുന്നു. ഈഴവേതരസമുദായക്കാരുടെ ഇടയിൽ നമുക്കു് ഗണ്യമായ ഒരു സ്ഥാനമില്ല. ഈഴവൻ, തീയൻ, ചോവൻ, ചാന്നാൻ എന്നൊക്കെ കേട്ടു തീരുമ്പോഴേക്കും ഒരുമാതിരി അവജ്ഞയാണു് മറ്റുള്ളവരിൽ പ്രത്യക്ഷപ്പെടുന്നതു്. തന്മൂലം ഈഴവനാണെന്നു തുറന്നുപറയുവാൻ നമ്മിൽ ചിലർ വൈമനസ്യപ്പെടുന്നു. ആരെന്നു ചോദിച്ചാൽ, ഞാനല്ലേ, കണ്ടില്ലേ, കേട്ടില്ലേ എന്നും മറ്റും പറഞ്ഞു് ഒഴിയുവാനല്ലാതെ സ്വന്തം സമുദായനാമം അഭിമാനപൂർവ്വം പറയുവാൻ ഇവർ മടിക്കുന്നു. പ്രത്യുത, മറ്റു സമുദായക്കാരിലാകട്ടെ, ജാതിപ്പേരുപറയുവാൻ ഇങ്ങനെ ഒരു വൈമനസ്യം കാണുന്നില്ലെന്നു മാത്രമല്ല, ഞാൻ മുസ്ലീം, ഞാൻ പാഴ്സി, ഞാൻ ക്രിസ്ത്യൻ, ഞാൻ നായർ എന്നെല്ലാം പറയുമ്പോഴും അവരിൽ അഭിമാനം തുളുമ്പുകയാണു് ചെയ്യുന്നതു്. സ്വന്തസമുദായസംജ്ഞ ഉച്ചരിക്കുന്നതിൽ സന്തോഷവും അഭിമാനവും അങ്കുരിക്കേണ്ടതിനു പകരം സന്താപവും അപമാനവുമാണു് നമ്മിൽ ഉണ്ടാകുന്നതു്. ഇതിനുള്ള ഏകകാരണം- ജാതിവ്യവസ്ഥയുള്ള ഹിന്ദുമതത്തിൽ നാം തീണ്ടലുള്ളതാണ ജാതിക്കാരായി കഴിഞ്ഞുകൂടേണ്ടി വരുന്നതുകൊണ്ടല്ലാതെ മറെറാന്നുമല്ല. "ഈഴവൻ" എന്നു കേട്ടാൽ ഉടനെ താണവനെന്നു കരുതി മറ്റുള്ളവർ അവന്റെ സഹചര്യത്തെ വെറുക്കുകയാണു പതിവു്. ഈ ദുർഗ്രഹഘട്ടം വരുത്തിവയ്ക്കുന്നതു് അപമാനിതനാകാനും, രസഭംഗം ഉണ്ടാകുവാനും ഉള്ള മടികൊണ്ടാണു് സമുദായപ്പേരു പറയാതെ ഈഴവൻ ശ്രീലോകത്തിൽ ഒഴിഞ്ഞുമാറുന്നതു്. ഈ ഒരു അരുതു മുഷിപ്പൻ നിലയും, അനുഭവവും നമുക്കു് ഇന്നോ ഇന്നലേ

യോ ഉണ്ടായതല്ല. ഈ അവശതയിൽനിന്നും ഉയരുവാനുള്ള ശ്രമവും നാം തുടങ്ങിയിട്ട് ഏതാണ്ട് ഒരു അരനൂറ്റാണ്ടെങ്കിലും ആയിരിക്കണം. എങ്ങനെയെല്ലാം ഈ കിടപ്പിൽ നിന്നും ഉയരുവാൻ നാം നോക്കിയാലും നമ്മുടെ താണനിലയ്ക്കു വ്യത്യാസം — അതേ, നാം താണവരല്ലെന്നു — വരുത്തുവാൻ വിഷമം, എന്നു് ഇതുവരെയുള്ള നമ്മുടെ അനുഭവപ്രത്യക്ഷമാക്കിയിട്ടുണ്ട്. നമ്മെ അയിത്തമുള്ളവരാക്കി മാറ്റിയതു്, ശുചിത്വമില്ലായ്മകൊണ്ടാണെന്നു പറഞ്ഞാൽ ശുചിത്വത്തിൽ ഏതാധ്യനേയും നാണിപ്പിക്കുന്ന പരിശുദ്ധനായ ശ്രീനാരായണഗുരുസ്വാമിക്കുപോലും സഞ്ചരിക്കാൻ പാടില്ലാത്ത റോഡുകളും, കയറുവാൻ പാടില്ലാത്ത സത്രങ്ങളും ഈ ഹിന്ദുരാജ്യത്തുണ്ടായിരുന്നു എന്നു് പ്രത്യുത്തരം ചെയ്യാം

ഹിന്ദുമതത്തിലെ നമ്മുടെ താണനില മറ്റു രാഷ്ട്രീയാവകാശങ്ങളേയും സമഗ്രമായി ബാധിച്ചിട്ടുണ്ട്. ജാതിയിൽ താണവനെന്ന കാരണം പറഞ്ഞു് പബ്ലിക് സർവീസ് പ്രവേശനം നിരോധിച്ചിരുന്നതിനും, ഉദ്യോഗലബ്ധിക്കു് ആവശ്യത്തിലും കവിഞ്ഞ പരീക്ഷ പാസായിചെന്ന നമ്മുടെ സമുദായാംഗങ്ങളോടു് ജാതി ഹിന്ദു ഗവണ്മെൻറുകാരും അനുവർത്തിച്ചുവന്ന നീതികെട്ട നയത്തിനും, പരേതനായ റാവുബഹദൂർ പി. വേലായുധനും, സമുദായാഭിമാനികളായ ഡോക്ടർ പി. പല്പു, മി. എം. ഗോവിന്ദൻ (റിട്ടയേർഡ് ജഡ്ജ്) ആദിയായവരും സാക്ഷികളാണു്. ഗവണ്മെൻറുദ്യോഗം ലഭിച്ചാലും നമ്മുടെ അധ:കൃതത്വവും, നമ്മോടു മറ്റുള്ളവർക്കുള്ള ജാതിക്കുശുമ്പും മാറുമെന്നു കരുതുവാൻ നിവർത്തിയില്ലെന്നുള്ളതിനു് തിരുവല്ലാ മജിസ്ട്രേട്ടായിരുന്ന മി; പത്മനാഭപ്പണിക്കരുടെ അകാലമരണവും മറ്റും ഉത്തമദൃഷ്ടാന്തങ്ങളാകുന്നു. വലിയ

പരീക്ഷാവിജയവും, മാന്യമായ ജീവിതവും, ധനികതവും ഒന്നും നമ്മുടെ തീണ്ടൽ മാറുവാൻ പര്യാപ്തമല്ലെന്നുള്ളതിനും ദൃഷ്ടാന്തങ്ങളും ഉദ്ധരിക്കുവാൻ വിഷമമില്ല. നമ്മെ തീണ്ടൽ ജാതിക്കാരായി കരുതിവന്ന നയത്തിനു് ഇന്നും മാറ്റം വരുത്തിട്ടില്ലെന്നുള്ളതിലേയ്ക്കു്, 1108 കർക്കടകത്തിൽ തിരുവിതാംകൂർ നിയമസഭയിൽ അവിടത്തെ ഗവണ്മെൻറു പറഞ്ഞ ഒരു മറുപടി മതിയായ തെളിവാകുന്നു. "25—ൽ അധികം സത്രങ്ങളും, ഏതാണ്ടു് 150 റോഡുകളും, ഏതാനും കുളങ്ങളും, കിണറുകളും ഇനിയും എല്ലാവർക്കും പ്രവേശിക്കുവാൻ പാടില്ലാത്തതായി സർക്കാർ അധീനത്തിൽ ഉണ്ടു്. ഇവയെ എല്ലാ ജാതിക്കാരുടേയും ഉപയോഗത്തിനായി തുറന്നുകൊടുക്കുന്നതിനെപ്പറ്റി യാതൊരു നിശ്ചിത നയവും ഗവണ്മെൻറു രൂപവത്കരിച്ചിട്ടില്ല." ഇതാണു് ധർമ്മരാജ്യഗവണ്മെൻറിന്റെ മറുപടി. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു്, നമ്മെ തീണ്ടൽജാതിക്കാരും താണവരും അല്ലെന്നു് ഗണിക്കുവാൻ അടുത്ത ഭാവിയിലെങ്ങും ഗവണ്മെൻറു തയ്യാറില്ലെന്നല്ലേ? തിരുവിതാംകൂർ ക്ഷേത്രപ്രവേശനാന്വേഷണകമ്മറ്റിക്കാരുടെ ശുപാർശപ്രകാരം പബ്ലിക്കു് വീഥികൾ, സത്രങ്ങൾ, കുളങ്ങൾ കിണറുകൾ ഇവയെല്ലാം ചില വ്യവസ്ഥ (?)കളോടുകൂടി അവർണ്ണർക്കായി തുറന്നുകൊടുക്കാമെന്നും ഈയിടെ ഗവണ്മെൻറു സമ്മതിച്ചിരിക്കുന്നു. നമ്മെ ഇനിയും തീണ്ടൽ ജാതിക്കാരാക്കിവയ്ക്കുവാൻ ഇവിടെയും ചില വ്യവസ്ഥകൾ! നമ്മുടെ വാദം ഈ റോഡുകളും കുളങ്ങളും കിട്ടുവാനല്ല. ഇവയൊന്നും സ്വാതന്ത്ര്യമായി ഉപയോഗിക്കുവാൻ പാടില്ലെന്നുള്ള അസമത്വങ്ങളേയും അവശതകളേയും ഇല്ലാതാക്കുവാൻ — അതെ നമ്മെ തീണ്ടൽക്കാരല്ലെന്നു വരുത്തുവാൻ, ജാതിശല്യം ഇല്ലാതാക്കുവാൻ വേണ്ടി മാത്രമാണു്. ആ വാദം, ആ അവശത നാം തീണ്ടൽക്കാരാണെന്നുള്ള മരണത്തക്കാൾ ഭയാനകമായ

താണനില ഇപ്പോഴും അവശേഷിച്ചിരിക്കുന്നു! ഇത്രയൊക്കെയായിട്ടും – കാലം ഇത്രയും മുന്നോട്ട പോയിട്ടും – അനേകലക്ഷം ആളുകളെ തേജോവധം ചെയ്യുന്ന അതിനിന്ദാപരമായ ജാതിചിന്തകളുവാൻ ഗവണ്മെൻറും മറ്റുള്ളവരും മനസ്സു വയ്ക്കുന്നില്ല. അവരുടെ നോട്ടത്തിൽ നാം തീണ്ടലുള്ള നീചന്മാർ – ചണ്ടാളന്മാർ – തന്നെ! നാം അസമത്വം അനുഭവിക്കേണ്ടവർതന്നെ!

പബ്ളിക് സർവീസിലും ജനപ്രതിനിധി സഭകളിലും നമ്മുടെ പ്രാതിനിധ്യം എത്രയോ കുറവായിരിക്കുന്നു; ഈ സ്ഥാനങ്ങളിലെല്ലാം തിരുവിതാംകൂറിലും, കൊച്ചിയിലും, മലബാറിൽ തന്നേയും ഹിന്ദുമത ശ്രേണിയുടെ ഉയർന്ന പടിയിൽ നിൽക്കുന്ന സവർണർ അനർഹമാം വിധം കയറിപ്പറ്റിയിരിക്കുന്നു. തങ്ങൾ അന്യായമായി സ്വായത്തമാക്കിയിട്ടുള്ള പങ്കിൽ നിന്നും അല്പാല്പമായെങ്കിലും മറ്റുള്ളവർക്കു കൂടി കൊടുക്കുവാൻ ഇവർക്കു നീതിനിഷ്ഠയില്ല മാത്രമല്ല മറ്റാരേയുമടുപ്പിക്കാതിരിയ്ക്കുവാനുള്ള സകല വേലത്തരങ്ങളും ഇവർ ചെയ്യുന്നുമുണ്ട്. പൊതു നിയോജക മണ്ഡലങ്ങളിൽ നിന്നും ഒരിക്കലെങ്കിലും, എവിടത്തേക്കെങ്കിലും ഒരാളെ തിരഞ്ഞെടുത്തയപ്പാൻ കേരളത്തിലെ ജനപ്പെരുപ്പമുള്ള നമുക്കു കഴിഞ്ഞിട്ടില്ല. ഗവണ്മെൻറിൻെറ പാവകളായി, അവരുടെ ചരടുവലിയ്ക്കൊപ്പം കൈ പൊക്കുന്ന വല്ല 'പരമേശ്വരന്മാരെയും' നോമിനേറ്റു ചെയ്താണ് മിക്കവാറും നമ്മുടെ പ്രാതിനിധ്യം മരുന്നിനെങ്കിലും ഒപ്പിയ്ക്കുന്നത്. ഈ ഭിക്ഷാവാങ്ങൽ കൊണ്ടു നാം തൃപ്തിപ്പെട്ടുകൊള്ളണമെന്നാണ് സവർണ ഹിന്ദുക്കളും, അവർക്കു ഭൂരിപക്ഷമുള്ള ഗവൺമെൻറും വച്ചിരിക്കുന്നത്. മുൻസിപ്പാലിറ്റി, താലൂക്ക് ബോർഡ് ഡിസ്ട്രിക്ട് ബോർഡ്, പഞ്ചായത്തു ബോർഡ്, എന്നീ

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നമ്മുടെ അനുഭവം ഏറക്കുറെ ഇതു തന്നെ. ഉദ്യോഗത്തിൽ നമ്മുടെ സമുദായക്കാരുടെ പ്രാതിനിധ്യം– ഹിന്ദു ഗവണ്മെൻറുകളാൽ ഭരിക്കപ്പെടുന്ന കൊച്ചിയിലും തിരുവിതാംകൂറിലും പ്രത്യേകിച്ചും– വളരെ പരിതാപകരമാം വിധം കുറഞ്ഞിരിക്കുന്നു. മാത്രമോ? പട്ടാളം, കൊട്ടാരം, ദേവസ്വം മുതലായ തുറകളിൽ നമ്മെ പ്രവേശിപ്പിക്കുവാൻ തക്ക പരിശ്രമത നമുക്കില്ലെന്നും തീർച്ച ചെയ്തു നമ്മെ അപമാനിക്കുകൂടി ചെയ്തിരിക്കുന്നു. ഇതിനെല്ലാം കാരണം നാം വിശ്വസിച്ചു പോരുന്ന ഹിന്ദുമതമല്ലേ? ഇനിയും നാം ഈ മതത്തിൽ മറ്റുള്ളവരുടെ അവജ്ഞക്കും, അവഹേളനത്തിനും പാത്രമായി, ദയനീയമാം വിധം താണ വീണു കേണു കിടക്കണമെന്നോ? ഹിന്ദുമതം നമുക്കു ഗുണമൊന്നും വരുത്തീട്ടില്ലെന്നു മാത്രമല്ല, അതു നമ്മെ വളരെ അധഃപതിപ്പിച്ചിട്ടുമുണ്ട്. അതിനാൽ, ഈഴവർ ഹിന്ദുമതം കഴിയുന്നതും വേഗം വിട്ടുമാറുക തന്നെ വേണം. മതങ്ങളൊന്നും തന്നെ മനുഷ്യ ജീവിതത്തിനാവശ്യമില്ലെന്നു് സ്വതന്ത്ര ചിന്തകരായ മഹാന്മാർ ഒരു പോലെ സമ്മതിച്ചിരിക്കുന്നു. അനുഭവം അതു നമ്മെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ ഈഴവർ ഹിന്ദുമതം വിട്ടു് മതമൊന്നും കൂടാതെ ഒരു സ്വതന്ത്ര സമുദായമായി നിൽക്കേണമെന്നു് "അഖില കേരളതീയ യുവജന സംഘം" വാദിക്കുകയും അതിനു വേണ്ടി പ്രചരണം നടത്തുകയും ചെയ്തു വരുന്നു. എന്തു കൊണ്ടു നാം ഹിന്ദുമതം ഉപേക്ഷിക്കണം? മതമൊന്നും വേണ്ടന്നു പറയുന്നതെന്തു കൊണ്ടു്? ഈ രണ്ടു വാദമുഖങ്ങളെപ്പറ്റിയാണു് നമുക്കിവിടെ പ്രധാനമായി ചർച്ച ചെയ്യേണ്ടതു്

ത്തു്. ദൈവകാര്യവും മതകാര്യവും വൈദികർക്കു മാത്രമേ ആകാവൂ എന്നു വച്ചിരുന്ന പുരാതന സനാതന കാലം ഇങ്ങിനി വരാതവണ്ണം മറഞ്ഞിരിക്കുന്നു. തൊട്ടാൽ പൊള്ളുകയും കത്തിയെരിക്കയും ചെയ്യുന്ന തീക്കനലുകളല്ല, ഇതുകളൊന്നുമെന്നു് ലോകം മനസ്സിലാക്കിക്കഴിഞ്ഞു. ആകയാൽ നമ്മുടെ അഭിപ്രായങ്ങളും അഭിലാഷങ്ങളും സധൈര്യം പ്രസ്താവിക്കുതന്നെ.

ഈഴവർ ഹിന്ദുക്കളല്ല.

ഈഴവർ ഹിന്ദുക്കളല്ല. അവർ ബുദ്ധമതാനുസാരികളായിരുന്നുവെന്നു് ചരിത്രപണ്ഡിതന്മാർ ഒരുപോലെ സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഹിന്ദുക്കളുടെ നിഷ്ഠൂരമായ മർദ്ദനശക്തികൊണ്ടു് ബുദ്ധമതം ഇന്ത്യയിൽ നിന്നും ക്രമേണ തിരോധാനം ചെയ്തതോടുകൂടി ഈഴവരുടെ മതവിശ്വാസത്തിനും മാറ്റമുണ്ടാകേണ്ടി വന്നു. ശ്രീബുദ്ധന്റെ ധർമ്മശ്രീ പ്രസരംകൊണ്ടു് പ്രശോഭിതമായ സിംഹളനാട്ടിൽ നിന്നും കുടിയേറിപ്പാർത്ത തീയർ, ഹിന്ദുക്കളാകുവാൻ സ്വയം വിസമ്മതിക്കുകയൊ, വർണാശ്രമമാനികളായ ഹിന്ദുക്കളും, ഇവരെ തങ്ങളുടെ മതത്തിൽ ചേർക്കാതെ ദൂരെ നിർത്തുകയൊ ചെയ്തതിനാൽ അവർ ഇന്നു് ഹിന്ദുമതത്തിലെ തീണ്ടൽജാതിക്കാരിൽ ഒരു കൂട്ടരായി തീർന്നിരിക്കുന്നു. ചുറ്റുപാടുമുള്ള ഹിന്ദുക്കളുടെ സമ്പർക്കംകൊണ്ടും, മറ്റു പരിസരങ്ങളുടെ സമ്മർദ്ദം കൊണ്ടും കാലാന്തരത്തിൽ അവരുടെ ആചാരമര്യാദകളെ സ്വീകരിക്കുവാൻ നമ്മളും; കാര്യലാഭമുണ്ടെന്നു തോന്നിയപ്പോൾ നമ്മളേയും ഹിന്ദുക്കളായിക്കരുതുവാൻ അവരും

ഉദ്യമിച്ചതിന്റെ ഫലമായി നാം ഇന്ന് ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ ഹിന്ദുക്കളായിത്തന്നെ കഴിഞ്ഞുകൂടുന്നു. ഇങ്ങനെ ഹിന്ദുമതക്കൂട്ടുകളിൽ പെട്ടുപോയെങ്കിലും നമുക്ക്, ഇന്നും ഹിന്ദുക്കളോടുള്ളതിനേക്കാം അടുപ്പം മറെറ മതക്കാരോടാണുള്ളത്. നാം ഹിന്ദുക്കളാണെന്നു കാണിപ്പാൻ ഒരു പ്രമാണവും അവർക്കില്ല. അവരുടെ വർണ്ണവ്യവസ്ഥയിൽ നമ്മെ ഉൾപ്പെടുത്തിയിട്ടുമില്ല. ജാതിഹിന്ദുക്കളുടെ അടുത്തുചെല്ലുവാൻ നമുക്കു പാടില്ല. അവരുടെ ക്ഷേത്രത്തിലും, വീട്ടിലും, വഴിയിലും, അവർ ഇരിക്കുന്നിടത്തും നമുക്കു പ്രവേശിക്കുവാൻ പാടില്ല. അവർ നമ്മെ തീണ്ടൽ ജാതിക്കാരായി കരുതി മാറുന്നു. അവരുടെ മതത്തിൽ നിന്നും അവർ നമ്മെ ചവുട്ടിത്തള്ളി പുറത്തേക്കു വിടുന്നു. നമ്മെ ഹിന്ദുക്കളാക്കുവാനൊ, നാം സ്വയം ഹിന്ദുക്കളാകുവാനൊ, ചെയ്ത ശ്രമം ഇന്നും ഫലിച്ചിട്ടില്ലെന്നുള്ളതിനു് ഇതൊരു തെളിവാകുന്നു. ഒരു മുസൽമാനൊ, ക്രിസ്ത്യനൊ നമ്മുടെ സാമീപ്യം ഒരു പ്രകാരത്തിലും അശുദ്ധികരമല്ല. അവരുടെ പള്ളികളിലും വസതികളിലും നമ്മെ അടുപ്പിക്കുവാനും, പ്രവേശിപ്പിക്കുവാനും അവർക്കു വിരോധവുമില്ല. ഇതു മാത്രമല്ല, അവരുടെ മതത്തിലേയ്ക്കു് അവർ ആകർഷിച്ചു വിളിക്കയും ചെയ്യുന്നു. എന്നാൽ, ഹിന്ദുക്കളുടെ ക്ഷേത്രത്തിൽ നാം പ്രവേശിപ്പാനായി ചെന്നാൽ പൂജയും കോലാഹലവും എല്ലാം മുടക്കി, ക്ഷേത്രവും അടച്ചു പൂട്ടി അവർ ഓടിക്കളയുന്നു. പൂജയും കാര്യവും മുടങ്ങിയാലും വേണ്ടില്ല, നമ്മെ അടുക്കരുതെന്നേ അവർക്കു നിർബന്ധമുള്ളു. സ്കൂളും പ്രവേശനത്തിനു നാം ചെന്നാൽ, പാഠവും മതിയാക്കി സവർണർ വീട്ടിൽ പോകുന്നു. റോഡുകളിൽ നടക്കാൻ ചെന്നാൽ, അവരുടെ നടപ്പു കൂടി മതിയാക്കി അവർ റോഡടച്ചു കെട്ടിക്കളയുന്നു. നാം അടുക്കുന്നതിലും കടക്കുന്നതിലും, അവ

യെ എല്ലാം ബഹിഷ്കരിക്കുന്നതു തന്നെ നല്ലതെന്നു സനാതനികരും കരുതുന്നു. മാത്രമല്ല, നമ്മെ അടുപ്പിക്കാതിരിക്കുവാൻ അവരുടെ സർവശക്തികളും വിനിയോഗിച്ചു തടുക്കുകയും ചെയ്യുന്നു. നാം ഹിന്ദുക്കളല്ലെന്നുള്ളതിനു് ഇതിനെക്കാൾ വലിയ തെളിവാവശ്യമാണൊ? ഹിന്ദുക്കളാണെന്നു പറഞ്ഞു് നാം വലിഞ്ഞു കയറി ചെന്നാലും അല്ലെന്നവർ നമ്മെ പിടിപ്പിക്കുകയല്ലേ ചെയ്യുന്നതു്? അവരുടെ മതം വിട്ടു പോകുവാൻ അവർ നമ്മെ നിർബന്ധിക്കുകയല്ലേ ചെയ്യുന്നതു്? ജാതിഹിന്ദുവിന്റെ ക്ഷേത്രത്തിൽ നിന്നും ഇത്ര അടി ദൂരെ മാറി നില്ക്കണമെന്നു പറഞ്ഞു നമ്മെ ശാസിച്ചിരുന്നിട്ടും നാം നാണ്യക്കൊപ്പോലെ അങ്ങോട്ടന്തിത്തള്ളി ചെല്ലുന്നതു നമ്മുടെ ബുദ്ധിഹീനതയല്ലാതെ മറെന്താണു്? ഹിന്ദുക്കളുടെ ചവുട്ടേറു പറ്റാതുള്ളപ്പെട്ട എത്രയോ ലക്ഷം അടിയാളരെ ക്രിസ്ത്യാനികളും മുഹമ്മദീയരും സ്വാഗതം ചെയ്തു് അവരുടെ മതത്തിൽ ചേർത്തു? അങ്ങനെ നമ്മിൽ നിന്നും പോർന്നുപൊന്നവരും മറ്റുമല്ലാതെ, ഇന്നു കാണുന്ന ക്രൈസ്തവ മാഹമ്മദീസമുദായക്കാരത്രയും പാലസ്തൈനിൽ നിന്നോ അറേബ്യയിൽ നിന്നൊ, കടലും, മലകളും കടന്നിവിടെ വന്നവരല്ലെന്നു് ഏവർക്കും അറിവുള്ളതാണല്ലൊ? അതെ; ഇവരിലധികവും നമ്മുടേയും മറ്റു അധഃകൃതരുടേയും പൂർവപിതാക്കന്മാരത്രെ. ഈ ഒരടുപ്പമെങ്കിലും നമുക്കിവരോടുണ്ടു്. ജാതിഹിന്ദുക്കളോടു് യാതൊരു വിധമായ അടുപ്പവും നമുക്കില്ല. ഹിന്ദുക്കളാണെന്നു അവരുടെ സ്വാർത്ഥതയ്ക്കുവേണ്ടി പറഞ്ഞുപരത്തിയതിനെ നാം സമ്മതിച്ചുകൊടുത്തു. ഗവൺമെന്റതിനെ ശരിയും വച്ചു. നാമമാത്രമായിട്ടെങ്കിലും ഇങ്ങനെ ഹിന്ദുക്കളാണെന്നു സമ്മതിച്ചുപോയ മഹാപരാധത്തിന്റെ തീരാശ്ശാപങ്ങളാണു് ഇന്നു നാം അനുഭവിച്ചുവരുന്ന അവശതകളെല്ലാം. ഇനിയേതായാലും ആരാന്റേതായ ഈ മതം നമുക്കാവശ്യമില്ലെന്നാണു് നമ്മുടെ ഇന്നത്തെ വാദം.

ഹിന്ദുമതവിശ്വാസം കൊണ്ടു് ഉണ്ടായ നാശഫലം.

ഹിന്ദുമതമെന്നും, സനാതനമെന്നും മറും പറഞ്ഞു് നമ്മെ മറ്റുള്ളവർ വെറും നികൃഷ്ടരാക്കി ചവുട്ടി അരച്ചിട്ടിരുന്നതല്ലാതെ, അവരുടേയും അവരുടെ മതത്തിന്റേയും ഗുണംകൊണ്ടു് നമുക്കു് യാതോരഭിവൃദ്ധിയും ഉണ്ടായിട്ടില്ല. നാം ഹിന്ദുക്കളായി കഴിഞ്ഞുകൂടിയതുകൊണ്ടു് നേരിട്ടിട്ടുള്ള അധഃപതനം അവർണനീയവുമാണു്. പഠിപ്പിലും, പണത്തിലും, അന്തസിലുമെല്ലാം മറ്റുള്ളവരെ അപേക്ഷിച്ചു നാം എത്രയോ പിന്നോക്കം പോയിരിക്കുന്നു! ഹിന്ദുമതത്തിന്റെ വാലിൽ തൂങ്ങിക്കിടന്നുപോയതുകൊണ്ടു് വന്ന അത്യാഹിതം ഇനിയെങ്കിലും നമ്മുടെ ജനങ്ങൾ മനസ്സിലാക്കട്ടെ! ഈ ദുഷിച്ച മതത്തിൽ നിന്നും വിട്ടു് അന്യമതത്തിൽ പോയ പലരും പല പ്രകാരത്തിലും ഉയർന്നിട്ടുള്ളതിനു ദൃഷ്ടാന്തങ്ങൾ നമുക്കില്ലാതില്ല. നമ്മുടെ അന്ധമായ മതവിശ്വാസം കൊണ്ടു്, നാം സാമ്പത്തികമായും, സാന്മാർഗികമായും എത്ര അധഃപതിച്ചുപോയിരിക്കുന്നു! ഉണ്ണാത്ത ദേവനെ ഊട്ടാനും, എഴുന്നള്ളിക്കാനും മറ്റും നാം നമ്മുടെ ക്ഷേത്രങ്ങളിലും അന്യക്ഷേത്രങ്ങളിലുമായി എത്രയോ ലക്ഷം രൂപ ഹോമിച്ചു കളഞ്ഞിരിക്കുന്നു! അമ്പലത്തിൽപോയി തെറിപാടിയും, കള്ളുകുടിയും, കോഴിവെട്ടും നമ്മുടെ സാന്മാർഗിക നടപടികളെ എത്രമാത്രം വ്യഭിചരിച്ചുകളഞ്ഞിരിക്കുന്നു! പെണ്ണുകൊതിയനേയും, മകളെ വേട്ടവനേയും, കള്ളഭാര്യയുള്ളവനേയും, ചതിയനേയും, കാളിയേയും, കണ്ടകാരനേയും, ചാത്തനേയും ചാമുണ്ണിയേയും മറും വച്ചാരാധിക്കുന്നവർക്കു്, സന്മാർഗ്ഗം അങ്ങാടിയോ, പച്ച

യോ എന്നുപോലും തിരിച്ചറിവുണ്ടാകുമോ? ഹിന്ദുക്കളുടെ ഈ ദുർദ്ദേവതകളും ദേവന്മാരുംകൂടി, നല്ല കാര്യത്തിനുപയോഗിക്കുണ്ടായിരുന്ന നമ്മുടെ എത്രമാത്രം പണവും, സമയവും, ശക്തിയും അപഹരിച്ചെടുത്തിരിക്കുന്നു! ഉണ്ണാനും, ഉടുക്കാനും, പഠിക്കാനും വകയില്ലാതെ ജനങ്ങളും ഉഴറിയലയുമ്പോഴും അന്ധതാമിശ്രമായ ഈ വികലാചാരങ്ങൾക്കായി ധനവും, സമയവും, കഴിവും ചിലവാക്കുന്നതിനിടയാക്കിയത് ഈ ഹിന്ദുമത വിശ്വാസമല്ലാതെ മറെറന്താണു"?

ക്ഷേത്രങ്ങളുടെ പേരിൽ അന്തമില്ലാതെ നാം ചെയ്യുന്ന ധനാഹുതികൊണ്ട് മാനസികമായോ, സാന്മാർഗികമായോവിദ്യാഭ്യാസപരമായോ, സാമ്പത്തികമായോ നമുക്ക് വല്ല പുരോഗമനവും ഉണ്ടായിട്ടുണ്ടോ? ഉണ്ടാകുന്നതുമാണോ? നാം ഇതുവരെ ഇങ്ങനെ കണ്ടമാനം പൂകത്തിച്ച കളഞ്ഞ പണം ഉണ്ടായിരുന്നെങ്കിൽ സമുദായം വകയായി എത്ര ഹൈസ്കൂളുകളും, കോളേജുകളും, വ്യവസായശാലകളും നമുക്കുണ്ടാകുമായിരുന്നു! എത്രപേരെ ഇംഗ്ലണ്ടിലും അമേരിക്കയിലും മറും അയച്ച ഉന്നതവിദ്യാഭ്യാസം ചെയ്യിക്കാമായിരുന്നു! കഷ്ടം! ആ സൗഭാഗ്യങ്ങളെല്ലാം നാം ഹിന്ദുമതമാകുന്ന ബലിപീഠത്തിൽ കരുതിയർപ്പിച്ച കളഞ്ഞിരിക്കുന്നു! ഈ ദുരവസ്ഥകൾക്കെല്ലാം കാരണം നമ്മുടേതെന്ന് നാം തെറ്റിദ്ധരിച്ച ഹിന്ദുമതവിശ്വാസം ഒന്നു മാത്രമല്ലെ?

അധഃകൃതമർദ്ദനം

ഹിന്ദുമതശ്രേണിയുടെ ഉയർന്ന പടിയിൽ നില്ക്കുന്നവർ താഴേതാഴെ ഉള്ളവരെ മനുഷ്യരായി പോലും കരുതിയിരു

ന്നില്ല. ഹിന്ദുക്കളാണെ അധഃകൃതരുമെന്നു് അവർ കടലാസിൽ എഴുതിവയ്ക്കുയും, കാര്യം കാണുവാനുള്ളപ്പോഴും നാം അവർക്കു് അസ്പൃശ്യരുടെ അസ്പൃശ്യരും മാംസത്തിന്റെ മാംസവും രക്തത്തിന്റെ രക്തവും ആണെന്നു് ചത്തുവട്ടം ഘോഷിക്കയും പറയുകയും ചെയ്യുമെന്നല്ലാതെ, യഥാർത്ഥത്തിൽ അവർ നമ്മളെ ഹിന്ദുക്കളായി കരുതിയിട്ടില്ലെന്നുള്ളതിനും, നേരെമറിച്ചു് അവർ നമ്മുടെ ശത്രുക്കളായി നിന്നു നമ്മെ ഉപദ്രവിക്കയാണു ചെയ്തിട്ടുള്ളതെന്നുള്ളതിനും എത്രയോ ആയിരം ദൃഷ്ടാന്തങ്ങളും വേണമെങ്കിലും ഉദ്ധരിക്കുവാൻ കഴിയും.

ഗുജറാത്തിൽ, ഖേദാഡിസ്ട്രിക്ടിൽ ഉള്ള ഒരു പൊതുക്കിണറ്റിൽനിന്നും വെള്ളം കോരിയ ഒരു അധഃകൃതനെ അവിടത്തെ സനാതനപ്പരിഷകൾ ആഴിക്കുട്ടി ആ തീക്കുണ്ഡത്തിലിട്ടു ജീവനോടെ ദഹിപ്പിച്ചു! അഹമ്മദ്ബാദിൽ ഡോക്കാർ ഗ്രാമത്തിൽ ഒരുത്തൻ പൊതുക്കുളത്തിൽ കളിച്ചുപോയ അപരാധത്തിനു ആ ഗ്രാമത്തിലുള്ള സകല അധഃകൃതരേയും കൂടിവച്ചമ്മട്ടികൊണ്ടടിച്ചുവിട്ടു! ബഹേഡയിൽ പൊതുസ്ഥലങ്ങളിൽ അധഃകൃതരെ പ്രവേശിപ്പിച്ചതിനാൽ സനാതനകൂട്ടികളെ സ്കൂളിൽ അയക്കാതായി. അധഃകൃതരെ വഴിനടത്താതായി. അധഃകൃതരുടെ വിളവുകൾ നശിപ്പിച്ചു. അവരുടെ കിണറുകളിൽ മണ്ണെണ്ണയൊഴിച്ചു. അധഃകൃതകുട്ടികളെ സ്കൂളിൽ വിടുന്നതല്ലെന്നു് രക്ഷിതാക്കന്മാരെക്കൊണ്ടെഴുതി ഒപ്പിട്ടു വാങ്ങി. 1931-മാണ്ടു് ഒക്ടോബർമാസത്തിൽ അധഃകൃതരുടെ ഒരു കല്യാണാഘോഷത്തിൽ പല്ലക്കുപയോഗിച്ചതിനാൽ സവർണ്ണർ കല്യാണക്കാരെ നാല്പത്തെട്ടു മണിക്കൂർ നേരം ജലപാനത്തിനു പോലും അയക്കാതെ തടഞ്ഞു നിർത്തി വിഷമിപ്പിച്ചു. പോലീസു ചെന്നു് തടങ്കൽ വിടുവിക്കയാണുണ്ടായതു്. ബ്രി: ഇൻഡ്യയിൽ പൊതുവേയുള്ള സ്ഥിതികൾ ഇവയാണെങ്കിൽ, ജാതിഭ്രാന്തിനു കുപ്രസിദ്ധി നേ

ടിയകേരളത്തിലെ കഥ ഇതിലും എത്ര ഭയങ്കരമായിരിക്കണം? സുപ്രസിദ്ധമായ വൈയ്ക്കം സത്യാഗ്രഹത്തിനു സവർണരിൽ പലരും അനുകൂലമായിരുന്നെങ്കിലും, കണ്ണിൽ ഇളനീർകഴമ്പെന്ന പോലെ ചുണ്ണാമ്പെഴുതിയതും, കാളയെ കാളപ്പൂട്ടും വിധം വൃഷണം ഉടച്ചുഞെരിച്ചുവിട്ടതും, നെഞ്ചിനു ബൂട്ട്സ് ഇട്ടു ചവുട്ടിത്തേച്ചതും കഴുത്തുനീരുവെള്ളത്തിൽനിന്നും സത്യാഗ്രഹം അനുഷ്ഠിക്കുന്നവാളൻറിയർമാരുടെ പിടലിക്കു കഴക്കോൽ കുത്തിവച്ചുയർത്തിപ്പോയതും സവർണ്ണഹിന്ദുക്കളല്ലാതെ മറ്റാരുമായിരുന്നില്ല, കല്പാത്തിറോഡിലും തിരുവാർപ്പുറോഡിലും 'വിടകൊള്ളുവാൻ, പെണ്ണ അവർണരെ പ്രഹരാദി കഷ്ടായംകൊടുത്തു പ്രസാദിപ്പിച്ചയച്ചതും സവർണജാതിക്കാർ തന്നെയായിരുന്നു. ഇവയെല്ലാം പുരാണകാലത്തെ സംഭവങ്ങളല്ല. ഈ പങ്കപ്പാടുകളത്രയും അധ:കൃതർ സഹിക്കേണ്ടിവന്നതു് അവർ സവർണരുടെ വസ്തുവകകളും ആക്രമിച്ചിട്ടോ, അവരുടെ സ്വകാര്യവഴികളും, കുളങ്ങളും, സ്ഥാപനങ്ങളും കൈയേറിയും ചെയ്തിട്ടോ, അവരുടെ കുഞ്ഞുകുട്ടികളെ പിടിച്ചുകൊണ്ടുപോയിട്ടോ മറ്റോ ആണോ? സവർണക്കു് നാലു കൊച്ചുകാശിന്റെ നഷ്ടം പോലുമില്ലാത്ത പൗരോഹിത്യകാശത്തെ സ്വായത്തമാക്കാൻ—മനുഷ്യന്റെ ജന്മാവകാശം സമ്പാദിപ്പാൻ—പാതിരിമാരുടെ കാരുണ്യംകൊണ്ടു സ്വീകരിച്ച വിദ്യാഭ്യാസത്താൽ പ്രേരിതരായി ശ്രമിച്ചുപോയ അപരാധം ഒന്നുമാത്രമെ അധ:കൃതരുടെ പേരിൽ കാണുകയുള്ളൂ.

ഫെന്നർ ബോക്കിവേ (Fenner Brockway) എന്ന മഹാൻ എഴുതി 1930-ൽ പ്രസിദ്ധപ്പെടുത്തിയ ഇൻഡ്യൻ ക്രൈസിസ് (Indian Crises) എന്ന പുസ്തകത്തിൽ 'തങ്ങൾക്കു കളിക്കാൻ ആവശ്യമായ ഒരു കളത്തിൽ കളിക്കുന്നതിനു് അനുവാദം കിട്ടുവാൻ വേണ്ടി, ഹിന്ദുപൊതുജനസമ്മതി ലഭിക്കുന്നതിനായി

അനേകായിരം അധഃകൃതർ ഒരുമിച്ച് ബോംബെസംസ്ഥാനം മുഴവനും ഒരു ഗംഭീരയാത്ര ചെയ്യുന്നതിനുള്ള പ്രാരംഭമായി 600 അധഃകൃതർ റോഡുകളിൽകൂടി അണിനിരന്നു പരിശീലിക്കുന്നതു് രണ്ടു കൊല്ലം മുമ്പു ഞാൻ ബോംബേയിൽവച്ചു കാണുകയുണ്ടായി് എന്നു പറഞ്ഞിരിക്കുന്നു. നോക്കണേ, പൊതുക്കുളത്തിൽ കുളിക്കുന്നതിനുള്ള അവകാശലബ്ധിക്കായി അധികൃതർ പെടുന്ന പാടു്! ജാതിയുടേയും മതത്തിന്റേയുംപേരു പറഞ്ഞു് ജാതിഹിന്ദുക്കൾ ചെയ്തതും, ചെയ്യുന്നതും, അവർണർ അനുഭവിച്ചതും, അനുഭവിക്കുന്നതും ആയ മർദ്ദനങ്ങളുടെ മാതൃകകളാണിവകളെല്ലാം. വിദ്യാഭ്യാസത്തിലും, പണത്തിലും, എന്നല്ല മനുഷ്യനായിരുവാനാവശ്യമായ ഓരോന്നിലും, നമുക്കു ഭിവൃദ്ധിയുണ്ടാകുവാൻ ഉപയോഗിക്കേണ്ടിയിരുന്ന നമ്മുടെ കഴിവുകളും, സമയവും, എല്ലാം നാം ഈ ജന്തുത്വത്തോടു പോരാടുവാൻ വിനിയോഗിക്കേണ്ടിവന്നു. എത്ര പോരാട്ടം, എവിടെയെല്ലാം, എന്തിനെല്ലാം നാം നടത്തി? മണ്ണിൽകൂടി ചവുട്ടിനടക്കാൻ; കുളത്തിൽ ഇറങ്ങി കുളിക്കാൻ; സ്കൂളിൽ കയറി പഠിക്കാൻ; കച്ചേരികളിൽ കയറി നീതി വാങ്ങാൻ; എന്നുവേണ്ട ഏതിനും നാം ഹിന്ദുക്കളോടു് പടവെട്ടേണ്ടിവന്നു. എത്രയോ നൂറാണ്ടുകളായി നാം ഇങ്ങനെ ഇതുകാംക്കായി വഴക്കടിച്ചു കഴിയുന്നു! നമുക്കു കിട്ടിയ മെച്ചമോ നരകജീവിതം! ഒരു മതത്തിൽതന്നെ പല സമുദായക്കാരുണ്ടെങ്കിലും അടുക്കാനും, ഒന്നിക്കാനും ഒന്നും കഴിയാതെ, തീണ്ടലും തൊടീലും മറ്റും പുലർത്തി കഴിയുന്ന മതം ഹിന്ദുമതമല്ലാതെ ലോകത്തിൽ അന്യമുണ്ടോ? അന്ധകാരജഡിലമായ മതവിശ്വാസംകൊണ്ടു് താണവരാണെന്ന ബഹുഭൂരിപക്ഷം ജനങ്ങളേയും സ്വയം വിശ്വസിപ്പിച്ചു്, ആത്മഹത്യ ചെയ്യിക്കുന്ന മതവും വേറെയുണ്ടോ? അധഃകൃതരെ അടിക്കടി നാശകൂപത്തിലേക്കു് ആഴ്ത്തിക്കൊണ്ടുപോകുന്ന ഈ ഹിന്ദുമതനരകം എടുത്തു ദൂരെക്കളയാതെ അധഃകൃതർ എങ്ങനെ അഭിവൃദ്ധിപ്പെടും?

ഹിന്ദുമതം.

ഇന്ത്യയിലെ 22 കോടിയോളംവരുന്ന അബ്രാഹ്മണസമുദായക്കാർക്കൊക്കെ, വളരുവാനും, വികസിക്കുവാനും ബാധകമായിട്ടാണ് ഹിന്ദുമതത്തിന്റെ കിടപ്പ്. ഈ മതപ്രകാരം ഏതു ഉൽകൃഷ്ടനായാലും താണവനും, മതകാര്യത്തിൽ സ്വാതന്ത്ര്യമില്ലാത്തവനാണ്. ക്ഷത്രിയനും ഹിന്ദുമതത്തെ സംബന്ധിച്ചിടത്തോളം അസ്വതന്ത്രൻതന്നെ. എന്തിനു്? നമ്മുടെ മഹാരാജാക്കന്മാർക്കുപോലും മതപരമായി ഇവിടെ സ്വാതന്ത്ര്യമില്ല. ആകപ്പാടെ അബ്രാഹ്മണരെല്ലാംതന്നെ ബ്രാഹ്മണരുടെ വൈദഗ്ധ്യമേറിയ മാസ്മരവിദ്യകൊണ്ടു്, വാണിയന്റെ ചക്കിലെ കാളയെപ്പോലെ വട്ടംകറങ്ങിക്കഴയുകയാണു്. ബ്രാഹ്മണേതരന്മാരുടെഈ ദയനീയസ്ഥിതിയിൽനിന്നും അവരെ ഉദ്ധരിയ്ക്കുവാനുള്ള ശ്രമം, ഇന്നും ഇന്നലെയുമല്ല, ബുദ്ധന്റെ കാലം—2500 വർഷങ്ങൾക്കു മുൻപു് — മുതൽ തുടങ്ങിയതാണു്. എന്നിട്ടും, ഇന്നും, പണ്ടാരോ പണിതുവച്ച ബ്രാഹ്മണക്കെണിയിൽ അബ്രാഹ്മണജനത മുഴുവൻ കുടുങ്ങിക്കിടക്കുന്നു. രാജാറാംമോഹൻറായിയും ദയാനന്ദസരസ്വതിയും ഡോക്ടർ ടി. എം. നായരും, ശ്രീനാരായണഗുരുവും ഈ കുടുക്കിൽനിന്നും ജനതയെ മോചിപ്പിക്കുവാനൊ, അതിന്റെ കാഠിന്യം കുറയ്ക്കുവാനൊ പരിശ്രമിച്ച മഹാന്മാരാണു്. ഭാരതീയനേതാക്കന്മാരിൽ പലരും, കേരളീയരിൽതന്നെ പലരും- ഈ മതത്തിൽ പെട്ടുകൂടിയെന്നു്, അവർ വിശ്വസിക്കുന്ന കാട്ടുകളെ വെട്ടിനീക്കി ഹിന്ദുനാഗരീകതയെ പരിഷ്കരിക്കുവാൻ, അല്ല; 'അഭ്യുത്ഥാനം' ചെയ്യിക്കുവാൻ പരിശ്രമിച്ചുവരുന്നു. പരിശ്രമം മൂക്കുംതോറും കാട്ടുകളും, ചവറുകളും പൊന്തിപ്പൊന്തി വരുന്നതായും വേലയ്ക്കു

വിഷ്ണവും വിഷമവും ഏറ്റുന്നതായും അനുഭവപ്പെടുകയും ചെയ്യുന്നു. ഹിന്ദുമതത്തിലെ ചപ്പുചവറുകളും കളഞ്ഞാൽ അനുഭവം ഉള്ളിയുടെ തൊണ്ടുകളഞ്ഞാൽ എന്നപോലെ ഇരിയ്ക്കുമെന്നുള്ളതിനു സംശയമുണ്ടോ?

ഹിന്ദുമതം, സനാതനധർമ്മം, ഋഷിപ്രോക്തം, വേദാന്തം എന്നൊക്കെ കേൾക്കുമ്പോൾ ആളുകൾ അന്ധാളിക്കുന്നു. അതിലെന്തോ സാരമായ തത്വം അന്തർവേചിട്ടുണ്ടെന്നു വ്യാമോഹിക്കുന്നു. നമ്മിൽ സഹസ്രാംശത്തിനുപോലും അറിഞ്ഞുകൂടാത്തതായ സംസ്കൃതഭാഷയിൽ ഈ 'വേദാന്തങ്ങൾ' എഴുതിപ്പിടിപ്പിച്ചിരിക്കുന്നതിനാലാണ്, ജനങ്ങൾ ഇങ്ങനെ ഭ്രമിക്കുന്നതു്. സാധാരണക്കാർക്കു് മനസ്സിലാക്കാവുന്ന മാതൃഭാഷയിൽ ഇവയെല്ലാം വെളിക്കുചാടിയാൽ മൂക്കുംപൊത്തിക്കൊണ്ടു് ആരായാലും ഓടിക്കളയും. ഈ ചരക്കുകൾ അത്യുദ്ദർഗ്ഗന്ധം വമിക്കുന്നവകളാണു്. എത്രമാത്രം ആഭാസങ്ങളും പ്രകൃതിവിരുദ്ധങ്ങളായ നടപടികളും, വ്യഭിചാരാദി ദുർഗ്ഗുണങ്ങളും, പൂർവ്വാപരവിരുദ്ധങ്ങളായ വർണ്ണനകളും മറ്റുമാണു ഇവയിൽ അടങ്ങിയിട്ടുള്ളതു്? പരിഷ്ക്കാരത്തിലും, സംസ്ക്കാരത്തിലും ഇന്നത്തേക്കാളും എത്രയോ പിന്നോക്കം നിന്നിരുന്ന ഒരു കൂട്ടം പ്രാകൃതജനങ്ങളുടെ മൃഗീയജീവിതങ്ങളും, ആചാരമര്യാദകളും മറ്റുമാണിവകളിൽ കാണുന്നതു്. അവയെ അപ്രകാരംതന്നെ പരിഗണിക്കുന്നതിനുള്ള യുക്തിവാദമനസ്ഥിതി ഹിന്ദുക്കൾക്കുണ്ടായിരുന്നെങ്കിൽ ഭാഗ്യമായിരുന്നു. കേട്ടാൽ നാണമുള്ള ആക്ഷേപം അറപ്പുതോന്നുന്ന ഹിന്ദുപുരാണങ്ങളേക്കാളും എത്രയോ അധികം അറപ്പും, വെറുപ്പും; ഋഷിപ്രോക്തങ്ങളെന്നും, ദൈവം പറഞ്ഞുകൊടുത്തെഴുതിച്ചതെന്നും പറയുന്ന ഈ വേദങ്ങളോടുണ്ടാകേണ്ടിയിരിക്കുന്നു. വേദങ്ങളും, പുരാണങ്ങളേക്കാളും അപരിഷ്കൃതവും, നികൃഷ്ടവും, അജ്ഞതവും നിറഞ്ഞവയുമാകുന്നു. ഈ തോന്ന്യാസങ്ങളും എഴുതിവെച്ച ഋഷികളാവട്ടെ, ഒരു ഖക മൂക്കടിയന്മാരും

വേണ്ടാത്തനക്കോരും ആയിരുന്നു. മദ്യമാംസാദികളും മുക്കറും അടിക്കുന്നവർക്ക് മനുഷ്യസഹജമായ മറ്റു വികല സ്വഭാവങ്ങളും ഉണ്ടായിരിക്കുമെന്നു് പറയേണ്ടതില്ലല്ലോ. വസിഷ്ഠന്റെ കുശുമ്പും, വിശ്വാമിത്രന്റെ ഡംഭും, ദുർവ്വാസാവിന്റെ ശുണ്ഠിയും, പരാശരന്റെ കാമവും, നാരദന്റെ ഏഷണിയും അല്പമെങ്കിലും ശമദമാദികളും ഉള്ള ഒരുവനുണ്ടാകുന്നതാണോ? ഇത്തരക്കാരെയാണ് ഹിന്ദുക്കൾ ഋഷീശ്വരന്മാരായും, വേദവേദാന്തവേദ്യന്മാരായും മറ്റും കീർത്തിക്കുന്നതു്. ഇവർ മദ്യവും സേവിച്ചു് മാംസവും തിന്നു് മത്തുപിടിച്ചു് മതിമറന്നുകിടക്കുമ്പോൾ എഴുതിയുണ്ടാക്കിയതാണു വേദശാസ്ത്രാദികളും, എന്നു പറഞ്ഞാൽ അവയിലെ ഉള്ളടക്കങ്ങളെപ്പറ്റി ഊഹിക്കുന്നതോ? ബ്രാഹ്മണന്റെ സ്വാർത്ഥസംരക്ഷണത്തിനുവേണ്ടി കാലാന്തരത്തിൽ പലപ്പോഴായി എഴുതിച്ചേർത്തിട്ടുള്ള അനുബന്ധങ്ങളും കൂടിച്ചേർന്നപ്പോൾ ഈ വേദാദികളും അബ്രാഹ്മണജനതയെ ഞെക്കിപ്പിഴിയുവാനുള്ള ഉപകരണങ്ങളായും തീർന്നു.

ആദികാലത്തു് ആര്യന്മാർ, തങ്ങൾക്കു് അതിഭയങ്കരമായി തോന്നിയ, ഇടി, മിന്നൽ, വായു, പാറ, വൻമരം മുതലായ പ്രപഞ്ചവസ്തുക്കളും സംഭവങ്ങളും, കണ്ടപ്പോഴേ, അവയിൽ ദിവ്യത്വം സങ്കല്പിച്ചുള്ള സ്തുതികളും, അർച്ചനകളും, ഇരുനെക്കുറിച്ചുള്ള സ്തോത്രങ്ങളും മറ്റും, വേദങ്ങളിൽ ഏറ്റവും പ്രാചീനമെന്നറിയപ്പെട്ടന്ന ഋഗ്വേദത്തിൽ അടങ്ങിയിരിക്കുന്നു. ഇതിലെ ഒരു മണ്ഡലം മുഴുവൻ മദ്യം എട്ടുകുന്ന സോമലതയെ ദൈവമാക്കിയിട്ടുള്ള പ്രാർത്ഥനകളാണു്. പശു, കാള, പോത്തു്, കുതിര, ആടു് മുതലായ മൃഗങ്ങളുടെ ഏതേതുഭാഗത്തെ ഇറച്ചിയാണു് നല്ലതു്; അതു് പാകം ചെയ്യേണ്ട വിധം എങ്ങനെ; യാഗത്തിൽ പങ്കുകൊള്ളുന്ന ഓരോരുത്തർക്കും ഏതേതു ഭാഗത്തെ എത്രയെത്ര അംശം

ഇറച്ചി വീതം പങ്കുവെക്കണം, ഇത്യാദിസംഗതികളും ഋഗ്വേദത്തിൽപ്രധാനമായി അടങ്ങിയിട്ടുണ്ട്. യാഗകാലത്തെ പടങ്ങുകളും, അപ്പോഴും മൊല്ലേണ്ട ഗാനങ്ങളും, മറ്റുമാണ് ബാക്കി മൂന്നുവേദങ്ങളിലും അടങ്ങിയിരിക്കുന്നത്. മഴക്കാറുകാണുമ്പോഴും തവള കരയുന്നതുകണ്ട്, മഴയ്ക്കു കാരണം തവളയുടെ കരച്ചിലാണെന്നു കരുതി തവളയെ ദൈവമാക്കി പ്രാർത്ഥിക്കുന്നതും മറ്റും, വേദങ്ങളിലെ അജ്ഞതയ്ക്കും, കഥയില്ലായ്മയ്ക്കും ദൃഷ്ടാന്തങ്ങളാണ്. ഈ മാതിരി യാഗരീതികളും വിധിനിഷേധങ്ങളും അതിശയോക്തിപരമായ കെട്ടുകഥകളും, ആഭാസകരമായ സ്തോത്രങ്ങളും, മറ്റും കൊണ്ടാകുന്ന ഹിന്ദുക്കളുടെ പരിപാവനമായ വേദപ്രമാണങ്ങളും നിറച്ചിരിക്കുന്നത്.

വർണ്ണവ്യവസ്ഥയും ജാതിയും

ചാതുർവർണ്ണ്യം ഹിന്ദുമതത്തിന്റെ ഒരു പ്രധാനഘടകമാകുന്നു. ഹിന്ദുക്കളുടെ ഇടയിൽ ഇന്നു കാണുന്ന അനേകശതം ജാതികൾക്കും ഉച്ചനീചാവസ്ഥകൾക്കും നിദാനവും ഇതുതന്നെയാണ്. ചാതുർവർണ്യം ഗുണകർമ്മവിഭേദം അനുസരിച്ച് സൃഷ്ടിച്ചതാണെന്നു ഗീതയിൽ പറയുന്നുണ്ട്. എന്നാൽ ഗുണംനോക്കി വർണ്ണം തിരിക്കലല്ല, വെറും ജനനത്തെ ആസ്പദമാക്കിയുള്ള വിഭജനമാണ് പൗരാണികകാലത്തും ഇന്നും നാം കണ്ടിട്ടുള്ളതു്. ഒരു ബ്രഹ്മർഷിയാകാൻ കൊതിപിടിച്ച വിശ്വാമിത്രൻ ഏതെല്ലാം ഗോരതപ്രയത്നങ്ങളാണ് ചെയ്തുനോക്കി. അന്നത്തെ ബ്രാഹ്മണർ അതിനു സമ്മതിച്ചുവോ? എന്നാൽ, ബ്രാഹ്മണനു വിധിച്ചിട്ടുള്ള ഗുണകർമ്മത്തിൽ നിന്നും എതുയോ ഭിന്നമായ അറുകൊലകൾ

പെയ്തു്, ക്ഷത്രിയകുലത്തെ അറുതിവരുത്തിയിട്ടും പരശു രാമന്റെ ബ്രാഹ്മണ്യത്തിനു അണുവോളം മാലിന്യം വന്നതായി നാം അറിയുന്നുമില്ല. സകലമതപാരാവാരപാരംഗതനും, ബ്രഹ്മജ്ഞാനിയുമാണെന്നു് ആരും സമ്മതിച്ചുകൊടുക്കുമായിരുന്ന മുനിപുംഗവനായ ശ്രീനാരായണഗുരുവിന്റെ ഗുണകർമ്മം ആദരിച്ചു യഥാർത്ഥബ്രാഹ്മണനാക്കുവാൻ ഏതു ബ്രാഹ്മണനെങ്കിലും ഒരുമ്പെട്ടുവോ? അദ്ദേഹത്തിന്റെ അമ്മ ഒരു ഈഴത്തിയായിപ്പോയ കുറ്റംകൊണ്ടല്ലേ മഹാസ്വാതികനായ അദ്ദേഹത്തെ തീണ്ടലുള്ള ഒരു സാധാരണ അവർണ്ണനായിത്തന്നെ സനാതനികരും കരുതിയിരുന്നതു്. എതു താണനിലയിലുള്ളവനായാലും ഒരു ക്രിസ്ത്യനു കത്തനാരായും; ഇസ്ലാമിനു മൗലവിയായും ഉയരുവാൻ അവരുടെ മതങ്ങളും ഒരിക്കലും പ്രതിബന്ധമല്ല എന്നാൽ പച്ചച്ചോവന്റെ അരിവയ്പ്പുകാരനായ കുട്ടിപ്പട്ടർക്കും, ശാന്തിക്കാരനാകാമെങ്കിലും പരിപാവനമൂർത്തിയായിരുന്ന ശ്രീനാരായണഗുരുസ്വാമിക്കു പെരുവഴി നടക്കുവാനുംകൂടി ഹിന്ദുമതം അനുവദിച്ചിട്ടില്ല.

വർണ്ണാശ്രമധർമ്മസൗധം കെട്ടിപ്പൊക്കിയിരിക്കുന്നതു ഗുണകർമ്മത്തിലല്ല, ജനനമാകുന്ന അസ്ഥിവാരത്തിന്മേലാണെന്നു സ്ഥാപിക്കുവാൻ ഇതുപോലെ അനിഷേദ്ധ്യമായ ഒരു പാരമാർത്ഥികദൃഷ്ടാന്തം ഉണ്ടാകുമോ? ഇത്രത്തോളം നിന്ദ്യമായും, നിഷ്ഠുരമായും വർത്തിക്കുന്ന ഹിന്ദുമതത്തിലെ വർണ്ണവ്യവസ്ഥകളെയാണു ഗാന്ധിയും കൂട്ടരും സർവ്വസിദ്ധപ്രദായകമായി കൊണ്ടുനടക്കുന്നതു്. കാലപ്പഴക്കംകൊണ്ടു വർണ്ണാശ്രമധർമ്മം തേഞ്ഞുമാഞ്ഞു മറഞ്ഞിട്ടു, പകരം അനേകം ജാതികളും ജാതിക്കു ജാതികളും ഉണ്ടായി സ്ഥിതിഗതികളും ഒന്നുകൂടി വഷളാക്കിത്തീർത്തിരിക്കുന്നു. എങ്കിലും ഈ ജാതികൾക്കെല്ലാം ആധാരം വർണ്ണാശ്രമധർമ്മമാണെന്നതു വ്യക്തമാണല്ലൊ. വർണ്ണാശ്രമമില്ലാത്ത ജാതിയും, ജാതിയില്ലാത്ത

വർണ്ണാശ്രമധർമ്മവുമില്ല. ജാതി കളഞ്ഞിട്ട്, വർണ്ണാശ്രമം പുനഃസ്ഥാപിക്കണമെന്നുള്ള ഗാന്ധിയുടെ മോഹം വൃത്തത്തിൽ ചതുരമടിച്ചു കയറുവാനുള്ള പഴയ മോഹം തന്നെയാണ്. വർണ്ണാശ്രമധർമ്മം ഗുണംനോക്കിയാണെന്നും അതു പലരേണ്ടതാണെന്നും മറ്റും പറയുന്നതു്, വെറും അബദ്ധവും, അ ബ്രാഹ്മണർക്കു—പ്രത്യേകിച്ചും അവർണർക്കു്—ആകമാനം അപകടകരവും ആകുന്നു. വർണ്ണാശ്രമസ്ഥാപനവും അധ:കൃതോദ്ധാരണവും ഒന്നിച്ചുവേണമെന്നാണു് ഇപ്പോൾ ഗാന്ധി ആഗ്രഹിക്കുന്നതു്. ഇതു് രണ്ടും ഒരുമിച്ചു സാധിക്കണമെങ്കിൽ തീയും വെള്ളവും ഒന്നിച്ചുകൂടി ആളണം. ജാതി പോകണമെങ്കിൽ വർണാശ്രമം തന്നെ പോകണം. വർണാശ്രമം ഇല്ലാതാകണമെങ്കിൽ ഹിന്ദുമതസാഹിത്യങ്ങളിലുള്ള വിശ്വാസം തന്നെ ആകെ മാറണം. ജാതിയേയും വർണത്തേയും സ്ഥാപിക്കാത്ത ഒരു പ്രമാണഗ്രന്ഥവും ഹിന്ദുമതത്തിലില്ല. ഹിന്ദുമതത്തിൽനിന്നും ജാതി മാറണമെങ്കിൽ കരിയിൽനിന്നും കറുപ്പുമാറണം. ഹിന്ദുമതത്തിന്റെ അധിഷ്ഠാനം ജാതി മാത്രമാണ്. ജാതി തന്നെയാണു് ഹിന്ദുമതം! ആത്മവാദവും ദൈവവാദവും എല്ലാം ഹിന്ദുവിനു് എങ്ങിനേയും ആകാം. ജാതിക്കാര്യത്തിൽ മാത്രമേ ഹിന്ദു നിർബന്ധം വച്ചിട്ടുള്ളു. ദ്വൈതവാദിക്കും, അദ്വൈതവാദിക്കും, ബ്രഹ്മോപാസകനും, നിരീശ്വരനും ഹിന്ദുമതത്തിൽ സ്ഥാനം ഉണ്ടു്. പക്ഷേ ജാതിയില്ലാത്തവൻ ഹിന്ദുവേ അല്ല. ഹിന്ദുമതത്തിലെ എല്ലാ പ്രാമാണ്യമുള്ള ആചാര്യന്മാരും ജാതിയെ സ്ഥാപിക്കുകയാണു് ചെയ്തിട്ടുള്ളതു് എന്നു തന്നെയല്ല അവരിൽ ഒരുത്തരെങ്കിലും ജാതിയെ നിഷേധിച്ചിട്ടുമില്ല. ദൈവത്തേക്കൂടി നിഷേധിച്ചിട്ടുള്ള ഹിന്ദുമതാചാര്യന്മാർക്കുപോലും ജാതിയെ നിഷേധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതാണു് ഹിന്ദുമതത്തിനും ജാതിക്കും തമ്മിലുള്ള അഭേദ്യമായ

ബന്ധം. ജാതി പോകാതെ ഇൻഡ്യസ്സ് രക്ഷയില്ല. ഈ ദുഷിച്ച ഏർപ്പാട് ഇൻഡ്യയെ എത്രമാത്രം അധഃപതിപ്പിച്ചിട്ടുണ്ടെന്നുള്ളതു വിവരിക്കുവാൻ തന്നെ വിഷമം. ഓരോ ജാതിക്കാർക്കും വിധിച്ചിട്ടുള്ള ആചാരമര്യാദകളും, മറ്റു മതാനുഷ്ഠാനങ്ങളും എത്ര ബീഭത്സവും ആക്ഷേപാർഹവുമാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസം. ആചാരത്തിൽ ഇൻഡ്യയിൽത്തന്നെ ആകെ 2500 ജാതികളാണുള്ളതു്. ജാതിയുടെ ഈ വലിയ അന്തരാളത്തിൽ

തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ,
ദുഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ,
കെട്ടിപ്പിടിത്തോർ, തമ്മിലുണ്ണാത്തോരിങ്ങനെ
ഒട്ടല്പമോ ജാതിക്കോമരങ്ങൾ.

എന്നു പറഞ്ഞവസാനിപ്പിക്കുവാനെ കഴികയുള്ളു. ഈ ജാതിരാക്ഷസിയുടെ ഭയങ്കരങ്ങളായ മർദ്ദനങ്ങളേറ്റു് അവശരായുഴലുന്ന സമുദായക്കാർ, ജാതിക്കും, വർണ്ണാശ്രമത്തിനും അധിഷ്ഠാനഭൂതമായ ഹിന്ദുമതത്തിൽ നിന്നും ഒഴിഞ്ഞുനില്ക്കാതെ രക്ഷയില്ലെന്നുള്ളതു് ഇനിയെങ്കിലും ധരിക്കട്ടെ!

ഹിന്ദുദൈവങ്ങൾ.

ഹിന്ദുമതത്തിലെ അപരിഷ്കൃതാചാരങ്ങളേയും, വഷളത്തരങ്ങളേയും, ബാലിശങ്ങളായ മറനവധി കൊള്ളരുതായ്മയേയും പററി സാമാന്യമായിട്ടെങ്കിലും ഗ്രഹിക്കുവാൻ ഹിന്ദുദൈവങ്ങളുടെ സ്വഭാവം, ആകൃതി, പ്രകൃതി ഇവകളും അറിഞ്ഞിരിക്കണം. ചില ദൈവങ്ങൾ ദുർമ്മര്യാദക്കാരനമാത്രം ചേരുന്നവിധത്തിലും, മറുചിലവ ഏററവും വഷളനും, ദുർമ്മാർ

ഗ്രിയുമായവനുപോലും, അനന്യയോജ്യമായ വിധത്തിലും ഉള്ള സ്വഭാവ വിശേഷങ്ങളോടുകൂടിയാണു് ചമയ്ക്കപ്പെട്ടിരിക്കുന്നതു്. ശരിയായ അംഗസൗഷ്ഠവത്തോടും, ആകാരവൈശിഷ്ട്യത്തോടും കൂടിയ ഹിന്ദുദേവന്മാരും ദേവിമാരും ചുരുങ്ങും. ഒക്കെ ചട്ടനും, ചടയനും, മുക്കണ്ണനും, ആറുമുഖനും, സഹസ്രലിംഗനും, തുമ്പിക്കരമുള്ളവനും മറ്റുമാണു്. രണ്ടുകാലുള്ള ഒരുടലിൽ, നാലു തലയും എട്ടുകരവുമുള്ള ഒരു രൂപം ഒന്നു ചിന്തിച്ചുനോക്കുക! കുറഞ്ഞപക്ഷം ഒരു നല്ല മനുഷ്യന്റെ രൂപത്തിലെങ്കിലും ദൈവങ്ങളെ സൃഷ്ടിക്കാൻ ഹിന്ദുക്കൾക്കു കഴിഞ്ഞിട്ടില്ല. ഇങ്ങനെ സന്മാർഗ്ഗബോധനത്തിനും, സൗന്ദര്യബോധത്തിനും പ്രതിബന്ധമായ നിലയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഈ മാതിരി ദൈവങ്ങളെ ഇനിയും വച്ചുകൊണ്ടിരിക്കുവാൻ ഹിന്ദുക്കൾക്കല്ലാതെ സാധിക്കയില്ല.

പുരാണകാലത്തെ സെൻസസ്സിൻപടി ഹിന്ദുദൈവങ്ങളുടെ കണക്കു മുപ്പത്തിമൂന്നുകോടിയെന്നാണു കാണുന്നതു്. ഇതിനു ശേഷം നെടുനെടുങ്കൻയുഗങ്ങൾ തന്നെ എത്ര കഴിഞ്ഞിരിക്കുന്നു! പതിനായിരത്തെട്ടു ഭാര്യമാരുള്ളവരും, കള്ളബ്ഭാര്യമാരുള്ളവരും വ്യഭിചാരിണികളായ ഭാര്യമാർ ഉള്ളവരുംകൂടി ഈ ദേവഗണത്തിൽപ്പെട്ടും. ഇവരുടെയെല്ലാം കളത്രങ്ങൾ പെറ്റുപെരുകി പുത്രകളത്രപൌത്രാദികളെല്ലാം കൂടി ഇപ്പോൾ എത്രായിരം കോടികോടി ദൈവങ്ങളാണു് ഹിന്ദുക്കൾക്കു സമ്പാദിച്ചു കൊടുത്തിരിക്കുന്നതെന്നു് ഏതു കണക്കശാസ്ത്രജ്ഞനെക്കൊണ്ടും തിട്ടപ്പെടുത്തുവാൻ കഴിയുമെന്നു തോന്നുന്നില്ല. പണ്ടത്തെ കണക്കിൻപടിയായാലും, ആളോഹരിവീതം കണക്കുപറഞ്ഞു വാങ്ങുന്ന ഇക്കാലത്തു് ഒരു ഹിന്ദുവിനു ഏകദേശം ഒന്നര ദൈവംവീതം ഭാഗത്തിൽ കിട്ടണം. ഈ ദൈവങ്ങളിൽ ഏറ്റവും പ്രമാണികളും ആരാധനാമൂർത്തികളും ത്രിമൂർത്തികളെന്നു പറയുന്ന ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരാണു്. ഇവർക്കു ഓരോരുറയുടെമേൽ അദ്ധ്യക്ഷപദവിയായി

രുന്ന ഉണ്ടായിരുന്നതു്. ഇതിൽ ബ്രഹ്മാവു സകല സൃഷ്ടിക
ളും നടത്തണം. താൻ സൃഷ്ടിച്ചുസൃഷ്ടിച്ചു് ഏറ്റവും നല്ലതെന്നു
തോന്നിയ ഒരു പെണ്ണിനെത്തന്നെ പരിഗ്രഹിക്കുകയാണുണ്ടാ
യതു്. ഇങ്ങനെ മകളെ മാലയിട്ട രസികനാണിദ്ദേഹം. പഞ്ചാ
നനായിരുന്ന ഈ വിദ്വാൻ അയൽപക്കക്കാരനായ മുക്കണ്ണന്റെ
വസതിയിൽ ജാരവൃത്തിയും അനുഷ്ഠിക്കാതിരുന്നില്ല. ആ വീട്ട
കാരണമായുണ്ടായ ശണ്ഠയിൽ തന്റെ തലയിൽ ഒന്നു് എതിര
ളി നുള്ളിക്കളഞ്ഞു. അന്നുമുതൽ അൻമുഖൻ നാൻമുഖനായിത്തീ
ന്നു. രണ്ടാം പേരുകാരനായ വിഷ്ണു മഹാപതിയനും വെറിയ
നുമാണു്. ലോകസംരക്ഷണമാണു തന്റെ പ്രധാന ചുമതല.
ഇതിനുവേണ്ടി മീനായും, കൂർമ്മമായും, വരാഹമായും, നര
സിംഹമായും, വട്ടുവായും, നരനായും ഒക്കെ അവതാരമെടുത്തി
ട്ടുണ്ടു്. ഈ ഓരോ അവസരങ്ങളിലും ചെയ്തിട്ടുള്ള കൊടുംകൊല
കൾക്കും, പതികൾക്കും കണക്കില്ല. ഇങ്ങനെ വേഷംമാറി പല
വിധം യത്നിച്ചിട്ടും മനുഷ്യൻനന്നാകുകയില്ലെന്നു കണ്ടു് നിരാശ
നായി മനുഷ്യരാരും എത്തിനോക്കാത്ത പെരുംകടലുകൾക്കൊ
ക്കെഅപ്പുറം, പാല്ക്കടലിൽപോയി പാലാഴിമഥനത്തിനോട്ടക്കാ
രനായ മന്ദരന്റെ മേൽ ഇന്നും പള്ളികൊള്ളുകയാണുപോലും! മൂന്നാ
മനായ മുക്കണ്ണനാകട്ടെ, സംഹാരകാരകനാകുന്നു. ഇദ്ദേഹത്തി
ന്റെ ആകൃതി മഹാഭയങ്കരം തന്നെ. നെറ്റിയിൽ കത്തിയെരി
യുന്ന തീക്കനൽപോലൊരു കണ്ണുണ്ടു്. പാമ്പുവളകൾ, അസ്ഥി
മാലകൾ, വെണ്ടഴു, നിണമുതിരുന്ന പുലിത്തോലുടയാട, ചുട
ലഭസ്മലേപനം, തലയോടു്ഇവയാണലങ്കാരവിശേഷങ്ങൾ.
ഇത്ര ഭയങ്കരവും ബീഭത്സവുമായ ആകൃതിയോടുകൂടിയ ഒരാ
ളെ കാണുകയോ, ധ്യാനിക്കുകയോ ചെയ്താൽ അവൾക്കു ഭക്തി
യോ, ഭയമോ ഏതാണുണ്ടാവുക എന്നു ചിന്തിച്ചു നോക്കുവിൻ.
ഈ ചുടലമാടൻ തന്റെ വാമഭാഗം ഭാര്യക്കു തീറുകൊടുത്തിരി
ക്കയാണു്. ഭാര്യയോടുമാത്രം പ്രതിപത്തിയാണത്രേ! പക്ഷെ
മൂപ്പരുടെ തിരുമുടിക്കെട്ടിൽ മറെറാരു പെണ്ണിനെ എപ്പോഴും

ഒളിച്ചുകൊണ്ടു നടക്കുന്നുണ്ടു്. ഇതാണു് ശിവന്റെ പതീവ്രതമഹാത്മ്യം. എന്താ പോരെ? / ഇത്തരം ഈശ്വരന്മാരെയെല്ലയൊ ജേക്കേണ്ടതു്? ഇവരെയെല്ലാം ആരാധിക്കുന്ന ഹിന്ദുക്കൾ എങ്ങനെ നന്നാകാതിരിക്കും? അവരെങ്ങനെ അസന്മാർഗ്ഗികളാകും?

അടുത്ത ഗ്രേഡിലെ പ്രമാണി സ്വർഗ്ഗാധിപനായ ഇന്ദ്രനാണു്. ജനിച്ച നിമിഷംമുതൽ മദ്യം സേവിച്ചുതുടങ്ങിയതനിക്കടിയന്നുമാണിദ്ദേഹം. അല്പനേരമെങ്കിലും ഇന്ദ്രന്റെ വയറു്, സോമരസ (മദ്യം) ശൂന്യമായി കാണ്മാൻ കഴിയുന്നതല്ല. കുടിച്ച വീഞ്ഞുമ്പോലെ അതൊരു മഹാസരസ്സുപോലെയായിത്തീരുന്നു' എന്നാണു" ഋഗ്വേദം 36–ാം സൂക്തത്തിൽ പറഞ്ഞിരിക്കുന്നതു്. ഗോമാംസവും ഇദ്ദേഹത്തിനു വളരെ പ്രിയമായിരുന്നു. വ്യഭിചാരം, കൊലപാതകം ആദിയായ എല്ലാ നീചപ്രവർത്തികളിലും ധാരാളമായി ഏർപ്പെട്ടിട്ടുണ്ടു്. തന്റെ മകനായ അർജ്ജുനന്റെ തപോവീര്യം വരുത്താൻ തന്റെ വെപ്പാട്ടിയെ അയച്ച ശൃംഗാരനൃത്തം ചെയ്യിക്കുന്നതും മറ്റും ഏതു നാട്ടിലെ അച്ഛനമ്മമാർക്കും മക്കൾക്കും പറായിയതായിരിക്കും? അതുകൊണ്ടാണു് വീണ്ടുമൊരു കയ്യിലുള്ള ഇന്ദ്രൻ ഭരിക്കുന്നെന്നു പറയുന്ന സ്വർഗ്ഗത്തിലേക്കു പോകുവാനാണു് ഹിന്ദുക്കൾ ഇഹലോകകാര്യം വലിച്ചെറിഞ്ഞും ആത്മീയത്തിനു പരിശ്രമിക്കുന്നതു്!

ഏതു കർമ്മത്തിനും ഒരു ഗണപതിപൂജ ഹിന്ദുക്കൾക്കു പ്രഥമവും പ്രധാനവുമാണു്. ഈ ഭഗവാന്റെ വേഷം ആകപ്പാടെ ബഹു ചന്തംതന്നെ ആനമുഖം, മനുഷ്യശരീരം, വമ്പിച്ച വയറു്, ഒറക്കൊമ്പു് ഇതാണു് ശരീരപ്രകൃതി. ജ്യേഷ്ഠാനുജന്മാർ തമ്മിലുണ്ടായ ശണ്ഠയിൽ ഒടിഞ്ഞുപോയതാണത്രേ ഒരുകൊമ്പു്. ഇദ്ദേഹത്തിന്റെ ഉൽപ്പത്തിയെപ്പറ്റി പലതരത്തിലും പറയുന്നുണ്ടു്. എങ്കിലും പ്രചാരത്തിലിരിക്കുന്നതു്,

അച്ഛനും അമ്മയും കൂടി കാട്ടാനപമഞ്ഞു കാട്ടിൽ കളിച്ചു നടന്നപ്പോഴം ഉണ്ടായതാണെന്നാണ്. ആയം മഹാ തീനി പ്പണ്ടം.

'എട്ട സഹസ്രം കൊട്ടത്തേങ്ങാ
ചുട്ട കീഴങ്ങൊട്ട കുട്ടകുറഞ്ഞവൽ
കുട്ടിനിറച്ചിഹ വച്ചാലും ബത!
പട്ടിണിയെന്നേ ഗണപതി ജയ!ജയ!

എന്നാണ്, അല്പംവല്ലതും പ്രസാദമായിവച്ചിട്ട് ഹിന്ദു പ്രാർത്ഥിക്കുന്നതു്. എന്തു ഒകൊട്ടത്താലും പട്ടിണിയെന്നു പറയുന്ന ഈ കണ്ഡോദരൻ, ഈ പക പ്രാർത്ഥനക്കാരുടെ തലയെല്ലാം ,അങ്ങു, ചെല്ലുമ്പോഴം കൊട്ടത്തേങ്ങ പൊട്ടിക്കുംപോലെ കട്ടപടക്കടിച്ചു പൊട്ടിച്ചു, തന്നെ പട്ടിണിക്കിട്ട പക വീട്ടുകയില്ലെന്നാരറിഞ്ഞു!

ഹിന്ദുക്കളുടെ പ്രാധാന്യമേറിയ മറെറാരു ആരാധനമൂർത്തിയായ ഹരിഹരസുതന്റെ ഉൽപ്പത്തിയെപ്പററി എഴുതുവാൻ എന്റെ പേനയും മടിക്കുന്നു. അതത്രയ്ക്ക് അശ്ലീലവും നിന്ദ്യവുമാണ്. മൂർത്തിത്രയത്തിലെ രണ്ടാളുകയം (വിഷ്ണുവും ശിവനും) കൂടിയുള്ള പ്രകൃതിവിരുദ്ധമായ നടപടിയാൽ ജാതനായതാണത്രെ ശാസ്താവ്. ഈ ,സ്വാമി,യെ ആരാധിക്കുവാൻ മകരമാസത്തിലെ മരംകോച്ചുന്ന മഞ്ഞുകാലത്തു് പെരിയ കെട്ടുകെട്ടി മലക്കുപോകുന്ന ഹിന്ദുക്കളുടെ ഭക്തി പാരമ്യവും, ബുദ്ധിവികാസവും അത്യത്ഭുതകരമായിരിക്കുന്നു. പഠിപ്പുള്ളവരും, പരീക്ഷാവിജയികളും, ഉദ്യോഗസ്ഥന്മാരും ഈ അയ്യപ്പസ്വാമിയെ ഭജിപ്പാൻ വ്രതവും നോറ്റു, താടിയുംനീട്ടി, കെട്ടുംപേറി ,അയ്യപ്പോ, ,പയ്യപ്പോ' എന്നെല്ലാം വിളിച്ചു കാട്ടം, മലയും, കടന്നു്, ഈ പരിഷ്ക്കാരകാലത്തും പോകുന്നതോർത്താൽ, മതപരമായ മഹാമൗഢ്യം

ഏതു നിലയിലുള്ള മനുഷ്യരേയും അധഃപതിപ്പിച്ചിരിക്കുമെന്നു ബോധപ്പെടും. മറ്റുള്ള ഓരോരോ ദേവന്മാരുടേയും അവതാരങ്ങളുടേയും സ്ഥിതിഗതികളും ഏറക്കുറെ ഈ വിധമാണെന്നു മാത്രം പ്രസ്താവിച്ചുകൊണ്ടു നമുക്കു് ദേവിമാരുടെ വാർഡിലേയ്ക്കു കടക്കാം.

ദേവിമാരിൽ അഗ്രിമസ്ഥാനത്തെ അലങ്കരിക്കുന്നതു് അതിഭയങ്കരരൂപിണിയായ ആ കൊടുംകാളിതന്നെ. ഇവരുടെ ആകൃതി ഓർക്കുന്നതുതന്നെ ഭയാനകമാണു്. പ്രധാനജോലി മസൂരി, കാളാ മുതലായ പകർച്ചവ്യാധികളെ ആവശ്യംപോലെ വിതയ്ക്കുകയും, കൊയ്യുകയുമാണത്രേ! ജന്തുക്കളുടെ ചോരയും ഭക്തന്മാരുടെ തെറിപ്പാട്ടും ഈ ദേവിക്കേറ്റം പ്രിയമാണു്. ഇവരുടെ പേരുംപറഞ്ഞു് ഹിന്ദുക്കൾ കാട്ടിക്കൂട്ടുന്ന ഗോഷ്ടികൾ പറഞ്ഞറിയിക്കുവാൻ വിഷമമാണെന്നേ പറയേണ്ടൂ. കോഴിവെട്ടും കുരുതിയും, തെറിപ്പാട്ടും, കലംപൂജയും, തടിതുള്ളലും എന്നുവേണ്ട അജ്ഞാനികളും അന്ധന്മാരുമായ മതഭ്രാന്തന്മാർ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങൾക്കു് അറുതിയുണ്ടോ? കൽക്കട്ടയിലെ വിശ്രുതമായ കാളിക്ഷേത്രത്തിൽ ജന്തുബലി മാത്രമല്ല നരബലി കൂടിയും നടത്തിവന്നിരുന്നു. ഇന്നു പരിഷ്കാരികളെന്നും, സംസ്കൃതചിത്തരെന്നും, ദേശബന്ധുക്കളെന്നും, അഭിമാനിക്കുന്ന എത്രയോ പട്ടവങ്കന്മാർ അവിടെ ചെന്നു് കാളിയെ ആരാധിക്കയും, ബലിനടത്തുകയും ചെയ്തുപോരുന്നു. കാളിയുടെ ബഹുമാന്യാർത്ഥം, കാളിക്ഷേത്രം ഇരിക്കുന്ന ഭൂവിഭാഗത്തിനു 'കാളിഘട്ടം' (കൽക്കട്ട) എന്ന നാമകരണംകൂടി ചെയ്തിരിക്കുന്നു. മതമെന്ന പേരും പറഞ്ഞു ഇത്രമാത്രം ഗോഷ്ടികൾ കാട്ടിക്കൂട്ടുന്നതിനു ഹിന്ദുക്കൾക്കല്ലാതെ തോന്നുമോ?

ഈ ദേവഗണങ്ങൾക്കു നമ്മെപോലെതന്നെ ഗൃഹസ്ഥാശ്രമജീവിതവും, ആചാരങ്ങളുംകൂടി ഉണ്ടെന്നാണു വയ്പു്. ഭാര്യാ

പുത്രകളത്രാദികളോടുകൂടിത്തന്നെ ഇഹലോകജീവിതം അനുഷ്ഠിക്കുന്ന ദൈവങ്ങളും ഇവിടെ അനവധിയുണ്ട്. മനുഷ്യരേപ്പോലെ കോപതാപകാമാദികളും, ക്ഷുൽപിപാസാദികളും, ഇവക്കുണ്ട്. ആകപ്പാടെ സംസാരികന്മാരായ നമ്മെപ്പോലെതന്നെയാണ്, നമ്മുടെ ദൈവങ്ങളുടെയും, ജീവിതമെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

ക്ഷേത്രങ്ങളും ആരാധനകളും.

ഈ വക ആഭാസമൂർത്തികളായ ദേവന്മാരേയും, ദേവിമാരേയും ക്ഷേത്രങ്ങളിൽ പണിതു അതിനകത്തു പിടിച്ചിരുത്തി ആരാധിക്കുന്ന സമ്പ്രദായമാണ് ഹിന്ദുമതത്തിലെ ഏറ്റവും വലിയൊരു ന്യൂനത. ക്ഷേത്രത്തിനകത്തു ദേവന്മാരുടേയും, ദേവിമാരുടേയും രൂപം കല്ലിലും, ലോഹങ്ങളിലും, മറ്റും കൊത്തിയുണ്ടാക്കി വച്ചാരാധിക്കുന്ന സമ്പ്രദായത്തിനാണല്ലോ വിഗ്രഹാരാധന എന്നു പറയുന്നതു്. വെറും കല്ലൻ പണിതുണ്ടാക്കുന്ന കല്ലിനെ ദൈവമാക്കി ആരാധിക്കുന്ന ഈ ആചാരത്തെ സകല സമുദായപരിഷ്കാരികളും, സംസ്കൃതചിത്തന്മാരും ഒരുപോലെ അധിക്ഷേപിക്കുന്നു. വിഗ്രഹാരാധന പലദൈവങ്ങളെ വിശ്വസിക്കുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. ദൈവമുണ്ടെങ്കിൽത്തന്നെ അനേകമുണ്ടെന്നു വരുന്നതു എത്ര കഷ്ടവും, ദൈവത്തിനുതന്നെ എത്ര പോരായ്മയുമാണു്. ബ്രഹ്മോപാസനയും, വിഗ്രഹാരാധനയും, ഹിന്ദുമതമൊഴിച്ചു മിക്കവാറും എല്ലാമതങ്ങളും വെറുക്കുന്നു. ഹിന്ദുക്ഷേത്രങ്ങളിൽ അധികവും ശിവക്ഷേത്രങ്ങളാണല്ലോ. ഇവയിൽ ശിവപ്രതി

ഷ്ടക്ഷേപകരം ശിവന്റെ ലിംഗമാണ പ്രതിഷ്ഠിച്ചിരിക്കുന്നത്. ഈ പ്രതിഷ്ഠതന്നെ സ്ത്രീകളുടെ ഗുഹ്യാവയവത്തിനുമേലാണ തെ. ക്ഷേത്രപ്രതിഷ്ഠയുടെ അതിജുഗുപ്സാവഹമായ നിലയേയും, രീതിയെയും പ്രത്യക്ഷപ്പെടുത്തുവാൻ ഇതിൽ പരമായ ഒരു തെളിവെന്തുവേണം? ഇങ്ങനെ പ്രതിഷ്ഠിച്ചിട്ടുള്ള ശിവലിംഗത്തെയാണ് ഉദയാസ്തമയങ്ങളംതോറും സ്ത്രീപുരുഷഭേദമെന്യേ കുളിച്ച്, ഈറൻപട്ടുംചുറ്റി, ഒന്നുചേന്നു ശ്രീകോവിലിൻവാതിൽ തുറന്നു, വിളക്കുതെളിച്ച്, ഭക്ത്യാദരപുരസ്സരം 'തൽപ്രണമാമിസദാശിവലിംഗം, തൽപ്രണമാമിസദാശിവലിംഗം, എന്നു് എണ്ണമില്ലാതെ പ്രാർത്ഥിച്ച സാഷ്ടാംഗപ്രണാമംചെയ്തു സന്തുഷ്ടരായി മടങ്ങുന്നതു്. കഷ്ടം! കഷ്ടം! ഇത്ര അപരിഷ്കൃതവും ആഭാസപരവുമായ ഒരാരാധനാരീതി ആഫ്രിക്കയിലെ കാട്ടാളജാതിക്കുപോലും ഉണ്ടായിരിക്കുമോ!?

അടുത്തതായി ക്ഷേത്രങ്ങളെപ്പറ്റി ചിന്തിക്കാം. ഇവ ലോകത്തിലെ സകല ദുർവ്യന്തികാംശങ്ങളും സങ്കേതസ്ഥാനമാണു്. ക്ഷേത്രപരിസരങ്ങളിൽ നടക്കുന്നത്ര ദുർവ്യത്തികാംശം മറ്റൊരിടത്തും നടക്കുന്നതല്ല. ഇവസ്സൂവേണ്ടി പാഴായി ചെലവിടുന്ന പണത്തിന്റെ കയ്യും കണക്കുമുണ്ടോ? ക്ഷേത്രങ്ങളിൽ കുന്നുകൂടി കിടക്കുന്ന പണത്തിനും പൊന്നിനും അവസാനമില്ല. അവയെല്ലാം ഒരിടത്തും വിനിയോഗിക്കാതെ ദേവന്റെ മുതലായി നിക്ഷേപിച്ചിരിക്കയാണു്. ഇങ്ങനെ ദൈവസന്നിധിയിൽ അവധിയില്ലാതെ ദ്രവ്യം കൂടിക്കിടക്കുമ്പോഴും, പരിസരങ്ങളിൽ ഉണ്ണാനും, ഉടുക്കാനും, കിടക്കാനുമില്ലാതെ അവശരായി അർദ്ധപ്രാണരായി എത്രയോ ജനങ്ങൾ അരിഷ്ടിച്ചുകഴിയുന്നു. അമ്പലത്തിനുള്ളിൽ പാൽപ്രഥമൻ കൂട്ടി ദൈവത്തിന്റെ വൈസ്രായികൻ മൃഷ്ടാന്നഭോജനം കഴിച്ചു സുഖിക്കുമ്പോഴും, വെളിയിൽ ഒരുവക മനുഷ്യജീവികനും എച്ചിലാ

ലയ്ക്കുവേണ്ടി പട്ടികളുമായി ശണ്ഠയിട്ടതുമുണ്ട്! ക്ഷേത്രങ്ങളെല്ലാംതന്നെ ജാതിയേയും, അസമത്വങ്ങളേയും, അഴിമതികളേയും പരിപാലിച്ചു പോരുന്നു. എവിടെ ക്ഷേത്രമുണ്ടോ, അവിടെയുള്ള ആളുകളും കൂടുതൽ അന്ധവിശ്വാസികളും, ജാതിക്കുശുമ്പുള്ളവരുമായി പരിണമിക്കുന്നു. അപരിചിതനായ ഒരു അവർണ്ണനെ ഏതെങ്കിലും ഒരു ക്ഷേത്രം കണ്ടാൽ ഭക്തിക്കു പകരം ഭയം കൊണ്ടുള്ള ആധിയാണുജനിക്കുന്നത്. സവർണ്ണക്ഷേത്രമാണെങ്കിൽ—അല്പം അടുത്തുപോയാൽ — അടി പുറത്തു വീഴുമെന്നവനറിയാം. അടിക്കാതെ വിടുവാൻ തയ്യാറില്ലാത്ത ജാത്യാന്ധന്മാരാണു് ക്ഷേത്രപരിസരങ്ങളിൽ താമസിക്കുന്ന സവർണ്ണരെന്നും അവനറിയാം. ഇതാണു്. അവർണ്ണന്റെ ആധിക്കും, ഭയത്തിനും കാരണം. ഏതു പരിഷ്ക്കാരത്തേയും, സംഘടനകളേയും, ക്ഷേത്രോപജീവികളും എതിർക്കുമെന്നുള്ളതിനു സംശയമില്ല. ഈ ക്ഷേത്രങ്ങളേക്കൊണ്ടു് ഹിന്ദുക്കൾക്കിതുവരെ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല.

നിത്യം കുളിച്ചുതൊഴുന്നവനു നന്മയുണ്ടാകുമെങ്കിൽ ദിനം പ്രതി അഞ്ചുനേരവും, ഏഴുനേരവും ഭക്തിയോടുകൂടി ദേവനെ ഊട്ടുകയും, ആരാധിക്കുകയും ചെയ്യുന്ന ശാന്തിക്കാരൻ എന്തുകൊണ്ടു സാധാരണ മനുഷ്യരേക്കാളും യോഗ്യനായിരിക്കുന്നില്ല? ഒരൊറ്റ ശാന്തിയെങ്കിലും മാന്യനായിട്ടുണ്ടോ? ഒരാളെങ്കിലും, വിദ്യയിലോ പൗരത്വത്തിലോ, ഉയർന്നുകണ്ടിട്ടുണ്ടോ? ഒരുവനെക്കൊണ്ടെങ്കിലും, ലോകത്തിനു എന്തെങ്കിലും നന്മയുണ്ടായിട്ടുണ്ടോ? അവരെപ്പാലെ ഒന്നിനും കൊള്ളാത്ത നപുംസകരൂപങ്ങളും ഒരു ജാതിയിലും ഉണ്ടായിരിക്കയില്ല. മറ്റൊന്നിനും കൊള്ളാത്തവരല്ലാതെ മറ്റൊരെങ്കിലും, കല്ലിനെ കുളിപ്പിക്കുവാനും, ഊട്ടുവാനും, ഉടുപ്പിക്കുവാനും, ഒരുങ്ങി പുറപ്പെട്ടുമോ? സവർണ്ണക്ഷേത്രങ്ങളിൽ പൂജയ്ക്കു നില്ക്കുന്നവർ, മിക്കവരും

തുളനാടൻ പോററിമാരാണ്". അവിടെ ആക്രമം വേണ്ടാതെ ഒരു വകക്കാരായി കഴിഞ്ഞുകൂടുന്ന ഇക്കൂട്ടർ വയറുപിഴപ്പിനുവേണ്ടി മലയാളക്കരയിൽ വലിഞ്ഞുകയറി ശാന്തിക്കാരായിത്തീരുകയാണ്". ശാന്തിജോലി കിട്ടിയാൽപിന്നെ അവൻ ആരിലും പരിശുദ്ധൻ! മഹാരാജാവിനുപോലും ക്ഷേത്രത്തിൽ പാതിത്യം കല്പിക്കാൻ ഇവർമതി. ശാന്തിക്കാരനായി ക്ഷേത്രത്തിൽ കയറിയാൽ ഏതിനക്കാരനായാലും പിന്നെ കളവും വ്യഭിചാരവും മാണ മുന്നിട്ട നില്ക്കുന്നതു".

"ശാന്തിദ്വിജപ്രകരുതേ ബഹുദീപശാന്തിം
പകാജ്യപായസ ഗ്രളേർജ്ജാരാഗ്നിശാന്തിം
രുത്രസ്യ ബാലവനിതാം മദനാത്തിശാന്തിം
കാലകൃമേണ പരമേശ്വര ശക്തിശാന്തിം."

എന്നു ഒരു സരസകവി പാടിയിട്ടുള്ളതു് ഇവരെ സംബന്ധിച്ചിടത്തോളം എത്ര യുക്തമായിരിക്കുന്നു!

ബിംബാരാധനകളും ഉത്സവങ്ങളും കാവടി മുതലായ മറ്റു കോപ്രായങ്ങളും, ഒരുമാതിരി പിള്ളേർകളിയെന്നോ, പേക്കൂത്തുകളെന്നോ, ഗണിച്ചുതള്ളുകയല്ലാതെ ബുദ്ധിയുള്ളവർ ഇക്കാലത്തുചെയ്കയില്ല. കൊച്ചുകുട്ടികൾ മുറത്തിരുന്നു കൊച്ചു കഞ്ഞിയും കൂട്ടാനുംവച്ചും, മുത്തനും മുത്തിയും പിടിച്ചും, കളിക്കുന്നതിനും; പ്രായമുള്ളവർ ദേവനും, ദേവിയും ഉണ്ടാക്കി ഉത്സവവും, കൂത്തുകളും കഴിക്കുന്നതിനും തമ്മിൽ അർത്ഥത്തിൽ വ്യത്യാസമുണ്ടോ? തെക്കേ അഫ്രിക്കയിലെ ഇൻഡ്യാക്കാർ അടുത്തകാലത്തു അവിടെ ഒരു സുബ്രഹ്മണ്യക്ഷേത്രം ഉണ്ടാക്കി ഉത്സവം നടത്തി. യൂറോപ്യന്മാർ ഇതുകണ്ടുവളരെ പരിഹസിച്ച സകല വർത്തമാനപ്പത്രങ്ങളിലും എഴുതുകയുണ്ടായി. ഈ സംഗതി അറിഞ്ഞു ഇൻഡ്യയുടെ ഉറ്റബന്ധുവായസി. എഫ്. ആൻഡ്രൂസ് പറഞ്ഞതു്. "ഇത്ര വഷളായ ഒരു സംഭവം, വെള്ളക്കാരുടെ ഇടയിൽവച്ചു നടത്തിയതു വളരെകഷ്ടമായിപ്പോയി

എന്നാണു്. മറ്റുള്ള മാന്യന്മാരുടെ സംരക്ഷത്തിനുവാൻ കൊള്ളുന്ന ചരക്കല്ല ഹിന്ദുക്കളുടെ കൈവശമുള്ളതെന്നല്ലേ ഇതിന്റെ അർത്ഥം? എല്ലാംകൊണ്ടും ഈ ക്ഷേത്രങ്ങളും അതു മും നശിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. തങ്ങളുടെ വാസഗൃഹം തീപിടിക്കാതെ കാത്തുസൂക്ഷിപ്പാൻപോലും ശക്തിയില്ലാത്ത ഈ ദേവന്മാർ ഇരുന്നിട്ടെന്തു ഫലം? അനേകം ദേവന്മാരെ പ്രതിഷ്ഠിച്ചു് ഊണും, ഉറപ്പും, ഉത്സവാദി ആഡംബരങ്ങളും പതിപ്പിച്ചുകൊടുത്ത ശ്രീനാരായണഗുരുസ്വാമിയുടെ അന്ത്യവേളയിൽ—അതി തീവ്രമായ വേദനയേറ്റു വശംകെട്ടന്ന അവസരത്തിൽ—പോലും, തന്റെ ശരീരവേദനയ്ക്കൊരാശ്വാസം വരുമാറു് ഒന്നു തലോടുവാൻകൂടി പ്രയോജനപ്പെടാത്ത ഈ ദേവഗണങ്ങളും ഇരുന്നിട്ടു മനുഷ്യസമുദായത്തിനെന്തു പ്രയോജനം?

ഹിന്ദുമതവും ബ്രാഹ്മണമേധാവിത്വവും.

ഹിന്ദുമതംമൂലം ബ്രാഹ്മണനു ലബ്ധമായിട്ടുള്ളതേന്തെയും, മേധാവിത്വവും, അവർണ്ണനീയമാണു്. ഈ മതംകൊണ്ടു് അവർക്കല്ലാതെ മറ്റാർക്കും യാതൊരു പ്രയോജനവുമില്ല. ബ്രാഹ്മണർക്കു് ഊട്ടും ദക്ഷിണയും, ഔന്നത്യവും മറ്റും അടിക്കടി ലഭിക്കുമ്പോഴും അബ്രാഹ്മണക്കാകെ, അധപതനവും അഭിമാനഭംഗവും ഉണ്ടാകുവാൻ ഉപയുക്തമായ വിധത്തിലാണു് ബ്രാഹ്മണർ ബുദ്ധിപൂർവം ഹിന്ദുമതസാഹിത്യങ്ങളെ ചമച്ചിരിക്കുന്നതു്. ബ്രാഹ്മണമേധാവിത്വത്തിന്റെ സാക്ഷിപത്രം—

..ദൈവാധീനം ജഗൽസർവ്വം, മന്ത്രാധീന
ന്തുദൈവതം
തൻമന്ത്രം ബ്രഹ്മണാധീനം ബ്രാ
ഹ്മണോമമദൈവതം''

എന്നുള്ളതാണ്. ഈ പ്രമാണപ്രകാരം, ഇന്ത്യയിലെ അബ്രാഹ്മണരാകമാനം, ബ്രാഹ്മണനെ ദൈവമായിത്തന്നെ ഏറ്റുകരുതിയിരുന്നു എന്നുള്ളതിനു്, സംശയമില്ല. ശപിക്കാനും, വരം നൽകുവാനും ബ്രാഹ്മണനു അർഹതയുണ്ടു്; അവരുടെ ശാപമോക്ഷാദികളെ ഭയപ്പെടണം; അവരെ തീണ്ടിയാൽ പാപമുണ്ടു്; എന്നെല്ലാം ആത്മാർത്ഥമായി വിശ്വസിക്കുന്ന ആളുകൾ ഇന്നും എത്രയോ ഉണ്ടായിരിക്കണം! പണ്ഡിതനും, പാമരനും, കുബേരനും, കുചേലനും, ഉദ്യോഗസ്ഥനും, അനുദ്യോഗസ്ഥനും ബ്രാഹ്മണനെ പൂജിക്കുതന്നെ ചെയ്യുന്നു. ബ്രാഹ്മണമേധാവിത്വത്തെ മാനിച്ചുകൊണ്ടു് അബ്രാഹ്മണർതന്നെ എഴുതിയിട്ടുള്ള സ്മൃതിഗീതങ്ങൾ എത്രയാണിവിടെയുള്ളതു്? ഏതു കവിയും ഗ്രന്ഥത്തിന്റെ ആരംഭത്തിൽ ബ്രാഹ്മണസ്തുതി ഒഴിച്ചുവിടുന്നതല്ല. മുൻകാലങ്ങളിൽ അബ്രാഹ്മണർ എത്ര ബഹുമാനമായിട്ടാണു് ബ്രാഹ്മണരെ പൂജിച്ചു വന്നിരുന്നതെന്നുള്ളതിനു എഴുത്തച്ഛൻ തന്റെ രാമായണത്തിന്റെ പ്രാരംഭത്തിൽ പ്രസ്താവിച്ചിരിക്കുന്നതു നോക്കിയാൽ മതിയാകും.

'കാരണഭൂതന്മാരാം ബ്രാഹ്മണരുടെ
ചരണാരുണാംബുജലീനപാംസുസഞ്ചയംമമ
പേതോദർപ്പണത്തിന്റെ മാലിന്യമെല്ലാംതീർത്തു
ശോധനചെയ്തീടുവാനാവോളം വന്ദിക്കുന്നേൻ
ആധാരം നാനാജഗന്മയനാം ഭഗവാനും
വേദമെന്നല്ലോ ഗുരുനാഥനരുൾചെയ്ത
വേദത്തിന്നാധാരഭൂതന്മാരിക്കാണായോരു
ഭൂദേവന്മാർ; തദ്വരശാപാദികളും
ധാതൃശങ്കരവിഷ്ണുപ്രമുഖന്മാർക്കും മതം'

പോരേ? അവരുടെ വരശാപാദികളും ശ്രീമൂത്തികളും സമ്മതമെങ്കിൽ മനുഷ്യരുടെ കാര്യം പറയേണ്ടതുണ്ടോ? ഇതിൽ കൂടുതൽ ബ്രാഹ്മണനു മേന്മയും, മേധാവിത്വവും, കല്പിക്കേണ്ടതുണ്ടോ? ഹിന്ദുപുരാണങ്ങളും ഏതെടുത്തുനോക്കിയാലും, ബ്രാഹ്മണമേധാവിത്വത്തെ സ്ഥാപിക്കുവാനുള്ള ഉപകഥകളും, ശീലുകളും കാണാം. ഇവ വായിക്കുന്ന ഏതൊരു ഹിന്ദുവിനും ബ്രാഹ്മണഭക്തി ഉണ്ടാകാതെ ഇരിക്കുവാൻ വയ്യ. പുരാണകഥാപാത്രങ്ങളെ മിക്കവാറും ഈശ്വരന്മാരായും, ഈശ്വരിമാരായും, സർവ്വഗുണസമ്പന്നരായും വർണ്ണിച്ചു കാണിക്കുകയും, അവർ ബ്രാഹ്മണരുടെ ദാസ്യവേലപോലും ചെയ്തതായി വിവരിക്കുകയും ചെയ്തിരിക്കുന്നതു പുരാണങ്ങളുടെ ഒരു സ്വഭാവവിശേഷമാണ്. സൽഗുണസമ്പന്നനായും ഈശ്വരാവതാരമായും വർണ്ണിക്കപ്പെട്ടിരിക്കുന്ന ശ്രീരാമൻ, ചത്ത ബ്രാഹ്മണക്കുട്ടിയെ ജീവിപ്പിക്കുവാൻ വേണ്ടി തപോനിഷ്ഠനായ ശൂദ്രനേക്കൂടി വധിക്കുമെങ്കിൽ ബ്രാഹ്മണസേവ സ്സും പ്രീതിക്കും വേണ്ടി ആരെന്തുചെയ്കയില്ല? ഹിന്ദുക്കളുടെ ഇടയിൽ പ്രചാരമുള്ള കുചേലവൃത്തം കഥയെടുക്കുക. അതിൽ നിന്നും, മനസ്സിലാക്കാവുന്നതെന്താണ്? ഉഴക്കുചോർകൊണ്ടുള്ള വാസരാന്തം കഴിക്കുമെങ്കിലും രാജാങ്ങളുള്ള' ഒരു കുടുംബത്തിലെ നാഥനായ പട്ടിണിപ്പട്ടർ, നാറിക്കീറിയ പഴന്തുണിത്തുണ്ടിൽ കല്ലുംമണ്ണും കലന്ന ഒരുപിടി അവിൽ പൊതികെട്ടി എടുത്തുകൊണ്ട് ഈശ്വരനായ ശ്രീകൃഷ്ണസന്നിധിയിൽ ചെല്ലുന്നു. ഈ ലോകോത്തരദരിദ്രനെ ശ്രീകൃഷ്ണൻ പടിക്കൽ വച്ചേ എതിരേറ്റുകൊണ്ടുപോയി അർഘപാദ്യാദിപൂജകളും ചെയ്തു ബഹുമാനിച്ചിരുത്തുന്നു. ഈശ്വരിയായ രുഗ്മിണിയാകട്ടെ 'കുചേലവൃത്തമാദായവീശിശ്രമമാശ്രുതീർക്കുന്നു.' എന്തിനു'? ഈ ശുദ്ധദരിദ്രപട്ടരെ കുബേരനാക്കി മാറ്റാനെന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഇതാണു ബ്രാഹ്മണന്റെ നേരെ ദൈവങ്ങൾക്കുപോലുമുള്ള ഭയഭക്തിബഹുമാനാദരവു! ഭക്തി! ഇതു കണ്ടു

മറ്റുള്ളവർ പഠിക്കണം. മഹായോഗ്യനും ഈശ്വരാവതാര
വുമായ ശ്രീകൃഷ്ണൻതന്നെ ഇപ്രകാരം വെറും നിസ്സാര
നായ ബ്രാഹ്മണനെപോലും ഭക്ത്യാദരപൂരസ്സരം സ്വീകരി
ക്കുമ്പോൾ കേവലരായ മനുഷ്യർ ബ്രാഹ്മണ പ്രീതീക്ഷ
വേണ്ടി എന്തുചെയ്താൽ മതിയാകും? ഇതുപോലെതന്നെ സന്താ
നഗോപാലത്തിലെ ബ്രാഹ്മണന്റേയും, മറ്റനേകം ബ്രാഹ്മ
ണരുടേയും കഥകളും നമുക്കുദ്ധരിക്കുവാൻ കഴിയും. ബ്രാ
ഹ്മണാധിപത്യത്തെ സ്ഥാപിച്ചും അബ്രാഹ്മണാവകാ
ശത്തെ നിർദ്ദയം ചവുട്ടിത്തേച്ചും, ബ്രാഹ്മണരൊ, ബ്രാ
ഹ്മണപക്ഷപാതികളോ ആയ കവികൾ എഴുതിയുണ്ടാക്കി
യിട്ടുള്ള ഏതാദൃശങ്ങളായ കള്ളക്കഥകളെയാണ് ക്ഷേത്രിസംവർ
ദ്ധകമായ പുരാണങ്ങളെന്നുംപറഞ്ഞു അബ്രാഹ്മണർ വാ
യിച്ചും, വായിച്ചുകേട്ടും ക്ഷേത്രിപാരവശ്യത്തിൽ മുഴുകുന്നതു്.
ഈദൃശകഥകളൊക്കെയാണു കഥകളിയായി നടത്തി അബ്രാ
ഹ്മണർ ആബാലവൃദ്ധം കണ്ണുമിക്കാതെ കണ്ടു സന്തുഷ്ടരാ
കുന്നതു്. വെറുതെയാണോ മതം അരച്ചുകുടിച്ചിട്ടുള്ള ക്ഷേത്രി
രോമണികൾ നിത്യംനിത്യം ബ്രാഹ്മണപൂജയും പ്രാതലും
കാലുകഴുകിച്ചുട്ടും നടത്തുന്നതു്? ഇന്നു ബ്രാഹ്മണരുവേണ്ടി
ദൈവങ്ങൾ കൂട്ടിയെജ്ജീവിപ്പിക്കാത്തതും, പട്ടിണിപ്പട്ടരേ
കുബേരനാക്കാത്തതും മറ്റും എന്തെന്നു ചോദിച്ചാൽ, അതു
കലികാലവൈഭവം, ദുഷ്ടത നിറഞ്ഞുപോയി' എന്നെല്ലാം
ഈ മതക്ഷേത്രർ മറുപടിപറയുകയും ചെയ്യും.

അബ്രാഹ്മണരുടെ മേൽ കുതിരകയറുവാൻ ഉപയോഗി
ക്കുന്നതിനായി അവർ എഴുതിക്കൂട്ടിയിട്ടുള്ള കപടപ്രമാണങ്ങ
ളേക്കുടി ഈ അവസരത്തിൽ എടുത്തുനോക്കാം. കമ്മംകൊണ്ടു
ഏവനും ബ്രാഹ്മണനായിത്തീരാമെന്നു ചിലർ പൊട്ടന്മയെ
പറയാറുണ്ടു്. എന്നാൽ മറ്റാർക്കും ബ്രാഹ്മണനായിത്തീരുവാൻ
പാടില്ലാത്തതരത്തിലാണു് അവർ പ്രമാണസൗധം കെട്ടി

പ്പട്ടത്തിരിക്കുന്നതു്. ഓരോ ജാതിക്കാരും അവരവക്കു വിധിച്ചിട്ടുള്ള കർമ്മമേ ചെയ്യാവൂ എന്നു സ്മൃതിയിൽ വളരെ നിഷ്കർഷയായി പറഞ്ഞിട്ടുണ്ടു്. ബ്രാഹ്മണനു് വിധിച്ചിട്ടുള്ള കർമ്മങ്ങളൊന്നും ചെയ്യാൻ അനുവാദമില്ലെങ്കിൽ പിന്നെയെങ്ങനെ അബ്രാഹ്മണൻ കർമ്മംകൊണ്ടു ബ്രാഹ്മണനായിത്തീരും? ഒരാൾ സ്വന്തകർമ്മം ചെയ്തില്ലെങ്കിലും അന്യന്റെകർമ്മം ചെയ്യുകയരുതെന്നാണു ഗീത ഉപദേശിക്കുന്നതു്. കർമ്മംകൊണ്ടു് ശൂദ്രൻ ബ്രാഹ്മണനോ ബ്രാഹ്മണൻ ശൂദ്രനോ ആകയില്ലെന്നു മനുസ്മൃതി ഘോഷിക്കുന്നു. ഇതുകൊണ്ടാണു ശ്രീനാരായണഗുരുസ്വാമിയുടെ ബ്രാഹ്മണ്യത്തെ ഹിന്ദുക്കൾ വകവച്ചുകൊടുക്കാതിരുന്നിട്ടുള്ളതു്. 'വൈശ്യനും ശൂദ്രനും വിധിച്ചിട്ടുള്ള കർമ്മം മാത്രം അവരെക്കൊണ്ടു ചെയ്യിക്കാൻ രാജാവു് നിർബന്ധിതനാണെന്നും, ഇവരുടെ ജോലി ഇവർ ചെയ്യാതിരുന്നാൽ ലോകം ദാരിദ്ര്യത്തിലാണ്ടുപോകുമെന്നും മനു പറയുന്നു. ഈ സ്മൃതിവാക്യത്തെ ആദരിച്ചിട്ടും ശൂദ്രരാണു തങ്ങൾ എന്നു സമ്മതിച്ചിട്ടും ആയിരിക്കണം. നായന്മാർ അമ്പലം ഉണ്ടാക്കിയാൽ പൂജിക്കാനും, ഉണ്ണാനും ബ്രാഹ്മണനെ ഏല്പിക്കുന്നതു്. നായക്കു തന്ത്രാവകാശം പാടില്ലത്രെ! അമ്പലപ്പുഴ കുണ്ടുകേരി ക്ഷേത്രത്തിൽ ഒരു നായർ ശാന്തിക്കായി ഒരുങ്ങിയതിനു അയാളേയും മറ്റും പ്രതിയാക്കി ആലപ്പുഴ ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോർട്ടിൽ ഒരു കേസു നടന്നതായി അറിയാം. ഇതുപോലെ മണിഅടിച്ചു തൊഴുതകാറന്തിനും നായർ പ്രതിക്കൂട്ടിൽ കയറിയിട്ടുണ്ടു്. ശൂദ്രന്റെ മതകർമ്മങ്ങൾക്കു് ഉപനിഷത്തുമന്ത്രങ്ങളും പാടില്ലെന്നും, വെറും പുരാണമന്ത്രങ്ങളേ പാടുള്ളുവെന്നും, ബ്രാഹ്മണൻ നിഷ്കർഷിച്ചിട്ടുണ്ടു്. "കൈയിൽ ഒന്നുമില്ലെങ്കിൽ തെണ്ടിയെങ്കിലും, ബ്രാഹ്മണനു പ്രതിദിനം ദാനം ചെയ്യണ"മെന്നാണു യാജ്ഞവല്ക്യസ്മൃതി. 'ബ്രാഹ്മണനു പശുവിനെ ദാനം ചെയ്താൽ ശരീരത്തിൽ എത്ര രോമമുണ്ടോ അത്രയും വർഷം സ്വർഗ്ഗസുഖമനുഭവിക്കാ'മെന്നു

വേദത്തിൽ പറഞ്ഞിരിക്കുന്നു. ക്ഷീണിച്ച ബ്രാഹ്മണന്റെ ദേഹം തലോടുക, രോഗിയായ ബ്രാഹ്മണനെ ശുശ്രൂഷിക്കുക, ബ്രാഹ്മണന്റെ കാലുതേച്ചു കഴുകിവൃത്തിയാക്കിക്കൊടുക്കുക, അവന്റെ എച്ചിലെടുത്തുകളഞ്ഞു സദ്യാവേദി വെടിപ്പാക്കുക ഇതിനെല്ലാം ഗോദാനത്തിന്റെ ഫലമുണ്ടെന്നുകൂടി യാജ്ഞവല്ക്യൻ വിധിച്ചിരിക്കുന്നു. ഈവക വിധിപ്രകാരം എത്രയോ അബ്രാഹ്മണർ മതപരമായ പുണ്യകർമ്മമെന്നുകരുതി, കാലുകഴുകിച്ചൂട്ടും, പശുദാനവും, സർവ്വാണിയും കൊടുത്തു ബ്രാഹ്മണരെ സംതൃപ്തരാക്കുന്നു! രാജാവു പണം സമ്പാദിച്ചും, യുദ്ധംചെയ്തു രാജ്യം പിടിച്ചും ബ്രാഹ്മണർക്കു ദാനംചെയ്താൽ അതു മഹത്തായ ധർമ്മമായിരിക്കുമെന്നും, സ്മൃതിയിൽ പറഞ്ഞിട്ടുണ്ട്. ഹിന്ദുരാജാക്കന്മാർ ഏറക്കുറെ ഈ തട്ടിപ്പേറിയ സ്മൃതിയെ നാണംകെട്ടും അനുസരിക്കാതിരിക്കുന്നില്ലെന്നു നമുക്കറിവുണ്ടല്ലോ.

നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും വിയർപ്പുതുള്ളിയുടെ ഫലമായി പകൊടുക്കുന്ന നികുതിയിൽനിന്നും പ്രതിവർഷം ബ്രാഹ്മണസേവസ്ഥായി എത്രയോ ലക്ഷം രൂപ നമ്മുടെ നാട്ടരാജ്യഗവണ്മെന്റുകളും ചെലവാക്കുന്നു! സദ്യക്കും സർവ്വാണിക്കും, മറ്റു മതകാര്യങ്ങൾക്കുമായി ദേവസ്വത്തിൽനിന്നും ചെലവിടുന്നതു (തിരുവിതാംകൂർ ദേവസ്വത്തിൽ നിന്നും) $14\frac{1}{2}$ ലക്ഷം രൂപയാണ്. ഇതിനും പുറമെ മുറജപമെന്ന പേരും പറഞ്ഞു പട്ടരും, പരദേശിക്കും മറ്റുമായി ഇവിടത്തെ ഗവണ്മെന്റ് ആറാറുകൊല്ലം കൂട്ടുമ്പോഴും അയ്യഞ്ചു ലക്ഷം രൂപാവീതം ചെലവിടുന്നു! ആകെ തിരുവിതാംകൂറിൽനിന്നും ഇതുവരെയായി മുറജപത്തിനു ചെലവുചെയ്തിട്ടുള്ള സംഖ്യ 170 ലക്ഷം രൂപയാണെന്നു ഒരു ലേഖകൻ പ്രസ്താവിച്ചിരിക്കുന്നു.

''ബ്രാഹ്മണൻ കൊലപാതകം ചെയ്താൽ അവനെ തൂക്കിക്കൊല്ലരുതെന്നും, അതിനു പകരമായി തല മൊട്ടയടിച്ചുവിട്ടാൽ മതിയാകുമെന്നും മനു വിധിച്ചിട്ടുണ്ട്. ബ്രാഹ്മണന്റെ തലമുടിയുടെ വിലയല്ലാതെ അബ്രാഹ്മണന്റെ ജീവനു വച്ചിട്ടുണ്ടോ എന്നു നോക്കുക! അബ്രാഹ്മണന്റെ ജീവൻ — ബ്രാഹ്മണന്റെ രോമം എന്നാണ് സനാതന ഹിന്ദുവിന്റെ കണക്കു ശാസ്ത്രം! ഇതാണു 'നീ എന്റെ രോമത്തോളമേയുള്ളൂ' എന്നു ദേഷ്യം വരുമ്പോൾ പട്ടർ പറയുന്നതു്. ബ്രാഹ്മണനെ തൂക്കിക്കൊല്ലുവാൻ പാടില്ലെന്നു നമ്മുടെ പീനൽകോഡിൽ ഇന്നും വിധിയുണ്ടു്. ''ഒരു ബ്രാഹ്മണൻ ശൂദ്രനെക്കൊന്നാൽ പാപപരിഹാരത്തിനായി നൂറുപ്രാവശ്യം ഗായത്രി ചൊല്ലിയാൽമതി'' യെന്നാണ് ബ്രാഹ്മണവിധി. ''ബ്രാഹ്മണന്റെ സംജ്ഞാനാമമോ, വംശനാമമോ ശൂദ്രൻ പറഞ്ഞാൽ അവന്റെ വായിൽ പത്തംഗുലം നീളമുള്ള ഒരിരുമ്പാണി ചൂടുപഴുപ്പിച്ചു കുത്തിച്ചെലുത്തണം. ഗർവ്വോടുകൂടി ബ്രാഹ്മണനു ധർമ്മോപദേശം ചെയ്യുവാൻ ഒരുമ്പെട്ടാൽ ശൂദ്രന്റെ വായിലും ചെവിയിലും, എണ്ണ തിളപ്പിച്ചു നിറയെ ഒഴിക്കണം. എന്നതേ മനുവിന്റെ ശിക്ഷാനിയമം.

ഈ കോഡിൻപ്രകാരം, ഇന്ത്യയിൽ പല വിധി നടത്തുകളും ഉണ്ടായിട്ടുണ്ടു്. ശിവാജിയുടെ കാലത്തും, മധുരയിൽ തിരുമലനായ്ക്കരുടെ കാലത്തും ഇപ്രകാരമുള്ള ശിക്ഷകളും വളരെ നടത്തിയിട്ടുണ്ടെന്നു്, അബ്രാഹ്മണോൽബോധനം എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. ശൂദ്രൻ ബ്രാഹ്മണനെ ഏതേതവയവംകൊണ്ടുപദ്രവിക്കുന്നുവോ അവന്റെ അതാതവയവം വെട്ടിക്കളയണം, കൂലി കൊടുത്താലും കൊടുത്തില്ലെങ്കിലും ശൂദ്രനെക്കൊണ്ടു വേലയെടുപ്പിക്കാം, എച്ചിലും പഴമുണ്ടും മാത്രമേ ശൂദ്രനു കൊടുക്കാവൂ, നെല്ലെല്ലാം

ബ്രാഹ്മണനെ തൊട്ടുള്ള പതിരുമാത്രം ശൂദ്രനു കൊടുക്കണം'' എന്നും മനുസ്മൃതിയിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ ബ്രാഹ്മണമേധാവിത്വമേ! നിന്റെ ദീനാനുകമ്പ! 'ദ്വിജവർഗ്ഗത്തിൽപെട്ട ഒരു സ്ത്രീയെ പരിഗ്രഹിപ്പാൻ ഒരുമ്പെടുന്ന ശൂദ്രന്റെ ലിംഗം പിഴുതെടുക്കേണ്ടതു കൂടാതെ, അവനു വല്ല സ്വത്തുമുണ്ടെങ്കിൽ അതിനേയും, രാജാവുസർക്കാരിൽ ചേർക്കണം..., നേരേമറിച്ച 'സ്ത്രീരത്നം ദുഷ്കുലാദപി' എന്നാണു ബ്രാഹ്മണധർമ്മം. സ്ത്രീരത്നത്തെ ഏതു ജാതിയായാലും, ബ്രാഹ്മണൻ അപഹരിക്കാതിരിക്കരുത് എന്നു സാരം. ശൂദ്രനു രാജാവാകാനും പാടില്ലെന്നാണു ഹിന്ദുശാസ്ത്രം. 'ശൂദ്രൻ രാജാവായിരിക്കുന്ന രാജ്യത്തും, സമീപരാജ്യത്തും ബ്രാഹ്മണൻ താമസിച്ചുകൂടാ' എന്നുകൂടി മനു നിഷ്കർഷിച്ചിരിക്കുന്നു. തിരുവിതാംകൂർ രാജാക്കന്മാരെ ഹിരണ്യഗർഭം നടത്തി ദ്വിജരാക്കി എടുക്കുകയാണു ചെയ്തിരുന്നതു്. മാമൂൽഭഞ്ജകനായ ഇപ്പോഴത്തെ മഹാരാജാവു് ഈ മറിമായത്തിനു വശംവദനായിട്ടില്ലെന്നതു സന്തോഷാവഹമായ ഒരു വസ്തുതയാകുന്നു. ഹിരണ്യഗർഭത്തിനും മുറപോലെ വമ്പിച്ച ഒരു സംഖ്യ ചെലവുവരും. സ്വർണ്ണംകൊണ്ടു പശുവിന്റെ വലിയൊരു പ്രതിമയുണ്ടാക്കി അതിന്റെ ആസനത്തിൽ കൂടി രാജാവു കയറി വക്ത്രത്തിൽകൂടി വെളിക്കു വരുന്നതാണത്രേ ഹിരണ്യഗർഭകർമ്മം. ഈ ക്രിയ കഴിഞ്ഞാൽ ഉടനെ സ്വർണ്ണപ്പശുവിനെക്ഷണിച്ചു ബ്രാഹ്മണക്കു ദാനവും ചെയ്യണം. അങ്ങനെയും ബ്രാഹ്മണന്റെ ഒരുകൊള്ള! ദേവസ്വം ചെലവു്, സ്വന്തം വഴിപാടു ചെലവു്, വിശേഷാൽ അടിയന്തിരചെലവുകൾ ഇവയ്ക്കെല്ലാറ്റിനും പുറമേ, തിരുവിതാംകൂർ ഗവർണ്മെന്റു പൊതുഭണ്ഡാരത്തിൽനിന്നും, മതകാര്യമെന്നും പറഞ്ഞു ബ്രാഹ്മണക്കു ഊട്ടിനും, ദക്ഷിണക്കും മറ്റുമായി 3 ലക്ഷം രൂപാ വീതവും, കൊച്ചി ഗവണ്മെന്റു ഏകദേശം ഒന്നരലക്ഷം രൂപാ വീതവും ചെലവിട്ടുകൊണ്ടിരി

ക്കുന്നു. രാജാക്കന്മാരെക്കൊണ്ടിപ്രകാരം ചെയ്യിക്കുവാൻ തക്ക വണ്ണം ബ്രാഹ്മണർ മതത്തിൽ വേണ്ട കരുതലുകളും ചെയ്തിട്ടുണ്ടല്ലോ. ഒന്നോത്താൽ ബ്രാഹ്മണമേധാവിത്വത്തിനു", ഹിന്ദുരാജാക്കന്മാരാണു് ഏറ്റവും ദയനീയമാംവിധം അടിപെട്ടുകിടക്കുന്നതു്. മഹാവിക്രമശക്രപരാക്രമിയായിരുന്ന ശിവാജിക്കു ക്ഷത്രിയത്വം ഇല്ലായിരുന്നതിനാൽ ബ്രാഹ്മണർ ബഹളംകൂട്ടുകയും, തന്മൂലം വളരെപ്പണം ചെലവിട്ടു ശിവാജി ഹിരണ്യഗർഭം നടത്തി ക്ഷത്രിയത്വം സമ്പാദിച്ചു കിരീടധാരണം ചെയ്കയും ചെയ്തു, എന്നു് പ്രസിദ്ധ ഗ്രന്ഥകാരനും കൽക്കത്താസർവ്വകലാശാലാവൈസ്ചാൻസലറുമായിരുന്ന പ്രൊഫസർ ജദുനാഥസർക്കാർ തന്റെ ശിവാജി എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഈ വകയ്ക്കായി ആകെ ഒരു കോടി 42 ലക്ഷം ഹൺസ് (മഹാരാഷ്ട്രനാണയം) ചെലവായെന്നും അതോടുകൂടി രാഷ്ട്രം ദീപാളികളിച്ചുപോയെന്നും, തന്മൂലം രാജ്യം ശത്രുരാജാക്കന്മാക്കധീനമായി എന്നും അദ്ദേഹം തുടർന്നുപറഞ്ഞിരിക്കുന്നു. നോക്കുക; അന്നും ഇന്നും, രാജാക്കന്മാർ ബ്രാഹ്മണക്കും അവരുടെ മതത്തിനും അടിപെട്ടു കിടന്നു ശീലിച്ചു പാടുന്ന വിധം!

ഇങ്ങനെ നാനാവിധത്തിലും ബ്രാഹ്മണമേധാവിത്വത്തെ ശക്തിപ്പെടുത്താനും, അബ്രാഹ്മണരെ തദനുസരണം നടത്തുവാനും, രാജശക്തിയേയും പൊതുബുദ്ധിയേയും വിധേയമാക്കിയ ബ്രാഹ്മണന്റെ മാസ്മരവിദ്യയെപ്പറ്റി എന്തു പറയട്ടെ! ഈ മായാവിദ്യക്കടിപെട്ടു പിന്നെയും കിടക്കുവാൻ മോഹിക്കുന്ന സമുദായങ്ങളുടെ മനസ്ഥിതി കൈവിലങ്ങിനെ ചുംബനംചെയ്യുന്ന മാനിക്കുന്ന വിഡ്ഢിയായ തടവുകാരന്റെ മനസ്ഥിതിയിലും ആക്ഷേപാർഹമല്ലേ? ഇനിയും ഈ വഞ്ചനകളിൽ കുടുങ്ങിക്കിടക്കുവാൻ ഇഷ്ടപ്പെടുന്ന ബ്രാഹ്മണേതര സമുദായക്കാരുടെ മതദാസ്യത്തെപ്പറ്റി ഖേദിക്കാതിരിക്കുവാൻ തരമില്ല. എത്രവേഗം ഈ മതം അബ്രാഹ്മണർ വിട്ടുമാറുന്നുവോ അത്രവേഗം അവർക്കു് അഭിവൃദ്ധിയും,

സ്വാതന്ത്ര്യവും ഉണ്ടാകുമെന്നതിനു സംശയമില്ല.

നായർതൊട്ടു കീഴോട്ടുള്ള ഹിന്ദുമതമാകുന്ന വലിയങ്ങാടിക്കഷായത്തിലെ കഷണങ്ങളെല്ലാംകൂടി കള്ളും കുടിച്ചു് തെറിയുംപാടി, കോഴിയുംവെട്ടി, മാതാപിതാക്കളും സഹോദരരും നോക്കിനിൽക്കേ, ക്ഷേത്രപരിസരങ്ങളിൽ കിടന്നു കേപ്രായം തുള്ളുന്നതു്, മുഷ്ടാന്നഭോജനവും കഴിഞ്ഞു, ഗോപുരപ്പടിമേലിരുന്നു, വെടിയും പറഞ്ഞു ബ്രാഹ്മണർ കണ്ടു സുഖിച്ചിരിക്കപതിവാണു്. ഒരൊറ ബ്രാഹ്മണനെങ്കിലും, കള്ളു തുള്ളുന്നതോ, തെറി പാടുന്നതോ, കോഴിവെട്ടുന്നതോ ആരെങ്കിലും കണ്ടിട്ടുണ്ടോ? ഇതെല്ലാം ഈശ്വരപ്രസാദത്തിനെങ്കിൽ അതു് ബ്രാഹ്മണനു് ആവശ്യമില്ലെന്നുണ്ടോ? മറവുള്ളവരെക്കൊണ്ടു് ഈ ഗോഷ്ടികളൊക്കെ ചെയ്യിച്ചു, ആദായം പിടുങ്ങണമെന്നല്ലാതെ ബ്രാഹ്മണനു് ഇതൊന്നും ചെയ്യണമെന്നില്ലല്ലോ! മറവുള്ളവരുടെ അന്ധവിശ്വാസത്തിനു വഴിപാടെന്ന പേരിൽ ചുങ്കംവാങ്ങി, ഓലനും, സാമ്പാറും, കാളനും, പ്രഥമനും വച്ചു സാപ്പിടുന്ന ജോലി മാത്രമാണു് ബ്രാഹ്മണനുള്ളതു്. ഡോബിയുടെ മുഷിപ്പുകാരം ചുമക്കുന്ന കഴുതകളെപ്പോലെ ബ്രാഹ്മണേതരസമുദായക്കാരെയും, ഹിന്ദുമതാന്ധതകളാകുന്ന മുഷിപ്പുകാരം ചുമന്നു വശംകെട്ടകയാണു്. ഈ മുഷിപ്പുകാരൻ കഴുതകളുടെ പുറത്തുകയറിയിരുന്നു കുണുങ്ങിയിട്ടുള്ള വശക്കേടല്ലാതെ ബ്രാഹ്മണനു് ഇല്ലതാനും. ഭീമമായ ഈ സ്ഥിതിഭേദവും, ദയനീയമായ കഴുതജീവിതവും, മർദ്ദനപരമായ കുതിരയേറ്റവും, സഹിച്ചുകൊണ്ടു് അബ്രാഹ്മണർ എത്ര നാളം അടങ്ങിപ്പാർക്കും?

മതനിഷ്ഠയുള്ള ഹിന്ദുക്കളെയും, ബ്രാഹ്മണർ എഴുതിവെച്ചിട്ടുള്ള ശ്ലോകങ്ങളേയും, ആചാരമര്യാദകളേയും, അതി

ലംഘിക്കുവാൻ അശക്തരായി കഴുതജീവിതം നയിക്കുകയാണെന്നുള്ളതിനു മഹാത്മാഗാന്ധി തന്നെ ഒരു ദൃഷ്ടാന്തമാകുന്നു. മഹാധീരനും അമേയശക്തിമാനുമായ അദ്ദേഹം, ഇന്നും ബ്രാഹ്മണാധിപത്യമനോഭാവം പുലർത്തിപ്പോരുന്നു. ഇതു് അദ്ദേഹത്തിന്റെ വേരുറച്ച ഹിന്ദുമതവിശ്വാസം ഒന്നുകൊണ്ടുമാത്രമാണു്. കന്യാകുമാരി ക്ഷേത്രദർശനത്തിനായി ചെന്ന ഗാന്ധിയെ സനാതനകേന്ദ്രന്മാർ വിലക്കിനിർത്തിയതും, ക്ഷേത്രത്തിൽ കടക്കാതെ ഗാന്ധി നാണം കെട്ടു മടങ്ങിപ്പോന്നതും കപ്രസിദ്ധമാണല്ലോ? ഹിന്ദുമതപ്രകാരം ക്ഷേത്രത്തിൽ കടന്നാരാധിക്കുവാൻ തക്ക പരിശുദ്ധി മഹാത്മാഗാന്ധിക്കുമില്ലത്രേ! ഈ അപമാനകരമായ എളിമതാം ബ്രിട്ടീഷുസിംഹത്തെപ്പോലും വിറപ്പിക്കുവാൻ കരുത്തേറിയ ധീരശൂരനായ ഗാന്ധിയും വിവാദംവിനാ, സമ്മതിച്ചു കൊടുക്കയാണുണ്ടായതു്. നോക്കണെ, അന്ധമായ മതമൗഢ്യവും, ആക്ഷേപാർഹമായ ബ്രാഹ്മണാധിപത്യവും,! ഇങ്ങനെ ഗാന്ധിമാരെയും, രാജാക്കന്മാരെയും ആരെയും, ബ്രാഹ്മണർ കരങ്ങുകളിപ്പിക്കുന്നതു്, അവർ ഹിന്ദുമതാവലംബികളായി കൈയും കെട്ടി കിടന്നുകൊടുക്കുന്ന കാരണം ഒന്നുകൊണ്ടുമാത്രമല്ലേ? ബ്രാഹ്മണൻ എന്നപേരും പറഞ്ഞു ചോറുവള്ളിയും കെട്ടിത്തൂളനാട്ടിൽനിന്നും, മറുനാട്ടിൽനിന്നും വലിഞ്ഞു കയറുന്ന ഒരുക്കൂട്ടം വരത്തരുടെ മുൻപിൽപോലും, ഇവിടത്തെ നായർ പ്രമുഖന്മാരും, ക്ഷത്രിയമുഖ്യന്മാരും, എല്ലാം തലകുനിച്ചോച്ചാനിച്ചു പഞ്ചപുച്ഛവുമടക്കി നിൽക്കുന്ന നിന്ദ്യമായ ദാസ്യമനസ്ഥിതി ഹിന്ദുമതത്തിലല്ലാതെ മറെവിടെയെങ്കിലും പുലരുമോ? ദാനംകൊടുത്ത ഔദാര്യനിധിയെ തലയിൽ ചവുട്ടിത്താഴ്ത്തുന്ന നീചവുംനിഷ്ഠുരവുമായ നയമാണു് ഹിന്ദുക്കളുടെ ഒരു ദൈവം പഠിപ്പിച്ചിട്ടുള്ളതു്. അതല്ലേ മതാന്ധയായികഴുതമാതൃക!

നായന്മാരും ശൂദ്രത്വവും

ഹിന്ദുമതപ്രകാരം നായന്മാർ ശൂദ്രരാണ്. ഈ ശൂദ്രത്വം അനർത്ഥവും, അപമാനകരവുമാണെന്ന് അന്വേഷിച്ചപ്പോഴാണ് ശൂദ്രസഭകൂടി തങ്ങളും നായന്മാരാണെന്ന പ്രഖ്യാപനം ചെയ്തത്. എന്നാലും ഹിന്ദുക്കളെന്നപേരിൽ നായന്മാർ നില്ക്കുന്നതുമൂലം, അവർക്കിവിടെ മതപരമായ കാര്യങ്ങളിൽ വളരെ അപമാനകരമായ അസമത്വം ഉണ്ടെന്നുള്ളതു്, മറയ്ക്കാവുന്നതോ, മറക്കാവുന്നതോ അല്ല. ക്ഷേത്രങ്ങളിൽ നായന്മാർക്കുള്ള അസമത്വം തന്നെ ഇതിനൊരു തെളിവാണ്. എത്ര ഉൽകൃഷ്ടനായ നായരായിരുന്നാലും, മണിയടിച്ചു തൊഴുന്നതിനും, തീർത്ഥവും പ്രസാദവും കയ്യിൽ വാങ്ങുന്നതിനും, ശ്രീകോവിലിലോ, മണ്ഡപത്തിലോ കടക്കുന്നതിനും പൂജിക്കുന്നതിനും, സദ്യക്കും, സ്വാന്നിക്കും സംബന്ധിക്കുന്നതിനും മറ്റും സ്വാതന്ത്ര്യമില്ല. ഹിന്ദുമതം അതിനനുവദിച്ചിട്ടില്ല. പഴയകോട്ടം വില്ലയുമിട്ട നായർ മജിസ്ട്രേട്ടിന്റെ പുറകെ അകമ്പടി സേവിക്കുന്നേ പുണ്യമായപ്പെടും, ക്ഷേത്രത്തിനകത്തു ചെന്നാൽ മജിസ്ട്രേട്ടിനെ തൊടാതെ മാറി നില്ക്കുന്നു; മാറി നിർത്തുന്നു. അവിടെപട്ടർ യജമാനനായി ഞെളിയുകയും മജിസ്ട്രേട്ട് ഭൃത്യനായി പുറകിൽമാറുകയും ചെയ്യുന്ന നായന്മാർ പണം പെലവിട്ട് ക്ഷേത്രം പണിതുണ്ടാക്കിയതെല്ലാം അടപ്പിച്ച പട്ടരും പരദേശികളുമായി വിട്ടുകൊടുത്തിട്ട്, പുറത്തുപോയി കൈയും കെട്ടി, ഓച്ഛാനിച്ചു നില്ക്കുകയാണു പതിവ്. സദ്യയുണ്ടെങ്കിലോ, ശേഖരിച്ചു കൊടുക്കണം. ഉണ്ണാൻ നായർക്കവകാശമില്ല. പട്ടനും പോറ്റിയും, മറ്റും ഉണ്ട ഉച്ചിഷ്ടം കിട്ടിയാൽ അതുകൊണ്ടു തൃപ്തിപ്പെടണം! ദക്ഷിണക്കുള്ള പണം ബ്രാഹ്മണനെ ഏൽപ്പിക്കാ

നല്ലാതെ ക്ഷേിണവാങ്ങുവാൻ നായർക്കു കൈനീട്ടിക്കൂടാ. ഇതാണ് ക്ഷേത്രത്തിൽ നായരുടെ സ്ഥിതി. സ്വരാജിനു വേണ്ടി കീജേയ് വിളിക്കാനും, വന്ദേമാതരം പാടാനും തയാറുള്ള നായർ, ഇതു ആക്ഷേപാർഹമായ നിലയിൽ ബ്രാഹ്മണദാസ്യത്തിനു വഴിപ്പെട്ടുകിടക്കുന്നതു് അവരുടെ ശൂദ്രമനസ്ഥിതിമാറാത്തതുകൊണ്ടാണ്. നായർസ്ത്രീകളെ പട്ടനും, പോറ്റിക്കും, നമ്പൂതിരിക്കും സംബന്ധത്തിനു കൊടുക്കുന്നതു മാനമായും, അന്തസ്സായും കരുതുന്ന ശൂദ്രമനഃസ്ഥിതിയുള്ള നായർതറവാടികളും ഇന്നും അനവധിയുണ്ട്. വലിയ നായർതറവാട്ടുകളിൽ ഭാഗം നടക്കുമ്പോൾ ബ്രാഹ്മണസേവയും, പൂജയുമായി ഒരു സംഖ്യ ഒഴിച്ചുവയ്ക്കുന്ന പതിവു് ഇപ്പോഴും ഇല്ലാതില്ല. ബ്രാഹ്മണർക്കു സംബന്ധത്തിനു വരുമ്പോൾ കൊടിയിരിക്കാൻ പ്രത്യേക മാവും, കുളിക്കാൻ ശ്രദ്ധമായ കുളവും ചില നായർവീട്ടുകളിൽ ഇന്നും കാണാം. മഹാനായ സർ. സി. ശങ്കരൻനായരുടെ വീട്ടിൽ പോലും ഈ ഏർപ്പാടുകളുണ്ടത്രേ! ബ്രാഹ്മണഗൃഹങ്ങളിൽ ദാസ്യവേലയും നില്ക്കുന്നതും, അവരുടെ പുറകേ വഷളിയായും വാല്യക്കാരനായും പോകുന്നതും, ഒരനുഗ്രഹമായെണ്ണുന്ന നായന്മാരും ഇല്ലാതില്ല. നായർസ്ത്രീകളും മാറുമറയ്ക്കാതെ അർദ്ധനഗ്നകളായിട്ടേ ക്ഷേത്രത്തിൽ ചെല്ലാവൂ എന്നുണ്ടായിരുന്ന നിയമം തിരുവിതാംകൂറിൽ നിന്നും എടുത്തുകളഞ്ഞിട്ടു പത്തുപതുകൊല്ലത്തിൽ അധികമായില്ല. ബ്രാഹ്മണന്റെ കാരുണ്യപാത്രങ്ങളാകുന്നതിനും ശൂദ്രർ വഴിപ്പെട്ടുകൊള്ളണമായിരുന്നത്രെ!

നായന്മാരെല്ലാം ഹിന്ദുമതമയക്കത്തിൽ കിടന്നു അതിന്റെ അലോകസാമാന്യത്തെ മുക്തകണ്ഠം കീർത്തിക്കുവാനും, സംസ്കൃതശ്ലോകങ്ങൾക്കു് ഇല്ലാത്ത അർത്ഥം വ്യാഖ്യാനിച്ചും, വലിച്ചുനീട്ടിയും, സാഹസപ്പെട്ടുവാനും, ആണ

ത്സാഹിച്ചു കാണുന്നതു്. ഇപ്പോഴും വെറുതെ ശ്ലോകംചൊല്ലി കഴിയുന്നവരൊക്കെയും അചിരേണ സംഗതിയുടെ യഥാർത്ഥ്യം ഗ്രഹിച്ചും, മതമയക്കം മാറിയും, മുന്നോട്ടു വരുമെന്നുള്ളതിനു സംശയമില്ല. പക്ഷേ അവരുടെ അസമത്വങ്ങൾക്കും, അവരിൽ പലരും വെറുക്കുന്ന അയിത്താചാരങ്ങൾക്കും, ജാതിവ്യത്യാസങ്ങൾക്കും ആധാരം, ഈ ഹിന്ദുമതമാണെന്നും, ബ്രാഹ്മണന്റെ സ്വാർത്ഥതക്കുവേണ്ടി അവൻ സൃഷ്ടിച്ചുവച്ചിട്ടുള്ള വെച്ചമക്കിന്റെ ഭാരമാണു് അബ്രാഹ്മണസമുദായക്കാരെല്ലാം ചുമന്നുതളരുന്നതെന്നും, അതിനാൽ അതിൽനിന്നും, പരിപൂർണ്ണമായി നിവർത്തിക്കുവാൻ ഈ മതം തന്നെ എടുത്തു ദൂരെക്കളയണമെന്നും, നായന്മാക്കു തോന്നാത്തതു് ഒരു നിർഭാഗ്യമെന്നല്ലാതെഗണിക്കുവാൻ തരമില്ല. നായന്മാർ വിചാരിച്ചാൽ ഈ മതബഹിഷ്കരണപരിഷ്കാരം, നിഷ്പ്രയാസം സാധിക്കുന്നതാകുന്നു. എന്നിട്ടും അവർ അതിനൊരുമ്പെട്ടുന്നില്ല. അവർ സനാതനം പാടാനും ഹിന്ദുസംഘടനയെ ബലപ്പെടുത്തുവാനും, ശുദ്ധിചെയ്യാനും ഒരുമ്പെട്ടുകാണുന്നതു്. ബ്രാഹ്മണദാസ്യമാകുന്ന നരകത്തിൻകീഴിൽ നിന്നും നായന്മാർ തല വലിക്കാതെ അവർ സ്വതന്ത്രരാകയില്ലെന്നു് അവരിൽ അപൂർവ്വം ചിലരെങ്കിലും, വിചാരിക്കുവാൻ തുടങ്ങിയിരിക്കുന്നതിന്റെ ലക്ഷണങ്ങളും ഇന്നും അങ്ങിങ്ങായി ഏറെക്കണ്ടുതുടങ്ങിയിട്ടുണ്ടു്. ബ്രാഹ്മണസംബന്ധത്തെ നായന്മാർ വെറുത്തുതുടങ്ങിയിട്ടുള്ളതും മറ്റും ഇതിന്റെ ലക്ഷണമാണു്. അമ്പലങ്ങളിൽ നായന്മാർക്കുള്ള അസമത്വത്തെപ്പറ്റി പലരും ചിന്തിച്ചുവാൻ തുടങ്ങിയിരിക്കുന്നു. നായർയുവാക്കൾ മണിയടി ആരംഭിച്ചിരിക്കുന്നതിന്റെ നാദം അവിടവിടെയായി മുഴങ്ങുന്നുണ്ടു്. ലോകം എങ്ങനെയും മുന്നോട്ടുതന്നെയല്ലേ പോകുന്നതു്. അനീതിയും, അധർമ്മവും, അസമത്വവും, ബ്രാഹ്മണമേധാവിത്വവും പുലർത്തുന്ന ഹിന്ദുമതത്തെ നശിപ്പിക്കുന്നതു

വാൻ നായന്മാരും, ഈഴവരും എന്നുവേണ്ട അബ്രാഹ്മണ സമുദായക്കാരെല്ലാംതന്നെ ഒരുങ്ങിയിരുന്നു കാലം അത്യാസന്നമായിരിക്കുന്നു.

ഹിന്ദുക്കളുടെ വിവാഹസമ്പ്രദായം

"ഹിന്ദുമതമാഹാത്മ്യത്തിനു മാനഭംഗമായേക്കാവുന്ന ഒന്നാണ്" ഹിന്ദുക്കളുടെ വിവാഹസമ്പ്രദായം. സനാതനധർമ്മം കോരിച്ചൊരിഞ്ഞുകൊണ്ടിരുന്ന പുരാതനകാലത്തു് ഏതെങ്കിലും, തരത്തിലുള്ള ഒരു വിവാഹമുറതന്നെയില്ലായിരുന്നു. അന്നു കേവലം വ്യഭിചാരമായിരുന്നു നടന്നിരുന്നതു്. ഉപനിഷത്തുകളിലും, പുരാണങ്ങളിലും വിവരിച്ചുകാണുന്ന സ്ത്രീപുരുഷബന്ധം തന്നെ എടുത്തുനോക്കിയാൽ ഇതു എളുപ്പം മനസ്സിലാകും. ഹരിഹരന്മാരുടെ പ്രകൃതിവിരുദ്ധമായ നടപടിയും, ഇന്ദ്രന്റെ ആസുരപരമായ വ്യഭിചാരമുറയും, പരാശരപ്രഭൃതികളായ ഋഷീശ്വരന്മാരുടെ സ്ത്രീലമ്പടത്വവും ആലോചിച്ചുനോക്കുക! അമ്മയെ മാത്രമല്ലാതെ, അച്ഛനെതിട്ടപ്പെടുത്താവുന്ന ഒരു കാലമല്ലായിരുന്നു അതു്. അക്കാലത്തു് 'ആദിതേയൻ' 'വൈനതേയൻ' 'ആദിയായി അമ്മയുടെ പേരു മുൻനിർത്തിയാണു പറഞ്ഞുവന്നിരുന്നതു്. അച്ഛനെതിട്ടമില്ലാതിരുന്ന, ആ പുരാതനകാലം കഴിഞ്ഞശേഷമാണു് അച്ഛന്റെ പേരുചേർത്തു 'ഭാർഗ്ഗവൻ' 'രാഘവൻ' എന്നെല്ലാം പറഞ്ഞുതുടങ്ങിയതു്. അഹനില്ലാതിരുന്ന വ്യഭിചാരകാലം പിന്നീടു പരിഷ്കരിക്കപ്പെട്ടു. ഈ പുതിയ പതിപ്പാണു്, ഹിന്ദുക്കളുടെ എട്ടുവിധത്തിലുള്ള വിവാഹമുറകളും നവീനമായ ഈ പദ്ധതിയിൽതന്നെ 'കന്യകയുടെ' ഗൃഹത്തിൽപ്പെന്ന വെട്ടം

കുത്തും നടത്തി കന്യകയെ ബലാൽപിടിച്ചുകൊണ്ടുപോകുന്ന രാക്ഷസം'; വിജനസ്ഥലത്തുറക്കത്തിലോ, ബോധക്കേടിലോ, കള്ളുകുടിച്ചു ലക്കില്ലാതെ കിടക്കുമ്പോഴോ, ചെന്നു സഹശയനം ചെയ്യുന്ന 'പൈശാചികം?;' 'ബോധിച്ചുപോലിരുവർ–രഹസ്യ'മായി സാധിക്കുന്ന 'ഗാന്ധർവ്വം'; മുതലായ വിവാഹച്ചടങ്ങുകളും ഉപ്പെട്ടുന്നു. ഈ വിവാഹരീതികളെല്ലാം മനുഷ്യർക്കു ചേരുന്നതാണോ എന്നു് ആലോചിച്ചു നോക്കുക. ഹിന്ദുമതത്തിലല്ലാതെ ഈ മാതിരി വിവാഹരീതികളും മറെവിടെയെങ്കിലും കാണുന്നതാണോ?

ശൈശവവിവാഹം.

ഹിന്ദുമതസിദ്ധാന്തങ്ങളുടെ പരമാധികാരികളായ ബ്രാഹ്മണരുടെ ഇടയിൽ കാണുന്ന അതിനിന്ദ്യമായ ഒരേർപ്പാടാണു് ശൈശവവിവാഹം. ഋതുമതിയാകുന്നതിനുമുമ്പേ വിവാഹം കഴിച്ചുകൊള്ളണമെന്നുള്ള അന്ധവിശ്വാസം മൂലം മാസവും, കൊല്ലവും തികയുന്നതിനുമുമ്പുപോലും നടത്തുന്ന വിവാഹങ്ങളും എത്രായിരമെന്നുള്ളതിനു കണക്കില്ല. നേരത്തേ വേം കുക നേരത്തേ ചാകുക എന്നതാണു് ഇന്ത്യാക്കാരുടെ ആദർശം. (Early to marry and early to die is the motto of the Indians) എന്നാണു് മിസ്സ് മേയോ അധിക്ഷേപിക്കുന്നതു്. ഇന്ത്യയിലെ ശൈശവവിവാഹത്തിന്റേയും അകാലമരണത്തിന്റേയും പെരുപ്പം ഓർത്താൽ മദാമ്മയുടെ ഈ അഭിപ്രായം എത്ര ശരിയായിരിക്കണം? സ്വമാതാവിനെപ്പോലും തിരിച്ചറിവാൻ പ്രായമാകാത്ത കട്ടക്കിടാവിനെ കൂടി

ഭർത്തൃമതികളാക്കിവിടുന്ന കാലത്തെയെപ്പറ്റിഎത്ര ശപിച്ചാലും മതിയാകുന്നതാണോ? മാതൃഗർഭത്തിൽവച്ചുതന്നെ വിവാഹം നിർച്ചപ്പെടുത്തുന്നതും അപൂർവ്വമല്ല. 1921-ൽ ബോംബേ നഗരത്തിൽ വിവാഹം കഴിച്ച കന്യകകളോ, ഭർത്താവു മരിച്ച വിധവകളോ ആയ പാവങ്ങളുടെ ഒരു കണക്കു കാണുക. ഇന്ത്യയിലെ ശൈശവവിവാഹത്തിനും, വൈധവ്യത്തിനും ഇതൊരു മാതൃകയായിരിക്കും. ഒരു വയസ്സിനുതാഴെ വിവാഹിതരായവർ 1660 ഒന്നിനുംരണ്ടിനും ഇടയ്ക്ക് 4378. മൂന്നുവയസ്സിനും നാലുവയസ്സിനും ഇടയ്ക്ക വിവാഹം കഴിക്കപ്പെട്ടവർ 7219. നാലിനും അഞ്ചിനും ഇടയ്ക്ക്, 12384. അഞ്ചിനും പത്തിനും ഇടയ്ക്ക്, 193582. പത്തുവയസ്സിനും പതിനഞ്ചുവയസ്സിനും ഇടയ്ക്ക്, 496706. ആകെ ആ ഒരു കൊല്ലത്തിൽ വിവാഹപ്രായത്തിനു താഴേയുള്ള ശൈശവവിവാഹം, 708710. ഹാ! എത്ര ഭീമമായ സംഖ്യ! ശൈശവവിവാഹംകൊണ്ടുണ്ടാകുന്ന അനേക ദോഷങ്ങളിൽ ഒന്നു ബാലികമാരുടെ വിദ്യാഭ്യാസത്തെ ഇത്രതടയുന്നു, എന്നുള്ളതാണ്. പഠിച്ചുനടക്കുന്ന പെൺകുട്ടികളെ പിടിച്ചു കുടുംബിനികളാക്കി അയയ്ക്കുന്ന പതിവ് എത്രയോ നിന്ദ്യവും ആക്ഷേപാർഹവുമാണ്. ബ്രിട്ടീഷ് ഇന്ത്യയിലെ സ്ത്രീവിദ്യാഭ്യാസത്തിന്റെ തോതു് നൂറുകുരണ്ടാകുന്നു. അതായതു് ആകെ പതിനെണ്ണായിരം മാത്രം! ഇതിൽ 73 ശതമാനവും വിവാഹത്തിനുവേണ്ടി വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്നവരാണ്. മതഭ്രാന്തിന്റെ മായാശക്തിക്കടിപ്പെട്ട് മനുഷ്യസമുദായം അജ്ഞതയിൽ ആഴ്ന്നതു കാണുക! മനുഷ്യത്വത്തെ ബഹുമാനിക്കുന്ന ഹൃദയാലുക്കൾക്കു് ഈ പേപിടിച്ച ശൈശവവിവാഹരീതി സഹിക്കുമോ.?

വിധവാവിവാഹം.

കേവലം ഇളംപ്രായത്തിൽതന്നെ വിവാഹം കഴിച്ചുകൊടുക്കുന്ന ഈ ഒരുമനപ്പെൺകുഞ്ഞുങ്ങളുടെ നാമമാത്രഭർത്താക്കന്മാർ, അകാലമരണം പ്രാപിച്ചാൽ പിന്നെ ഇവക്കു വിവാഹം പാടില്ലെന്നുള്ള നിയമമാണ് എല്ലാറ്റിലും കഠിനമായിരിക്കുന്നതു്. ജീവിത പ്രസരിപ്പു ശമിക്കാത്ത വെറും മുപ്പതു വയസ്സിനുതാഴെവച്ചു വൈധവ്യം പ്രാപിച്ചിട്ടുള്ള നിർഭാഗ്യവതികളായ ഹിന്ദുവനിതകളുടെ ഒരു കണക്കാണു താഴെകൊടുത്തിരിക്കുന്നതു്. *

ഒരു വയസ്സുള്ള വിധവകൾ				597
1 വയസ്സുമുതൽ		2 വയസ്സുവരേയുള്ള വിധവകൾ		494
2	,,	3	,,	1257
3	,,	4	,,	2837
4	,,	5	,,	6707
5	,,	10	,,	85037
10	,,	15	,,	232147
15	,,	20	,,	396172
20	,,	25	,,	742820
25	,,	30	,,	1163720
ആകെ മുപ്പതുവയസ്സിനകമുള്ള വിധവകൾ				2631788

*1921–ലെ സെൻസ്സസ് റിപ്പോർട്ടിൽ നിന്നും.

ഭർത്താക്കന്മാരെ കൂടാതുള്ള ജീവിതം ദുർവഹമെന്നും ഏതു ''വൈരാഗ്യമേറിയ വൈദികനും'' സമ്മതിയ്ക്കുന്ന ഈ വിധവമാരെല്ലാം ആജീവനാന്തം, വൈധവ്യദുഃഖത്താൽ ജീവിതം നരകതുല്യമാക്കികഴിച്ചുകൂട്ടുകയാണു ചെയ്യുന്നതു്. വിധവാവിവാഹം ഒട്ടുങ്ങാത്ത പാപമാണു പോലും. 'അനാഘ്രാതം' പുഷ്പം പോലെ കാന്തിയറ്റ സന്താപസമുദ്രത്തിൽ നീന്തിവലയുന്ന ഈ സാധുക്കളെ വിവാഹം ചെയ്യകൊടുക്കണമെന്നു ആരെങ്കിലും പറഞ്ഞാൽ അവൻ നാസ്തികനും, നിന്ദ്യനുമായി! വിധവാവിവാഹത്തിനുവേണ്ടി ആദ്യമായി ശ്രമിച്ച പണ്ഡിറ്റു ഈശ്വരചന്ദ്രവിദ്യാസാഗർ ഹിന്ദുക്കളിൽ നിന്നും ഏറ്റ അവഹേളനത്തിനും എത്രപ്രകാരം കണക്കില്ല. സനാതനികളുടെ അതിതീവ്രമായ എതിർപ്പുമൂലം ഉളവായ ഹതാശാഗ്നിയിൽ ഈ മഹാൻ 1891-ൽ വെന്തുരുകി നശിച്ചുപോവുകയാണുണ്ടായതു്. താരുണ്യത്തിനുമുൻപു വൈധവ്യം സംഭവിച്ച വെന്തുനീറുന്ന എത്രയോലക്ഷം സാധുസ്ത്രീകളുടെ, ഹൃദയം ചുട്ടുള്ള കണ്ണുനീരാണു്, ഈ ഭാരതവർഷത്തിൽകൂടി അനുനിമിഷം പാഞ്ഞൊഴുകുന്നതു്? പുരുഷന്റെ മനംപോലും ഏല്പിവാൻ പാടില്ലാത്ത ഈ വിധവാസൈന്യങ്ങൾക്കാവട്ടെ, ലോകസൗഖ്യങ്ങളിലൊന്നിലും ഭാഗഭാക്കാകുവാൻ അർഹതയില്ല. ഏറ്റവും വിഷമമേറിയ വീട്ടുജോലികളും ചെയ്തതീർക്കേണ്ട ഭാരം ഇവർക്കാണു്. ഇവർക്കു് ഒരു നേരം മാത്രം—അതും വയറുനിറയെ പാടില്ല—ആഹാരം കഴിക്കാം. എല്ലാ കഠിനവ്രതങ്ങളും ഇവർ അനുഷ്ഠിച്ചേ മതിയാകൂ. യാതൊരുവിധ ആഡംബരങ്ങളിലും, വിനോദങ്ങളിലും സംബന്ധിക്കരുതു്. തലമുണ്ഡനം ചെയ്യു്, ആഭരണങ്ങളെല്ലാം ഉപേക്ഷിച്ചു, കേവലം അനാഡംബരസതാങ്ങളായി കഴിയണം. ഇവരോടു മറ്റുള്ളവർ നിന്ദ്യവും, കഠിനവുമായ വാക്കുകളേ പറയാവു. ഇപ്രയൊക്കെയാണു് വിധവമാർ അനുഷ്ഠിക്കേണ്ടതും സഹിക്കേണ്ടതുമായ ജീവിതചര്യകളും! ഇത്ര ക്ലേ

ശത്രയിഷ്ടമായ ജീവിതം നയിക്കുന്ന ഈ സാധുക്കളുടെ സന്തോ
പച്ചുട്ടനീർ കാണുവാനും, ഇതിന്റെ ഭയങ്കരത്വത്തെപ്പറ്റി ചി
ന്തിക്കുവാനും കഴിയാത്ത കഠിനഹൃദയന്മാരാണ് ഹിന്ദുപണ്ഡി
തന്മാർ! അഹോ! ഈ ഹൃദയമില്ലാത്ത മതംമൂലം എത്രയോ
ലക്ഷം കുലാംഗനകൾ ഇന്ത്യയിൽ പൈതന്യവും, സ്ത്രീത്വ
വും നശിച്ചു ജീവച്ഛവങ്ങളായിക്കഴിയുന്നു!

സതി.

ഈ പരിപാവന സനാതനധർമ്മത്തിലുണ്ടായിരുന്ന
മറ്റൊരു ദുരാചാരമാണ് സതി. കഷ്ടം! അതേപ്പറ്റി ഓർക്കു
വാനും കൂടി വയ്യ. ഗീതയ്ക്കും ഉപനിഷത്തിനും ഗീർവാണങ്ങൾ
ക്കുമെല്ലാം ഇന്നത്തേക്കാളും നിലയും, പ്രചാരവുമുണ്ടായിരുന്ന
ഒരു കാലത്തു്—ഏകദേശം ഒരു ശതാബ്ദത്തിനു മുമ്പുവരെ—
നടന്നുവന്നിരുന്ന ഒരു പുണ്യകർമ്മമായിരുന്ന ഇതു്. മരിച്ചഭ
ർത്തൃദേഹത്തെ ദഹിപ്പിക്കുന്ന ചുടലത്തീയിൽ ഭാര്യയേയും
ജീവനോടുകൂടി ഇട്ടു ചുട്ടുദഹിപ്പിക്കുന്നതിനെയാണ് സതി
എന്നു പറയുന്നതു്. ഈ ഒരു ദുരാഗ്രഹത്തിനു ഇരയാകുന്നവരിൽ,
കേവലം ബാലികമാരും, യുവതികളും കൂടി ഉൾപ്പെട്ടുമെന്നു
പ്രത്യേകിച്ചുപറയേണ്ടതില്ലല്ലൊ. ഭർത്താവുമരിയ്ക്കുമ്പോൾ ഉട
ൻതടി ചാടേണ്ടിവരുന്ന സാധുസ്ത്രീകൾക്കുണ്ടാകാവുന്ന ഹൃദയ
വേദനയെപ്പറ്റി ഓർക്കാവുന്നതാണോ? ഭർത്താവിന്റെ ചിത
യിൽ—കത്തിയാളുന്ന ഭയങ്കരമായ രംഗത്തിൽ—ഒരു
യുവതി പുരോഹിത വൃകോദരങ്ങളുടെ കർശനമായ വിധിക്കു
കീഴടങ്ങി മനസ്സില്ലാമനസ്സോടെ സ്വയം ചാടുക! അമ്പ! മ്പ!
എന്തൊരു ആചാരം! എന്തൊരു ധർമ്മം! മനസ്സില്ലാത്തവരെ

ബലമായി പിടിച്ചുവിഴുങ്ങിക്കൊണ്ടുപോയി ഉന്തിച്ചാടിക്കുന്നതാണു് സാധാരണ പതിവു്. തീപ്പൊള്ളൽപൊറാഞ്ഞു, പാതിവെന്ത മെയ്യോടെ, പിടഞ്ഞോടുന്ന പാവത്തെ വീണ്ടും പിടിച്ചെടുത്തു ചിതയിൽ എറിയുന്നതും, കത്തിയാളുന്ന അഗ്നിനാളത്തിൻനടുവിൽ കിടന്നു പിടഞ്ഞും മറിഞ്ഞും, പ്രാണവേദനയെടുത്തു വെന്തെരിയുന്ന മാംസപിണ്ഡത്തെ നീളമേറിയകോലുകൊണ്ടുകുത്തി തീനടുവിലേക്കു മാറ്റി മറിച്ചിടുകൊടുക്കുന്നതും അസാധാരണ സംഭവങ്ങളല്ല. ഹാ! ആ അതിഭയാനകമായ കാഴ്ചയേപ്പറ്റി നിങ്ങടെ ഒന്നോർത്തുനോക്കണേ!

അതിനിഷ്ഠുരവും പൈശാചികവുമായ ഈ ഘോരകർമ്മത്തെ തടയുന്നതിനു ശ്രമിച്ച രാജാറാംമോഹനറായിയെ സനാതനികരും—വിശേഷിച്ചും ഹിന്ദുമതാചാര്യന്മാരുടെ വിളനിലമായ ബങ്കാളിലെ സനാതനികരും—ശക്തിപൂർവ്വം എതിർക്കുകയാണുണ്ടായതു്. നോക്കുക, ഹിന്ദുമതനേതാക്കളുടെ അന്ധമായ മത മയക്കം! ഇന്ത്യയിൽ ഹിന്ദുക്കളുടെ ഇടയിൽ നടത്തിവന്നിരുന്ന ഈ രാക്ഷസീയാചാരത്തെ ഇല്ലായ്മചെയ്യുവാൻ കാരുണ്യമുണ്ടായതു് ക്രിസ്തുവിന്റെ അനുയായിയായ ഗവർണ്ണർ ജനറൽ ലാർഡ് വില്യം ബെന്റിങ്കിനാണു്. അദ്ദേഹം 1829 ഡിസംബർ മാസത്തിൽ പാസാക്കിയ ഒരു നിയമം മൂലം ഈ ഘോരാചാരം ഇന്ത്യയിൽ എന്നെന്നേക്കുമായി തടയപ്പെട്ടു. ഈ ഒരു പുണ്യകർമ്മത്തിനു ഇന്ത്യയിലെ ഹിന്ദുസ്ത്രീകളും അദ്ദേഹത്തോടു് എത്ര കടപ്പെട്ടിരിക്കണം?

ഹിന്ദുമതവും അഹിംസയും

"ആത്മവൽ സർവ്വഭൂതാനി" എന്നു പറയുന്ന ഹിന്ദുക്കളുടെ അഹിംസാധർമ്മത്തെപ്പറ്റിയും നമുക്കല്പം ആലോചിക്കാം.

ഹിംസ, അധർമ്മമാണെന്ന തത്വം ഹിന്ദുവിന്റെ സനാതന ധർമ്മത്തിൽ ഉണ്ടായിരുന്നതേ അല്ല. അവരുടെ സകല മത ഗ്രന്ഥങ്ങളിലും ഹിംസ ചെയ്യുവാൻ പ്രേരിപ്പിച്ചിരുന്നതായിട്ടാണ നാം അറിയുന്നതു്. ഹിന്ദുദൈവങ്ങളും, മുനിപും ഗവന്മാരും ഹിംസചെയ്യുന്നതിലും, മാംസം വയറു നിറയെത്തിന്നുന്നതിലും മിടുക്കന്മാരായിരുന്നു. യാഗം ഒരു പുണ്യകർമ്മമായി അന്നും ഇന്നും ഹിന്ദുക്കൾ കരുതിയിരിക്കുന്നു. അശ്വമേധം, അജമേധം, ഗോയാഗം മുതലായവമാത്രമല്ല, നരബലി കൂടി ഹിന്ദുക്കൾ നടത്തിവന്നിരുന്നതായി തെളിവുകൾ ഉണ്ടു്. പ്രസിദ്ധമായ കാളിഘട്ടത്തിലെ ഭദ്രകാളിക്കു വെട്ടിബലികൊടുക്കുവാൻവേണ്ടി, മതഭ്രാന്തന്മാരാൽ പിടിക്കപ്പെട്ടെങ്കിലും, യാദൃശ്ചികമായി രക്ഷപ്പെട്ട കൊച്ചീക്കാരനായ ഒരു ഗൗഡസാരസ്വത ബ്രാഹ്മണന്റെ അൽഭുതാവഹവും, ഭയാനകവുമായ ചരിത്രം ഈ ഗ്രന്ഥകാരനുതന്നെ നേരിട്ടറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. ഭദ്രകാളിക്കു ബലികൊടുക്കുവാനാണു തന്നെ പിടിച്ചിട്ടിരിക്കുന്നതെന്നു ഗ്രഹിച്ച, അതേ നിമിഷത്തിൽതന്നെ പൂതറിപ്പോയ ആ സാധുവിന്റെ ബുദ്ധി ഇന്നും നേരെ വന്നിട്ടില്ല. ഗവൺമെന്റിന്റെ ശിക്ഷാനിയമശക്തികൊണ്ടല്ലെങ്കിൽ ഇക്കാലത്തും ഇന്ത്യയിൽ നരബലി നടക്കുമെന്നുള്ളതിനു സംശയമുണ്ടോ! ഹിന്ദുഭക്തന്മാരുടെ മതാന്ധത അത്രയ്ക്കു കട്ടകുത്തിയല്ലോ? ദൈവത്തിന്റെ പേരും പറഞ്ഞു ഹിന്ദുക്കൾ പ്രതിവർഷം വെട്ടിക്കൊല്ലുന്ന ജീവികൾക്കു കണക്കുണ്ടോ? കല്ലുട്ടയിലെ കാളിക്ഷേത്രത്തിൽ ദിനംപ്രതി 150 മുതൽ 200 വരെ ആടുകളെ ബലിചെയ്യുമെന്നാണു് മിസ് മേയോ മദർ ഇന്ത്യയിൽ പറഞ്ഞിരിക്കുന്നതു്. ഹിന്ദുമതഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാമുഖ്യമുള്ള ഭഗവൽഗീതയിൽ എന്തായാലും മനുഷ്യരെ ഭ്രാതാ, പിതാ, മാതുല വ്യത്യാസം കൂടാതെ കൊന്നൊടുക്കുവാൻതന്നെ ശ്രീകൃഷ്ണൻ ഉപദേശിക്കുന്നു. ഇതിനു ധർമ്മമെന്നൊ, കർമ്മമെ

ന്നൊ ഒക്കെ പേരും പറയും. എന്തു പേരുപറഞ്ഞാലും കൊല്ലുവാൻ ഉപദേശിക്കുകയും കൊല്ലിയ്ക്കുകയും ആണു ഹിന്ദുക്കളുടെ ഈ ദൈവം ചെയ്തിരിക്കുന്നതു്. ഭരണരീതിയും പീനൽകോഡും സുഘടിതനിലയിൽ ഇരിക്കുന്ന ഇന്നായിരുന്നെങ്കിൽ അറുകൊലചെയ്യുവാൻ പ്രേരിപ്പിച്ച യേങ്കരകുററം ചുമത്തി ഈ കൃഷ്ണനെ ന്യായാധിപന്മാർ എത്രയോ വട്ടം തൂക്കിക്കൊല്ലുവാൻ വിധിക്കുമായിരുന്നു! 'അഹിംസ' എന്ന പദം തന്നെ ഹിന്ദുവിന്റെ നിഘണ്ടുവിൽ ഉണ്ടായിരുന്നില്ല. കരുണാവാരിധിയായ സിദ്ധാർത്ഥബുദ്ധന്റെ ധർമ്മദർശനകം ഭാരതത്തിൽ എങ്ങും പ്രചരിയ്ക്കുന്നതിനുശേഷമാണു ഹിന്ദുവിനു അഹിംസയേപ്പറ്റി പഠിക്കുവാൻ തന്നെ കഴിഞ്ഞിട്ടുള്ളതു്. അഹിംസാപരമോ ധർമ്മം എന്ന ഗുണപാഠം ബുദ്ധമാർഗ്ഗത്തിൽനിന്നും ഹിന്ദുപകർത്തിയെടുത്തതാകാനേ തരമുള്ള. ഹിന്ദുക്കൾ അവധിയില്ലാതെ നടത്തിവന്ന ഹിംസാകർമ്മങ്ങളുടെ വെറുപ്പു, തോന്നിയതിൽ നിന്നും ഉണ്ടായതായിരിക്കണം ബുദ്ധന്റെ അഹിംസാധർമ്മം. മഹത്തായ ഈ ധർമ്മത്തിനു നേരേ വിരുദ്ധമായി ഹിന്ദുക്കൾ നടത്തിവന്ന എത്രയോ യാഗങ്ങളും കലകളും ബുദ്ധനും ബുദ്ധമാർഗ്ഗാനുസാരികളും തടഞ്ഞിട്ടുള്ളതായി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഹിംസാപ്രിയന്മാരായ ഹിന്ദുക്കളുടെ യാഗങ്ങളെ തടഞ്ഞു വന്ന ജീവകാരുണ്യനിധികളായ ബുദ്ധമത പരിഷ്കാരികളെയായിരിക്കണം ബ്രാഹ്മണപക്ഷപാതികളായ ആര്യ കവികൾ, യാഗവിഘ്നം വരുത്തുന്ന ദുഷ്ടരാക്ഷസരെന്നും നിശാചരരെന്നും മറ്റും പറഞ്ഞു പുരാണേതിഹാസങ്ങളിൽ അധിക്ഷേപിച്ചിരിക്കുന്നതു്. അക്കാലത്തെ രാജാക്കന്മാർ കൂടി യാഗത്തിനു അനുകൂലികളായിരുന്നെന്നും അധികം യാഗം നടത്തുന്നവർ രാജാധിപരായ്ത്തീർന്നിരുന്നു എന്നും ഉള്ളതിനു പുരാണരാജാക്കന്മാരുടെ ജീവിതചരിത്രം സാക്ഷ്യം വഹിക്കുന്നു. ആറുയാഗം നടത്തുന്ന രാജാവിനു ഇന്ദ്രപ്പട്ടം തന്നെ കിട്ടുമെന്നാണു് പൗരാണിക സിദ്ധാന്തം. യാഗവിഘ്നം വരുത്തുന്ന പരിഷ്കാരികളെ

അമർച്ചചെയ്യുക എന്നതാണ് അന്നത്തെ രാജാക്കന്മാരുടെ മുഖ്യധർമ്മമായിക്കരുതിയിരുന്നത്. ജന്തുബലികളും ധാരാളമായിനടത്തിവന്ന ആര്യഋഷികളുടെ ചൊല്പുകേട്ട്, അവരുടെ പിൻപേ, യാഗവിഘ്നം ചെയ്യുവന്ന പരിഷ്കാരികളായരാക്ഷസരെ കൂട്ടക്കൊലചെയ്യുവാൻ ഓടിപ്പോയ രാജാക്കന്മാരെ, രാമായണാദിഗ്രന്ഥങ്ങളിൽ കാണുവാൻ കഴിയും. ഹിംസയും അക്രമവും അന്നെത്ത പ്രചുരപ്രചാരത്തിലിരുന്നു എന്നതിനു് ഇതെല്ലാം മതിയായ തെളിവുകളാകുന്നു. ഹിന്ദുക്ഷേത്രങ്ങളിൽ എവിടെയും ഇന്നു നടപ്പുള്ള ജന്തുവധം തന്നെ പണ്ടത്തെ ഘോരമായ യാഗങ്ങളുടെ ഒരു അവശിഷ്ടവും തെളിവും ആകുന്നു. വലിയമതനിഷ്ഠയുള്ള ബങ്കാളിലേയും മറ്റും ബ്രാഹ്മണർ ഇന്നും ജന്തുബലി ചെയ്യുന്നവരാണു്. പുരാതന ഹിന്ദുമതം ഇന്നത്തേക്കാളും അഹിംസാനിഷ്ഠയും ഭ്രുതദയയും ചൊരിയുന്നതാണെന്നുപറയുന്നതു വെറും സൊള്ളലാണെന്നു മേൽപറഞ്ഞ ന്യായങ്ങളിൽനിന്നും വ്യക്തമാകുന്നുണ്ടല്ലോ.

മദ്യപാനം.

ഹിംസയ്ക്കുടുത്ത പടിയായ മദ്യപാനത്തിലും, ഹിന്ദുക്കൾ പിന്നോക്കം നിന്നിട്ടില്ല. മദ്യം ഹിന്ദുദൈവങ്ങൾക്കും, ഋഷിമാക്കും, പ്രത്യേകം പ്രിയകരമായ ഒരു പാനീയമായിരുന്നു. മദ്യമുണ്ടാക്കിക്കൊടുക്കുവാൻ ശിവനു പ്രത്യേകം ഉദ്യോഗസ്ഥന്മാർപോലും ഉണ്ടായിരുന്നത്രേ! ഇന്ദ്രന്റെ ഭയങ്കരമായ മദ്യസേവയെപ്പറ്റി ഇതിനുമുൻപു വിവരിച്ചിട്ടുണ്ടല്ലോ. ഇന്നും ചില ദൈവങ്ങൾക്കു് ഇതുകൂടാതെ കഴിയുന്നതല്ല. മദ്യസേവയെപറ്റി "മഹാനിർവ്വാണതന്ത്രം" എന്ന ഹിന്ദുമതഗ്രന്ഥ

ത്തിൽ പറഞ്ഞിരിക്കുന്നതും 'പീത്വാപീത്വാപുനഃപീത്വാ യാവത്പതതി ഭൂതലേ—പുനരുത്ഥായ വൈപീത്വാ പുനർജ്ജന്മന വിദ്യതേ' എന്നുള്ളതുമായ ശ്ലോകം കൃപ്രസിദ്ധമാണല്ലോ. കള്ളുകുടിക്കുക, വീണ്ടും കുടിക്കുക, ഒടുവിൽ ഭൂമിയിൽ കുറങ്ങിവീഴുന്നതുവരെ കുടിക്കുക അവിടന്നു എഴുന്നേറ്റു വീണ്ടും കുടിക്കുക, ഇങ്ങനെയുള്ളവനു പുനർജ്ജന്മമില്ല എന്നാണിതിന്റെ സാരം. കുടിയന്മാർക്കിതിൽ കൂടുതൽ എന്തു വേണം. പുനർജ്ജന്മം കിട്ടിപ്പോയാൽ അന്നു അവിടെ മദ്യം കിട്ടിയില്ലെങ്കിലോ! ഇതു ഒന്നാംതരമായ ഒരു പ്രമാണം ഹിന്ദുമതക്കാർക്കല്ലാതെ കിട്ടുമോ?

''മദ്യം, മാംസം, മത്സ്യം, മുദ്ര (യോനി) മൈഥുനം ഈ അഞ്ചുമകാരങ്ങളാണു് ഓരോ യുഗത്തിലേയും മോക്ഷമാർഗ്ഗങ്ങം എന്നാണു് കാളിപൂജക്കാരായവരുടെ പ്രമാണഗ്രന്ഥമായ 'കാളീതന്ത്ര'ത്തിൽ എഴുതിയിരിക്കുന്നതു്. ഹിന്ദുമതപക്ഷക്കാർക്കു തൃപ്തിയാകാത്ത വല്ല മോഗവുമുണ്ടെങ്കിൽ ഇതുകൊണ്ടു തീർച്ചയായും തൃപ്തിപ്പെടുമെന്നു വിശ്വസിക്കുന്നു. മോക്ഷത്തിനു ഇതിൽ പരമായ മറെറാരു മാർഗ്ഗമില്ല. സത്യം! സത്യം!! സത്യം!!!

ഹിന്ദുമതവും വിദ്യാപ്രചരണവും

ഹിന്ദുമതം മനുഷ്യസമുദായത്തോടു ചെയ്തിട്ടുള്ള ഒരു വലിയദ്രോഹം അതു വിജ്ഞാനാഭിവൃദ്ധിയെ തടയുന്നു എന്നുള്ളതാണു്. വിദ്യാഭ്യാസപ്രചരണത്തിൽ വൈദികകാലം മുതല്ക്കേ ആരംഭിച്ച അതിന്റെ പ്രതിലോമനയം ഇതുവരെയും

അവസാനിപ്പിച്ചിട്ടില്ല. വേദം, ഓതിക്കൊട്ക്കുകയല്ലാതെ എഴുതിക്കൊട്ക്കുവാൻ പാടില്ലെന്നുള്ള നിർബ്ബന്ധം, വൈദിക മാനികളായ ബ്രാഹ്മണസമുദായക്കാരുടെ ഇടയിൽ ഇന്നും നടപ്പിലിരിക്കുന്നു. വേദം എഴുതിക്കൊട്ത്താൽ അതു മറ്റുള്ളവരും പഠിക്കുമത്രേ! അച്ഛൻ മകനു ഓതിക്കൊട്ക്കുന്നതുതന്നെ പാടുള്ളുപോൽ; ശൂദ്രരോ മറ്റോ കേട്ടുപോകരുതെന്നും, പഠിച്ചു വിദ്വാന്മാരാക്കരുതെന്നും' വളരെ നിർബന്ധമായി ചട്ടം ഉണ്ടാക്കിയിട്ടുണ്ട്. ,,വേദം മനഃപൂർവം കേൾക്കുന്ന ശൂദ്രന്റെ ഒരു ചെവിയിൽ അരക്കും, മറ്റേ ചെവിയിൽ ഈയവും ഉരുക്കി നിറച്ചൊഴിയ്ക്കണം. വേദം ഉച്ചരിച്ചാൽ നാക്കറുക്കണം. പഠിച്ചു മനസ്സിൽ ഉറപ്പിച്ചാൽ ദേഹം പിളർക്കണം. ശൂദ്രനു വിശേഷബുദ്ധി ഉണ്ടാകാൻ സമ്മതിക്കരുതു്'' ഇങ്ങനെയാണു് ഋഷീസൂക്തങ്ങളിൽ പറഞ്ഞിരിക്കുന്നതു്. ശൂദ്രനു വിദ്യാഭ്യാസം തീർത്തും പാടില്ലെന്നാണവയ്പു്. ശൂദ്രമക്ഷരസംയുക്തം ദ്വേതഃപരിവർജ്ജയേൽ'' എന്നാണല്ലോ മനുവിന്റെ കോഡിലെ വിധി. അക്ഷരാഭ്യാസം സിദ്ധിച്ച ശൂദ്രനെ അടക്കത്തെങ്ങും നിറുത്തിക്കൂടപോലും! നോക്കുക! ശൂദ്രന്റെ നേരെ ഹിന്ദുമതം ഇക്കിവിട്ട മർദ്ദനച്ചൂടലപ്പിരാപിന്റെ ഘോരാട്ടഹാസം! കേരളീയ ബ്രാഹ്മണസമുദായക്കാർ പൊതുവിൽ ഇന്നും വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്നതു്, പൊതുസ്ഥലങ്ങളിൽ പോയി വിദ്യാഭ്യാസം ചെയ്യുവാനുള്ള വൈമനസ്യം കൊണ്ടുമാത്രമാണു്. അതവരുടെ മതവിശ്വാസത്തിനു എതിരാണല്ലോ.

ബ്രാഹ്മണരുടെ വിദ്യാഭ്യാസവിഷയത്തിൽ ഹിന്ദുമതം വരുത്തിവച്ച നാശവും വളരെ ഭയങ്കരമായിട്ടുള്ളതാണു്. അബ്രാഹ്മണർക്കുംതന്നെ ആര്യഭാഷയായ സംസ്കൃതം പഠിക്കുവാൻ പാടില്ലെന്നുള്ള നിർബന്ധം അടുത്തകാലംവരെ നമ്മുടെ നാട്ടുകളിലും പ്രാബല്യത്തിൽ തന്നെ ഇരുന്നിരുന്നു. തിരുവനന്തപുരം സംസ്കൃത കോളേജിലും

മറ്റും അവർണ്ണനെ പ്രവേശിപ്പിച്ചിട്ട കൊല്ലം അധികമായിട്ടില്ല. വിദ്യാഭ്യാസപ്രചരണം സാർവ്വത്രികമായിട്ടും, സംസ്കൃത സ്കൂളുകളിൽ ഒരിടത്തും ബ്രാഹ്മണേതര സമുദായക്കാരെ പ്രവേശിപ്പിച്ചിരുന്നില്ല.

വളരെ അടുത്തകാലത്താണ് മദ്രാസ് യൂണിവേഴ്സിറ്റിക്കാർ തന്നെ അവരുടെ കീഴിലുള്ള സംസ്കൃതകോളേജുകളിൽ അബ്രാഹ്മണരെ കയറ്റിത്തുടങ്ങിയതു്. ഇന്നും വിജയനഗരത്തിലുള്ള വിശ്രുതമായ സംസ്കൃതകോളേജിൽ ബ്രാഹ്മണരെയല്ലാതെ മറ്റാരെയും കടത്തിയിട്ടില്ല. കേരളത്തിൽ അബ്രാഹ്മണർക്കു സ്കൂളുകളിൽ പോയി സംസ്കൃതം പഠിക്കാമെന്നു വരുത്തിയതു് പട്ടാമ്പി സംസ്കൃതകോളേജുകാരാണു്. വേദാന്തക്ലാസ്സിൽ ഇന്നും അബ്രാഹ്മണരെ മിക്ക സ്കൂളുകളിലും പ്രവേശിപ്പിക്കുന്നില്ല. ജനഹിതൈഷിയെങ്കിലും ഹിന്ദുമതനിഷ്ഠയുള്ള രാജർഷിയായിരുന്ന സ്ഥാനത്യാഗം ചെയ്ത കൊച്ചീമഹാരാജാവിന്റെ സ്വന്തം ചിലവിൽ നടത്തിവരുന്ന തൃപ്പണിത്തുറ സംസ്കൃതസ്കൂളിൽ ഇതുവരെ അവർണ്ണനു പ്രവേശനം നൽകിയിട്ടില്ല. പ്രവേശനമുള്ള നായന്മാർക്കുതന്നെ വേദാന്തവിഷയം പഠിക്കുവാൻ അനുവാദവുമില്ല വളരെ പ്രക്ഷോഭണങ്ങൾക്കു ശേഷം അവർണ്ണർക്കായി ഗവർണ്മെന്റിൽനിന്നു പ്രത്യേകം സംസ്കൃതസ്കൂൾ അവിടെ തുറന്നിരിക്കുന്നു. അവർണ്ണന്റെ പ്രവേശനം രാജർഷിയുടെ മതവിശ്വാസത്തിനും, ഉദ്ദേശത്തിനും വിരുദ്ധമാണെന്നാണു അധികൃതന്മാർ മറുപടി പറയുന്നതു്. ഹിന്ദുമതമയക്കുമരുന്നിന്റെ ശക്തിനോക്കുക! അവർണ്ണർ മറ്റുള്ള സ്കൂളുകളെ തുറന്നുകൊടുത്തിട്ടും, സംസ്കൃതസ്കൂളുകൾ തുറക്കുവാൻ വളരെക്കാലം പിടിക്കേണ്ടിവന്നു.

ഏതുജാതിക്കാരെന്നു പേരുംപറഞ്ഞു് അധഃകൃതരെ പുറംതള്ളിയിട്ടുകൊണ്ടു് അവരുടെ വിദ്യാഭ്യാസത്തിനുള്ള എല്ലാവിധ സൗകര്യങ്ങളേയും, ഹിന്ദുമതം തടസ്സപ്പെടുത്തിയിരുന്നു.

ഈ ഒരു ദ്രോഹമാണു് മറെറല്ലാറെറിനേക്കാളും അസഹനീയമായിത്തീർന്നിട്ടുള്ളതു്. അവർണ്ണസമുദായക്കാരെ പബ്ലിക്കു് സ്കൂളുകളിൽ എങ്ങും തന്നെ ഉൻകാലങ്ങളിൽ പ്രവേശിപ്പിച്ചിരുന്നില്ല. "ഏകാന്തദീപു" "മെന്നു കവികൾ വാഴ്ത്തുന്ന ഈ ഇരുപതാംനൂറാണ്ടിലും, ഈ ഒരു അവശത, അവർണ്ണർ ഏറക്കുറെ അനുഭവിച്ചുവരുന്നു. 1911-ൽ മദ്ധാസു് പ്രസിഡൻസിയിൽ ഉണ്ടായിരുന്ന 8157 സ്കൂളുകളിൽ 609 സ്കൂളുകൾ മാത്രമേ അധഃകൃതർക്കായി തുറന്നുകൊടുത്തിരുന്നുള്ളുവെന്നു ആ ഗവൺമെൻറു് കഠിനം ഏറുപറഞ്ഞിട്ടുണ്ടു്. നോക്കണേ! 8157-ൽ 7548 സ്കൂളുകളും അധഃകൃതന്റെ പ്രവേശനം സനാതനികളുടെ മതവിശ്വാസത്തിനു എതിരെന്നു് കണക്കാക്കിയിരിക്കുന്നു! 1921-ലെ കണക്കിൻപ്രകാരം ബ്രിട്ടീഷ് ഇന്ത്യയിലുള്ള ആറുകോടി തീണ്ടൽജാതിക്കാരിൽ $60\frac{1}{2}$ ശതമാനവും, മതനിയമപ്രകാരം വിദ്യാഭ്യാസം അനുവദിക്കപ്പെടാത്തവരാകുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും, ഈഴവരാദി അവർണ്ണരെ പബ്ലിക്കു് സ്കൂളുകളിൽ കടത്താതിരുന്ന ഒരു കാലം ഈ നൂറാണ്ടിൽതന്നെ ഉണ്ടായിരുന്നു. ഇക്കാര്യത്തിനായി പ്രതിനിധിസഭകളിലും പുറത്തും, നടത്തിയ ശക്തിമത്തായ പ്രക്ഷോഭണങ്ങൾക്കു ശേഷമാണു് സ്കൂളുകൾ അവർക്കായി തുറക്കാൻ തുടങ്ങിയതു്.

ക്രിസ്ത്യൻ മിഷനറിമാരാൽ നടത്തപ്പെട്ടുവരുന്ന ഏതുതരം സ്കൂളുകളിലും ഈഴവരാദി ഹിന്ദുമതത്തിലെ തീണ്ടൽജാതിക്കാർക്കു യഥേഷ്ടം കയറി പഠിക്കാമായിരുന്നെന്ന വസ്തുത ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണു്. ഹിന്ദുമതക്കാരും ഹിന്ദുഗവൺമെൻറുകളും നടത്തിവന്ന സ്കൂളുകളിൽ തങ്ങളെ കയറ്റാതിരിക്കുന്ന അന്യായമായ അനീതിയെത്തന്നെ പറ്റി ചോദ്യം ചെയ്യുവാൻ അവർണ്ണരെ തന്റേടവും, ബോധവും ഉള്ളവരാക്കിത്തീർത്തതും, പാതിരിമാരുടെ കാരുണ്യംകൊണ്ടു സിദ്ധിച്ച വിദ്യാഭ്യാസമാണു്. ധർമ്മരാജ്യമെന്നുകൂടി പേരുള്ള തിരുവിതാംകൂറിൽ അവർണ്ണസമുദായക്കാരുടെ പ്രവേശനം മഹാപാത

കമെന്നു് ഗവൺമെന്റിനാൽ തീരുമാനിക്കപ്പെട്ടിട്ടുള്ള 'സൗ സ്വതിഅമ്പലങ്ങളാ' ണു്. വിദ്യാഭ്യാസത്തിനു സൗകര്യമുണ്ടായി, പഠിച്ചുയർന്ന മറ്റുള്ളവരെപ്പോലെ ഉദ്യോഗവും മറ്റും ലഭിക്കാതെ അവർണ്ണർ ഉദ്ധരിക്കപ്പെടുകയില്ല. ഇതിനുള്ള സൗകര്യം കൊടുക്കാതെ അവരെ അമർത്തിയിട്ടിരുന്നതിനാൽ ഇള്ളട്ടുകളുടെ സ്ഥിതി ഏറ്റവും പരിതാപകരമായിരിക്കുന്നു. ഇങ്ങനെ എത്രയോ ലക്ഷം മനുഷ്യരെ ഹിന്ദുമതം നിരക്ഷരകുക്ഷികളാക്കി മൃഗീയജീവിതം നയിക്കാൻ ഒരുക്കിയിട്ടിരിക്കുന്നു. വിദ്യാഭ്യാസം പോലു, പാടില്ലെന്നു ഇത്രകർശനമായി വിലക്കി ബഹുഭൂരിപക്ഷം ജനങ്ങളേയും അധഃപതിപ്പിച്ചിട്ടുള്ള ഒരു മതം ഹിന്ദുമതമല്ലാതെ വേറെയില്ല.

ബ്രാഹ്മണമതവാദം

സ്വതന്ത്രസമുദായവാദത്തിനു്— പ്രത്യേകിച്ചും ഹിന്ദുമത ബഹിഷ്കരണത്തിനു്—എതിരായി പല അഭിപ്രായങ്ങളും പുറത്തുവന്നിട്ടുണ്ടു്. അവയിൽ പ്രബലമായവാദമുഖങ്ങളെപ്പറ്റി ഇനി നമുക്കൊന്നു നോക്കാം.

"ഹിന്ദുമതം വളരെ സനാതനവും, പുരാതനവുമാണു്. ഇന്നു കാണുന്ന ദുഷ്യങ്ങളൊന്നുതന്നെ സനാതനധർമ്മത്തിലില്ല അവയെല്ലാം ബ്രാഹ്മണമതത്തിലാണുള്ളതു്. 'ഈ ദുഷ്യങ്ങളും ഒഴിവാക്കിയാൽ ദോഷഹീനമായ സാക്ഷാൽ പരമപാവനസനാതനമതം തെളിഞ്ഞുകാണാം." ഇതാണാദ്യമായി പുറപ്പെടുവിക്കുന്ന വാദം. ബ്രാഹ്മണമതവും ഹിന്ദുമതവും രണ്ടായി കാണിക്കാൻ അസാദ്ധ്യമാണു്. ബ്രാഹ്മണരാൽ സ്ഥാപിതമായ മതമെന്നാണു് ബ്രാഹ്മണമതത്തെ

നിർവചിക്കുന്നതെങ്കിൽ, സനാതനഹിന്ദുമതം, പിന്നെ ആരു സൃഷ്ടിച്ചു എന്നു പറയേണ്ടിവരുന്നു. ആര്യഋഷികളാൽ വിരചിതമെന്നു ഗണിക്കപ്പെട്ടിരിക്കുന്ന വേദാന്തമതത്തെയാണു്, സനാതനഹിന്ദുമതമെന്നു, ഹിന്ദുമതാഭിമാനികൾ പറഞ്ഞുവരുന്നതു്. വേദാന്തമതസ്ഥാപകപ്രമുഖന്മാരായി നാം അറിയുന്നവർ അധികവും ബ്രാഹ്മണരാണു്. ഇതു രണ്ടും സമ്മതിക്കുന്നവർ വേദാന്തമതവും, ബ്രാഹ്മണമതമാണെന്നു സമ്മതിക്കുകതന്നെ വേണം. ഇന്നത്തെ ബ്രാഹ്മണരാൽ വിശ്വസിക്കപ്പെടുന്നമതമാണു് ബ്രാഹ്മണമതമെന്നു പറഞ്ഞാൽ, അവരും, പണ്ടത്തെ ബ്രാഹ്മണാചാര്യന്മാരുടെ മതംതന്നെയാണു് വിശ്വസിക്കുന്നതെന്നു വരുമ്പോഴും ഈ വാദവും നിരർത്ഥകമായിത്തീരുന്നു. അതുകൊണ്ടു് ഇന്നത്തെ ഹിന്ദുമതത്തിലെ ന്യൂനതകൾക്കുത്തരവാദിത്വം വെറും ആകാശകുസുമംപോലെ സങ്കല്പമാത്രപരമായ ബ്രാഹ്മണമതത്തിന്റെ തലയിൽ ചുമത്തിവച്ചിട്ടു് സനാതനപക്ഷവാദികൾക്കു് ഒഴിഞ്ഞുകളയാമെന്നുവച്ചാൽ അതു ശരിയാകുമോ?

ഇനിദോഷഹീനമായ സനാതനമതത്തെപ്പറ്റിയാണു ചിന്തിക്കുവാനുള്ളതു്. ഹിന്ദുമതത്തിലെ ദോഷങ്ങളോരോന്നുംകളഞ്ഞുവരുമ്പോൾ പിന്നെ കാണുവാൻ ഒന്നും ശേഷിക്കുന്നതേ അല്ല. ദോഷഹീനമായ ഒരു സനാതനമതം ഒരിക്കലും ഉണ്ടായിട്ടില്ല. ഇന്നത്തേക്കാൾ സനാതനധർമ്മത്തിനു പ്രചാരമുണ്ടായിരുന്ന മുൻകാലത്തു് ഇന്ത്യയിൽ നാനാവിധത്തിലും നടനമാടിയിരുന്ന മർദ്ദനസ്ഥിതി ഇതിലും എത്രയോ ഭയങ്കരമായിരുന്നു!

ഹിന്ദുക്കളുടെ വേദങ്ങൾ ഉണ്ടായതു് ക്രിസ്തുവിനു 3000 കൊല്ലങ്ങൾക്കു മുൻപാണു്. ഈ മുറയ്ക്കു് ആര്യന്മാരുടെ പ്രാമാണ്യവും പ്രാധാന്യവും ആരംഭിച്ചിട്ടു് ഏകദേശം 5000 കൊല്ലങ്ങളായെന്നു സിദ്ധമാകുന്നു. ആര്യന്മാരുടെ കാവ്യകാലം ക്രി

ക്രിസ്തുവിനു മുൻപു് 1000 വർഷം വരെ എന്നാണു് വച്ചിട്ടുള്ളതു്. ഈ കാലത്താണു്, രാമായണം ഭാരതം ആദിയായ ഗ്രന്ഥങ്ങളുടെ ആവിർഭാവം. അന്നത്തെ ബ്രാഹ്മണമേധാവിത്വവും, അബ്രാഹ്മണമർദ്ദനവും എത്ര ശ്ലേഷമായിരുന്നു എന്നു് ഈ കാവ്യങ്ങൾതന്നെ വിളിച്ചുപറയുന്നുണ്ടു്. മണ്ണിനും, പെണ്ണിനും വേണ്ടി അവർ നടത്തിവന്നിരുന്ന അതിഭയങ്കരയുദ്ധങ്ങളുടെ അഴിമതികളും എത്ര ഘോരമായിരുന്നു എന്നതും ഈ ഗ്രന്ഥങ്ങൾ തെളിയിക്കുന്നുണ്ടു്. ബ്രാഹ്മണനല്ലാതെ ജീവിക്കുവാൻ തന്നെ അർഹതയില്ലെന്നും പറയാമായിരുന്ന അന്നു്, രാജാക്കന്മാർപോലും അവരുടെ പൊൽപടി കേട്ടു നടന്നിരുന്ന. രാജധർമ്മംതന്നെ ബ്രാഹ്മണസംരക്ഷണവും അബ്രാഹ്മണമർദ്ദനവും ആയിരുന്ന. രാമായണാദിഗ്രന്ഥങ്ങൾ ഈ വസ്തുതകൾക്കു ഉത്തമസാക്ഷ്യങ്ങളാണു്. ഇന്നാരും വെറുക്കുന്ന ഈ കാവ്യകാലത്തെക്കാൾ പുരാതനമായിരുന്ന വൈദികകാലത്തെ കഥ ഇതിലും ഭയങ്കരമായിരുന്നു. യാഗങ്ങളും, ഹിംസകളും, മദ്യപാനാദി ദുർമ്മാർഗ്ഗനടപടികളും ആയിരുന്ന അന്നത്തെ പ്രധാനമുക്തിമാർഗ്ഗങ്ങൾ എന്നു പറഞ്ഞാൽ അക്കാലത്തെ സനാതനധർമ്മം എത്ര മെച്ചമായിരുന്നിരിക്കണം!

ക്രിസ്തുവിന്റെ ജനനത്തിനുശേഷം 1000 വർഷംവരെയുള്ള കാലഘട്ടത്തെയാണു് സ്മൃതികാലമെന്നു് പറയുന്നതു്. ഇക്കാലത്തെ ഭരണരീതിയെപ്പറ്റി ഇവിടെ പ്രത്യേകിച്ചു വിവരിക്കേണ്ടതില്ലല്ലൊ. ജനാവലിയെ സദാചാരത്തിലും, നീതിനിഷ്ഠയിലും ഉത്സുകരാക്കുവാൻ വേണ്ടി ചമച്ചിട്ടുള്ള അന്നത്തെഹിന്ദുക്കളുടെ പീനൽക്കോടാണു് മനുസ്മൃതി. അതിന്റെ ഏതാനും പഴകിത്തേഞ്ഞ അവശിഷ്ടങ്ങൾക്കു വശംവദരായിക്കഴിയുന്ന ഇന്നത്തെ അബ്രാഹ്മണജനസമുദായം, ഈ ഇരുപതാം നൂറ്റാണ്ടിലും എത്ര മർദ്ദിതരായിക്കഴിയുന്നു! ആ സ്ഥിതിക്കു്, സംസ്കാരത്തിലും, പരിഷ്കാരത്തിലും, അറിവിലും

ഇന്നത്തേക്കാളും എത്രയോ പിന്നോക്കം നിന്നിരുന്ന സംമൂതി കാലത്തു് അബ്രാഹ്മണർ ഏതു സങ്കടം—സനാതനധർമ്മം മൂലം—അനുഭവിച്ചിരുന്നിരിക്കണം?

ഇനി ഏതു കാലത്തെ സനാതനധർമ്മമാണ് ദോഷഹീന മെന്നു വല്ല സനാതനികളും പറഞ്ഞുതന്നാൽകൊള്ളാം. സനാതനധർമ്മത്തിനു ശക്തിയും പ്രചാരവും ഏറിയിരുന്ന കഴിഞ്ഞ തലമുറകളിൽ ജനങ്ങളും അധികമധികം സങ്കടപ്പെട്ടിരുന്നവരും, സനാതനധർമ്മത്തിനു ശക്തിയും പ്രചാരവും കുറഞ്ഞുവന്ന പിൽകാലങ്ങളിൽ ജനങ്ങളുടെ പീഡകളും അസുഖങ്ങളും കുറഞ്ഞു കുറഞ്ഞു വന്നിരുന്നു എന്നതു് അനിഷേദ്ധ്യമായ ചരിത്രവാസ്തവമാകുന്നു. സനാതനമതം എത്ര വേഗം ഭൂമിയിൽനിന്നും ഒഴിഞ്ഞുമാറുന്നുവോ, അത്രയ്ക്കു ജനങ്ങളും നന്നാകും. ഈ സനാതനദുർഭൂതത്തെ ഉണർത്തിവിടുവാനല്ല, ഹോമിച്ചൊഴിക്കുവാനാണ്, ചിന്താശക്തിയും മർദ്ദനരീതിയും കനിവും ഉള്ള മഹന്മാർ ഒരുമ്പെടേണ്ടതു്.

ഹിന്ദുമതത്തിൽ ഏതിനും സ്ഥാനം.

,,ഹിന്ദുസമുദായഘടനയിൽ പെട്ടു നിന്നുകൊണ്ടുതന്നെ സ്വതന്ത്രസമുദായമായി നില്ക്കാം. ഏതുമാതിരി അഭിപ്രായങ്ങൾക്കും ഹിന്ദുമതത്തിൽ സ്ഥാനമുണ്ട്.'' എന്നാണ് രണ്ടാമത്തെ വാദം. ഏതുമാതിരി അഭിപ്രായത്തിനും ഹിന്ദുമതം ഇടംകൊടുക്കുമെങ്കിൽ ഹിന്ദുമതം വിട്ടു മതമില്ലാതെ ജീവിക്കുന്നതിനും ഹിന്ദുക്കൾക്കു വിരോധം ഉണ്ടാകേണ്ടതില്ലല്ലൊ, മതപരമായി യാതൊരു വിശ്വാസത്തിനും സ്ഥാനം കൊടുക്ക

രുതെന്നാണ് സ്വതന്ത്രവാദികളുടെ സിദ്ധാന്തം. ഹിന്ദുമത ത്തിൽ ഏതിനും സ്ഥാനമുണ്ടെന്നു പറയുമ്പോഴും മനസ്സിലാക്കേ ണ്ടതു്, കള്ളുകുടിയനും, വ്യഭിചാരിയ്ക്കും, കൊള്ളക്കാരനും, കൊലപാതകിയ്ക്കും, പിശാചിനെ ദൈവമാക്കുന്നവനും, കാളി യെ ദൈവമാക്കി 'അഹമാരേ' പാടുന്നവനും, ദ്വൈതവാദി ക്കും, അദ്വൈതവാദിക്കും, ആസ്തികനും, നാസ്തികനും ആർ ക്കും എങ്ങനേയും ആകാം, എന്നുതന്നെയാണ്. എന്നുവച്ചാൽ ഒരു 'പൊറ്റും ചന്തവു'മില്ലാതെ അവരവർക്കു തോന്നിയമാ തിരി കണ്ടമോനജീവിതം എന്നു സാരം. ഇതിനെ ഹിന്ദുമത ത്തിന്റെ മാഹാത്മ്യത്തിനും, അഭിപ്രായസ്വാതന്ത്ര്യത്തിനും, വി ശാലവീക്ഷണത്തിനും മറ്റും ദൃഷ്ടാന്തമായി ഹിന്ദുക്കൾ പുക ഴ്ത്തുന്നു. വാസ്തവത്തിൽ, ഹിന്ദുമതത്തിലെ പൂർവ്വാപരവിരു ദ്ധതകൊണ്ടും, കെടുകാര്യസ്ഥതകൊണ്ടും, ദുർബലത്വത്തിനും മാതൃകയായിട്ടാണിവയെ കരുതേണ്ടതു്. ഹിന്ദുമതത്തിലെ കാട്ടുപടലുകളെപ്പറ്റി വല്ലവരും പറയുന്നതു കേട്ടു കർത്തവ്യ മൂഢരാകുമ്പോഴും, അതുമതം, ഇതുമതം, എല്ലാംമതം എന്നി ങ്ങനെ, അവരവർക്കു തോന്നിയമാതിരി തപ്പിപ്പാരിപ്പറഞ്ഞു രക്ഷപ്പെടുകയല്ലാതെ, തങ്ങളുടെ മതത്തിന്റെ മൗലികതത്വ ങ്ങളും ഇന്നിന്നവയെന്നും, മതാനുഷ്ഠാനങ്ങളും ഇന്നതെല്ലാമെന്നും, മതഗ്രന്ഥം ഇന്നതെന്നും, മതസ്ഥാപകൻ ഇന്നാരെന്നും, സർവ്വോ പരി ഇന്ന രീതിയിലുള്ള ദൈവത്തെയാണ് തങ്ങളും വിശ്വ സിക്കുന്നതെന്നും, ഖണ്ഡിതമായ ഒരഭിപ്രായം ഇതുവരെ ഒരു ഹിന്ദുവും പറഞ്ഞുതന്നിട്ടില്ല. നേരേമറിച്ച്, ഒരു ക്രിസ്ത്യ നോടോ, മുഹമ്മദീയനോടോ, ചോദിച്ചാൽ അവൻ എതു സാധാരണക്കാരനും, പാമരനും ആയിരുന്നാലും, തന്റെ മതം ഇന്നതെന്നും, മതാനുഷ്ഠാനങ്ങളും ഇന്നിന്നവയെന്നും മതഗ്രന്ഥം ഇന്നതെന്നും, മതസ്ഥാപകൻ ആരെന്നും എങ്ങനെയുള്ളതാ ണതന്റെ ദൈവമെന്നും, മുൻപിൻ നോക്കാതെ ഖണ്ഡിത മായി പറഞ്ഞുതരും. അതും ഇതും പറഞ്ഞു പേപ്പിടിയുള്ള

ക്കുവാനൊ, ശ്ലോകക്കസെത്തുചെയ്യ നില്ലുവാനോ അവൻ ഒരു മ്പെട്ടകയില്ല. അവനതിനെറ ആവശ്യവുമില്ല.

ഈ അടുത്തകാലത്തു ഇംഗ്ലെണ്ടിൽചെന്നു പാർലിമെൻറ റിക്കമ്മറിയിൽ മൊഴികൊടുത്ത അഖിലലോക ഹിന്ദുസ മാപ്രസിഡൻറായിരുന്ന ഡാക്ടർ മുൺജി അവിടെ പറഞ്ഞതു്. ഹിന്ദുമതമെന്നാൽ ഇൻഡ്യയിലുള്ള ക്രിസ്തുമതവും, മുഹമ്മദുമതവും, സിക്കുമതവും എല്ലാംകൂട്ടിപ്പിടിച്ചുള്ള ഒരുമതമാണെന്നാണു്. എന്താ പോരേ? ഹിന്ദുമതക്കാരെ തോല്പിക്കുവാൻ ആക്കുസാധിക്കും? ഇപ്രകാരം അടക്കംകൊല്ലിയായ അഭിപ്രായം പറഞ്ഞും മതരക്ഷചെയ്യുവാൻ ഹിന്ദുക്കൾക്കല്ലാതെ കഴിയുമോ? ഹിന്ദുമതമെന്നൊരു മതമേയില്ലെന്നും. അതു ഇൻഡ്യയിൽ കണ്ടതും, കേവലം മൃഗപ്രായന്മാരായ കാട്ടാളരുടെ വിശ്വാസം മുതൽ നാസ്തികവാദംവരെയുള്ള വിഭിന്നരീതികളും, വിശ്വാസങ്ങളും അടങ്ങിയതായ സകല വിശ്വാസങ്ങളേയും ആസ്പദമാക്കി വിദേശിയർ സൗകര്യത്തിനായികൊടുത്ത ഒരു സംജ്ഞമാത്രമാണെന്നും, പറഞ്ഞിരുന്നെങ്കിൽ അതു പരമാർത്ഥമാകുമായിരുന്നു. ഹിന്ദു എന്ന പദം പോലും, സംസ്കൃത ഗ്രന്ഥങ്ങളിൽ കാണുന്നില്ലെന്നാണു് പണ്ഡിതന്മാരുടെ അഭിപ്രായം. അതുതന്നെ നൂതനമായ ഒരു പദമാകുന്നു. കേവലം പ്രാകൃതജനങ്ങളെ എഴുതിവെച്ച ചപ്പുചവറുകളെ എല്ലാം മതഗ്രന്ഥങ്ങളാക്കി "ദൈവം പറഞ്ഞുകൊടുത്തെഴുതിച്ചവയാണവകയും, അതിൽ തെറ്റുവരികയില്ല, ഏതു മാതിരി അഭിപ്രായത്തിനും സ്വാതന്ത്ര്യമുണ്ടു്" എന്നൊക്കെ പറഞ്ഞു ജനങ്ങളെ വഞ്ചിക്കുവാൻ ഇന്നിയുള്ളകലാം സാധ്യമാകുമോഎന്നു കണ്ടതന്നെ അറിയേണ്ടിരിക്കുന്നു.

ഹിന്ദുമതപരിഷ്കരണം.

ദുഷിച്ചുപോയ ഹിന്ദുമതത്തെ സവർണ്ണരും, അവർണ്ണരും യോജിച്ചു പരിഷ്ക്കരിച്ചു", അതിൽനിന്നതന്നെ രക്ഷനേടുകയാണു വേണ്ടതു"" എന്നാണു പിന്നൊരു കൂട്ടരുടെ വാദം. ശവക്കഴിയെക്കാൾ ചീഞ്ഞളിഞ്ഞു ദുർഗ്ഗന്ധം വമിക്കുന്ന ഈ ഹിന്ദുമതം പരിഷ്ക്കരിയ്ക്കുകയോ? ഹിന്ദുമതത്തെ പരിഷ്ക്കരിയ്ക്കുന്നതിലും, എളുപ്പം ചെമ്പിന്റെ കുളവുമാറി ശുദ്ധീകരിയ്ക്കുകയാണു" "പുരാതനവും സനാതനവും പരമപാവനവുമായ ഹിന്ദുമതം ഒന്നുണ്ടെങ്കിൽ അതിനെ സമുദ്ധരിക്കാമെന്നു ഈ ജന്മം നിങ്ങടെ മോഹിക്കേണ്ട" എന്നാണു് ബഹുമുഖനിശിതാസ്യശാലിയായ ശ്രീമാൻ സി.വി.കുഞ്ഞുരാമനവർകടെ 1102-ൽ പള്ളാത്തുരുത്തിൽവെച്ചുകൂടിയ എസ്.എൻ.ഡി.പി. യോഗത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്.

മതപരിഷ്ക്കരണത്തിനായി സ്ഥാപിതമായ ആര്യസമാജത്തിനു ഹിന്ദുമതത്തിലെ വെറും ബാഹ്യാചാരമെന്നു പറയുന്ന ഏതെങ്കും കൂടി നീക്കുവാൻ ഇതുവരെ പ്രവർത്തിച്ചിട്ടും സാധിച്ചിട്ടില്ല. പലരും പല വിധത്തിലും ഉദ്ധരിക്കുവാൻ പണിപ്പെട്ടിട്ടും ഉയർന്നു കാണാത്ത ഈ ചവറുമതം ഇനിയും ഉയർത്തിക്കൊട്ടുവാൻ വൃഥാ ശ്രമംചെയ്യുന്ന സാഹസികരെപ്പറ്റി പരിതപിക്കയല്ലാതെ മറെറന്തു ചെയ്യട്ടെ!

"ഹിന്ദുമതം എന്നുണ്ടായി, എന്നു പറയുവാൻ മനുഷ്യനു സാദ്ധ്യമല്ല. അതത്യന്ത കാലപ്പഴക്കമുള്ള ഒരു പുരാതന സനാതനമതമാണു"" എന്നത്രേ, സനാതനികളും പറയുന്നതു്. ഇത്ര

പഴക്കമേറിയ ഈ ഹിന്ദുമതം വിശ്വസിക്കുന്നവർ ആകെ 23 കോടി ഒരു ലക്ഷത്തിഅൻപതിനായിരം മാത്രമാണു്. *മുഹമ്മദുമതത്തിനു പഴക്കം മനുഷ്യനു പറയാൻ കഴിയുന്ന 1300 കൊല്ലവും, ജനസംഖ്യ 20 കോടി 90 ലക്ഷത്തി 20 ആയിരവുമാകുന്നു. ക്രിസ്തുമതം സ്ഥാപിതമായിട്ടു് 1935 കൊല്ലത്തിലധികമായിട്ടില്ലെങ്കിലും ക്രിസ്ത്യാനികളുടെ സംഖ്യ 68 കോടി 24 ലക്ഷമാകുന്നു. ലോകാരംഭം മുതല്ക്കു് ഉള്ളതെന്നും, സകല മതത്തിനും മാതൃസ്ഥാനം വഹിക്കുന്നതെന്നും, പറയുന്ന ഹിന്ദുമതത്തിൽ ജനസംഖ്യ ഇത്രയ്ക്കു കുറഞ്ഞുകാണുവാൻ കാരണമെന്തെന്നു ഹിന്ദുക്കൾ പറഞ്ഞുതരേണ്ടിയിരിക്കുന്നു. എന്നുണ്ടോയെന്നും ആരുണ്ടാക്കിയെന്നും അറിവില്ലാത്തതുതന്നെ സനാതനമതമഹത്വമായി പലരും വാഴ്ത്താറുണ്ടു്. ജനസംഖ്യകുറഞ്ഞു കാണുന്നതിനും കാരണം മതത്തിന്റെ മഹിമയായിത്തന്നെ അവർ കരുതിയേക്കുമൊ? 1921-ലെ സെൻസസ്സിനുശേഷം 10 കൊല്ലംകൊണ്ടു ശരാശരി നൂറിനു 10.6 കണ്ടാണു് ജനങ്ങളം വർദ്ധിച്ചിരിക്കുന്നതു്. പക്ഷെ; ഹിന്ദുക്കളുടെ ശരാശരി വർദ്ധനവു് 10.4 മാത്രമാകുന്നു. അതായതു് ശരാശരിവർദ്ധനവിൽ നിന്നും (.2) കുറഞ്ഞുപോയിരിക്കുന്നു. എന്നാൽ ഹിന്ദുമതവിശ്വാസത്തിനു നേരെ വിരുദ്ധമായിപ്പോകുന്ന ക്രിസ്തുമതക്കാരുടെ വർദ്ധനവു്, 100-നു് 32 5-ം മുഹമ്മദീയരുടേതു് 100-നു് 13-ം ആകുന്നു. ശരാശരി വർദ്ധനവിൽനിന്നും ക്രിസ്ത്യാനികളം 21.9-ം മുഹമ്മദീയർ 2.4-ം കൂടിയപ്പോഴും ഹിന്ദുക്കളം ശരാശരിയിൽ നിന്നും കൂടി .2 കുറഞ്ഞുപോയിരിക്കുന്നു ഹിന്ദുക്കളുടെ ഈ കുറവിനു കാരണം തീർച്ചയായും ഹിന്ദുസ്ത്രീകളുടെ പ്രസവശക്തി കുറഞ്ഞുപോയതു കൊണ്ടായിരിക്കയില്ല ം. 'ഋഷീശ്വരന്മാരും 'മഹാത്മാ'ക്കളും 'ശ്രീജിത്തു'കളും

ങ്ങൾ'കളും എന്നുവേണ്ടാ എല്ലാ സനാതനികളും കൂടി ഉദ്ധരിച്ചു കൊണ്ടുനടന്ന വകുപ്പടിയാണീക്കണ്ടതു്.

നാമം ചെല്ലുന്തോറും പൊതുവിൽ ജനങ്ങൾക്കു ഹിന്ദുമതത്തിൽ വിശ്വാസം കുറഞ്ഞുവരുന്നു എന്നും, ജാതി ഹിന്ദുക്കളുടെ മർദ്ദനം സഹിയാഞ്ഞു അധികം പേരും മതം വിട്ടു പോകുന്നു എന്നും, കാണിക്കുന്നതിനു് ഇതിലും സജീവമായ തെളിവു വേറെ എന്തുവേണം? ഹിന്ദുമതപരിഷ്കരണം, സനാതനം, പുരാതനം പരിപാവനം എന്നെല്ലാം പറഞ്ഞു തലമുറ തലമുറയായി അജ്ഞരും, അവശരും ആയ ബഹുഭൂരിപക്ഷം ജനങ്ങളേയും കബളിപ്പിച്ചുകൊണ്ടു കാര്യം കാണുകയല്ലാതെ ഈ ശ്രീജിത്തുകൊണ്ടു സാരമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ആര്യസമാജം, ബ്രഹ്മസമാജം, ശുദ്ധിസമാജം, തിയോസഫിസമാജം ഇവയെല്ലാം വെറും പുറം പൂച്ചിനുവേണ്ടി ശ്രമംചെയ്തു കഴിയുകയാണു്. ഇവരുടെയൊക്കെ ശ്രമംകൊണ്ടു ഹിന്ദുമതത്തിലെ താണപടിയിൽ കിടക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾക്കു ഇതുവരെ വല്ല രക്ഷയും ഉണ്ടായിട്ടുണ്ടോ? ഈ സാധുക്കൾക്കു വേണ്ടി അവർ സാരമായി വല്ലതും ചെയ്തു, എന്നു് അഭിമാനിക്കണമെങ്കിൽ ഈ വേണ്ടാതനമതം ഇടിച്ചു നിരത്തുകയാണു വേണ്ടതു്. അതീക്കൂട്ടർ സ്വയം ചെയ്യുമെന്നു കരുതുകയേ വേണ്ട. ഹിന്ദുമതം പരിഷ്കരിച്ചു സ്വത്തെടുത്തുണ്ടു സംതൃപ്തരാകാമെന്നുള്ള ദിവാസ്വപ്നം അസ്ഥാനത്തിലാണെന്നു മേല്പറഞ്ഞ ന്യായങ്ങളാൽ സിദ്ധമാകുന്നുണ്ടല്ലൊ.

നായൻമാരുടെ ആനുകൂല്യം.

വേറൊരു വാദം, "സവർണ്ണഹിന്ദുക്കളും പ്രത്യേകിച്ചും നായന്മാർ നമ്മുടെ എല്ലാവിധ അഭിവൃദ്ധിക്കും അനുകൂല

മല്ലെ? അവരുടെ സഹായത്തലല്ലെ വൈക്കം സത്യാഗ്രഹം സാധിച്ചതു"? ക്ഷേത്രപ്രവേശനത്തിനു അവർ അനുകൂലികളല്ലെ? അവരോടു യോജിച്ചുനിന്നു നമ്മുടെ അഭിമതകാര്യം ഒഴിവാക്കുകയല്ലേ വേണ്ടതു"?,, എന്നൊക്കെയാണു്. നായന്മാർ നമുക്കുവേണ്ടി വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള ഉപകാരസ്മരണയോടുകൂടി ചില സംഗതികാര്യം പ്രസ്താവിച്ചുകൊള്ളട്ടെ. ചില്ലറക്കാര്യങ്ങളിൽ വ്യാമോഹിതരായി, സാരമായ കാര്യങ്ങളെ വിസ്മരിയ്ക്കുയും, നല്ലവാക്കുകളിലും, ഉപചാരങ്ങളിലും ഭ്രമിച്ചു സ്വന്തകാര്യം വെടിയുകയും ചെയ്യുന്നതു രണ്ടും ഒരുപോലെ മൗഢ്യമാകുന്നു. നായന്മാർ അവക്കു യാതൊരുപ്രകാരത്തിലും നഷ്ടമില്ലാത്ത ചിലകാര്യങ്ങളിൽ നമ്മുടെ അഭിമതങ്ങളെ അനുകൂലിച്ചിട്ടുണ്ടു്. അനുകൂലിക്കുന്നുമുണ്ടു്. എങ്കിലും തീർച്ചയായും അവർ നമ്മെ പലപ്രകാരത്തിലും ദ്രോഹിച്ചിട്ടുണ്ടെന്നുള്ളതിനും. ഇന്നും നമ്മുടെ രാഷ്ട്രീയാവകാശങ്ങൾക്കും മാറും അവർ ബദ്ധവിരോധികളാണെന്നുള്ളതിനും സംശയമില്ല നാം തുടങ്ങിയ ഓരോരോ അവകാശവാദങ്ങൾക്കും സ്വാതന്ത്ര്യസംസ്ഥാപനശ്രമങ്ങൾക്കും നായന്മാർ അനുകൂലിച്ചിട്ടില്ലെങ്കിലും, പ്രതികൂലിക്കാതിരുന്നെങ്കിൽ ഇവിടെ വലിയവലിയ മാറ്റങ്ങളും ഇതിനകം ഉണ്ടാകുമായിരുന്നു. ''പബ്ലിക്ക് റോഡുകളിലും, ക്ഷേത്രങ്ങളിലും, സത്രങ്ങളും സ്കൂളുകളും മുതലായ പൊതുസ്ഥാപനങ്ങളിലും പ്രവേശനം തരുന്ന കാര്യത്തിൽ നായന്മാർ അനുകൂലിക്കുന്നില്ലെ?,, എന്നാണു് അവരും നമ്മിൽ പലരും മഹാകാര്യമായി പറഞ്ഞു വരുന്നതു്. ശരി. പൊതുജനങ്ങളുടെ പണം വിനിയോഗിച്ചുണ്ടാക്കിയിട്ടുള്ള പൊതുസ്ഥാപനങ്ങളിൽ ആരുകയറിയാലെന്തു്, ആരിറങ്ങിയാലെന്തു്, നായ്ക്കു അതിൽ നാലുകാശി

ന്റെ നഷ്ടവും വരുവാനില്ല. ഈ തത്വം മനസ്സിലാക്കുവാൻ തക്ക തലയുള്ള നായന്മാരാരും ഈദൃശപൗരാവകാശവാദങ്ങ ൾക്കു എതിരായി നില്ക്കുന്നതല്ല. വല്ലവരും എതിർക്കുന്നുണ്ടെ ങ്കിൽ അതവരുടെ അന്ധമായ മതവിശ്വാസംകൊണ്ടും, ബു ദ്ധിശ്രൂന്യതകൊണ്ടും ആയിരിക്കുവാനേ വഴിയുള്ളൂ. എന്നിരു ന്നാലും ഈവക പൊതുസ്ഥാപനങ്ങളിൽ പ്രവേശിയ്ക്കുവാന ള്ള നമ്മുടെ ഓരോരോ സംരംഭങ്ങളേയും വളരെ ശക്തിയാ യി എതിർത്തുനിന്ന നമ്മെ ദ്രോഹിച്ചിട്ടുള്ളതും നായന്മാര ല്ലാതെ മറ്റാരുമല്ലെന്നതു പരമാർത്ഥമാകുന്നു. ക്ഷേത്രപ്രവേ ശനവാദാരംകോലത്തു് രണ്ടുനാലു വ്യക്തികളൊഴികെ പൊതു വിൽ നായന്മാരും അവരുടെ പത്രങ്ങളും ഈ വാദത്തെ എതു വീറോടും പ്രതികാരബുദ്ധിയോടും കൂടിയാണെതിർത്തിരുന്ന തെന്നുള്ള കാര്യം സർവ്വവിദിതമാണു്. ''ക്ഷേത്രപ്രവേശന മല്ല, തെങ്ങിൻപ്രവേശനമാണു്, അടിയാണു്, കൊട്ടക്കേ ണ്ടതു്'' എന്നൊക്കെക്കൊടി അന്നു് നായർപത്രത്തിൽ മുഖപ്ര സംഗമെഴുതാതിരുന്നില്ല. കറുത്തമഷിയിലെഴുതിയ ആ കറു പ്പു് ചില നായർഹൃദയങ്ങളിൽ ഇന്നും അങ്ങനെ കറകറുത്തിരുണ്ടുകിടക്കുന്നുണ്ടായിരിയ്ക്കുണം. ധീരദേശാഭിമാനിയും സമുദായോത്തേജകനുമായിരുന്ന ശ്രീമാൻ ടി.കെ. മാധവൻ അവർകളും തിരുനൽവേലിയിൽവച്ചു മഹാത്മാഗാന്ധിയെ ക്കണ്ടു് ക്ഷേത്രപ്രവേശനത്തിനനുകൂലമായ ഒരു സന്ദേശമെഴു തിവാങ്ങി പ്രസിദ്ധപ്പെടുത്തിക്കണ്ടതിനു ശേഷമാണു് നായ ന്മാർ ഇതേപ്പറ്റി ആക്ഷേപം കുറച്ചു്, ആലോചിക്കുവാൻ തുടങ്ങിയതു്. തദനന്തരം, ''ഗാന്ധി പറഞ്ഞില്ലെ, കോൺ ഗ്രസ് കാര്യമല്ലേ, പരിഷ്ക്കാരത്തിനു ചേർന്നതല്ലേ, പേ രിനു മാർഗ്ഗമല്ലേ'' എന്നും മറ്റുമുള്ള സങ്കുചിതചിന്തയാൽ

പ്രേരിതരായി പലരും ക്ഷേത്രപ്രവേശനത്തെ അനുകൂലിച്ചു എഴുതുവാനും പ്രസംഗിക്കുവാനും തുടങ്ങി. നായർസമ്മേളനങ്ങളിൽ ഇതിനനുകൂലമായി നിശ്ചയങ്ങളും പാസ്സാക്കി. ഈ വസകേളിൽ ഇതേപ്പറ്റി ധീരധീരം അവർ പ്രസംഗിച്ചു. ക്ഷേത്രപ്രവേശനക്കമ്മറ്റി മുമ്പാകെ മിക്ക നായന്മാരും അനുകൂലിച്ചുമൊഴികൊടുത്തു. ഇതെല്ലാം വാസ്തവംതന്നെ. പക്ഷെ സഭയിൽ പ്രസംഗിക്കുകയും പ്രമേയം പാസ്സാക്കുകയും, പത്രങ്ങളിൽ എഴുതുകയും മൊഴികൊടുക്കുകയും മറ്റും എളുപ്പം സാധിക്കാവുന്നതും ധനവ്യയം ഇല്ലാത്തതുമായ സംഗതികളാകുന്നു. ക്ഷേത്രപ്രവേശനവിഷയമായി യഥാർത്ഥത്തിൽ നായന്മാക്കു ഇത്രമാത്രമേ ചെയ്യുവാൻ കഴിവുള്ളോ? പ്രാഥമികമായും പ്രധാനമായും ചെയ്യേണ്ടതിവയാണോ? അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തിനു അനുകൂലികളായ നായന്മാർ ഒന്നാമതായി ചെയ്യേണ്ടതു", ക്ഷേത്രത്തിൽ അവക്കുതന്നെയുള്ള ആക്ഷേപാർഹമായ അസ്വാതന്ത്ര്യങ്ങളേയും, പരിഹാസ്യപരമായ അസമതാങ്ങളേയും ഒഴിവാക്കുകയാകുന്നു. ഹിന്ദുമതത്തിലെ നാലാംകു"ളാസ്സുകാരായി നായന്മാർ കിടന്നുകൊടുക്കുന്നതുകൊണ്ടു" ക്ഷേത്രങ്ങളിൽ അവർ അനുഭവിക്കുന്ന അസമതാങ്ങൾക്കതിരില്ല. ക്ഷേത്രത്തിലെ സദ്യയ്ക്കും സവ്വാണിക്കും "ഉപ്പുതൊട്ടു കർപ്പൂരംവരെ" സകലതും നായന്മാർ അടുപ്പിച്ചു കൊടുക്കണം. അവയൊന്നും അനുഭവിക്കുവാനുള്ള അവകാശാധികാരങ്ങളും നായ്ക്കില്ല. അവൻ കയ്യുംകെട്ടി ദൂരെ ഓഛാനിച്ചു നിന്നുകൊള്ളണം. ക്ഷേത്രത്തിൽ നടക്കുന്ന അഴിമതികളും, അസമതാങ്ങളും, ജാതിജന്യമായ അസ്വാതന്ത്ര്യങ്ങളും നായർ അനുനിമിഷം അനുഭവിച്ചു വശംകെട്ടുന്നുണ്ടു". ക്ഷേത്രങ്ങൾക്കു വളരെ വെളിയിൽ നില്ക്കുന്ന അവർണ്ണർ ക്ഷേത്രകാര്യമായി നായന്മാരോളം അവശതകളും അനുഭവിക്കുന്നവരല്ല. ഇത്ര

ത്തോളം നിന്ദ്യമായും നീചമായും ഉള്ള അവമതികരം ക്ഷേത്രങ്ങളിൽ നായന്മാർ അനുഭവിക്കുന്നുണ്ടെങ്കിലും അവർ അതെല്ലാം ഒരുവക മതപരമായ കാരുണ്യത്തോടുകൂടിയോ, മോക്ഷദായകമായോ കരുതുകയായിരിക്കണം. ഈ നെടുമോഹനിദ്രയിൽ നിന്നും നായർ ഉണർന്നു സവർണ്ണസമുദായങ്ങളിലെ ഇതരവർഗ്ഗക്കാരോടൊപ്പം സമത്വം സ്ഥാപിച്ചതിനുശേഷം ഈഴവരാദി അവർണ്ണർക്കു ക്ഷേത്രപ്രവേശനം വാങ്ങിക്കൊടുക്കുവാൻ ശ്രമിച്ചാൽ അതിനർത്ഥമുണ്ട്. അതിൽ ആത്മാർത്ഥതയുമുണ്ട്. അല്ലാതുള്ള ശ്രമം വെറും കപടതന്ത്രം, എന്നേ കഥയുള്ളവർ ഇക്കാലത്തു കരുതുകയുള്ളു. മുക്കുടിയനായ ഒരുവൻ അന്യരെ മദ്യപാനത്തിൽനിന്നും വിരമിപ്പിക്കുവാനുപദേശിച്ചാൽ ചിരിക്കാത്തവരുണ്ടായിരിക്കുമോ?

രണ്ടാമതായി നായന്മാർ ചെയ്യാനുള്ളതു് അവരുടെ സ്വന്തം ക്ഷേത്രങ്ങളിൽ അവർണ്ണർക്കു പ്രവേശനം കൊടുക്കുകയാകുന്നു. ഇതിനു ഗവൺമെൻറനുവാദത്തിനോ മറ്റു സമുദായങ്ങളുടെ സമ്മതത്തിനോ കാത്തിരിക്കേണ്ടതില്ലല്ലോ. നായന്മാരുടെ വകയായി എത്രയോ ക്ഷേത്രങ്ങളും ഈ കേരളത്തിൽ ഉണ്ട്. ക്ഷേത്രപ്രവേശനത്തിനനുകൂലിക്കുന്ന നായന്മാർ ഈ ക്ഷേത്രങ്ങളിലെല്ലാം അവർണ്ണരെ പ്രവേശിപ്പിച്ചു ഗവൺമെൻറിനും അന്യസമുദായക്കാർക്കും മാതൃക കാട്ടിക്കൊടുക്കട്ടെ അവരുടെ ഉദ്ദേശശുദ്ധിയെ ലോകസമക്ഷം പ്രസ്പഷ്ടമാക്കട്ടെ! ഈ മാതിരി കാര്യക്ഷമമായ പ്രവർത്തികളിൽ നായന്മാരുടെ ശ്രദ്ധ ഇതുവരെ കാര്യമായി പതിഞ്ഞുകണ്ടിട്ടില്ല. ഗാന്ധിയുടെ പട്ടിണിവ്രതകാലത്തു് അങ്ങിങ്ങായി ആർക്കും വേണ്ടാതെ മൂടിഞ്ഞുകിടക്കുന്ന ചില കൊട്ടിലുകളിലോ കോയിലുകളിലോ അധഃകൃതർക്കു പ്രവേശനം കൊടുത്തതായി എഴുതിക്കണ്ടു. മിക്കവാറും അവയെല്ലാം തന്നെ ഇപ്പോഴും ശൂദ്ധി

ചെയ്യ് അടസ്സുകയും ചെയ്തുകഴിഞ്ഞു. ക്ഷേത്രപ്രവേശനത്തിനു നായന്മാർ മനഃപൂർവ്വം ശ്രമിച്ചിറങ്ങിയാൽ ആ മഹാശക്തി പ്രവാഹത്തെ പ്രതിരോധിക്കുവാൻ ഇവിടെ യാതൊരുത്തർക്കും, കഴിവുണ്ടായിരിക്കയില്ല. സ്വന്തം സാമൂഹ്യശക്തിയിൽ വിശ്വാസമില്ലാഞ്ഞ മടിയന്മാരല്ല നായന്മാർ. എന്നിട്ടും അവർ ഇക്കാര്യത്തിൽ വഴിതെറ്റി കാണുന്നതു് അവരുടെ ഹിന്ദുമതവിശ്വാസം കൊണ്ടായിരിക്കണം.

'സഞ്ചാരസ്വാതന്ത്ര്യത്തിനായി നായന്മാർ വളരെ ശ്രമം ചെയ്തു, എന്നതാണു പിന്നത്തെ വാദം. ഇല്ലെന്നില്ല. ഈഴവരും, പുലയരും, തിരുവാർപ്പിലും മറ്റും നായന്മാർ ചില ത്യാഗങ്ങളും അനുഷ്ഠിച്ചു സഹായിച്ചു. വൈയ്ക്കത്തു കോൺഗ്രസ്സുകാരായ ചില നായർമാന്യന്മാർ സത്യാഗ്രഹത്തിനു വേണ്ടി ജയിലിൽ പോകയും, തല്ലുകൊള്ളുകയുംകൂടി ചെയ്തു. പക്ഷെ, വൈയ്ക്കം സത്യാഗ്രഹത്തിനെതിരായി 'ധർമ്മസത്യാഗ്രഹ'മെന്നപേരിൽ ഒരു എതിർസത്യാഗ്രഹം ആരംഭിക്കുകയും അതിനുവേണ്ടി ഒരു പത്രംതന്നെ നടത്തുകയും, സത്യാഗ്രഹികളെ കഠിനകഠിനം മർദ്ദിക്കുകയും ചെയ്തതും, അതിനു മുൻനിന്നതും, നായന്മാരല്ലാതെ മറ്റാരുമല്ലായിരുന്നു. കഷ്ടിച്ചു ഒന്നോ രണ്ടോ വ്യക്തികളൊഴികെ വൈക്കത്തെ പഠിപ്പും, പണവും ഉള്ള നായർപ്രമാണികളെല്ലാം സത്യാഗ്രഹത്തിനു ബദ്ധശത്രുക്കളായിരുന്നു എന്നുള്ള വിവരം കപ്രസിദ്ധമാണു്. നോക്കുക, സത്യാഗ്രഹത്തോടു് അവർക്കുള്ള പ്രതിഷേധപ്രകടനം! സവർണ്ണഹിന്ദുജാത്യയെപ്പറ്റിയും ഈ അവസരത്തിൽ കൃതജ്ഞതാപൂർവ്വം ഞാൻ സ്മരിയ്ക്കാതിരിക്കുന്നില്ല. ഈ ജാത്യയെ സ്വീകരിക്കുന്നതിനും, സല്ക്കരിക്കുന്നതിനും, ജാത്യയുടെ മറ്റാവശ്യങ്ങൾക്കും മിക്കവാറും പണം കൊടുത്തതു് ഈഴവരും മറ്റവർണ്ണസമുദായക്കാരുമായിരുന്നു. അവർണ്ണർ നിരത്തിയ പണത്തിന്റെ പുറത്തുകൂടി ചവുട്ടിനടന്ന സവർണ്ണർ

തിരുവനന്തപുരത്തെത്തി മേന്മനേടിയെന്നു പറഞ്ഞാൽ അതു് അലങ്കാരോക്തിയായിപ്പോകുന്നതല്ല. സഞ്ചാരസ്വാതന്ത്ര്യത്തിനു വേണ്ടി സവർണ്ണരുടേയും, കൗൺഗ്രസ്സിന്റേയും മേധാവിത്വത്തോടുകൂടി സമരംചെയ്തു നടത്തിയ ആ സംരംഭം തീർച്ചയായും, പരിപൂർണ്ണവിജയത്തിലല്ല കലാശിച്ചതെന്നു മാത്രമേ തല്ക്കാലം ഇവിടെ പ്രസ്താവിക്കേണ്ടുള്ളു. പല വലിയ ഒച്ചപ്പാടുകളും, പ്രക്ഷോഭണങ്ങളും സഞ്ചാരസ്വാതന്ത്ര്യപരമായി സവർണ്ണരും, കൗൺഗ്രസ്സുകാരും ഇവിടെ ഉണ്ടാക്കിയെങ്കിലും ഫലം 'മല എലിയെ പ്രസവിച്ച'തുപോലെ നിസ്സാരം. ഇന്നും അവർണ്ണൻ തീണ്ടല്ലുള്ളവൻതന്നെ. അവനു നടക്കുവാൻ പാടില്ലാത്ത പബ്ലിക്കുവഴികളും തിരുവിതാംകൂറിൽതന്നെ ഏറെറിൽപരം!!

അയിത്തോച്ചാടനപരമായും നായന്മാർക്കുസ്വയമായി പലതും ചെയ്യുവാനുണ്ട്. എന്നാൽ അതിലും അവർ മൗനം ദീക്ഷിക്കുകയാണു ചെയ്യുന്നതു്. നായന്മാരുടെ വക ക്ഷേത്രങ്ങളും ക്ഷേത്രവുമുള്ള വഴികളിൽ കൂടി അവർണ്ണരെ നടത്തുവാൻ ആരുടേയും അനുമതി മുൻകൂട്ടിക്കേണ്ടതില്ല. എന്നിട്ടും അവർ അതു ചെയ്യുന്നില്ല. പതിവായി നടക്കുന്ന ചില വഴികളും ചില പ്രത്യേക അവസരങ്ങളിൽ കൈട്ടിഅടച്ചു യാത്രക്കാരെ വിഷമിപ്പിക്കുന്നതിനു് അനേകം ദൃഷ്ടാന്തങ്ങൾ കാണിക്കുവാനുണ്ടാകും. ഉത്സവവേളകളിൽ ഈഴവരാദി സമുദായക്കാരേ ക്ഷേത്രപരിസരങ്ങളിൽകൂടി നടത്താതിരിക്കുവാൻ ചില നായർമാന്യന്മാർ കാണിക്കുന്നവെപ്രാളം ചില്ലറയൊന്നുമല്ല നായന്മാരുടെ സങ്കേതങ്ങളിൽകൂടി വഴിനടത്തുകയില്ലെന്നതു, ഇന്നും നടപ്പിലിരിക്കുന്ന ഒരു പതിവാകുന്നു. വഴിനടത്തുവാൻ അനുവദിക്കാത്തവരുടെ ക്ഷേത്രങ്ങളിലും, വസതികളിലും, കുളങ്ങളിലും മറ്റും പ്രവേശനം തരാത്തതിൽ അതിശയിപ്പാനില്ലല്ലോ. ഹിന്ദുമതത്തിലെ നാറിയ ശൂദ്ധാശൂദ്ധവിചാരവും, ജാതിക്കുശ്ര

ന്വും കളയാത്ത നായന്മാർ എവിടേയും ഉണ്ട്. അടുത്തുനോക്കുന്തോറും ജാതിക്കുശുമ്പ് ഏതു നായരിലും ഏറക്കുറെ പ്രത്യക്ഷപ്പെടുന്നതായി അനുഭവപ്പെടാതിരിക്കയില്ല. പാഠിപ്പിലും, പണത്തിലും ഉയന്നവരായാലും, മതം വരുത്തിവച്ച നീചമായ മേലുകീഴുവിചാരവും, ജാതിസംപദ്ധയും അവരിൽനിന്നും മാറിക്കാണുവാൻ വിഷമംതന്നെ. കൊച്ചിയിലെ ഒരു നായർ സമുദായ നേതാവു്—വിദ്വാനും, സാഹിത്യകുശലതയും പ്രശസ്തിയും ഒരുപോലെ നേടിയ ഒരുപൊതുജനസേവകൻ— ബി എ. ക്കാരനായ ഒരു ഈഴവനോടുപോലും ഈ അടുത്തകാലത്തു അയിത്തവും, ജാതിമേന്മയും ആചരിച്ച കഥ പത്രലോകത്തിൽ കോളിളക്കിയ ഒരു വാർത്തയാണു്. നായരുടെ ജാതിവിചാരത്തിന്റെ മാറ്റുനോക്കുവാൻ ഇതിലും പരമമായ ഒരു ദൃഷ്ടാന്തം ഉദ്ധരിക്കേണ്ടതില്ലല്ലോ. ചില പകൃതിക്കുച്ചേരികളിലും അഞ്ചലാഫീസുകളിലും അവർണ്ണനെ അടുപ്പിക്കുവാൻ അമാന്തിക്കുന്ന നായർപാർവത്യകാരന്മാരും, അഞ്ചൽ മാസ്റ്റർമാരും ഇന്നും ഇല്ലേ? നായക്കു പ്രത്യേകസൗകര്യവും കാര്യലാഭവും ഉള്ളെടങ്ങളിലെങ്ങും മറ്റുള്ളവരെ അടുപ്പിക്കുന്നില്ലെന്നല്ലേ, ഇതുകൊണ്ടെല്ലാം മനസ്സിലാക്കേണ്ടതു്. പൊതുക്ഷേത്രങ്ങളിലും റോഡുകളിലും, മറ്റു സ്ഥാപനങ്ങളിലും ആരെങ്കിലും കയറിക്കൊള്ളട്ടേ, എന്നു വല്ലുന്നതിൽ വല്ല ത്യാഗവും ഉണ്ടോ? (അക്കാര്യത്തിലും എതിരില്ലാതില്ല) വല്ലതും ജയിച്ചെങ്കിൽ 'ഞങ്ങടെ മുൻനിന്ന വാദിച്ച സാധിച്ചതല്ലേ' എന്നവക്കഭിമാനിയ്ക്കാമെന്നുമുണ്ടല്ലോ. പ്രത്യേകിച്ചും തങ്ങളുടെ രാഷ്ട്രീയാധികാരക്കുത്തകയിൽ കൈവച്ചുടക്കിയിരിക്കുന്ന അഹിന്ദുക്കളോടെതിരിടുവാൻ ഈഴവരാദി അവർണ്ണസമുദായങ്ങളുടെ സഹകരണത്തിനു് ഇതു പ്രേരകമാക്കാമെന്നും അവർ കരുതുന്നുണ്ടു്. അവർണ്ണരുടെ അവകാശവാദങ്ങളിൽ ആദ്യമാദ്യം എതിർപ്പു പയറ്റിനോക്കി, ഫലമില്ലെന്നുകണ്ടു മടങ്ങിവന്നു

സഹായത്തിനു നില്ക്കുന്നതിന്റെ പരമരഹസ്യം ഇതുതന്നെയാണെന്നതിനു സംശയമില്ല.

പബ്ലിക്സർവ്വീസിൽ അവർണ്ണരെ നിയമിക്കുന്ന കാര്യത്തിൽ അധികാരസ്ഥരായ നായർഉദ്യോഗസ്ഥന്മാർ എത്ര നീതികെട്ട നയമാണു് തിരുവിതാംകൂറിലും, കൊച്ചിയിലും കൈക്കൊള്ളുന്നതെന്നു പറയുവാൻ വിഷമം. മറ്റുള്ളവരുടെ അവകാശത്തെ നിർദ്ദയം വിഴുങ്ങിച്ചും, സ്വവർഗ്ഗക്കാരെ കടത്തിവിടണമെന്നുള്ള മനഃപൂർവമായ ഉദ്ദേശമാണിവർക്കുള്ളതെന്നു കാണിപ്പാർ അനേകം ദൃഷ്ടാന്തങ്ങളെ ഇവിടെയും, എവിടെയും ഉണ്ടാകും. എല്ലാ സമുദായക്കാർക്കും ഉദ്യോഗം യോഗ്യതാനുസരണവും, ജനസംഖ്യാനുപാതികവുമായി കിട്ടണമെന്നുള്ള വർഗ്ഗീയപ്രാതിനിധ്യവാദത്തിനു നായന്മാർ നിയമസഭകളിലും, പുറത്തും എത്ര ശക്തിയായിട്ടാണെതിർത്തുവരുന്നതെന്നുള്ള വിവരം ഏവർക്കും അറിവുള്ളതാണല്ലൊ. അവശസമുദായോദ്ധാരകരെന്നു അഭിമാനിക്കുന്ന ചില വിരുതന്മാർ ഈ വാദംവരുമ്പോഴും അവിടെ എത്ര ശക്തിമത്തായ എതിരുകളാണു പുറപ്പെടുവിച്ചുകണ്ടതു്. "വർഗ്ഗീയവാദം മിണ്ടരുതു്; അതു നീതിയും ആദർശവുമില്ലാത്തതു്." എന്നൊക്കെയാണിവർ തട്ടിവിടുന്നതു്. വർഗ്ഗീയവാദികളോ, ഈ എതിരുകാരോ, അധികം വർഗ്ഗീയമനസ്ഥിതി പാലിക്കുന്നവർ എന്നു്, ആലോചിച്ചാൽതന്നെ ഈ എതിർപ്പിൽ അടങ്ങിയിരിക്കുന്ന സ്വാർത്ഥതയും, സ്വഗാലത്വവും മനസ്സിലാകും. സർവീസിൽ കൂടുതൽ പ്രാതിനിധ്യമുള്ളവർ കുത്തകയായി വച്ചിരിക്കുന്ന ഉദ്യോഗങ്ങളിൽ ചിലവ മറ്റുള്ളവക്കായും കൊടുക്കേണ്ടിവന്നേക്കുമെന്ന സ്വാർത്ഥാദ്ദേശംകൊണ്ടു മാത്രമാണു് ഭംഗിയുള്ള നീണ്ട ആദർശവാദംചെയ്തു് അവർ ഈ പൗരസമത്വവാദത്തെ എപ്പോഴും എതിർത്തുനില്ക്കുന്നതു്. ജാതി

പോകാനാണിവർ കാംക്ഷിക്കുന്നതെങ്കിൽ എല്ലാവർക്കും പ്രാതിനിധ്യംകൊടുത്ത് തുല്യയോഗ്യതയുള്ളവരാക്കിത്തീർക്കാൻ ഉത്സാഹിക്കണം. അതിനിവർ സന്നദ്ധരല്ല. ഇന്നും, തീണ്ടലും തൊടീലും പാലിക്കാൻ ഭയപ്പെടാത്ത പൊണ്ണന്മാർ ഇല്ലെട്ടരിലുണ്ട്. ഇത്ര വർഗ്ഗീയതപം പരിപാലിക്കുന്ന ഇവർ വർഗ്ഗീയവാദത്തിനു് എതിരായി വേദാന്തം പാട്ടുന്നതു കേട്ടാൽ മന്ദഹസിക്കാതിരിക്കുവാൻ കഴിയുമോ? പബ്ലിക്കുസർവീസു് എല്ലാ വർഗ്ഗക്കാരേയും നിരത്തിവയ്ക്കുവാനുള്ള കാഴ്ചബംഗ്ലാവല്ലെന്നാണു് നായർസമുദായത്തിലെ ഒരു സമ്മത നായ നേതാവു തിരുവിതാംകൂർ നിയമസഭയിൽ പറഞ്ഞതു്. ഈ അഭിപ്രായം കൊച്ചിയിൽ ദിവാൻജിയായിരുന്ന ഒരു നായർദിവാൻ വർത്തുവിട്ടതാണു്. പബ്ലിക്കുസർവീസു് നായന്മാർക്കു മാത്രമുള്ളതെന്നായിരിക്കണം ഇവരുടെ 'ശുദ്ധഗതി'യിൽ തോന്നുന്നതു്. 51ലക്ഷം ജനങ്ങളുള്ള തിരുവിതാംകൂറിലെ ആകെയുള്ള 24768 ഉദ്യോഗങ്ങളിൽ 13435-ം $8\frac{1}{2}$ലക്ഷം മാത്രമുള്ള നായന്മാർ കരസ്ഥമാക്കിയിരിക്കയാണു്. പ്രാതിനിധ്യം മറ്റുള്ളവക്കും ജനസംഖ്യാനുപാതികമായി കിട്ടിപോയാൽ തങ്ങളുടെ ഈ വമ്പിച്ച വീതം കുറഞ്ഞുപോകുമല്ലൊ എന്നുള്ള നീചമായ സ്വാർത്ഥപ്രതിപത്തിമാത്രമാണു്, നായന്മാരെ വർഗ്ഗീയവാദവിരോധികളാക്കി വിട്ടിരിക്കുന്നതു്.

നിയമസഭകളിലെ പ്രാതിനിധ്യത്തിനും നായന്മാർ നമുക്കു വളരെ എതിരാണു്. ഇക്കാര്യത്തിൽ എത്ര വീറും, വാശിയുമാണവക്കുള്ളതെന്നു അടുത്ത കാലത്തു തിരുവിതാംകൂറിൽ നടന്ന നിയമസഭാതിരഞ്ഞെടുപ്പുകളിൽനിന്നും വ്യക്തമാകുന്നുണ്ടല്ലൊ. ഒരൊറ്റ നായർപത്രം മാത്രമാണു് തിരുവിതാംകൂറിലെ നിവർത്തനപ്രസ്ഥാനത്തിന്നാധാരമായ സംഗ

തികളോട്‌ അനുകൂലിച്ചിട്ടുള്ളതു്. മറ്റുള്ള സകല നായർപ
ത്രങ്ങളും എതിർക്കുകയാണുണ്ടായതു്. തിരുവിതാംകൂർ നിയമ
സഭകളിലെ 59 സീറ്റുകളിൽ 35-ം നായന്മാർക്കു ലഭിച്ചിട്ടും താ
ങ്ങളുടെ പങ്കു കുറഞ്ഞുപോയെന്നാണു അവരുടെ ഭാവം. തിരു
വനന്തപുരത്തെ കുപ്രസിദ്ധമായ നായർസമ്മേളനത്തിലെ
അദ്ധ്യക്ഷൻ ഈ പിടിച്ചുപറിക്കും അവർക്കു് ന്യായമുണ്ടെന്നു
കാണിക്കുവാൻ സാഹസപ്പെടുകയുണ്ടായി. നോക്കുക, സഹോ
ദരസമുദായങ്ങളുടെ നേരെ നായർ സമുദായക്കാർക്കു തോന്നുന്ന
നീതിബുദ്ധി! തിരുവിതാംകൂറിലും, കൊച്ചിയിലും ഒട്ടേറെ
നായന്മാരെ ഈഴവർ മനഃപൂർവ്വം സഹായിച്ചു പലപ്പോഴും
നിയമസഭകളിൽ കടത്തിവിട്ടിട്ടുണ്ടു്. അതിനു പകരമായെ
കിലും, ഒരൊറ്റ ഈഴവനെ ഇതിനകം നായന്മാരുടെ വോട്ടു
കൊണ്ടു പറഞ്ഞയക്കുവാൻ അവർക്കു കഴിഞ്ഞിട്ടുണ്ടോ? ഏവി
ടെയെങ്കിലും. ഒരീഴവനുവേണ്ടി ഏതെങ്കിലും ഒരു നായർ
സ്ഥാനാർത്ഥി ഒഴിഞ്ഞുകൊടുത്തു് ആ നിലയ്ക്കെങ്കിലും ഈഴവ
നെ സഹായിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? നിവർത്തനക്കുറവുള്ള
വല്ലഈഴവർക്കും നായന്മാർവോട്ടുകൊടുത്തിട്ടുണ്ടെങ്കിൽ അതു നാ
യന്മാരുടെ രക്ഷയ്ക്കുവേണ്ടിയെന്ന മാത്രമല്ല; അവശസമുദായ
ങ്ങളുടെ അവകാശത്തെ നിഷ്കരുണം മർദ്ദിക്കുന്നതിനും കൂടി
യായിരുന്നു. നായരുടേയും കാൺഗ്രസ്സിന്റേയും പുറകെ
ഹിന്ദുനാഗരികതയും പാടിക്കൊണ്ടു നടന്ന സുസമ്മതനായ
മിസ്റ്റർ ടി.കെ.മാധവനുവേണ്ടി വോട്ടുചെയ്യണമെന്നു് ഒരു
മഹായോഗത്തിൽ സഹോദരൻ മിസ്റ്റർ കെ.അയ്യപ്പൻ പറഞ്ഞ
പ്പോഴും, ഒരു നായരീഴവമൈത്രീപ്രവാചകനായ മിസ്റ്റർ മന്ദ
ത്തു പത്മനാഭപിള്ള ,,പതിനഞ്ചുകൊല്ലത്തേക്കു നായന്മാരുടെ
വോട്ടുകൂടി ഈഴവനു കിട്ടുവാൻ വിഷമമാണു്'' എന്നു പറഞ്ഞു.
മൈത്രീപ്രസംഗം കേട്ടു മയങ്ങി രണ്ടുലക്ഷം മാനസാന്തരം വന്നി
രുന്നക്കാവുന്ന നായന്മാരെ സൂചനാകൗശലമേറിയ ഭാഷയാൽ

ക്കിരിക്കാൻ ശ്രമിക്കുകയാണുണ്ടായതു്. നിയമസഭകളിലും പബ്ലിക്സർവ്വീസിലും നമ്മുടെ പ്രവേശനത്തിനു നായർ സമുദായം ഒന്നടങ്കം വിരോധികളാണെന്നു കാണിക്കുവാൻ ഇതുപയും സംഗതികളും മതിയാകുമെന്നു വിശ്വസിക്കുന്നു.

ഈഴവരുടെ പൊതുക്കാര്യങ്ങളോടും, പൊതുസ്ഥാപനങ്ങളോടും നായന്മാർക്കുള്ള സഹകരണമനോഭാവത്തെപ്പറ്റിയും ഈ അവസരത്തിൽ അല്പം ചിന്തിക്കാം. നായന്മാർക്കു ക്ഷേത്രങ്ങളും പണിയാനും, ഉത്സവം നടത്താനും, സംഘങ്ങളും സ്ഥാപിക്കാനും, സഭകളും കൂട്ടുവാനും ഈഴവരുടെ പണം ധാരാളമായി വ്യയം ചെയ്തിട്ടുണ്ടു്. ഈഴവരോടു ചോദിക്കുവാനും വാങ്ങുവാനും അവർക്കധികാരമുണ്ടെന്നാണു് അവരുടെ ധാരണയും ഈഴവരുടെ വിശ്വാസവും. ഈ വകയൊന്നുമല്ലാം അവർചോദിക്കുന്നതു കൊടുത്തില്ലെങ്കിൽ, കിട്ടുന്നതുവരെ ചോദിയ്ക്കുകയും, കിട്ടിയില്ലെങ്കിൽ ഉപദ്രവിയ്ക്കുകയും ചെയ്തിട്ടുള്ളതിനു തെളിവുകൾ അനവധിയുണ്ടു്. ഈഴവർ മുൻനിന്നു നടത്തുകയും നടത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്കും ഏർപ്പാടുകൾക്കുംവേണ്ടി നായരുടെ ഒരു കാശെങ്കിലും ചിലവിട്ടിട്ടുണ്ടെന്നു കാണിക്കാൻ വളരെ പ്രയാസമാണു്. ഈഴവക്ഷേത്രങ്ങളിൽ പോകുകയോ, വഴിപാടുകൾ കഴിക്കുകയോ ചെയ്യുന്നതു നായർക്കു ചേർന്നതല്ലെന്നാണു വയ്പു്. അഥവാ അതിനു വിപരീതമായി പ്രവർത്തിക്കുന്നതു് അവർക്കു ഏറ്റക്കുറെ അപമാനവുമാണത്രേ.

ഈഴവർ നടത്തുന്ന സംഘങ്ങളിൽ നായന്മാരെ അദ്ധ്യാപകരായി വയ്ക്കുന്നതു സർവസാധാരണമാണെങ്കിലും, നായർ മാനേജ്മെൻറുസംഘങ്ങളിൽ ഈഴവ അദ്ധ്യാപകരെ വയ്ക്കുവാൻ അവർ സന്നദ്ധരല്ല. ഈഴവരുടെ പണംകൊണ്ടുകൂടി പണിയിച്ചു നടത്തിവരുന്നതും, ഈഴവക്കുട്ടികളും അധികമായിപഠിച്ചു വരുന്നതുമായ നായർസർവീസു സൊസൈറ്റിസംഘങ്ങ

ളിൽ –ചില ഹൈസ്കൂളുകളിൽ-മതമുണ്ടെങ്കിലും ഓരോ ഈഴവ അദ്ധ്യാപകനെവച്ചു കിട്ടുവാൻ വലിയ പ്രക്ഷോഭണം തന്നെ നടത്തേണ്ടിവന്നിട്ടുണ്ട്".

''ശ്രീനാരായണഗുരുസ്വാമി ഈഴവരുടെ മാത്രം ഗുരുവല്ല, ഹിന്ദുസമുദായങ്ങളുടെ ഒട്ടാകെയുള്ള ഗുരുവാണു". അദ്ദേഹം യഥാർത്ഥബ്രാഹ്മണനാണ്'' എന്നും മറ്റും നായന്മാർ ധാരാളമായി ഈഴവസഭകളിൽ പ്രസംഗിച്ചുകേട്ടിട്ടുണ്ട്. ഈ പ്രസംഗത്തിനൊത്തവണ്ണം അവർ അദ്ദേഹത്തെബഹുമാനിച്ചിരുന്നുവോ എന്നാണു് നാം നോക്കേണ്ടതു്. അവക്കു ഇത്ര പൂജ്യനായ സ്വാമിയെ ''ബ്രഹ്മജ്ഞാനേതി ബ്രാഹ്മണഃ'' എന്ന തത്വം പുരസ്കരിച്ചു് ഒരു ബ്രാഹ്മണനാക്കിയില്ലെങ്കിലും, അദ്ദേഹത്തിന്റെ ജാതിനോക്കി തരംതിരിക്കാതിരുന്നെങ്കിൽ മതിയാകുമായിരുന്നു. ഏതെങ്കിലും ഒരു നായർ ക്ഷേത്രത്തിൽ സ്വാമിയെ പ്രവേശിപ്പിക്കുവാൻ അവക്കു സന്മനസ്സുണ്ടായിട്ടുണ്ടോ? സ്വാമിയെ ബഹുമാനിക്കുന്നതിനും, സ്വാമിയോടു് അവർക്കുണ്ടെന്നുപറയുന്ന ഭക്തിയെ പ്രകടിപ്പിക്കുന്നതിനുംവേണ്ടി സ്വന്തമായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അദ്ദേഹത്തെ ബഹുമാനിക്കുവാനും സൽക്കരിക്കുവാനും ആയി എത്ര സമ്മേളനങ്ങളാണു നായന്മാർ കൂട്ടിയിട്ടുണ്ടു്? എത്ര നായർസമ്മേളനങ്ങളിൽ അവർ സ്വാമിയെ ക്ഷണിച്ചുകൊണ്ടുപോയി ബഹുമാനിച്ചിട്ടുണ്ടു്? എത്ര നായർ പ്രമുഖന്മാർ സ്വാമിയുടെ ആതിഥേയത്വം സ്വീകരിച്ചിട്ടുണ്ടോ? ഒരു സ്വാമിതിരുമനസ്സുകൊണ്ടെങ്കിലും നായന്മാർ സ്വന്തമായോ, മുൻനിന്നോ, അഥവാ പണംകൊടുത്തു പിൻനിന്നോ ആഘോഷിച്ചിട്ടുണ്ടോ? ഇതിൽനിന്നെല്ലാം ഒരീഴത്തിപ്പെറ്റ സ്വാമിയെ ഈഴവനായിത്തന്നെ നായന്മാർ കരുതിയിരുന്നെന്നല്ലേ വെളിവാകുന്നതു്.

ഈഴവർ നടത്തുന്ന സഭകളിൽവന്നു നായർത്വത്തിനും കുലീനത്വത്തിനും കുറവു പറ്റാതെ, സമുദായമൈത്രിയും, ദേശീയവും ഒക്കെ പ്രസംഗിച്ചുപോകുവാൻ എളുപ്പം കഴിയും. കാര്യത്തോടടുക്കുമ്പോഴാണു് തനിനിറം വെളിക്കുചാടുന്നതു്. ഇവരൊക്കെ ദേശീയമെന്നും മൈത്രിയെന്നും മറ്റും പറഞ്ഞു നടക്കുന്നതു് വെറും സ്വാർത്ഥലാഭത്തിനാണെന്നും, അതെല്ലാം സ്വസമുദായത്തിന്റെ അഭിവൃദ്ധിക്കു വേണ്ടി എടുക്കുന്ന തല്ക്കാലനയപായങ്ങളാണെന്നും, ഇവരാണു് യഥാർത്ഥവർഗ്ഗീയവാദികളെന്നും നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അപരവർഗ്ഗങ്ങളുടെ സമുദായത്തിന്റെ മേന്മയ്ക്കും അഭിവൃദ്ധിക്കുമല്ലാതെ ഇതരസമുദായങ്ങളുടെ ന്യായമായ അധികാരാവകാശങ്ങളിൽപോലും, രാജ്യക്ഷേമത്തെ ഓർത്തെങ്കിലും മറ്റു സമുദായക്കാരോടു നീതികാണിക്കുവാൻ പര്യാപ്തമായ ഒരു മനഃസ്ഥിതി ജാതിവ്യത്യാസം നിലനില്ക്കുന്നിടത്തോളം കാലം ഇവിടെ ആർക്കും ഉണ്ടാവാൻ സാധ്യമല്ലെന്നുള്ള പാഠമാണു്, നായന്മാരുടെ, മേൽ വിവരിച്ച നടപടികളിൽനിന്നും ഗ്രഹിക്കാവുന്നതു്. നമ്മോടു പ്രത്യേകവൈരം കൊണ്ടല്ല നായന്മാർ നമുക്കെതിരു നില്ക്കുന്നതു്. വലിയ പാരമ്പര്യവും, സംസ്കാരവും, ഉൽകൃഷ്ടങ്ങളായ മറ്റു പലേ ഗുണങ്ങളും ഉള്ള നായർസമുദായം വെറും നീചവിചാരത്താൽപ്രേരിതരായി നമ്മെ ദ്രോഹിക്കുന്നു എന്നുപറയുവാൻ പാടുള്ളതല്ല. അവർ അവരുടെ സമുദായത്തെ മറ്റേതിനേയുംകാൾ കൂടുതൽ സ്നേഹിക്കുന്നു എന്നേയുള്ളൂ. ഇവിടത്തെ ജാതിവ്യവസ്ഥയിൽ ഏതു സമുദായത്തിനും അവരവരുടെ സമുദായത്തെ വിസ്മരിച്ചു മറ്റു സമുദായത്തിനു നന്മചെയ്യുവാൻ സാധ്യമല്ല. ചെയ്യുന്നതുമല്ല സ്വകാര്യം കാണുവാൻ ചെയ്യുന്ന വേലകളെ തെറ്റിദ്ധരിച്ചു നമ്മുടെ സമുദായത്തിന്റെ അഭിവൃദ്ധിക്കു വിപരീതമായി മറിഞ്ഞുപോകരുതെന്നേ ഉള്ളൂ.

ആരുടേയും തട്ടിപ്പുകളെ വകവച്ചുകൊടുക്കയുമരുതു്. നായന്മാർ നമുക്കനുകൂലമല്ലേ എന്നു പറയുന്നവർ സംഗതികളുടെ യഥാർത്ഥം ആഴത്തിൽ നോക്കിക്കാണാത്തവരോ, സ്വയം വഞ്ചിതരോ ആയിരിക്കണം. നായന്മാർ അവർക്കുവേണ്ടിയല്ലാതെ മറ്റാർക്കും വേണ്ടി ജീവിക്കുന്നില്ല. അവരെ അവരുടെ പാട്ടിനു വിട്ടിട്ടു നാം നമ്മുടെ കാര്യംനോക്കി പോകുകയാണു വേണ്ടതു്. അവർ നമ്മെ സഹായിക്കുന്നു എന്നു പറഞ്ഞുംകൊണ്ടു വീണ്ടും ഈ ഹിന്ദുമതജയിലിനുള്ളിൽ കിടന്നു വലയുവാൻ മോഹിക്കുന്നവർ ഒന്നുകൂടി കാര്യാദികം അവഗാഢമായി ചിന്തിച്ചു നോക്കട്ടെ! നായന്മാരുടെ സ്വാർത്ഥംകാണുവാനുള്ള പരാർത്ഥജീവിതം നമ്മിൽ സ്വാശ്രയബോധം ഉളവാക്കുവാൻ പര്യാപ്തമായി മാറട്ടെ!

അവർണ്ണന്റെ മിത്രം സവർണ്ണനു് ശത്രു.

"സവർണ്ണ സമുദായങ്ങളുടെ സഹായംകൂടാതെ അവർണ്ണർക്കു യരുവാൻ സാധ്യമല്ലെ"ന്നു ധൈര്യപ്പെടുന്നവരുടെ ബോധ്യത്തിനായി, സവർണ്ണരുടെ മാറു ചില മനോഭാവത്തെക്കുറിച്ചു ഇവിടെ വിവരിക്കാം. അവർണ്ണരുടെ അഭിവൃദ്ധിയിൽ സവർണ്ണർക്കുള്ള മനോഭാവത്തിന്റെ സ്വതസിദ്ധമായ രൂപം ഇവിടെ പ്രത്യക്ഷപ്പെടുന്നതാകുന്നു. അധഃകൃതരുടെ അളവറ്റ ദയനീയാവസ്ഥയിൽ ഹൃദയാലുക്കളായ വല്ല സവർണ്ണർക്കും അനുകമ്പതോന്നി സഹായിക്കുവാൻ മുന്നോട്ടിറങ്ങിയാൽ അവരെ സനാതനികരും സർവ്വപ്രകാരേണയും ഉപദ്രവിക്കുന്നതു സഹജമാണു്.

മഹാത്മാഗാന്ധിയുടെ അധഃകൃതോദ്ധാരണ പരിശ്രമത്തിൽ
ത്തന്നെയും, സനാതനികളും പലരും പലയിടത്തും എതിരു
പ്രകടിപ്പിക്കുന്നതു നാം അറിയുന്നുണ്ടല്ലോ. ലോകവന്ദ്യനായ
അദ്ദേഹത്തിന്റെ ശരീരത്തിൽപോലും ചീമുട്ടയും പാറക്കല്ലും
വലിച്ചെറിയുവാൻ സനാതനികൾ മടിക്കുന്നില്ല. എന്തി
നു്, അദ്ദേഹത്തെ ബോംബെറിഞ്ഞും, തീവണ്ടിമറിച്ചും കൊ
ല്ലുവാൻകൂടി ഈ സനാതനബ്രാഹ്മണന്മാർ ഒരുമ്പെടുകയുണ്ടാ
യിട്ടില്ല. സനാതനത്തെപ്പറ്റി വാദിച്ചു ജയിക്കുവാൻ അവർ
അദ്ദേഹത്തെ വെല്ലുവിളിക്കുന്നു. അദ്ദേഹത്തിന്റെ അധഃകൃ
തോദ്ധാരണവേലക്കെതിരായി എത്രയോ സനാതനികൾപട്ടി
ണിവ്രതം ആചരിച്ചു! മഹാത്മജിയുടെ പരിശ്രമത്താൽ അധഃ
കൃതരും അർഹപ്പട്ടിണിക്കാരുമായ ലക്ഷോപലക്ഷം ജനങ്ങ
ളിൽ ആക്കെക്കിലും വല്ല ഗുണവും സിദ്ധിച്ചുപോയാൽ അവ
ന്തങ്ങളുടെ മതത്തിനു വിദ്ധ്വംസകമല്ലോ എന്നുള്ള വേവലാതി
കൊണ്ടു മാത്രമാണു് സനാതനികൾ അദ്ദേഹത്തോടെതിർക്കു
ന്നതു്. അപ്പോൾ! ഈ തുരുമ്പുപിടിച്ച സനാതനമതത്തിലെ
കുരുപ്പു നോക്കുക!!

വസ്സം സത്യാഗ്രഹത്തിനു് അനുകൂലിയായി നിന്നെന്ന
കാരണത്താൽ പരേതനായ മി:സി. എസ്സു്. മാധവൻപിള്ളയെ
കൗൺസിൽ തിരഞ്ഞെടുപ്പിനു വസ്സത്തെ സവർണ്ണമുഖ്യരെല്ലാം
കൂടി ശക്തിപൂർവം പരസ്യമായെതിർത്തു് തോല്പിച്ച കഥ
കത്തിനയം മറക്കുവാൻ കാലമായിട്ടില്ല. നേരെമറിച്ചു് സത്യാ
ഗ്രഹത്തിനനുകൂലിക്കാതിരുന്ന മി:എം. നാരായണപിള്ള സ്ഥാ
നാർത്ഥിയായി നിന്നപ്പോഴും അദ്ദേഹത്തെ ജയിപ്പിക്കുവാൻ
സവർണ്ണർ ഓടിയലഞ്ഞു നടന്നതു് കാണേണ്ട കാഴ്ച തന്നെ
യായിരുന്നു. എന്തൊരു പ്രതികാരബുദ്ധി എന്നു നോക്കുക.

അവർണ്ണരിൽതന്നെ ആരെങ്കിലും അന്യരുടെ ഇടയിൽ നല്ല പിള്ളയാകാൻ വേണ്ടിയോ, സ്വകാര്യലാഭത്തിനായോ സ്വന്തസമുദായത്തിനു് എതിരായി നിന്നാൽ ആ സമുദായ ഘാതകനെ സവർണ്ണർ ആകാശത്തോളം പൊക്കും. സ്വസമുദായത്തിനു് അനുകൂലമായി നില്ക്കുന്ന സമുദായകാര്യതല്പരനെ അവർ പാതാളത്തോളം താഴ്ത്തുകയും ചെയ്യും. ഇന്ത്യയിലെ ധീരനായ അധ:കൃതനേതാവു് ഡാക്ടർ അംബേഡ്കർ ആദ്യത്തെ വട്ടമേശസമ്മേളനത്തിൽ കാൺഗ്രസ്സുകാർക്കൊപ്പം രാഷ്ട്രീയാവശ്യങ്ങൾക്കു വേണ്ടി മാത്രം വാദിച്ചു. അന്നു് അദ്ദേഹം, മഹാധീരനും, യോഗ്യനും, അദ്ദേഹത്തിന്റെ പ്രസംഗം ,,ബുദ്ധിപൂർവവും,, വാദം ,,ശക്തിമത്തും,, ആയിരുന്നുവെന്നു സർട്ടിഫിക്കറ്റു വാങ്ങാൻ പ്രായപൂർത്തിയായിരുന്നു. ഒരു കൊല്ലം കഴിഞ്ഞുണ്ടായ രണ്ടാമത്തെ സഭയിൽ അധ:കൃതരുടെ അവകാശങ്ങൾക്കുവേണ്ടി ഗാന്ധിയോടെതിർത്തു് ധീരധീരം പ്രസംഗിച്ചപ്പോഴോ; അംബേഡ്കർ ''വകതിരിവില്ലാത്തവനും, മര്യാദകെട്ടവനും, അധീരനും, അയോഗ്യനും'' മറ്റുമായി! ഗാന്ധിയുടെ ജീവനെ രക്ഷിക്കാൻവേണ്ടി തന്റെ സമുദായത്തെ ഒന്നടക്കം കയ്യും, കാലും, വായുംകെട്ടി കടലിലെറിയുവാൻ താൻ തയ്യാറില്ലെന്നു പറഞ്ഞു ഗംഭീരാശയനായ അദ്ദേഹത്തെ സ്വാർത്ഥത്തിനുവേണ്ടി, ഏതുവിധം അഭിപ്രായം മാറുന്നതിനും മടിയില്ലാത്ത സവർണ്ണർ അധിക്ഷേപിക്കുന്നതിൽ അത്ഭുതത്തിനു വകയില്ലല്ലോ. സവർണ്ണൻ ആരെ, അധിക്ഷേപിക്കുന്നുവോ, അവൻ സമുദായത്തിനുവേണ്ടി ജീവിക്കുന്ന യോഗ്യനും സവർണ്ണരുടെ പ്രശംസയ്ക്കു് ആരു പാത്രവാനാകുന്നുവോ, അവൻ കലഠ്രോഹിയായ വിഭീഷണനും ആണെന്നു നിർച്ചയാക്കാം. ഒരു കാലത്തു കാൺഗ്രസ്സുകാരായ സനാതനികളുടെ ശത്രുവായിരുന്ന ദേവബഹദൂർ എം. സി. രാജാ

ഇന്നു് അവരുടെ കണ്ണിലുണ്ണിയായി കാണപ്പെടുന്നു.കാരണം; അദ്ദേഹം അധഃകൃതരുടെ പ്രത്യേക പ്രാതിനിദ്ധ്യാവകാശത്തിനു എതിരു പറഞ്ഞു നടക്കുന്നതു തന്നെ. കാൺഗ്രസ്കാരോടുചേർന്നു കീജേയ് വിളിക്കാനും 'വന്ദേമാതരം പാടുവാനും തയ്യാറായിരുന്ന കാലത്തു് ആലിസഹോദരന്മാർ ഗാന്ധിയുടേയും കാൺഗ്രസിന്റേയും വാത്സല്യമിരുന്നുള്ളായിരുന്നു. മുസ്ളീമുകളുടെ പ്രത്യേകാവകാശാങ്ങൾക്കുവേണ്ടി വാദിക്കാൻ തുടങ്ങിയനാൾ മുതൽ, ഈ നിലയ്ക്കു പെട്ടെന്നു വ്യത്യാസം വന്നു. തൽഫലമായി "പതിനായിരം ഗാന്ധിക്കു ഞാൻ ഒരുവൻമതി" എന്നുപോലും പോർവിളിക്കുവാൻ ധീരഗംഭീരനായ ഷൗക്കത്തലി മുതിരുകയുണ്ടായി. ഹിന്ദുമതത്തോടും സവർണ്ണമേധാവിത്വത്തോടും ശക്തിപൂർവം എതിർത്തു നടന്നിരുന്ന ഒരു കാലത്തു പരേതനായ മി: ടി. കെ. മാധവൻ അവരുടെ ദൃഷ്ടിയിൽ ഒരു അവിവേകിയും, എടുത്തുചാട്ടക്കാരനും, അവിശ്വാസിയും ആയിരുന്നു. നേരേമറിച്ചു ഹിന്ദുനാഗരികതയും പാടി കാൺഗ്രസ്സിന്റെ പിൻപേ ഓടി, സത്യാഗ്രഹവും, കാരാഗൃഹവും ആയി കഴിഞ്ഞിരുന്നപ്പോഴോ അമ്പി! അമ്പി! ടി. കെ. മാധവൻ എത്ര പരിഷ്കാരി! രാഷ്ട്രീയ നേതാവു്! ഹിന്ദുമതാഭിമാനി! ഗംഭീരപ്രാസംഗികൻ! ഇപ്പോഴോ മലയാളരാജ്യം പത്രാധിപരായിരിക്കുന്ന ശ്രീമാൻ സി. വി. കുഞ്ഞിരാമൻ അവർകളും സമുദായത്തിനുവേണ്ടി പലതും ചെയ്തിട്ടുള്ള ഒരു മഹാനാണു്. പത്രലോകത്തിൽ അദ്ദേഹം ഈഴവരുടെ അവകാശങ്ങൾക്കുവേണ്ടി ശക്തിപൂർവം പോരാടിയിരുന്നു. ആ സവർണ്ണകാലത്തു സവർണ്ണർ അദ്ദേഹത്തെ എങ്ങനെ കരുതിയിരുന്നു? മി: മൂക്കോർത്തുകാരന്റെ ഭാഷയിൽ പറയുകയാണെങ്കിൽ, സ്വന്തം സമുദായത്തിന്റെ കോടാലിക്കയ്യായി കഴിയുന്ന ഇന്നു് സവർണ്ണർ അദ്ദേഹത്തെ എങ്ങനെ ആരാധിക്കുന്നു? ഇപ്രകാരം സ്വകാര്യലാഭത്തിനു

വേണ്ടി മറ്റുള്ളവരെ പൊക്കുകയോ, താഴ്ത്തുകയോ, മാന സാന്തരപ്പെടുത്തുകയോ തരംപോലെ ചെയ്യുന്ന സവർണ്ണരുടെ വഞ്ചനയിലും കൈനിലയിലും പെടാതെ മാറിനിൽക്കുന്നവരാണു് യഥാർത്ഥസമുദായാഭിമാനികളും. സവർണ്ണരുടെ ഇടയിൽ മാന്യരായും ലോഹ്യക്കാരനായും കഴിയാമെന്ന മോഹത്തെ പുല്ലുപോലെ വലിച്ചൊഴിഞ്ഞും, സമുദായവേലചെയ്തു് അവരെക്കൊണ്ടു് "അവിവേകികളും" എന്നു പറയിക്കുവാനുള്ള തന്റേടവും ചങ്കുറപ്പും സാമാന്യക്കാർക്കുണ്ടാകുവാൻ ഇടയില്ലതന്നെ. ഈ സർട്ടിഫിക്കറ്റു വാങ്ങി സമുദായശ്രേഷ്ഠപ്പെയ്യുവാൻ സന്നദ്ധതയുള്ള കുറെ സമുദായകാര്യഭ്രാന്തന്മാരെയാണു് നമുക്കിന്നാവശ്യമായിരിക്കുന്നതു്.

അധഃകൃതോദ്ധാരണം.

"കോൺഗ്രസ്സുകാരും, ഹിന്ദുനേതാക്കളും ഇപ്പോൾ അധഃകൃതോദ്ധാരണത്തിനും മതപരിഷ്കരണത്തിനും മുറുങ്ങിയിറങ്ങിയിരിക്കുകയാണു്. അതുകൊണ്ടു് അവരുടെ വേലയെ സഹായിച്ചു ജാതിജന്മമായ അസ്വാതന്ത്ര്യങ്ങളെ ഒഴിക്കുകയാണു് നാം ഇന്നു ചെയ്യേണ്ടതു്," എന്നു പറയുന്ന കൂട്ടരും ഉണ്ടു്. ഇവരുടെ വാദമുഖങ്ങളേയും പരിശോധിച്ചു നോക്കുകതന്നെ. ബ്രിട്ടീഷുഭരണകൂടത്തിന്റെയും, അവരുടെ കാരുണ്യംകൊണ്ടു സിദ്ധിച്ച ഇംഗ്ലീഷു് വിദ്യാഭ്യാസത്തിന്റെയും, ഫലമായിട്ടാണു് അധഃകൃതർ അല്പാല്പമായെങ്കിലും ഉണരുവാനും, ഉയരുവാനും തുടങ്ങിയതു്. ഹിന്ദുക്കളുടെ മർദ്ദനവും അവരുടെ മതവും തങ്ങളെ എത്ര അഗാധമായ നാശഗർത്തത്തിലേയ്ക്കാഴ്ത്തിയിട്ടിരിക്കുന്നു എന്നു ബോധം അവരിലുണ്ടായതു്

അപ്പോഴാണ്. അതുമുതൽ തങ്ങളെ ചവിട്ടിനിന്ന കാലുകൾ തട്ടിമാറ്റുവാനുള്ള ശ്രമവും കുമ്പിട്ട അധഃകൃതർ ആരംഭിച്ചു. വിദ്യാഭ്യാസവും, സ്വാതന്ത്ര്യബോധവും ഏറ്റതോടും ഈ ശ്രമത്തിനു ശക്തി കൂടിയും വന്നു. ഇതിന്റെ ഫലമായി, ചെറും ഹിന്ദുമതമാഹാത്മ്യം പാടുകയോ, അധഃകൃതരുടെ നേരേ കണ്ണുരുട്ടിക്കാണിക്കുകയോ ചെയ്താൽ മതിയെന്നുപോരാ എന്നബോധം ജാതിഹിന്ദുക്കളിലും ഉണ്ടായി. ഈ ബോധത്തിന്റെ പ്രേരണയാൽ ആവിർഭവിച്ച ഒരു പ്രസ്ഥാനമാണ് അധഃകൃതോദ്ധാരണം.

കുറേ കൺഗ്രസ്സുവാളന്മാരിയന്മാർ അവിടേയും, ഇവിടേയുമുള്ള ചില പുലമാടങ്ങളിൽ കയറി അടിച്ചുവാരുകയും, മെഴുകി ഇട്ടുകയും ചെയ്തതും, ചിലർക്കു സോപ്പിന്റെ കഷണം കൊടുത്തതും, ചിലരെ കുളിപ്പിച്ചതും, മറുചിലർക്കു തോർത്തുമുണ്ടു വാങ്ങിക്കൊടുത്തതും ഈയിടെ നാം കാണുകയുണ്ടായി തോർത്തും സോപ്പും തീണ്ടാപ്പാടു ദൂരെനിന്ന് എറിഞ്ഞുകൊടുത്ത സനാതനപ്പരിഷ്ക്കാരികളെപ്പറ്റിയും കേട്ടിട്ടുണ്ട്. ഒരു കഷണം സോപ്പും ഒരുനേരത്തെ ഊണും ഒരുപ്രാവശ്യത്തെ തറനനാക്കലുംകൊണ്ട് അധഃകൃതർ എത്രമാത്രം നന്ദികാണും? എങ്ങനെ ഉദ്ധരിക്കപ്പെടും? അടുത്ത ദിവസത്തേക്കുള്ള വക ആര് കൊടുക്കും? ഈ നിസ്സാരമായ കാര്യങ്ങൾക്കുവേണ്ടി, മറ്റുള്ളവരുടെ ഔദാര്യത്തിനും, ദയയ്ക്കും കടപ്പെടേണ്ട നിരാശ്രയരും, ദയനീയരുമാണധഃകൃതർ എന്നു ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തുവാനല്ലാതെ ഇതുപകരിക്കുമോ? ഇപ്രകാരം പുണ്ണിനു സെൻറുതേച്ച് അധഃകൃതരെ അപമാനിക്കാതിരിക്കുവാനെങ്കിലും ഈ സേവകന്മാർ ദയവു ചെയ്തിരുന്നെങ്കിൽ നന്നായിരുന്നു.

ഹിന്ദുമതത്തിന്റെ നാറിപ്പഴുത്ത കടഞ്ഞുകെട്ട പ്രമാണങ്ങളെ പുകഴ്ത്തിക്കൊണ്ടുള്ള പ്രസംഗമാണ് അധഃകൃതോ

ദ്ധാരകരായ ജാതിഹിന്ദുക്കൾ ചെല്ലുന്നിടത്തൊക്കെ ചെയ്യാറുള്ളതു്. ഇതെല്ലാം വലിച്ചുകീറി തീയിലിടുവിൻ ഉപദേശിക്കാത്ത ഒരാൾ അധഃകൃതോദ്ധാരകനാകാൻ കൊള്ളുന്നതേ അല്ല. ഹിന്ദുക്കളുടെ വേദാന്തങ്ങളും പുരാണാദി ചവറുകളുമെല്ലാം അവർണ്ണരെ വെറും പട്ടികളേക്കാൾ നികൃഷ്ടരാക്കുവാനല്ലാതെ മറെറന്തിനാണു പകരിച്ചിട്ടുള്ളതു്? ശ്രുതപാണ്ഡിത്യങ്ങളായ അധഃകൃതരെ കബളിപ്പിക്കുവാൻ വേണ്ടി അവരുടെ സഭകളിൽ കഴമ്പില്ലാത്ത ആദർശവാദങ്ങൾ ധീരധീരം പ്രഘോഷിക്കയും; മറുസവർണ്ണരുടെ കാൺകേയും, അവർ അറിഞ്ഞും അധഃകൃതരുടെ വിരുന്നുകളിൽ പങ്കുകൊള്ളുവാൻ മടിക്കുകയും ചെയ്യുന്ന ഭീരുക്കളും കപടസേവകരുമായ അധഃകൃതസേവകരെ ഇന്നെവിടെയും ധാരാളമായിക്കാണാം. ഈയിടെ എല്ലൂരിൽ ഒരു ഹരിജനസേവകൻ ഒരു വൈദ്യന്റെ സദ്യക്കു ചെന്നപ്പോൾ അദ്ദേഹം ഹരിജനങ്ങളോടുകൂടി ഊണു കഴിച്ചു എന്നു് ഒരു ബ്രാഹ്മണപുരോഹിതൻ പറയുകയാൽ സേവകനെ സദ്യയിൽ നിന്നും പുറത്താക്കി. പുരോഹിതൻ അങ്ങനെ പറഞ്ഞതു തനിക്കപകീർത്തികരമാണെന്നു ഹരിജനസേവകൻ കേസുകൊടുക്കുകയും, പുരോഹിതനു് 75രൂപാ പിഴവിധിക്കയും ചെയ്ത വിവരം പത്രങ്ങളിൽ കാണുകയുണ്ടായി. ഹരിജനങ്ങളോടു കൂടിയിരുന്നു ഊണു കഴിക്കുന്നു, എന്നു പറഞ്ഞാൽ പോലും അപകീർത്തിയായി കരുതി കേസു കൊടുക്കുന്നവരും ഹരിജനസേവകന്മാരാണത്രേ! ജാതിയും ജാതിവ്യവസ്ഥകളും ലംഘിച്ചു അധഃകൃതരോടു സമതലമായി പെരുമാറുവാൻ തന്റേടവും, ഹൃദയവിശാലതയും ഇല്ലാത്ത ഹരിജനോദ്ധാരകന്മാരുടെ ഒരു മാതൃകയാണിതു്. ഈ മാതിരി കപടസേവകന്മാരായ ജാതിക്കുമ്പന്മാരെ ഹരിജനസേവനത്തിനു ശമ്പളവും കൊടുത്തധികാരപ്പെടുത്തി നിയമിക്കുന്ന

തിൽ ഭേദം, കോഴികളെ നോക്കാൻ വല്ല കുറുക്കനേയും ഏല്പിക്കുന്നതായിരിക്കും.

ഹരിജനം.

അധഃകൃതരെ ഗാന്ധിയും കൺഗ്രസ്സുകാരും കൂടി ഇപ്പോഴ ഹരിജനങ്ങളാക്കിയിരിക്കുകയാണു്. ഇതു നമ്മെ ഒപ്പിക്കുവാനുള്ള ഒരുവിദ്യയാണെന്നുള്ളതിനു സംശയമില്ല. ഹരിജനം എന്നുള്ള പേരിനെത്തന്നെ അധഃകൃതർ ശക്തിപൂർവം എതിർക്കേണ്ടിയിരിക്കുന്നു. അധഃകൃതർ ഒരിക്കലും ഹരിജനങ്ങളായിരുന്നിട്ടില്ല. ഇരുന്നാൽ രക്ഷയുമില്ല. നമ്മെ ഹരിജനങ്ങളാക്കി ഹിന്ദുമതവലയിൽ കുടുക്കി ഇന്ത്യയിലാകെ രാമരാജ്യം വരുത്തി, തേനും പാലും ഒഴുക്കുവാനാണു് ഗാന്ധിയും കൂട്ടരും ഇപ്പോഴ ഒരുമ്പെട്ടിരിക്കുന്നതു്. വെറും ബ്രാഹ്മണപക്ഷവാദിയും, അബ്രാഹ്മണ കുലദ്രോഹിയും ആയിരുന്നെന്നു് രാമായണം സമ്മതിക്കുന്ന രാമന്റെ രാജ്യം ഇന്ത്യയിൽ വീണ്ടും വന്നുപോയാലുള്ള ഭയങ്കരമായ ജനദ്രോഹപരിപാടിയെപ്പറ്റി ഊഹിക്കരുതോ? ഈ രാമഭക്തന്മാരായ സനാതനികളുടെ കയ്യിൽ ഇന്ത്യ അകപ്പെട്ടുപോയാൽ അവർ വീണ്ടും വൈദികകാലത്തെ പ്രാകൃതജീവിതത്തിലേയ്ക്കു ജനതയെ കെട്ടിവലിച്ചുകൊണ്ടുപോകുമെന്നുള്ളതിനു് സംശയമില്ല. അങ്ങനെ വന്നാൽ അന്നു് വർണ്ണവ്യവസ്ഥപ്രകാരം അതാതു ജാതിക്കാരുടെ ധർമ്മങ്ങളെത്തന്നെ അനുഷ്ഠിപ്പിക്കുന്നതിനായിരിക്കും അന്നത്തെ പോലീസ് നിയോഗിക്കപ്പെടുന്നതു്. ശൂദ്രൻ അക്ഷരാഭ്യാ

സം ചെയ്യുന്നുണ്ടോ, ബ്രാഹ്മണൻ സംസ്കൃതം പഠിക്കുന്നുണ്ടോ, വേദോച്ചാരണം ചെയ്യുന്നതു വല്ലവരും കേട്ടുനില്ക്കുന്നുണ്ടോ, വല്ല കാട്ടിലും ശൂദ്രർ തപം ചെയ്യുന്നുണ്ടോ എന്നും മറ്റും അന്വേഷിച്ചു പിടിക്കുവാനും, അങ്ങനെ പിടിക്കപ്പെടുന്നവരുടെ നാക്കറുക്കാനും, മൂക്കുചെത്താനും, ചെവികളിൽ അരക്കും ഈയവും ഉരുക്കി ഒഴിക്കുവാനും, കഴുത്തു വെട്ടുവാനും കൂടി പോലീസും പട്ടാളവും നിയമിക്കപ്പെടാതിരിക്കയല്ലി. ബാലപീഡയോ മറ്റോ പിടിപെട്ട ചത്ത പട്ടക്കുട്ടിയെ ജീവിപ്പിക്കുവാൻ വേണ്ടി താപസനായ ശൂദ്രനെ നിഷ്കരുണം വെട്ടിവീഴ്ത്തുവാൻ തക്ക അന്ധതയും അതിനിന്ദാവഹമായ ബ്രാഹ്മണദാസ്യമനോഭാവവും നിറഞ്ഞ രാമനേയും രാമന്റെ മത്തെയും ,,ക്രൂരനാം സർപ്പത്തേക്കാളേറെവും പേടിച്ച" മാറണം എന്നു തീയയുവാക്കളോടെങ്കിലും ഞാൻ പറയും.

ഗാന്ധിയും
അധഃകൃതോദ്ധാരണവും.

കാൺഗ്രസ്സുകാരുടേയും, പ്രത്യേകിച്ചു ഗാന്ധിയുടേയും ഇന്നത്തെ അധഃകൃതോദ്ധാരണശ്രമം കണ്ടു മതി മറന്ന പലരും, അതൊരു പൊണ്ണക്കാര്യമായി പറയാറുണ്ട്. ഈ ശ്രമത്തെ സ്വാതന്ത്ര്യസമുദായവാദത്തിനെതിരായ വാദമുഖങ്ങളിൽ ഒന്നായി പറയുന്നുമുണ്ട്. അതുകൊണ്ട്, മഹാത്മാ ഗാന്ധിയുടെ അധഃകൃതോദ്ധാരണ പരിപാടികളെപ്പറ്റിയും നമുക്കല്പം ചിന്തിച്ചുകളയാം. അദ്ദേഹം അയിത്തോച്ചാടനത്തി

നും, അധ:കൃതോദ്ധാരണത്തിനും വേണ്ടി ജീവാർപ്പണം ചെയ്ത ഇറങ്ങിയിരിക്കയാകുന്നു. എന്നാൽ ഗാന്ധിയും കാൺഗ്രസ്സുകാരും വെറും, പുറം പൂരണ്ടൽ കൊണ്ട് തൃപ്തിപ്പെട്ടുന്ന അയിത്തോച്ചാടന ശ്രമക്കാരാണെന്നു പറയാതിരിക്കുവാൻ തരമില്ല. അധ:കൃതോദ്ധാരണത്തിനു് അയിത്തോച്ചാടനം മാത്രം മതിയാകുന്നതല്ല. അയിത്തം മാറിയാൽതന്നെയും അധ:കൃതനു രക്ഷയില്ല. അവനു രക്ഷ കിട്ടണമെങ്കിൽ "അധ:കൃതൻ" എന്ന അവസ്ഥ തന്നെ പോകണം. ഇതിനു അയിത്തോച്ചാടനം, ക്ഷേത്രപ്രവേശനം മുതലായ പൂമുഖരുന്നുകൾ പോരാ. മിശ്രഭോജനം, മിശ്രവിവാഹം മുതലായവതന്നെ നടപ്പായി ജാതിവ്യത്യാസം വേരോടെ നശിക്കണം. ഇതിനു ഗാന്ധി ഒരുക്കമാണോ? അധഃകൃതരുടെ നാനാപ്രകാരേണയുള്ള പുരോഗമനമാർഗ്ഗങ്ങൾക്കും ഗാന്ധി ഒരു പ്രകാരത്തിൽ പ്രതിബന്ധിയായിട്ടാണു തീർന്നിരിക്കുന്നതു്. അവരുടെ പ്രത്യേകമായ പ്രാതിനിധ്യാവകാശങ്ങൾക്കും മറ്റും എതിരായിട്ടുള്ള അദ്ദേഹത്തിന്റെ നില താഴ്ത്തപ്പെട്ട സമുദായങ്ങൾക്കു് വളരെ വളരെ ഉപദ്രവം ചെയ്യുന്നുണ്ടു്. അധഃകൃതനു ഉപദ്രവകരമെന്നല്ല, നാശഹേതുകവുമായ സമുദായശാസ്ത്രത്തിലും, മതത്തിലും, സാമ്പത്തിക ഘടനയിലുമാണു് അദ്ദേഹത്തിന്റെ അടിയുറച്ച വിശ്വാസം. അദ്ദേഹം പറയുന്നതു ശരിയായാലും, തെറ്റായാലും ഉടനെ പിന്തുടരത്തക്കവിധം ഇന്ത്യാക്കാർ വിശ്വാസസ്വാതന്ത്ര്യമില്ലാത്തവരും, മതാന്ധന്മാരും ആകുന്നു. തന്മൂലം അദ്ദേഹം ലോകവന്ദ്യനമായിരിക്കുന്നു. ഈ ലോകവന്ദ്യതമാണു് അധഃകൃതനു കൂടുതൽ ബുദ്ധിമുട്ടായിത്തീർന്നിരിക്കുന്നതു്.

വട്ടമേശസഭയിൽ ഗാന്ധി അധഃകൃതർക്കു വിപരീതമായി എടുത്ത നയം കുപ്രസിദ്ധമാണല്ലോ. പ്രസ്തുതസഭയിലെ അധഃകൃതപ്രതിനിധികളായ ഡാക്ടർ അംബേഡ്കറും, റാവുബഹദൂർ ആർ. ശ്രീനിവാസനും കൂടി ,ടൈംസ് ഓഫ് ഇന്ത്യാ, പത്രത്തിൽ എഴുതിയിരുന്ന ഒരു പ്രസ്താവനയിൽ

നിന്നും ഗാന്ധിയുടെ അധഃകൃതാനുകമ്പ എത്രത്തോളമായിരുന്നു എന്നു മനസ്സിലാക്കാം. ''അധ:കൃതരേക്കാൾ എത്രയോ ശക്തിയും പ്രാബല്യവുമുള്ള സ്ത്രീമുകംക്കും, സിക്കുകാർക്കും വിസമ്മതംകൂടാതെ വിട്ടുകൊടുത്ത പ്രത്യേക പരിരക്ഷകൾ അധഃകൃതർക്കു കൊടുക്കുന്നതെല്ലെന്നും, അവരുടെ കാര്യം കാൺഗ്രസ്സും താനും നോക്കിക്കൊള്ളാ''മെന്നും ആണ് ഗാന്ധിയുടെ വാദം. അധഃകൃതരുടെ പ്രത്യേകാവകാശങ്ങൾക്കും, പ്രാതിനിധ്യത്തിനും താൻ എതിരാണെന്ന ഇൻഡ്യയിൽ വച്ച് ഒരിക്കലും ഗാന്ധി വെളിപ്പെടുത്താതെ ഇംഗ്ളണ്ടിൽചെന്ന അതിനെ എതിർത്തതു ഒരു കൂടുകക്ഷിസ്വാതന്ത്ര്യമാണെന്നാണ് അധ:കൃതനേതാക്കൾ പറയുന്നതു്. ''മുസ്ലീമുകളുമായി യോജിപ്പുണ്ടാക്കുവാൻ കാൺഗ്രസ്സുകല്പനയും, കാൺഗ്രസ്സു വ്യവസ്ഥയും മാറ്റാനും, ദേശപ്പെടുത്താനും, കീറിക്കളയാൻ തന്നെയും ഗാന്ധിക്കു സമ്മതമായിരിക്കെ അതുകൊണ്ടെടുത്തു അധ:കൃതരുടേയും, ചെറിയന്യൂനസമുദായങ്ങളുടേയും, നേരേ തടയായി എറിയുന്നതിലാണ് അത്ഭുതം തോന്നുന്നതു്'' എന്നും; ''അനുദ്യോഗികക്കമ്മറ്റിയിൽ മിസ്റ്റർ ഗാന്ധി കാൺഗ്രസ്സുകല്പനയനുസരിച്ചായിരിക്കണം ഞങ്ങളുടെ വാദത്തെ എല്ലാ ഘട്ടങ്ങളിലും എതിർത്തുകൊണ്ടിരുന്നു'' എന്നും പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. വട്ടമേശസഭയിൽവച്ചു ഗാന്ധിയുടെ ഒരു വൃത്തികെട്ട വ്യാപാരത്തെപ്പറ്റി ഈ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണു്. ''മുസ്ലീംങ്ങളുടെ പതിനാലു സംഗതികളും (മിസ്റ്റർ ജിന്നയുടെ പ്രസിദ്ധമായ 14 നിർദ്ദേശങ്ങളും) താൻ സമ്മതിക്കുന്നതിനു ബദലായി മുസ്ലീമുകളും അധ:കൃതരുടേയും, ചെറിയന്യൂനസമുദായങ്ങളുടേയും വാദങ്ങളും എതിർക്കണമെന്നു മിസ്റ്റർ ഗാന്ധി ആവശ്യപ്പെട്ട എന്നു ഞങ്ങളം വിശ്വാസയോഗ്യമായറിയുന്നു .....മിസ്റ്റർ ഗാന്ധി അധ:കൃതരുടെ ഒരു ബന്ധുവിന്റെ നിലയിൽ പെരു

മാറുന്നില്ലെന്നുള്ള പരമാർത്ഥം എന്തൊക്കെയായിട്ടും തെളിഞ്ഞിരിക്കുന്നു. ''മറ്റുള്ളവർ എല്ലാം യോജിച്ചാൽ താനും യോജിക്കാം'' എന്നു പരസ്യമായി പ്രസ്താവിക്കയും, എന്നിട്ടു രഹസ്യമായി, യോജിക്കാൻ മനസ്സുള്ള മറ്റുള്ളവർ യോജിക്കാതിരിക്കുന്നതിനു അവരെ പ്രതിഫലം കൊടുത്തു മറിക്കുവാൻ ശ്രമിക്കുകയും, ചെയ്യുന്നതു ഒരു മഹാത്മാവിനു പറ്റിയ നടപടിയായിട്ടില്ല. അധ:കൃതരുടെ ഒരു ബദ്ധശത്രുവിൽനിന്നുമാത്രം പ്രതീക്ഷിക്കാവുന്ന പ്രവൃത്തിയായിട്ടാകുന്നു ഞങ്ങൾക്കു തോന്നുന്നതു്. റൗണ്ടടേബിളും കാൺഫ്രൻസിൽ അധ:കൃതക്കെതിരായിരുന്നതു ഗാന്ധിയും, കാൺഗ്രസ്സുമല്ലാതെ മറ്റാരുമല്ലായിരുന്നു. സിക്കുകാരും മുസ്ലീംങ്ങളും മറ്റും അധ:കൃതരോടു യോജിക്കുകയാണു ചെയ്തിരുന്നതെന്നുകൂടി ഓർക്കുമ്പോഴാണു ഈ കാൺഗ്രസ്സുകാരായ ജാതിഹിന്ദുക്കളും അധ:കൃതരുടെ യഥാർത്ഥമായ ഉന്നമനത്തിൽ ആകാംക്ഷയുള്ളവരല്ലെന്നുപറയുന്നതു തെറ്റാകുമോ?

ബോംബേ അധ്യക്ഷനായിരുന്നപ്പോൾ സെക്രട്ടറി പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്താവനയാണു ഈ അഭിപ്രായത്തെ ഒന്നുകൂടി ബലപ്പെടുത്തുന്നതു്. ''കാൺഗ്രസ്സിന്റെ കാര്യപരിപാടിയിൽ അയിത്തോച്ചാടനവും, ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, അതു നടപ്പിൽ വരുത്തുവാൻ ഇതുവരെ കാൺഗ്രസ്സുകാർ യാതൊന്നും ചെയ്തിട്ടില്ല. അയിത്തോച്ചാടനത്തിനു വേണ്ടി 'മഹാദി'ലും, 'നാസിക്കി'ലും നടത്തിയ സമരങ്ങളിൽ ആ സ്ഥലങ്ങളിലെ കാൺഗ്രസ്സു നേതാക്കന്മാരായിരുന്ന ഞങ്ങളുടെ പരമശത്രുക്കളും'' എന്നാണു് ഈ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതു്.

ഗാന്ധിയുടേയും കാൺഗ്രസ്സുകാരുടേയും, നവീനപ്രസ്ഥാനങ്ങളുടെയെല്ലാം ആന്തരോദ്ദേശം ഇന്ത്യയിലെ എട്ടു കോടി

യോളം വരുന്ന അധഃകൃതരെ ഹിന്ദുമതത്തിൽ തന്നെ ഇട്ട ജനപ്പെരുപ്പം കാണിച്ചു സവർണ്ണക്ക ഉദ്യോഗവും, മേധാവിത്വവും സ്വായത്തമാക്കണമെന്ന മാത്രമാകുന്നു. ഈ ഉദ്ദേശം തന്നെയാണു് മഹാത്മാഗാന്ധിക്ക മുന്നിട്ട നില്ക്കുന്നതെന്നു് അദ്ദേഹത്തിന്റെ വട്ടമേശസമ്മേളനത്തിലെ നടപടിയും, പട്ടിണിവ്രതവും, ഹരിജനപ്രസ്ഥാനവും എല്ലാം നല്ലതുപോലെ തെളിയിക്കുന്നില്ലേ? പ്രത്യേകാവകാശങ്ങളും മറ്റും അധഃകൃതക്കു വകവച്ചു കൊടുക്കുന്നതിൽ ജീവത്യാഗം ചെയ്യും, എതിർക്കുമെന്നദ്ദേഹം ഒരുമ്പെട്ടതു്, അധഃകൃതർ ഇങ്ങനെ ,,മറ്റുള്ളവർക്കായുഴന്നും വിതയ്ക്കാനും കറ കൊയ്യാനും മെതിക്കുവാനും'' മറ്റും പറയുന്ന ഒരുവകക്കാരായി കിടന്നുകൊള്ളണമെന്നുള്ള സനാതന മോഹം ഒന്നുകൊണ്ടുതന്നെയായിരിക്കണം. പത്തു നാല്പതു കൊല്ലത്തെ ചരിത്രമായ കാൺഗ്രസ് ചരിത്രത്തിൽ ഇന്ത്യയിലെ 'ദരിദ്രനാരായണ'ക്കുവേണ്ടി ഒന്നും കാര്യമായി ചെയ്യാതിരുന്നതു്, കാൺഗ്രസ് ജാതി ഹിന്ദുമേധാവിത്വത്തിന്നടിപെട്ട കിടന്നതിനാൽ മാത്രമായിരുന്നു. ഇപ്പോഴും ഗാന്ധിമാരേയും മറ്റും അധഃകൃതോദ്ധാരണത്തിനായി ഉണർത്തിവിട്ടതു് ഡാക്ടർ അംബേഡ്ക്കറേപോലുള്ള ചൊടിയേറിയ അധഃകൃതർ തന്നെയാണു്. മറ്റവകാശങ്ങളത്രയും നിരോധിച്ചുകൊണ്ടു ക്ഷേത്രം റോഡ് മുതലായവ തുറക്കുന്നതിൽ പ്രയോജനമില്ലെന്നു അധഃകൃതർ തുറന്നു പറയുന്നുണ്ടു്. എന്നാലും കേവലം പൂച്ചുമാത്രമായ പ്രസംഗംകൊണ്ടു സവർണ്ണർ ഓടിയെത്തുകയായി. മിശ്രഭോജനം, പഞ്ചാരതരാം, കളിക്കോപ്പുതരാം എന്നെല്ലാം പറഞ്ഞു കുട്ടികളെ വശത്താക്കും പോലെയാണു്, ,,ക്ഷേത്രം തുറക്കാം, റോഡുതരാം, സോപ്പുതരാം'' എന്നും മറ്റും പറഞ്ഞിക്കുട്ടർ അടുക്കുന്നതു്.

അയിത്തോച്ചാടനത്തിനായുള്ള ഗാന്ധിയുടെ സഞ്ചാരത്തെപ്പറ്റിയും, ഇവിടെ അല്പം പ്രസ്താവിക്കുന്നതു അവസ

രോചിതമെന്നു കരുതുന്നു. അയിത്തം പോകേണ്ടതു തന്നെ. ഈ ഉദ്ദേശത്തോടുകൂടിയുള്ള അദ്ദേഹത്തിന്റെ ശ്രമം അഭിനന്ദനീയവുമാണു്. എന്നാൽ തന്നെ കാണിക്കുവാൻവേണ്ടി സവർണ്ണഹിന്ദുക്കൾ ഉണ്ടാക്കിയിട്ടുള്ള അധ:കൃതാശ്രമങ്ങളും, ഹരിജനഹോസ്റ്റലുകളും, സന്ദർശിച്ചതുകൊണ്ടോ, സനാതനമാഹാത്മ്യത്തെപ്പറ്റി പ്രസംഗിച്ചതുകൊണ്ടോ പണക്കിഴിയും, മംഗളപത്രവും വാങ്ങിയതുകൊണ്ടോ, അധ:കൃതനെന്തു രക്ഷ? യഥാർത്ഥമായ അധ:കൃതോദ്ധാരണത്തിനു ഈ വക സംരംഭങ്ങളൊന്നുമല്ല വേണ്ടതു്. അധ:കൃതോദ്ധാരണാർത്ഥം ഒന്നാമതായി ഇവിടെ ചെയ്യേണ്ടതു് സനാതനികളെ നന്നാക്കുകയാകുന്നു. ഗാന്ധിയുടെ പര്യടനംകൊണ്ടു് ഒരൊറ്റ സവർണ്ണനെങ്കിലും ജാതിവിചാരമില്ലാതാകുമോ? മാനസാന്തരപ്പെടുമോ? അയിത്തവും ജാതീയചിന്തയും പോകണമെങ്കിൽ ഒന്നാമതായി സവർണ്ണനും അവർണ്ണനും ഒരുമിച്ചിരുന്നു ഭോജനം. രണ്ടാമതായി പരസ്പര വിവാഹം തന്നെ നടക്കണം. ഇതിനായി ഗാന്ധി എവിടെയെങ്കിലും പ്രസംഗിച്ചോ? പ്രേരിപ്പിച്ചോ? ഈ സഞ്ചാരത്തിൽ ഒരൊറ്റ മിശ്രഭോജനമെങ്കിലും ഗാന്ധിയുടെ നേതൃത്വത്തിലും, സാന്നിധ്യത്തിലും നടത്തിയോ? അദ്ദേഹത്തെ സ്വീകരിക്കുവാനും, പണക്കിഴി സമർപ്പിക്കുവാനും, കൂട്ടുന്ന പൊതുയോഗങ്ങളിൽവച്ചു് ഓരോ മിശ്രഭോജനം കൂടി നടത്തിയിരുന്നെങ്കിൽ അതു ഗാന്ധിയുടെ ആയിരം പ്രസംഗത്തെക്കാളും വിലപ്പെട്ടതാകുമായിരുന്നു! കൂടാതെ ഗാന്ധിയോടൊന്നിച്ചു നായാടിയേയോ, പറയനേയോ, കൊണ്ടുനടന്ന സകലസവർണ്ണരേയും തൊട്ടുതീണ്ടിവിടേണ്ടിയിരുന്നതും, തീണ്ടൽ കളയുവാൻ അനിവാര്യമായ ഒരു പ്രവർത്തിയായിരുന്നു. ഇതും ഗാന്ധി ചെയ്യുമോ? താൻ സ്വയം ഹരിജനനായിരിക്കുന്നുവെന്നു പറയുന്ന ഗാന്ധി, എന്തുകൊണ്ടു് അദ്ദേഹത്തിന്റെ താമസത്തിനു, ബാങ്കർമാരേയും, കമ്പനി മാനേ

ജർമാരേയും, മില്ലുടമസ്ഥന്മാരേയും, മറ്റു സവർണ്ണമേധാവികളേയും, തിരഞ്ഞുപോകുന്നു? എന്തുകൊണ്ടദ്ദേഹം പുലയനേറയും, പറയനേറയും ചെറുക്കടിലിൽ വിരുന്നു താമസിക്കുവാൻ ഒരുമ്പെട്ടില്ല? പറയബാലികയായ ലക്ഷ്മിയെ ദത്തുപുത്രിയായി വളർത്തുകയും, മിശ്രവിവാഹം ചെയ്യുവാൻ തനേറ പുത്രനു അനുമതിനൽകുകയും ചെയ്ത മഹാത്മാഗാന്ധിക്കു ജാതിജന്യമായ മേലുകീഴ്വിചാരവും, തീണ്ടൽതൊട്ടുകൂടായ്മയുണ്ടെന്നുള്ളതും തീണ്ടിയിട്ടുപോലുമില്ലെന്നു നമുക്കറിയാം. സനാതനക്ഷേത്രരായ ജാതിഹിന്ദുക്കളെ തൃപ്തിപ്പെടുത്തുവാൻവേണ്ടി ഇങ്ങനെ മിക്കവാറും ഒരു സനാതനിയെപ്പോലെ കഴിഞ്ഞതായിരിക്കണം. സനാതനികളുടെ ഹൃദയത്തിനു വേദനയുണ്ടാകയുമരുതു്, അധ:കൃതർ ഉദ്ധരിക്കയും വേണം, എന്നുള്ള ഗാന്ധിയുടെ മോഹം ഒരു വല്ലാത്ത വിദ്യതന്നെ.

അധ:കൃതോദ്ധാരണാർത്ഥം അദ്ദേഹം പിരിച്ചെടുക്കുന്ന പണം— പെണ്ണുങ്ങളുടെ കഴുത്തു പറിപ്പിച്ചും, മംഗളപത്രം വിറ്റും, കാഴ്ചദ്രവ്യം വിറ്റും പിടിച്ചുപറിച്ചെടുക്കുന്ന പണം—എന്തുചെയ്യുന്നു എന്നറിയുന്നതും രസാവഹമായിരിക്കും. ഈ സംഖ്യയിൽ ഒരൊറ്റക്കാശെങ്കിലും അധ:കൃതരെ ഏല്പിക്കുന്നുണ്ടോ? ഈ ഇനത്തിൽ യതൊരു ഫണ്ടും, അവരെ ഏല്പിക്കുന്നതല്ലെന്നു ഗാന്ധി, ഡൽഹിയിൽ വച്ചു, തന്നെ സന്ദർശിച്ച അധ:കൃതപ്രതിനിധികളോടു ഖണ്ഡിതമായി പറയുകയുണ്ടായി. അധ:കൃതരിൽ നിന്നുകൂടി ലക്ഷക്കണക്കിനു പിരിച്ചെടുക്കുന്ന ഈ പണം അവരെ വീണ്ടും ഹിന്ദുമതത്തിൽ അമർത്തിയിട്ടു കുതിരയേറുവാൻ സവർണ്ണമേധാവികൾക്കു പ്രതിഫലം കൊടുക്കുവാനാണു വിനിയോഗിക്കുന്നതെന്നോർക്കുമ്പോഴും അരിശംകൊള്ളാത്ത അധ:കൃതർ ഉണ്ടാകുമോ? "അധ:കൃതരെ ഹിന്ദുമതത്തിനു വെളിയിലിട്ടുകൊണ്ടു അവർക്കു

ട്ടാരം പണിയിച്ച കൊടുത്താലും താൻ തൃപ്തനാകയില്ലെ'' ന്നാണു ഗാന്ധി ഡൽഹിയിൽവച്ചുപറഞ്ഞതു്. അവർ ഹിന്ദു മതത്തിൽ തന്നെ തുങ്ങിജീവിച്ചുപാവങ്ങളായി കിടന്നുകൊള്ളണ മത്രേ! ഇതിൽ കൂട്ടുതലായ ഉദ്ദേശം ഗാന്ധിക്കുമില്ല. അതു്; ശരിയായി പ്രസംഗംപോലും ചെയ്യാൻ സമയമെടുക്കാതെ, പണക്കിഴിമാത്രം തപ്പിവാരിക്കൊണ്ടുള്ള ഈ സഞ്ചാരവും നമ്മെ ഗ്രഹിപ്പിക്കുന്നു. ഇതുതന്നെയാണു് സഞ്ചാരംകൊണ്ടു നമുക്കു കിട്ടുന്ന മെച്ചം!

ശുദ്ധിപ്രസ്ഥാനം.

സെൻസസ്സറിപ്പോർട്ടിൽ ഹിന്ദുക്കളുടെ വർദ്ധനക്കുറവും, അഹിന്ദുക്കളുടെ ജനപ്പെരുപ്പവും, ഓരോരുവണയും കണ്ടുകണ്ടു വെറിപിടിച്ച ജാതിഹിന്ദുക്കളെ സൃഷ്ടിച്ച മറ്റൊരു പ്രസ്ഥാനമാണു് ശുദ്ധിപ്രസ്ഥാനം. ആര്യസമാജക്കാർ പൂണൂലും കൊണ്ടു ഭാരതമാകെക്കറങ്ങുന്നു. പണ്ഡിതമാളവ്യ ശുദ്ധിമന്ത്രവും കൊണ്ടു നെടുനീളെ ഓടി പലരേയും പിടിച്ചുനിറുത്തി മന്ത്രദീക്ഷ കൊടുക്കുന്നു. തിരുവനന്തപുരത്തു ശുദ്ധിസഭയെന്നു പ്രത്യേകം സ്ഥാപിച്ചിരിക്കുന്നു. തിരുവിതാംകൂറിൽ മതപരിവർത്തന ബഹളവും, ഹിന്ദുസഭക്കാരുടെ തകൃതിയായി നടക്കുന്നു. ആകപ്പാടെ ഹിന്ദുക്കളെ മതബഹളിപിടിച്ചിരിയ്ക്കുയാണെന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ. ഈ ബഹളങ്ങളെല്ലാം കാണുന്ന നമ്മുടെ ചെല സനാതനക്ഷേത്രന്മാരുടെ വിചാരം, അധഃകൃതരെന്നൊരു കൂട്ടരെ ഇനി കാണണമെങ്കിൽ വല്ല കാഫ്രബംഗ്ലാവുകളിലും പോകേണ്ടിവരുമെന്നായിരിക്കണം.

അങ്ങനെ വിചാരിപ്പാനൊന്നുമില്ല. പാതിരിയച്ചന്റെ മാമ്മോദീസാ വെള്ളത്തിനും, ഒസ്സാന്റെ സുന്നത്തുകർമ്മത്തിനുമല്ലാതെ ഹിന്ദുവിന്റെ പുണ്യലിനും, പുണ്യാഹത്തിനും, ശ്രുദീക്ഷയ്ക്കും മറ്റൊന്നിനും തന്നെ അധഃകൃതരെ അല്പമെങ്കിലും മനുഷ്യരാക്കി മാറ്റുവാൻ കഴിയുമെന്നു കരുതേണ്ട. ഈ ബഹളങ്ങളത്രയും വെറും കപടനാടകങ്ങളാം! കാര്യത്തിൽ ലേശംപോലും ഏശാത്ത പിത്തലാട്ടങ്ങളാം! ഇതെല്ലാം കണ്ടു മതിമയങ്ങി തലതിരിഞ്ഞു പോകരുതെന്നു നാം ഏവരേയും ഉൽബോധിപ്പിക്കണം. ഒരൊറ്റ അധഃകൃതനേയോ അഹിന്ദുവിനേയോ, ഇതുവരെ സനാതനികൾക്കു യഥാർത്ഥഹിന്ദുവാക്കാൻ കഴിഞ്ഞിട്ടില്ലെന്നു നമുക്കറിയാം. അവക്കതു കഴിയുകയുമില്ല. മതപരിവർത്തനത്തിൽ ഹിന്ദുവിന്റെനില പുൽക്കൂട്ടിലെ പട്ടായെപോലെയാണു്. തങ്ങൾ എടുക്കുകയുമില്ല; മറ്റുള്ളവർ എടുക്കുമ്പോൾ ഊറപിടിക്കുകയും ചെയ്യും. ബ്രഹ്മസമാജം, ആര്യസമാജം എന്നുതുടങ്ങി ഒട്ടധികം സമാജക്കാരും, കേരളം ഭ്രാന്താലയമെന്നു ശാപമിട്ടോടിയ വിവേകാനന്ദസ്വാമിമാരും, മറ്റെല്ലാ ഹിന്ദുയോഗ്യന്മാരും കൂടി ശ്രമിച്ചിട്ടും ഇന്ത്യയിൽ അധഃകൃതർ പ്രതിവർഷം ഏറിവരുന്നതല്ലാതെ കുറഞ്ഞുകാണുന്നില്ല. ബ്രിട്ടീഷ് ഇന്ത്യയിലെ ജനങ്ങളിൽ 20 ശതമാനവും ആകെ ഹിന്ദുക്കളിൽ 30 ശതമാനവും, അധഃകൃതരാകുന്നു. ഇവർ ഇനി ഏതൊരുകാലത്തു മനുഷ്യരായി മാറും? ഹിന്ദുക്കളുടെ അധഃകൃതോദ്ധാരണംകൊണ്ടു് ഇവർ മൃഗങ്ങളെക്കാൾ നികൃഷ്ടരായിത്തന്നെ ഹിന്ദുവിന്റെ സ്വർഗ്ഗത്തിനും അവകാശമില്ലാത്തവരായി ഇന്നും അങ്ങനെതന്നെകിടക്കുന്നു!

ഹിന്ദുമതത്തിൽനിന്നും മതം മാറിപ്പോയവരെ തിരിയെ എടുക്കുന്നതാണല്ലോ ശുദ്ധിപ്രസ്ഥാനത്തിന്റെ പ്രഥമപരിപാടി. ക്രിസ്ത്യനായി മാറിയ ഒരീഴവനെ തിരിയെ ശുദ്ധി

ചെയ്തെത്താൽ അവനെ നായരായോ നമ്പൂരിയായോ ഗണിക്കുമോ? ഇല്ലേ ഇല്ല. അവൻ പണ്ടത്തെ തീണ്ടാച്ചൊകോൻ തന്നെ. പിന്നെ ശുദ്ധിയുടെ അർത്ഥമെന്തു്? ക്രിസ്ത്യാനിക്കു് എന്തശുദ്ധിയാണുള്ളതു്? 1929-ൽ വിശ്രുതനായ സർ. സി. ശങ്കരൻനായരുടെ അദ്ധ്യക്ഷതയിൽ പൂനയിൽ വച്ചുകൂടിയ ഹിന്ദുമഹാജനസഭയിൽ മതം മാറിപ്പോയ ഹിന്ദുക്കളെ ശുദ്ധിചെയ്തെടുത്തു അവരുടെ പണ്ടത്തെ ജാതിയിൽ ചേർക്കണമെന്നൊരു പ്രമേയം പാസാക്കുകയുണ്ടായി. "പണ്ടത്തെ ജാതി"യിൽ ചേർക്കുക എന്നുവച്ചാൽ മെത്തയിൽനിന്നു കുപ്പയിലേയ്ക്കെറിയുക എന്നർത്ഥം. ഏഴെട്ടുകൊല്ലം മുൻപു മുസ്ലീംമതം അംഗീകരിച്ച ഒരു ഈഴവനേയും, ഒരു പുലയനേയും, തിരിയെ അവരുടെ പണ്ടത്തെ ജാതിയിലേക്കു ശുദ്ധിചെയ്തെടുക്കുന്നു എന്നു വിചാരിക്കുക. എങ്കിൽ അവരുടെ അനുഭവമോ? സാഹോദര്യസങ്കേതമാകുന്ന ഇസ്ലാംമതത്തിൽ ,,ഹസ്തേന ഹസ്തതലമാത്മ സുഖഗ്രഹീതരായി ചങ്ങാതികളായി കഴിഞ്ഞുകൂടിയ ഇവർ കുശുമ്പിനേറെയും, കുമ്പിനേറെയും, തീണ്ടൽതൊടീലാദി ദുഷ്ടകളേടേയും, വിളനിലമായ ഹിന്ദുമതത്തിൽ ,തിരിയെവന്നു", ഈഴവനും പുലയനുമായി തീണ്ടലോചരിച്ചു കീരിയും പാമ്പുമായി കഴിയുകതന്നെ! ഇതാണു" ഹിന്ദുമഹാസഭയിൽ തല്ലയുള്ളവരെല്ലാംകൂടി ചെയ്ത തീർപ്പിന്റെ രത്നച്ചുരുക്കം! എന്താപിടിച്ചിട്ടില്ലേ? ശുദ്ധി നല്ലതല്ലേ? ചില സനാതനികളുടെ വേദാന്തപ്രസംഗംകേട്ടു ഭ്രാന്തുപിടിച്ചു, ഹിന്ദുമതത്തിൽ ചേർന്ന ഒരു അമേരിക്കൻ മദാമ്മഭ്രാന്തകയിലെ ശ്രീരാമചന്ദ്രക്ഷേത്രത്തിൽ ദർശനത്തിനായി ഹിന്ദുസ്ത്രീകളെപ്പോലെ വസ്ത്രധാരണം ചെയ്ത ക്ഷേത്രശിരോമണിയായിച്ചെല്ലുകയുണ്ടായി. പക്ഷേ, ക്ഷേത്രാധികാരികളും മദാമ്മയെ പിടിച്ച പുറത്താക്കുകയും, അവർ കയറിയ അശുദ്ധി നീക്കാൻ 200 രൂപാ ചിലവിട്ടു പുണ്യാഹം കഴിയ്ക്കുകമാണുണ്ടായതു്. ഒരു പുലയനേയോ, ക്രി

സ്ത്യനേയോ, ഈഴവനേയോ ശ്രദ്ധി ചെയ്തെട്ടത്താൽ; അവനു ഹിന്ദുമതത്തിൽ ശ്രദ്ധനും, ഉൽകൃഷ്ടനും ആകാൻ കഴിയുന്നില്ലെങ്കിൽ ആ പാഴ്വേലയെപ്പറ്റി എന്താണു പറയേണ്ടതു്? തിരുവനന്തപുരത്തെ ശ്രദ്ധിപ്രസ്ഥാനക്കാർ നായരാക്കി മാറ്റിയ ഒരു ക്രൈസ്തവസഹോദരനും കുടുംബവും ഇപ്പോഴും യഥാർത്ഥനായരും, ക്രിസ്ത്യരുമല്ലാതെ കറങ്ങുന്ന കഥ ഈ ഗ്രന്ഥകാരനു നേരിട്ടറിയാൻ കഴിഞ്ഞിട്ടുണ്ടു്. ക്രിസ്ത്യനെ ശ്രദ്ധിചെയ്തിട്ടും, ബ്രാഹ്മണനാക്കാതെ, മതപരമായി, ഭീമമായ അസമത്വഭാരം ചുമന്നു വലയുന്ന നായർസമുദായത്തിൽ ചേർക്കുവാനേ ശ്രദ്ധിസഭക്കാർക്കു കഴിഞ്ഞുള്ള. ഈ നായരീകരണംതന്നെ പൂർത്തിയായിട്ടുമില്ല. നോക്കണേ ശ്രദ്ധിയുടെ പോക്കു്!

പുണ്ണൂലിലും, ഹോമത്തിലും ഭ്രമിച്ചു്, ചില അവർണ്ണർ ആര്യസമാജത്തിൽ ചേർന്നു ആര്യബ്രാഹ്മണരായിട്ടുണ്ടു്. ഇവരിൽ ചിലരേയും കൊണ്ടു് ആര്യസമാജ പ്രവർത്തകന്മാർ പാലക്കാട്ടെ കൽപാത്തി റോഡിൽ കൂടി പോകുകയുണ്ടായി. പെരുവഴി നടക്കാൻ പൊന്ന ഈ ആര്യന്മാരെയെല്ലാം പിടിച്ചു കല്പാത്തിയിലെ പട്ടന്മാർ നല്ല കണക്കിനു പ്രഹരിച്ചുവിട്ടു. ആര്യന്മാരുടെ പുണ്ണൂലും, ശിഖയും കാണിച്ചുകൊടുത്തും, അവർണ്ണനെ പെരുവഴി നടത്തുവാൻകൂടി സവർണ്ണർ ഒരുക്കമല്ല. ആര്യസമാജക്കാർ പുണ്ണൂലിട്ടു ശ്രദ്ധിവരുത്തിയാലും അവർണ്ണന്റെ ശ്രദ്ധി വകവച്ചുകൊടുക്കുവാൻ ജാതിഹിന്ദുക്കൾ തയാറില്ലെന്നുള്ള കൽപാത്തിത്തല്ലുകൊണ്ടു് മനസ്സിലാക്കേണ്ടതുണ്ടു്. അവർണ്ണർക്കു യാതൊരു പ്രയോജനത്തെയും പ്രദാനം ചെയ്യാത്ത ഈ ശ്രദ്ധികളുടെയും വെറും വഞ്ചനയെന്നല്ലാതെ മറെന്തു പറയട്ടെ! ഹിന്ദുമതത്തിലെ ആട്ടും തുപ്പും തീണ്ടാട്ടും മാറ്റുവാൻ വല്ല മാർഗ്ഗത്തിലും പോയി, രക്ഷപെടുവാൻ ശ്രമം ചെയ്യു

ന്നവരെ തിരിയെ ഹിന്ദുമതത്തിലേക്കു വലിച്ചിട്ടു്, ഉയർന്ന വർക്കു കനിച്ചു നിറുത്തി കുതിര കയറുവാൻ ഇടം കൊടുക്കുന്ന ഈ ശുദ്ധിപ്രസ്ഥാനത്തെ നാം സർവശക്തികളും പ്രയോഗിച്ചു പ്രതിരോധിക്കേണ്ടതാകുന്നു.

മാവേലിക്കരയിൽ ഈ അടുത്ത നാളിൽ നടന്ന മതപരിവർത്തനബഹളം ചില പാഠങ്ങൾ നമുക്കു നൽകുന്നുണ്ടു്. അവിടെ പത്തഞ്ഞൂറു അധഃകൃതർ ക്രിസ്തുമതത്തിൽ ചേർന്നു. ഇതു കണ്ടപ്പോൾ ഇവിടത്തെ ഹരിജനസേവകന്മാരും, ഹിന്ദുനേതാക്കളും, ശുദ്ധിപ്രസ്ഥാനക്കാരും എല്ലാം ഹാലിളകി ഹിന്ദുസഭക്കുടാനും, അധഃകൃതസേവ ചെയ്യാനും, ഒരുമ്പെട്ടെത്തി. മലബാറിലെ ഹരിജനസേവാസമിതി സെക്രട്ടറിയും മുൻപന്തിയിൽതന്നെ ഉണ്ടായിരുന്നു എല്ലാവരുംകൂടി മതപരിവർത്തനം ചെയ്തവരെ തിരിയെ എടുക്കാനും, പരിവർത്തനത്തെ തടയാനും, കൊണ്ടുപിടിച്ചു ശ്രമിച്ചുനോക്കി. ഫലം എങ്ങനെയുമിരിക്കട്ടെ! ഇതിന്റെയൊക്കെ അർത്ഥം എന്തെന്നു നമുക്കു നോക്കേണ്ടതുള്ളൂ. അധഃകൃതോദ്ധാരണം ഹിന്ദുമതലേബിളം ഒട്ടിക്കലാണോ? അധഃകൃതർ ഏതു മതത്തിൽ നിന്നായാലും ഉദ്ധരിക്കപ്പെട്ടാൽ പോരയോ? ഹിന്ദുക്കളായി നിന്നാൽ വഴിനടക്കാനും, ഉറച്ചു സംസാരിപ്പാനുംകൂടി കഴിയാത്ത വെറും ഏഴകളായ ഈ ഇരുക്കാലിമാടുകളെ എവിടെയെങ്കിലും പോയി രക്ഷപ്പെടിച്ചുകൊള്ളട്ടെ, എന്നല്ലയോ യഥാർത്ഥ ഉദ്ധാരകന്മാരായ ഹൃദയാലുക്കളും—മനുഷ്യസ്നേഹികളും—കരുതേണ്ടതു്? മറ്റുള്ളവർ ഉണ്ണുന്നതും ഉടുക്കുന്നതും കൊടുത്തു ആകർഷിച്ച മതം മാറുമ്പോഴും, പുണ്യാഹവും, ഗായത്രിയുംകൊണ്ടു ചെല്ലുന്ന ഹിന്ദുക്കളുടെ വിഡ്ഢിത്തം എത്ര ആക്ഷേപാർഹം! ചെങ്ങന്നൂർ ഭഗവതിക്കു നമ്മുടെ സ്ത്രീകളെപ്പോലെ മാസംതോറും തീണ്ടാർന്നുകളിയുണ്ടെന്നു പറയുന്നു, പ്ലാഞ്ഞിറുവഴി ഹനുമാരോടു 'ദിവ്യസം

ഭോഷണം' ചെയ്യാനും, ശബരിമലയാത്രയ്ക്ക് ജനങ്ങളെ പ്രേരിപ്പിച്ച് ലേഖനമെഴുതാനും മടിക്കാത്ത പഴഞ്ചന്മാരും, പബ്ലിക്ക് സർവീസ് മൃസിയമല്ലെന്ന് ജനപ്രതിനിധികൾ നിറഞ്ഞ നിയമസഭയിൽ തുറന്നുപറയുവാൻ ധൈര്യപ്പെടാത്ത 'പഞ്ചാസ്യ'ന്മാരും മറ്റുമാണ് തിരുവനന്തപുരത്തു സ്ഥാപിച്ചിരിക്കുന്ന ശുദ്ധിപ്രസ്ഥാനത്തിന്റെ നേതാക്കൾ എന്നു പറഞ്ഞാൽ, അവർക്കു സ്ഥായിയായ യാതൊരു ഗുണവും അതുകൊണ്ടുണ്ടാകയില്ലെന്നു പ്രവചിക്കുവാൻ വല്ല ദീർഘ ദർശിത്വവും ആവശ്യമുണ്ടോ?

അധഃകൃതോദ്ധാരകൻമാർ ജാതിഹിന്ദുക്കളെ നന്നാക്കട്ടെ.

എല്ലാ അധഃകൃതോദ്ധാരകന്മാരും ഒന്നു ശ്രദ്ധിക്കണം. അധഃകൃതരും മനുഷ്യരാണ്. പാപ്പിലും, പണത്തിലും, പ്രൗഢിയിലും, അവർ അധഃക്കരിക്കപ്പെട്ടവരെങ്കിലും, ഈ മണ്ണിന്റെ മക്കളായ അവർക്ക് ഇപ്പിടെ ജീവിക്കുവാനും, അഭിവൃദ്ധിപ്പെടുവാനും ഉള്ള സ്വാതന്ത്ര്യം ജന്മസിദ്ധമാണ്. ഈ സ്വാതന്ത്ര്യത്തിന്റെ അപഹർത്താക്കളാണ് മറ്റുള്ളവർ. യഥേഷ്ടം വളർന്നു വികസിക്കുവാനുള്ള സൗകര്യവും, ഇടവും കൊടുക്കുക. മറ്റുള്ളവരെപ്പോലെ വായുവും, വെളിച്ചവും, ജലവും ലഭിക്കുവാൻ അവരെ അനുവദിക്കുക. ഒരു പൗരന്റെ ജന്മാവകാശങ്ങളെല്ലാംതന്നെയും കൊടുക്കുക. അവരെ ഉപദ്രവിക്കാതിരിക്കുക. ഇതുമായാൽ ആരുടേയും സഹായം ഇല്ലെങ്കിലും അധഃകൃതർ ഉദ്ധരിക്കപ്പെട്ടും. മുളയ്ക്കുക, വളരുക, പുഷ്പിക്കുക

ഫലിക്കുക എന്നിവ തരുതുല മലതാദികളുടെ മാത്രമല്ല, ജന്തുക്കളുടേയും നൈസർഗികമായ വാസനയാണ്. സനാതനികളുടെ ഒരു കക്ഷണം സോപ്പും, ഒരു തുണ്ട വസ്ത്രവും, ഒരു വയറു ചോറും ഇല്ലെങ്കിൽ അയ്യോ! ഇന്ത്യയിലെ ഏഴെട്ടുകോടി അധഃകൃതരും ചത്തു തുലഞ്ഞുപോകുമെന്നാരും പരിഭ്രമിക്കേണ്ട. മതപരിവർത്തനക്കാരും, ഉദ്ധാരകന്മാരും അവരെ പുറന്നിക്കുടി ശ്വാസം മുട്ടിക്കാതിരുന്നാൽ തന്നെ വലിയ രക്ഷയായി. അതുകൊണ്ട്, അധഃകൃതർക്ക് വളരുവാനുള്ള പ്രതിബന്ധം ഒഴിച്ചുകൊടുക്കണേ, എന്ന ജാതിമദാന്ധരായ സനാതനികളോടു പറയുകയാണ് അധഃകൃതോദ്ധാരകന്മാർ ആദ്യമായും, അവസാനമായും ചെയ്യേണ്ടതു്. സമത്വവും സ്വാതന്ത്ര്യവും വേണ്ടെന്നു പറയത്തക്ക പട്ടമണ്ടന്മാരാരും അധഃകൃതരിൽ ഇന്നില്ല. ആകയാൽ അവരെ മർദ്ദിയ്ക്കാതിരിക്കുവാനുള്ള സന്മനസ്സുണ്ടാക്കി സനാതനികളെ നന്നാക്കുകയാണ് ഹരിജനസേവകരും, ശുദ്ധിപ്രസ്ഥാനക്കാരും ചെയ്യേണ്ടതു്. അധഃകൃതരെ ഞെക്കാതെ അവരുടെ പാട്ടിനു വിട്ടേക്കുകയും ചെയ്യണം. അധികാരാവകാശങ്ങളൊന്നും അവർക്കുന്നു കൊടുക്കാതെ അവനെ ദൂരെ നിർത്തിക്കൊണ്ടു സ്വകാര്യം കാണുവാനുള്ള ഉപായങ്ങളും ഇനിയുള്ള കാലം നടക്കുന്നതല്ല. സോപ്പിലും, മന്ത്രദീക്ഷയിലും, ഭംഗിവാക്കുകളിലും ഭ്രമിക്കുന്ന കാലം മാറിയിരിക്കുന്നു. ഹിന്ദുമതജന്തുവിന്റെ വാലായിത്തൂങ്ങിക്കിടന്നുകൊണ്ട്, ഈച്ചയാട്ടുന്ന അപമാനകരമായ നില ഇനിയും അധഃകൃതർ എടുക്കുമെന്നു കരുതേണ്ട.

ഇത്രനാളും ഇങ്ങനെ കിടന്നില്ലേ?

"ഇത്രനാളും ഹിന്ദുക്കളായിത്തന്നെ കിടന്നില്ലേ? ഇനി ഏതായാലും ഇങ്ങനെതന്നെ ചെല്ലട്ടെ. ഇതിൽനിന്നുകൊണ്ടു

സ്വാതന്ത്ര്യം സമ്പാദിക്കുന്നതാണു പൗരുഷം. ഇഴവരെ ഒട്ടാകെ ഹിന്ദുമതത്തിൽനിന്നും വിടർത്തി എടുക്കുവാൻ സാധ്യമല്ല'' എന്നൊക്കെ മൊരുങ്ങുന്ന ഒരു വകക്കാരാണു് ഇനിയുമുള്ളതു്. പാളത്തിൽനിന്നും തെറ്റിപ്പോയ ഒരു വണ്ടി തിരിച്ചുകൊണ്ടു വന്നു ശരിക്കോടിയ്ക്കുകയല്ലാതെ ,ഇതുവരെ ഓടിയില്ലേ, ഇനി ഏതായാലും തെറ്റിയ വഴിക്കുതന്നെ വണ്ടി ഓടട്ടെ, എന്നു തലയുള്ളവരാരെങ്കിലും പറയുമോ? പഠിപ്പിലും പണത്തിലും നമ്മുടെ നില എത്രയ്ക്കു താണതായാലും, എണ്ണത്തിലും, പരിശ്രമശീലത്തിലും നമ്മെ കവച്ചുവയ്ക്കുന്ന ഒരു സമുദായവും കേരളക്കരയിലില്ല. കേരളത്തിലാകെ പെരുങ്കടൽപോലെ പരന്നുകിടക്കുന്ന നമ്മുടെ സമുദായം ഉണർന്നുസാഹിച്ചാൽ അസാദ്ധ്യമായ ഒരു കാര്യവും ഇവിടെ ഉണ്ടാകുന്നതല്ല. ഇതു ജനപ്പെരുപ്പവും, സമുദായകാര്യപ്രതിപത്തിയും ഉള്ള നാം ഇനിയും നമ്മുടെ ശത്രുമതമായ ഹിന്ദുമതവലയിൽ കിടന്നു ഞെരുങ്ങി അമരണമെന്നു പറയുന്നതു കഷ്ടമല്ലേ? ഈ മതം നമുക്കു പറ്റിയതല്ലെന്നു എപ്പോഴും തോന്നിയോ, അതേനിമിഷംതന്നെ അതിനെ എടുത്തു വലിച്ചെറിഞ്ഞുകളയുവാൻ മടിക്കേണ്ടതുണ്ടോ? നമുക്കു പേരാത്തതെന്നു മാത്രമല്ല, നാശഹേതുകവുമാണെന്നു ബോധ്യപ്പെട്ട ഒരു വസ്തുവിനെ പിന്നെയും വച്ചുകൊണ്ടിരിയ്ക്കുവാൻ ആരെങ്കിലും മോഹിയ്ക്കുമോ? ചീഞ്ഞളിഞ്ഞു ദുർഗന്ധം വമിയ്ക്കുന്ന ഒരു സാധനം പരിചയംകൊണ്ടു രുചിപ്രദമായിത്തോന്നിയിരുന്നാലും, ചീഞ്ഞതു ചീഞ്ഞതല്ലാതാകുമോ? വീണ്ടും അതുതന്നെ ഉപയോഗിയ്ക്കുവാൻ ബുദ്ധിയുള്ളവർ ഉപദേശിക്കുമോ?

ഹിന്ദുമതത്തിൽ നിന്നുകൊണ്ടു സ്വാതന്ത്ര്യം സമ്പാദിയ്ക്കുവാൻ മോഹിയ്ക്കുന്നതു് ഒരുവക വ്യാമോഹം മാത്രമാണു്. എത്ര ശതാബ്ദങ്ങളം നാം ഇങ്ങനെ കൈയും കെട്ടി സ്വാതന്ത്ര്യസ്വപ്നവും കണ്ടുകൊണ്ടു കിടന്നു? ഇതുവരെയും സ്വാതന്ത്ര്യ

മായില്ലെങ്കിൽ ഇനിയും എത്ര തലമുറകൾകൂടി കിടന്നപാട് തന്നെ നാം കിടക്കണം? മനുഷ്യാവകാശസ്വാതന്ത്ര്യങ്ങൾ ഇങ്ങനെ ഇഞ്ചും, അടിയും ആയി അളന്നളന്നു കാലക്രമേണ കിട്ടിയാൽ മതിയാകുന്നവയാണോ? ഇവയെല്ലാം കാലചക്രത്തിന്റെ ഗതിക്കൊത്തു ലഭ്യമായാൽ മതിയെന്നു കരുതുന്ന യാഥാസ്ഥിതികന്മാരെ, പഠിച്ചു ജീവിക്കുവാൻ ഇന്നുള്ള യുവലോകം സന്നദ്ധമാകുമ്പോഴേ എന്നു കണ്ടതൊന്നും അറിയുന്നും. മനുഷ്യന്റെ പ്രഥമികമായ ജന്മാവകാശങ്ങൾക്കുവേണ്ടിപോലും, ഇനിയും അനിശ്ചിതമായ ഒരു ഭാവികാലത്തേയ്ക്കു നോക്കി നിൽക്കണമെന്നുവന്നാൽ, നമുക്കാവശ്യമായ സുഖജീവിതലബ്ധിക്കായി എന്നു പരിശ്രമിക്കുമെന്നാണീ പഴഞ്ചന്മാർ പറയുന്നതു"?

ഹിന്ദുമതം വിട്ടന്നതു പൗരുഷമില്ലായ്മയാണത്രേ! നമ്മുടെ ഉൽക്കർഷത്തിനും, സ്വാതന്ത്ര്യത്തിനും പ്രതിബന്ധമെന്നു ബോദ്ധ്യപ്പെട്ട ഈ മതവുമായുള്ള നമ്മുടെ സകല ബന്ധങ്ങളേയും തൃണസമാനം പരിത്യജിച്ചു പോരുന്നതോ; വീണ്ടും കൈയും കെട്ടി അസ്വതന്ത്രരായി, മറ്റുള്ളവരുടെ കളിപ്പാട്ടങ്ങളായി അമർന്നുകിടന്നതോ ഏതാണു പൗരുഷമെന്നു ചിന്താശക്തിയുള്ള കേട്ടപറയാത്ത ആണുങ്ങളാരും ആലോചിച്ചുറയട്ടെ! 'എങ്ങനെയൊ പിടിപെട്ട ഒരു വ്യാധി, കാലക്രമേണ ഭേദപ്പെടുമെന്നു കരുതിക്കൊത്തിരിക്കയല്ലാതെ ശസ്ത്രക്രിയചെയ്തു സുഖപ്പെടുത്തുന്നതു പൗരുഷഹീനത"മെന്നു പറഞ്ഞാൽ, അതുപോലെ ബുദ്ധിശൂന്യതയാണു", ഹിന്ദുമതം വിട്ടൊഴിഞ്ഞതു പൗരുഷമില്ലായ്മയെന്നു പറയുന്നതും. "എന്റെ ശരീരത്തിൽ ഉണ്ടായ എന്റെ വ്യാധി—എന്റെ അച്ഛനും, അപ്പൂപ്പനും വന്നതും, അവർ മരണപ്രാപ്തമായ വ്യാധി—പരമ്പരാഗതമായ എന്റെ വ്യാധി ഇതു" ഒരിക്കലും ഞാൻ വിടുകയില്ല. ഇതിനു

ചികിത്സയേ വേണ്ട. അതാണെന്റെ പൗരുഷം.'' എന്നി
ങ്ങനെ പറയുന്നവന്റെ യുക്തി എന്തൊരു യുക്തിയായിരിക്കും?
അവനെ ഊളമ്പാറക്കയയ്ക്കുവാനല്ലേ ബോധമുള്ളവർ പറയൂ?
അനേക കാലം ജയിലിനുള്ളിൽകിടന്ന ജയിൽജീവിതം സാ
ത്മ്യമായിത്തീർന്ന ഒരുവൻ സ്വാതന്ത്ര്യജീവിതത്തെ പഠിച്ചാൽ
അതിനു വല്ല വിലയും അർത്ഥവും കല്പിയ്ക്കേണ്ടതുണ്ടോ?

ഹിന്ദുമതത്തിൽനിന്നും ഈഴവരെ ഒട്ടാകെ വിടർത്തി എടു
ക്കുവാൻ സാധ്യമല്ലെന്നു പറയുന്നതിലും യുക്തികാണുന്നില്ല.
പരിഷ്ക്കാരം സ്വീകരിയ്ക്കുവാൻ തക്കവിധം ജനസമൂഹത്തെ
ഒരുക്കിയതിനുശേഷം ഏതെങ്കിലും പരിഷ്ക്കാരം നടപ്പാക്കി
യതായി ഒരു ചരിത്രവും ഇല്ല. പരിഷ്ക്കർത്താക്കൾ അഭി
പ്രായം പുറപ്പെടുവിയ്ക്കുക. അതിനുവേണ്ടി ശക്തിയായ പ്രച
രണം നടത്തുക. ജനങ്ങൾ അതിന്റെ പിന്നാലെ ഒഴുകിക്കൊ
ള്ളും. ഇതാണ് എവിടെയും, എന്നും ഉണ്ടായിട്ടുള്ളതു്. റഷ്യ
യിൽ ലെനിൻ ഭരണകൂടത്തിനും, മതത്തിനും എതിരായ തന്റെ
അഭിപ്രായം പുറപ്പെടുവിച്ചതു റഷ്യൻജനതയെ ആകമാനം
അഭിപ്രായ സ്വീകരണത്തിനു ഒരുക്കി നിറുത്തിയിട്ടാണോ? ഉറ
ച്ച മതവിശ്വാസികളും, പൗരോഹിത്യമേധാവിത്വത്തിൻ കീ
ഴിൽ ഞെരുങ്ങിക്കിടന്നിരുന്നവരുമായ അവിടത്തെ ജനങ്ങ
ളോടു മതം വലിച്ചെറിയുവാനാണ് ലെനിൻ ഉൽബോധിപ്പി
ച്ചതു്. ഫലം എന്തായെന്നറിയുന്നതാ? ഇന്ത്യയിൽ ഗാന്ധി
നിസ്സഹകരണപ്രസ്ഥാനത്തിനും, സിവിലാജ്ഞാലംഘനത്തി
നും, ഇറങ്ങിയതും ജനസാമാന്യത്തെ ശരിപ്പെടുത്തിയതിനുശേ
ഷമാണോ? ജനങ്ങൾ സസന്തോഷം സ്വീകരിക്കുന്ന അഭിപ്രായ
ങ്ങൾതന്നെയോ താൻ പറയുന്നതു്, എന്നല്ല നോക്കേണ്ടതു്.
ജനങ്ങൾക്കു് ആവശ്യമായ ആദർശമാണോ താൻ പറയുന്നതു്,
എന്നു മാത്രമേ പുരുഷോചിതമായ ധീരതയുള്ളവർ നോക്കുക

യുള്ള. ആവശ്യമായതെന്നുകണ്ടാൽ ജനഹൃദയങ്ങളിൽ അഭിപ്രായം അടിച്ചു കയറ്റുകതന്നെ. നേതാവിന്റെ ഉദ്ദേശശുദ്ധിയും, ആദർശമാഹാത്മ്യവും മനസ്സിലാക്കി ജനങ്ങൾ തിരിഞ്ഞു നേരേ വന്നുകൊള്ളും. ഇതെല്ലാം നിമിഷംകൊണ്ടു സാധിക്കുകയും ചെയ്യും. ജനങ്ങൾക്കുവേണ്ടി പരിഷ്ക്കാരികൾ ഒരിടത്തും കാത്തുനിന്നില്ല. പരിഷ്ക്കാരികൾക്കുവേണ്ടി ജനസാമാന്യം നിന്നിട്ടേയുള്ള. ഈഴവസമുദായത്തിൽതന്നെ ഇതിനു ദൃഷ്ടാന്തങ്ങൾ അനവധിയുണ്ട്. താലികെട്ട്, തിരണ്ടുകുളി, പുലികുടി മുതലായ അനാചാരബഹിഷ്ക്കരണങ്ങളും, സവർണ്ണക്ഷേത്രങ്ങളുമായുള്ള നിസ്സഹകരണനയവും മറ്റും സമുദായത്തിൽ എത്ര വേഗം നടപ്പായി! ഒരൊറ്റ വായുവേഗംകൊണ്ടു സാധിച്ചതല്ലേ ഇവകൾ. ഇതുപോലെ സ്വതന്ത്രസമുദായകാര്യവും നിഷ്പ്രയാസം സാധിക്കാം. കേരളത്തിൽ പല സാമുദായികപരിഷ്ക്കാരങ്ങൾക്കും മാർഗ്ഗദർശിത്വം വഹിച്ചുകയും, വലിയ ഉൽപതിഷ്ണുക്കളെന്നു പ്രസിദ്ധി നേടുകയും ചെയ്തിട്ടുള്ള നമ്മുടെ സമുദായം എട്ടത്താൽ പൊങ്ങാത്ത ഒരു പരിഷ്ക്കാരമാണിതെന്നു പറയുവാൻ പാടുള്ളതാണോ? പണ്ടേതന്നെ അഭിപ്രായധീരതയും, വിശ്വാസസ്വാതന്ത്ര്യവും കൈവളർത്തിക്കഴിയുന്ന കേരളത്തിലെ ഏറ്റവും വമ്പിച്ച സമുദായമായ നാം ഒത്തുനിന്നു ചെയ്യുന്ന ഒരു തീർപ്പിനെ അല്പമെന്നു പറയുവാൻ ഇവിടെ യാതൊരു ശക്തിയും ഉണ്ടാകുന്നതല്ല.

ശ്രീനാരായണ ഗുരുസ്വാമിയും മതവും.

സ്വതന്ത്രസമുദായവാദത്തിനു പറയുന്ന മറ്റൊരാക്ഷേപം, "സ്വാമി ഒരു ഹിന്ദുവായിരുന്നു. 'ഒരു ജാതി ഒരു മതം ഒരു

ദൈവം, എന്നല്ലാതെ ''ഒരു മതവും വേണ്ടെന്നു് അദ്ദേഹം പറഞ്ഞിട്ടില്ല'' എന്നതാണു്. മതപരമായി ഇതു അഗാധമായി ചിന്തിക്കയും ഇതു സ്വതന്ത്രമായ അഭിപ്രായം പുറപ്പെടുവിക്കയും ചെയ്തിട്ടുള്ള ഒരു മഹാനെപ്പറ്റി അടുത്ത കാലത്തെങ്ങും നാം കേട്ടിട്ടില്ല. ''ഒരു ജാതി ഒരു മതം ഒരു ദൈവം'' എന്നുള്ള സ്വാമികളുടെ മഹാസന്ദേശം വ്യാഖ്യാനിച്ചു വരുമ്പോഴേക്കിട്ടുന്നതു്, ജാതിയില്ല, മതമില്ല, ദൈവമില്ല എന്നാകുന്നു. ഒരു ജാതി എന്നു പറഞ്ഞതാൽ അതു മനുഷ്യജാതിയെ അല്ലാതെ, ജാതി വിഭിന്നതയെത്തെ കുറിക്കുന്നതല്ലല്ലോ. മനുഷ്യർ ഒരു ജാതിയാണെന്നു സമ്മതിക്കുമ്പോഴും, ഹിന്ദു, മുസ്ലീം, ക്രിസ്ത്യനും, ബുദ്ധൻ എന്നു തുടങ്ങിയ മതാവലംബികളായി അവരെ തിരിക്കുവാൻ പാടുള്ളതല്ല. ഹിന്ദുവും, മുസ്ലീമും ക്രിസ്ത്യനും, ബുദ്ധനും പോയി മനുഷ്യനായാലേ, ''മനുഷ്യൻ'' എന്ന ഒരു ഇനമായി വരികയുള്ളു. അപ്പോഴും മതവിഭിന്നതയും മനുഷ്യരിൽ ഉണ്ടാകുന്നില്ല. ഇങ്ങനെ ജാതിയില്ലാതാകുമ്പോഴും മതവും സ്വയമേവ ഇല്ലാതാകുന്നു. ''മതമേതായാലും വേണ്ടില്ല, മനുഷ്യനു നന്നായാൽ മതി,'' എന്നു് മതകാര്യത്തിൽ കേവലം അശ്രദ്ധനായിത്തന്നെപറഞ്ഞിരിക്കുന്നതുകൂടി സ്മരിക്കുമ്പോഴും സ്വാമികൾ മതമേയില്ലായിരുന്നു എന്നു് സ്പഷ്ടമായും കരുതാവുന്നതാണു്. ഹിന്ദുമതത്തിൽ നിന്നും ഇതരമതങ്ങളിലേയ്ക്കുള്ള പരിവർത്തനകാര്യത്തിൽ സ്വാമികൾക്കു് യാതൊരു എതിരും ഉണ്ടായിരുന്നില്ലെന്നാണു് നാം അറിഞ്ഞിട്ടുള്ളതു്. മതകാര്യം എങ്ങനേയുമിരിക്കട്ടെ, മനുഷ്യൻ മര്യാദയായി ജീവിച്ചു നന്നായാൽ മതിയെന്നുപദേശിക്കുന്ന ഒരു മഹാത്മാവു് മതപരിവർത്തനത്തിൽ ആനുകൂല്യമോ പ്രാതികൂല്യമോ ഭാവിക്കയില്ലല്ലോ. വ്യക്തിഗതമായി നോക്കിയാലും സ്വാമികൾക്കു യാതൊരു മതനിഷ്ഠയും ഉണ്ടായിരുന്നതായി അറിവില്ല.

ഇനി ഒരു ദൈവം എന്നതിനേയും നമുക്കെടുത്തു നോക്കാം. ഓരോ മതക്കാരുടേയും ദൈവം ഭിന്നഭിന്നമായ ആകൃതിയിലും പ്രകൃതിയിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികളുടേയും, മുഹമ്മദീയരുടെയും, ഹിന്ദുക്കളുടേയും ദൈവം ഒന്നെന്നു പറഞ്ഞാൽ ഈ മൂന്നുകൂട്ടരും സമ്മതിച്ചതരുന്നതല്ല. അവരുടെ വിശ്വാസം അവരെ ഇക്കാര്യത്തിനായി തമ്മിലടിപ്പിക്കുന്നവയാണ്. അതുകൊണ്ട്, ദൈവം ഉണ്ടെങ്കിൽ ഈ മതക്കാരുടെ വിശ്വാസപ്രമാണങ്ങളെ ആസ്പദമാക്കി ഒന്നെന്നു പറയുവാൻ നിവർത്തിയില്ല. ഇതിനും പുറമേ, മതം ഇല്ലെന്നു വരുമ്പോഴും ദൈവത്തിനും സ്ഥാനമില്ലാതായിത്തീരുന്നു. ആദ്യം സ്വാമി സുബ്രഹ്മണ്യസ്വാമി, ശിവശതകം മുതലായ കാട്ടകം എഴുതുകയും പല ദേവന്മാരെയും, ദേവിമാരെയും പ്രതിഷ്ഠിച്ചു വിഗ്രഹാരാധനയിൽ ജനങ്ങളെ ആകർഷിക്കയും ചെയ്തുവന്നു. കാലം കുറേക്കഴിഞ്ഞു ചിന്താശക്തി ഉയർന്നപ്പോഴേക്കു ദൈവപ്രാർത്ഥന എഴുതി പ്രചരിപ്പിക്കുകയും വിഗ്രഹാരാധനയെ മനപൂർവം പ്രതിഷേധിക്കുകയുമാണ് ചെയ്തത്. താഴെക്കാണുന്ന സന്ദേശംമൂലം വിഗ്രഹാരാധനയെ അദ്ദേഹം നിർബന്ധപൂർവം തടയുകയുണ്ടായി.

സന്ദേശം.

ക്ഷേത്രനിർമ്മാണം അരുതു്. ക്ഷേത്രത്തിൽ ജനങ്ങൾക്കു് വിശ്വാസം കുറഞ്ഞുവരികയാണു്. അമ്പലം കെട്ടുവാൻ നാം പണം ചിലവിട്ടതു ദുർവ്യയമായിപ്പോയി.

ശിവഗിരിമഠം
6—7—1918.

നാരായണഗുരു

ക്ഷേത്രപ്രതിഷ്ഠക്ക് സ്വാമികളും എന്തും പോകാതായി

ചേർത്തല, 'കളവംകോട്'ത്തുകാരുടെ നിർബന്ധം സഹിയാഞ്ഞു അദ്ദേഹം അവിടെ പൂജയും, ചോറൂട്ടലും പാടില്ലെന്നു ശാസിച്ചുകൊണ്ട് വലിയൊരു നിലക്കണ്ണാടി സ്ഥാപിച്ചുകൊടുത്തു ഇതായിരുന്നു സ്വാമികളുടെ അന്ത്യമായപ്രതിഷ്ഠ. ഇതു വിഗ്രഹാരാധനയെ മാത്രമല്ല, ദൈവജ്ഞനത്തെക്കൂടി ജനങ്ങളിൽ നിന്നും, അകറ്റുവാൻ ഉള്ള ഒരു പ്രത്യക്ഷമായ പ്രയോഗമായിരുന്നു എന്നു് ബുദ്ധിയും, സ്വതന്ത്രചിന്താശീലവും ഉള്ള ആർക്കും അനുമാനിക്കാം. കണ്ണാടിയുടെ മുൻപിൽ നിന്നു കൈകൂപ്പി വന്ദിക്കുന്ന ഒരുവൻ, അവനെത്തന്നെ വന്ദിക്കുന്നതായിട്ടാണല്ലോ പ്രത്യക്ഷപ്പെടുന്നതു്. ഇതിന്റെ അർത്ഥം നീയൊഴിഞ്ഞു അന്യദൈവമില്ലെന്നല്ലെങ്കിൽ പിന്നെ എന്താണു്? അർത്ഥഗർഭമായ ഈ കണ്ണാടിപ്രതിഷ്ഠമൂലം സ്വാമികൾ മനുഷ്യരെ ജാതിയും, മതവും മാത്രമല്ല, ദൈവവും കൂടിയില്ലാത്ത സ്വതന്ത്രരായി ജീവിക്കുവാൻ ഉപദേശിച്ചിരിക്കുന്നു. ഇതാണു് സ്വാമിയിൽ നിന്നും മതകാര്യമായി നാം ഗ്രഹിക്കേണ്ടതു്. ഇപ്രകാരം ഒരു സ്വതന്ത്രചിന്തകനും, വളർച്ചയനുസരിച്ചു് അഭിപ്രായം മാറി അഭിവൃദ്ധിപ്പെട്ടുവന്ന ഒരു യുക്തിവാദിയുമായിരുന്ന സ്വാമിയെ മതവിശ്വാസിയാക്കി തീർത്തുന്നതു തീരെ അനുചിതമാകുന്നു. തനി ഈഴവനായിരുന്ന സ്വാമികളും ക്ഷേത്രപ്രതിഷ്ഠയ്ക്കു മുതിർന്നതു തന്നെ ഹിന്ദുമതസിദ്ധാന്തപ്രകാരം മതനിഷിദ്ധമായ ഒരു പ്രവർത്തിയാകുന്നു. അബ്രാഹ്മണനു്, വിശിഷ്യ ശൂദ്രജാതിയിൽ പോലും പെടാത്ത അധഃകൃതനു് ക്ഷേത്രപ്രതിഷ്ഠയും, മന്ത്രതന്ത്രാദികർമ്മങ്ങൾ അർഹതയില്ലെന്നുള്ള ഹിന്ദുമത നിയമങ്ങളെ വകവയ്ക്കാതെ ഈഴവർക്കു ക്ഷേത്രങ്ങളും പ്രതിഷ്ഠിച്ചുകൊടുക്കയും, അവരെക്കൊണ്ടു് പൂജകളും, പൗരോഹിത്യങ്ങളും ചെയ്യിക്കയും, ചെയ്തിട്ടുള്ളതു് ഹിന്ദുമതത്തെ നിഷേധിക്കുക മാത്രമല്ല, 'അതിനോടെതിരിടുകകൂടിയാകുന്നു. അഥവാ സ്വാമിയുടെ അഭിപ്രായം തെറ്റെങ്കിൽ

അവ തെറ്റാണെന്നതന്നെ പറയുവാൻ നാമെന്തിനു മടിക്കണം; അഭിപ്രായസ്വാതന്ത്ര്യമാണു് അദ്ദേഹത്തിൽ നിന്നും പഠിക്കുവാൻ കഴിഞ്ഞ വലിയൊരു പാഠം. അതു് നാം എവിടെയും ഉപയോഗിക്കണം. സ്വാമിക്കു തെറ്റിയെങ്കിൽ അതിനെ തിരുത്തിയതുകൊണ്ടു യാതൊരു തരക്കേടുമില്ല. സ്വാമി പ്രതിലോമനയക്കാരായ ചിലർ കരുതും പോലെ മനുഷ്യരിൽ നിന്നും വ്യത്യസ്തമായ ഒരു ജീവിയോ, അവതാരമോ, ആയിരുന്നില്ല. അദ്ദേഹം നമ്മെപോലെ, സാധാരണക്കാരിയായ ഒരു സ്ത്രീ പ്രസവിച്ചുണ്ടായി. നമ്മേപോലെ വളർന്നു ജീവിച്ചു. രോഗം പിടിപെട്ടു. കഠിനമായ വേദനയനുഭവിച്ചു മരിച്ചു. അദ്ദേഹം ചിന്താശീലവും, സ്വതന്ത്രബുദ്ധിയും, യുക്തിവാദമനസ്ഥിതിയും, കാരുണ്യവും നിറഞ്ഞ ഒരു മഹാപുരുഷൻ മാത്രമായിരുന്ന ഈ നിലയ്ക്കു വ്യത്യസ്തമായി അദ്ദേഹത്തെ കരുതിയാൽ അതദ്ദേഹത്തിന്റെ മഹത്വത്തിനും മനുഷ്യത്വത്തിനും പോരായ്മയായിരിക്കും. മനുഷ്യനിലുണ്ടാകാവുന്ന തെറ്റുകളും, കുറവുകളും, സ്വാമിക്കും ഉണ്ടാകുവാൻ പാടില്ലാത്തതല്ല. സ്വാമിക്കെന്നല്ല മറ്റേതു മഹാനുവേണ്ടിയും, പ്രസ്ഥാനം ചാണ്ടുകൊട്ടക്കുന്നതല്ല. ആയതു ആരിലും മീതേ ഉയർന്നു വിജയിക്കതെന്നെ ചെയ്യും.

സ്വതന്ത്രസമുദായമായാൽ അവശത മാറുമോ!

"ഈഴവർ ഹിന്ദുമതംവിട്ടു് ഒരു സ്വതന്ത്രസമുദായമായി നിന്നാൽ അവരുടെ അവശതകൾ നീങ്ങുമോ" എന്നു്, അവ

ശത്രുക്കൾ ഒരു നിമാനം ഹിന്ദുമതമാണെന്നു സമ്മതിക്കുന്നവരിൽ തന്നെ ചിലർ വളരെ കാര്യമായും കരുതലോടുകൂടിയും ചോദിച്ചിട്ടുണ്ട്.

സ്വതന്ത്രസമുദായമാകണമെന്നു പറയുന്നതു്, കേവലം ഈ ഴവൻ എന്ന നിലയിൽ ഇന്നു നാം അനുഭവിയ്ക്കുന്ന ജാതികൃതമായ അവശതകളെ ഒഴിവാക്കുന്നതിനുവേണ്ടി മാത്രമല്ല; അതിനു പിന്നേയും പല ഉദ്ദേശങ്ങളുണ്ടു്. ഈഴവന്റെ നിലയിലുള്ള അസ്വാതന്ത്ര്യങ്ങളും നാം അനുഭവിയ്ക്കുവാൻ തുടങ്ങിയിട്ടു തലമുറകളും കുറെ കഴിഞ്ഞെയായി. ഹിന്ദുമതത്തിലെ താണ ക്ലാസുകാരിൽ പെട്ടവരാണു നമ്മളെന്ന വിശ്വാസം അന്യസമുദായക്കാർക്കും, നമ്മിൽ ഭൂരിഭാഗം ആളുകൾക്കും അടിയുറച്ചു പോയിരിക്കുന്നു. ഈഴവനോടു് അയിത്തം ആചരിക്കുവാൻ ജാതിഹിന്ദുക്കളും മുതിരുമ്പോൾ അതിനു വഴതികൊടുക്കുന്ന പഴമനസ്സുകളും നമ്മിലുമുണ്ടെല്ലോ. ഇങ്ങനെ സഹചര്യംകൊണ്ടും, അനുഷ്ഠാനംകൊണ്ടും, സാത്മ്യമായിപ്പോയിട്ടുള്ള ഒരു കാര്യത്തിനു് പാടേ മാറ്റം വരുവാൻ കുറച്ചുകാലം വേണ്ടിവന്നേക്കാം. ഇരുകൂട്ടരുടേയും മനോഭാവത്തിനു തെല്ലൊരു മാറ്റം വരാതെ ഇതു സാധ്യവുമല്ല. പക്ഷേ ഈ മാനസാന്തരത്തിനും, പരിവർത്തനത്തിനും ഇന്നല്ലെങ്കിൽ നാളെ, ഇടയാകണമെങ്കിൽ ഹിന്ദുമതം വെടിയുകതന്നെ വേണം. ഹിന്ദുമതത്തിൽതന്നെ ഇരിക്കുന്നിടത്തോളം കാലം, നാം താണവരല്ലെന്നുള്ള ബോധം നമ്മിലും, അതുപോലെ മറ്റുള്ളവരിലും ഉളവാകുന്നതേ അല്ല. ഹിന്ദുമതം ജാതിയുടെ സ്ഥാപനമായതും, ജാതിയെ പരിപാലിച്ചുകൊണ്ടുപോരുന്നതുമാണെന്ന ബോധമാണു് ആരിലും കുടികൊണ്ടിരിക്കുന്നതു്. 'ഹിന്ദുമതം വിട്ടാൽ ജാതി പോയി, നാം താണവരല്ലെ' എന്നൊരു ബോധം നമ്മിൽ സ്വയമേവ ആവിർഭവിക്കുന്നു. പിന്നെ അതിനു വിരുദ്ധമായ മനോവികാരം വളരുന്നതെങ്ങനെ പരിതഃസ്ഥിതിയെ

ആരും പെറുക്കുകതന്നെ ചെയ്യും. ഇപ്രകാരം നമ്മിലുണ്ടാകുന്ന ബോധവും, ഈ വെറുപ്പും നമ്മെ താഴ്ത്തുന്ന കുത്തുന്നവരിൽ പ്രതിഫലിക്കുകയും ചെയ്തുകൊള്ളും. കാലാന്തരത്തിൽ നാം ഹിന്ദുമതത്തിലെ താഴ്ന്ന ക്ലാസുകാരല്ലെന്ന നില സ്ഥിരീകരിക്കയും, അതോടുകൂടി ''ഈഴവൻ'' എന്ന പേരിൽ അനുഭവിച്ചുവരുന്ന അവശതകളും നശിക്കുകയും ചെയ്യും. തുണിൽ കെട്ടിപ്പിടിച്ചുകൊണ്ട് 'എന്നെ വിടണം, വിടണം.' എന്നു നിലവിളിച്ചതുകൊണ്ടു ഫലമില്ലല്ലൊ. തുണ നമ്മെ പിടിച്ചിട്ടില്ല. നാം തുണിൽ പിടിച്ചിട്ടേ ഉള്ളു. അവിടെനിന്നും കൈ വിട്ടാൽ സ്വാതന്ത്ര്യമായി. ഇങ്ങനെ ലഭ്യമായ സ്വാതന്ത്ര്യത്തോടുകൂടി നാം നമ്മുടെ പൗരാവകാശങ്ങൾക്കുവേണ്ടി വാദിച്ചാൽ 'ജാതിയിൽ താണവ'നെന്നു പറഞ്ഞുകൊണ്ട് യാതൊരു ഗവണ്മെൻറിനും നമ്മുടെ രാഷ്ട്രീയാവകാശങ്ങളെ അവഗണിക്കുവാൻ കഴിയുന്നതല്ല. ജാതിയും, മതവും ഇല്ലാത്തവരോട് അവയുടെ നിയമങ്ങളെടുക്കുകയൊ, എടുത്താൽ ചെല്ലുകയൊ ഇല്ലല്ലൊ. മതംവിട്ട, സ്വതന്ത്രരായി നിന്നിട്ടും നമ്മോടു പണ്ടത്തെ പഴഞ്ചൻപ്രമാണങ്ങളിലെ ജാതിനിയമങ്ങളെടുത്തുകൊണ്ടുവന്നാൽ അതു വലിച്ചു തോട്ടിലെറിയുവാൻ നമുക്കു സ്വയം തന്നേടമുണ്ടാകും. കാരണം, മതനിയമത്തിൽ പെട്ട 'ക്ലാസു'കാരല്ല നാമെന്നുള്ള നമ്മുടെ ഉറച്ച ആത്മബോധം തന്നെ.

സ്വതന്ത്രസമുദായമാകുക എന്നു പറഞ്ഞാൽ ചുവടുറച്ച കാലുകൾ ശക്തിപൂർവ്വം വീരോചിതമായ പ്രതികാരബുദ്ധിയോടുകൂടി തട്ടിമാറ്റി സ്വന്തം കാലിൽ തന്നെ നിന്നു ശക്തിയും സാമർത്ഥ്യവും സമ്പാദിക്കുക എന്നർത്ഥമാകുന്നു. ഈ അർത്ഥഗ്രഹണം മറ്റുള്ളവർക്കുണ്ടായാൽ പണ്ടത്തെ 'പതിനെട്ടുകൾ' ഒന്നും നമ്മോടെടുക്കുകയില്ല. ഈ ഒരു നില നമ്മിലും, നമ്മുടെ ഉറച്ച നിലയെപ്പറ്റിയുള്ള ബോധം അന്യരിലും ഉണ്ടാക്കു

വാനാണു നാം ശ്രമിക്കേണ്ടതെന്നതു്. സ്വന്തം കാലിൽ നില്ക്കുവാൻ തന്റേടമുള്ള ശക്തന്മാരാണു് നമ്മളെന്നു കണ്ടാൽ ചോദിക്കുന്നതെല്ലാം അതേനിമിഷംതന്നെ തന്നുവച്ചു മറ്റുള്ളവർ മാറിനില്ക്കും. എത്ര ചവുട്ടിയാലും അനങ്ങാതെ ചവുട്ടുന്ന പാദം തടവിക്കൊടുക്കുന്ന ഒരുവക 'തോഴ'ന്മാരാണിവർ എന്നുള്ള ബോധമല്ലാതെ മറ്റൊന്നും ഹിന്ദുമതത്തിലെ 'പത്താംക്ലാസു' കാരായിക്കിടന്നാൽ നമ്മേപ്പറ്റി അന്യന്മാക്കുണ്ടാകുന്നതേ അല്ല. ഇത്തരം തുങ്കികൾക്കുവേണ്ടി വല്ലതും കാര്യമായി ചെയ്യുവാൻ ആക്കെങ്കിലും തോന്നുമോ? ഹിന്ദുമതത്തിൽ താണ ക്ലാസുകാരായി കിടന്നാൽ 'തമ്പ്രാക്ക'ളുടെ പാദം തുടയ്ക്കുന്ന പണിയല്ലാതെ കിട്ടുവാൻ മാർഗ്ഗമില്ല. നമ്മെ ചവുട്ടിത്താഴ്ത്തുന്ന കാലുകൾ നക്കിത്തുടയ്ക്കാതെ ശക്തിപൂർവ്വം ചവുട്ടിത്തന്നെ മാറ്റി ആണത്തമായി മാറിനില്ക്കുവാനാണു് സ്വതന്ത്രവാദികൾ പറയുന്നതു്.

കുറഞ്ഞതു കാലംകൊണ്ടുതന്നെ സ്വതന്ത്ര സമുദായവാദത്തിനു, സമുദായമദ്ധ്യത്തിലുണ്ടായ ഗതിവേഗവും ശക്തിയും ആലോചിച്ചുനോക്കുക. ഇതു് എന്തിനെയാണു വെളിപ്പെടുത്തുന്നതു്. സ്വതന്ത്രസമുദായവാദത്തിനു സവർണ്ണർ—പ്രത്യേകിച്ചും നായന്മാർ—എതിരാകുന്നു. നമ്മുടെ സമുദായത്തിൽ കാട്ടുതീ പോലെ പടർന്ന ശക്തിപ്പെട്ടവരുന്ന ഈ പ്രസ്ഥാനത്തിനു് നായന്മാർ പൊതുവിൽ എതിരായിരിക്കുന്നതെന്തുകൊണ്ടു്? ഈ വാദം നമുക്കു വളരെ പ്രയോജനപ്പെട്തുതാണെന്നു് ഇവരുടെ എതിർപ്പുകൊണ്ടുതന്നെ ഗ്രഹിക്കുന്നതോ? നാം സ്വതന്ത്രസമുദായമായാൽ നമുക്കു ന്യായമായി കിട്ടേണ്ട പങ്കുകൾ—അവർ അനർഹമായി കൈവശപ്പെടുത്തിയിട്ടുള്ള നമ്മുടെ പങ്കുകൾ—ഉടൻ കൊടുത്തേ മതിയാകൂ എന്നു് അവർക്കറിയാം. അതിനു പിന്നെ നീക്കുപോക്കും പ്രമാണം ചൊല്ലി ഒഴി

ക്കലും ഇല്ല. ഈ ഒരു സംഗതിയെ അടിസ്ഥാനമാക്കിയാണ് നായന്മാർ ആസകലം ഈ വാദത്തെ എതിർക്കുന്നതു്. മതവും ജാതിയും പോകണമെന്നാത്മാർത്ഥമായി ആശിക്കുന്ന സ്വതന്ത്ര ചിന്തകരായ ചില നായർപ്രമാണികൾപോലും, നമ്മുടെ ഈ വാദത്തിനു് എതിരായി നിൽക്കുന്നു. ഇതവരുടെ സമുദായത്തിന്റെ പങ്കു കുറഞ്ഞുപോകുമല്ലോ എന്നുള്ള വേവലാതികൊണ്ടു മാത്രമാണു്. അവരുടെ വേവലാതിയും വെപ്രാളങ്ങളും തന്നെ നമ്മെ സ്വതന്ത്രസമുദായത്തിലേക്കു കൂട്ടത്തിൽ കൂട്ടത്തിൽ അടുപ്പിക്കുവാൻ പ്രേരകമായിത്തീരേണ്ടതാണെന്നു് ദീർഘദൃഷ്ടിയുള്ള ഏതു തീയനും സമ്മതിക്കും.

സ്വതന്ത്രസമുദായമായാൽ അവശത നീങ്ങുമോ എന്നു ചോദിക്കുന്നവർ ഒരു കാര്യം പ്രത്യേകം ഗ്രഹിക്കേണ്ടതുണ്ടു്. സ്വതന്ത്രസമുദായവാദം കേവലം ജാതികൃതമായ നമ്മുടെ ചില അസ്വാതന്ത്ര്യങ്ങളെ മാറ്റുവാൻ വേണ്ടി മാത്രം സമാരംഭിച്ചിട്ടുള്ളതല്ലെന്നു പറഞ്ഞിട്ടുണ്ടല്ലൊ. ഹിന്ദുമതവിശ്വാസമെന്നു മാത്രമല്ല, സകല മതവിശ്വാസങ്ങളേയും നശിപ്പിച്ചു മനുഷ്യസമുദായത്തെ പൊതുവിൽ ഉയർത്തണമെന്നുള്ളതാണു് സ്വതന്ത്രസമുദായത്തിന്റെ ജീവൽപ്രധാനമായ ഉദ്ദേശം. ഇതു വിപുലവും വിശേഷവുമായ അർത്ഥവ്യാപ്തിയാണിതിനുള്ളതു്. മഹത്തായ ഈ ലക്ഷ്യത്തെ പരിഗണിക്കുമ്പോൾ, ജാതികൃതമായൊ മറ്റൊ നമുക്കുള്ള അവശതകൾ മാറുമൊ എന്നുള്ള ചോദ്യത്തിനു തന്നെ തീരെ പ്രസക്തിയില്ല. മതങ്ങൾമൂലം മാനവസമുദായം അനുഭവിച്ചുപോരുന്ന നാനാവിധ അവശതകളെപ്പറ്റിയും, ചിന്തിക്കുമ്പോൾ നമ്മുടെ പ്രത്യേകമായ അവശതകൾ വെറും തുഛങ്ങളാകുന്നു. മതവിശ്വാസമാകുന്ന മഹാരോഗം മാറി മനുഷ്യരെ ആകമാനം ആരോഗ്യപൂർണ്ണരാക്കുവാനാണു് സ്വതന്ത്രസമുദായവാദികൾ ആശിക്കുന്നതു്, ഇതു

സാർവത്രികമായ മാനുഷൈക്യത്തേയും പുരോഗമനത്തേയും പറ്റി ചിന്തിക്കുമ്പോൾ ഇത്ര പിച്ചക്കാര്യം ചോദിക്കുന്നതു്, ദീർഘദൃഷ്ടിയും വിശാലമനസ്കതയും ഇല്ലാഞ്ഞിട്ടെന്നേ പറയുവാൻ കാണുന്നുള്ളു. ഹിന്ദുമതമാകുന്ന വെച്ചമക്കിന്റെ കീഴിൽ കൊണ്ടുപോയി തലകുനിച്ചുവച്ചുകൊടുത്തിട്ടു് 'ഭാരം കൊണ്ടു തളരുന്നേ, വലയുന്നേ, എന്നൊക്കെ കിടന്നു നിലവിളിച്ചതുകൊണ്ടു പ്രയോജനമെന്തു്? ഭാരവും തളർച്ചയും മാറണമെങ്കിൽ നമ്മുടെ പിടലിക്കു വീണിരിക്കുന്ന ഈ വെച്ചമക്കു് ശക്തിപൂർവം തള്ളിത്താഴത്തിട്ടു മാറിനിൽക്കുക തന്നെ വേണം.

മതമില്ലാമതവാദം

"ഹിന്ദുമതം വിട്ടു മതമൊന്നുമില്ലാതെ ജീവിച്ചാൽ അതുതന്നെ ഒരു മതമായിരിക്കയില്ലേ? അപ്പോൾ ഒരു മതവും കൂടി പുത്തനായുണ്ടാക്കണമെന്നല്ലാതെ മതമില്ലാതാകയില്ലല്ലൊ," എന്നാണു് പിന്നെ ചിലർ ചെയ്യുന്നതു യുക്തിവാദം. മതം എന്ന പദത്തിനു് അഭിപ്രായം എന്നർത്ഥമുണ്ടെങ്കിലും സാധാരണ വ്യവഹാരഭാഷയിൽ ഈ അർത്ഥം ഉപയോഗിക്കാറില്ല. മതം എന്നു കേട്ടാൽ ഹിന്ദുമതം, ക്രിസ്തുമതം, മുഹമ്മദുമതം ആദിയായ സംഘടിതമതങ്ങളെപ്പറ്റിയല്ലാതെ കേവലം അഭിപ്രായം എന്ന അർത്ഥത്തിൽ ആരും ഗ്രഹിക്കുന്നുമില്ല. അഥവാ അങ്ങനെയുള്ള അർത്ഥഗ്രഹണം അപകടമായിത്തീരുകയും ചെയ്യും. ഓരോ മതത്തിനും വെവ്വേറെ അനുഷ്ഠാനങ്ങളും, ചില ഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ള ജീവിത

രീതികളും, ചരിത്രങ്ങളും ഉണ്ടല്ലോ. ഇവയിൽ യാതൊന്നും കൂടാതെ — പുസ്തകങ്ങളെയോ, പുരോഹിതന്മാരെയോ, ദേവാലയങ്ങളെയോ, ദീർഘദർശിമാരെയോ, അവതാരങ്ങളെയോ, ദൈവങ്ങളെയോ അവലംബിക്കാതെ; മതാനുഷ്ഠാനങ്ങളിൽ യാതൊന്നും കൂടാതെ—സ്വതന്ത്രമായി മനുഷ്യനു ജീവിക്കുവാനാവശ്യമായ ലോകമര്യാദകളോടു കൂടി കഴിഞ്ഞുകൂടുന്നതിനാണു് 'മതമില്ലാത്ത ജീവിതം' എന്നു സ്വതന്ത്രവാദികൾ പറയുന്നതു്. ഇങ്ങനെ, മതവിശ്വാസം കൊണ്ടുള്ള ദോഷങ്ങളിൽ യാതൊന്നും കൂടാതെ ജീവിക്കുന്ന ആ നിർമ്മതജീവിതത്തിനേയും ഒരു മതജീവിതമായി ആരെങ്കിലും പറഞ്ഞാൽ അതിനു സ്വതന്ത്രവാദികൾക്കു വഴക്കില്ല. ഈ പ്രസ്ഥാനത്തിനെ ഇപ്പേരും പറഞ്ഞുകൊള്ളട്ടെ. മനുഷ്യർ മതശൃംഖലകളിൽ നിന്നും വേർപെട്ടു് സ്വതന്ത്രരാകണമെന്നേ ഇവിടെ വിവക്ഷയുള്ളൂ. മതമില്ലാതെ ജീവിക്കുന്നതും, 'മത'മെങ്കിൽ ഉണ്ണുന്നതും, ഉടുക്കുന്നതും, പഠിക്കുന്നതും, കൊരയ്ക്കുന്നതും, ചൂക്കും, തിപ്പലിയും എല്ലാം മതമായിരിക്കണമല്ലോ. ഉള്ളിലുള്ള സനാതനതത്വം പുറമേ എടുത്തു കാട്ടുന്നതു് പരിഷ്ക്കാരവിരോധമായി വല്ലവരും ധരിച്ചെങ്കിലോ എന്നുള്ള ദുർബലചിന്തയാൽ പരവശപ്പെടുന്ന പാവങ്ങളാണു് മിക്കവാറും ഈ മാതിരി അതും ഇതും പറഞ്ഞു് ഒളിഞ്ഞുകളിക്കുന്നതു്.

ശ്ലോകം ചൊല്ലലും വ്യാഖ്യാനക്കസർത്തും.

ലോകാഭിവൃദ്ധിക്കും, പരിഷ്കാരത്തിനും അനുയോജ്യമായി, ഉല്പതിഷ്ണുക്കളും പുറപ്പെടുവിക്കുന്ന ഏതു നവീനാദർശ

ങ്ങളേയും എതിർക്കുവാൻ കച്ചകെട്ടിയിട്ടുള്ള ഒരുവക പഴഞ്ചൻ സംസ്കൃത ശ്ലോകക്കാരുണ്ട്. പണ്ഡിതാഭിമാനികളായ ഈ മുറിശ്ലോകക്കാരാണ് സാധുക്കളെ മെരട്ടുന്നതു്. മതചരിത്രത്തേയും, അതനുസരിച്ചുള്ള ജീവിതസമ്പ്രദായങ്ങളേയും, ആചാരാനുഷ്ഠാനങ്ങളേയും ആധാരമാക്കി, യുക്തിപൂർവ്വം ഓരോ സ്വതന്ത്രമായ അഭിപ്രായങ്ങൾ പുറപ്പെടുവിക്കുമ്പോൾ, ഈ കൂട്ടർ ശ്ലോകങ്ങളും വ്യാഖ്യാനസാഹസങ്ങളുമായി പുറത്തു ചാടുകയായി. നാം പറയുന്നതൊന്നുമല്ല ശരി; നാം കണ്ടതും കേട്ടതുമല്ല സംഗതി; നമ്മുടെ ചരിത്രവും നമ്മുടെ അനുഭവവും നമ്മുടെ ആലോചനയും ഒക്കെ തെറ്റു്. നാം പറയുന്ന അഭിപ്രായം സ്ഥാപിക്കുവാൻ അവരുടെ പ്രമാണങ്ങളിൽ കാണുന്ന ചില ശ്ലോകങ്ങളെന്തെന്നു നാം ചൊല്ലിയാൽ, അതിനവരുടെ വ്യാഖ്യാനം മറ്റൊന്നാണു പോൽ. മറിച്ചുംതിരിച്ചും ശ്ലോകം ചൊല്ലുകയും ഇഷ്ടാനുസരണം റബ്ബർപോലെ അർത്ഥം വലിച്ചുനീട്ടുകയും ചെയ്യുന്ന ഈ പണ്ഡിതപരിഷകൾമൂലം ലോകത്തിനു പിണഞ്ഞിട്ടുള്ള വിപത്തുകൾ ചില്ലറയൊന്നുമല്ല. മനുഷ്യസ്വാതന്ത്ര്യങ്ങളേയും അവകാശങ്ങളേയും നിരോധിക്കുന്നതിനുവേണ്ടിയും, സംസ്കൃതം പഠിച്ചു മൊരടിച്ചുപോയ ഈ മൊശടന്മാർ ശ്ലോകം ചൊല്ലാറുണ്ട്. നോക്കുക; പട്ടിയും പന്നിയും യഥേഷ്ടം പോകുന്ന പെരുവഴിയിൽകൂടി മനുഷ്യനെ നടത്തുവാൻവേണ്ടി നടത്തിയ വൈക്കം സത്യാഗ്രഹത്തിനു ഗാന്ധിയുടെ മുമ്പിൽ "ഇണ്ടൻതുരുത്തി" പ്രൃതികൂലം തടയായിപ്പിടിച്ചതു് മനുതുടങ്ങിയ ശുദ്ധ പഴഞ്ചന്മാർ എഴുതിവച്ചിരുന്ന കുറെ പൊട്ടശ്ലോകങ്ങളാണു്. ശ്ലോകാഭിമാനിയായതുകൊണ്ടു് ഗാന്ധി ഇവയെല്ലാം കൊട്ടിപ്പൊടുക്കി മാറാപ്പിലാക്കി, മതത്തിനു് അതാർട്ടിയായ മാളവ്യയുടെ മുമ്പിൽ സമർപ്പിച്ചുവത്രെ! ഇതു

പോലെതന്നെ തന്റെ അയിത്തോച്ചാടനശ്രമത്തിനു വിപരീതമായി വേണ്ടവോളം ശ്ലോകങ്ങൾ ഉദ്ധരിക്കുവാൻ തയാറായി വന്ന അനേകം ശാസ്ത്രികളോടുകൂടി ഒരു അക്ഷരശ്ലോകസദസ്സു തന്നെകറെ ദിവസത്തേക്കു "യറുവാദാ" ജയിലിൽ വച്ചു ഗാന്ധി നടത്തുകയുണ്ടായി. നോക്കണേ! മനുഷ്യന്റെ പ്രാഥമികാവശ്യ സ്ഥാപനകാര്യത്തിനും ശ്ലോകങ്ങൾക്കു പ്രാധാന്യത നൽകുന്ന വകുപ്പും! "നരനരനരനുദ്ധവസ്സ"വെന്നു കാണിക്കുവാനും, ജന്തുക്കളേക്കാൾ നികൃഷ്ടരാണധഃകൃതർ എന്നു തെളിയിക്കുവാനും ഹിന്ദുമതത്തിൽ ശ്ലോകങ്ങൾക്കു ക്ഷാമമില്ലെന്നല്ലേ ഈ 'ഇണ്ടൻതുരത്തി'കളും ശാസ്ത്രിമാരും തെളിയിച്ചതു? ഗാന്ധിയുടെ ക്ഷേത്രപ്രവേശനവാദവും മറ്റും മതത്തിനു വിരുദ്ധമാണെന്നാണു് ശ്ലോകം പഠിച്ചിട്ടുള്ള ഹിന്ദുമതാചാര്യന്മാരുടെ പ്രബലമായ അഭിപ്രായം. പുരിശങ്കരാചാര്യരോടു് ഒരു പരസ്യസഭയിൽവച്ചു് ഇതേപ്പറ്റി തർക്കിക്കുവാൻ തയ്യാറുണ്ടോ എന്നു് ചില ശാസ്ത്രികളും മറ്റുചില ശ്ലോകക്കാരും ചേന്നു് ഗാന്ധിയെ ഈയിടെ പോരിനുവിളിക്കയുണ്ടായി. മനുഷ്യരുടെ മനുഷ്യത്വത്തേയും, ജന്മാവകാശങ്ങളേയും സ്ഥാപിച്ചുകിട്ടുവാൻവേണ്ടി പരിശ്രമിക്കുമ്പോൾ അതെല്ലാം പണ്ടേതോ വികൃതികൾ എഴുതിയിട്ടുള്ള ശ്ലോകങ്ങൾക്കും, പ്രമാണങ്ങൾക്കും എതിരാണെന്നും പറഞ്ഞു്, അവയെ എതിർക്കുവാൻ ചെല്ലുന്ന ധിക്കാരപരമായ അന്യായത്തേയും അതിക്രമത്തേയും പറഞ്ഞു എന്തു പറയുവാനാണു്? ഇതു പരസ്യമായ അവഹേളനത്തിനു പകരമായി, ഈ ചവറുകളെല്ലാം വാരിയെടുത്തു തീയിലിട്ടു് ചാമ്പലാക്കി മാറ്റുകയാണു്, മനുഷ്യൈക്യത്തേയും സ്വാതന്ത്ര്യത്തേയും കാംക്ഷിക്കുന്ന ആൺകുട്ടികൾ ചെയ്യേണ്ടതു്. മനുഷ്യസമുദായത്തിനാവശ്യമായ പരിഷ്കാരങ്ങളെപ്പറ്റി പര്യാലോചിക്കുമ്പോൾ, അവ പ്രമാണങ്ങൾക്കും പതിവുകൾക്കും അനുകൂലമാണോ എന്നു നോക്കുന്ന പഴഞ്ചൻ

സമ്പ്രദായം ഇനിയും വച്ചുകൊണ്ടിരിക്കുവാൻ അനുവദിച്ചുകൂടാത്തതാകുന്നു. പ്രമാണം കൂടിയേതീരൂ എന്നുള്ളവർ, പരിഷ്കാരത്തിനും, മനുഷ്യാഭിവൃദ്ധിക്കും ഒത്തുപ്രമാണം നിർമ്മിച്ചുകൊള്ളട്ടെ. പ്രമാണത്തിനുവേണ്ടി മനുഷ്യാഭിവൃദ്ധിയെ കുറക്കികൊണ്ടുപോകുവാൻ പാടില്ല.

''മാറുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറുമതുകളീനിങ്ങളെത്താൻ.''

എന്നു പാടിയ ആശാന്റെ അഭിപ്രായം ഇവിടെ സ്മരണീയമാണ്.

ഏതായാലും സനാതനമതം എന്തെന്നു വ്യക്തമായറിയുന്നതിനും, സമത്വത്തിനും, സ്വാതന്ത്ര്യത്തിനും വിരുദ്ധമായി ഹിന്ദുമതത്തിൽ ഒരു വരിപോലുമില്ലെന്നു പറയുന്ന വൃഥാഭിമാനികളുടെ വാദത്തിന്റെ പൊള്ള വെളിച്ചത്തുവരുന്നതിനും ഈ വാദവും തർക്കങ്ങളും ഉപകരിക്കുന്നുണ്ട്. ''അധ:കൃതർക്ക് ക്ഷേത്രപ്രവേശനം കൊടുത്തു് അയിത്തമില്ലാതാക്കണമെന്നു പറയുന്ന ഗാന്ധിക്കു്, ഹിന്ദുമതപ്രമാണങ്ങളൊന്നും അറിഞ്ഞുകൂടാ. ഗാന്ധി ഹിന്ദുവല്ല.'' എന്നും മറുമാണു് മതമറിയുന്ന ശാസ്ത്രികളും ശങ്കരാചാര്യന്മാരും എം. കെ. ആചാര്യപ്രഭൃതികളും നിർവിശങ്കം പറയുന്നതു്. ഹിന്ദുമതപാരാവാരപാരംഗതനെന്നു് സർവരും സമ്മതിക്കുന്ന മാളവ്യ, ഹിന്ദുമതത്തിൽ ജാതിയുണ്ടെന്നു മാത്രമല്ല, മതപ്രകാരം തൊട്ടുകൂടാത്ത ആളുകളുമുണ്ടെന്നും, മിശ്രഭോജനവും മിശ്രവിവാഹവും ശരിയല്ലെന്നും അഭിപ്രായപ്പെട്ടതു. 'മനുഷ്യസ്വാതന്ത്ര്യത്തിനും സമത്വത്തിനും എതിരായി ഒരു വരിയെങ്കിലും ഹിന്ദുമതത്തിൽ ഉണ്ടെന്നു തെളിയുന്നപക്ഷം താൻ അമ്മയേക്കാൾ സ്നേഹിക്കുന്ന ഹിന്ദുമതത്തെ ഉടനേ വലിച്ചെറിയുമെന്നു ഗാന്ധിയും പറയുന്നു. ഇവയിൽ ആരുടെ അഭിപ്രായം ശരി?

ആരുടേതു് തെറ്റു്? നാം ആരെ വിശ്വസിക്കണം? ശ്ലോക
ക്കസർത്തു കാണുക!

ഹിന്ദുമതത്തെപ്പോലെ ഇങ്ങനെ പ്രത്യക്ഷത്തിൽ അഭി
പ്രായഭിന്നതയുള്ള ഒരു മതമുണ്ടോ? ഈതിബാധയേക്കാളും മനു
ഷ്യനു ദ്രോഹംചെയ്യുന്ന ജാതിഭേദത്തിനും, വിഗ്രഹാരാധന,
യാഗംതുടങ്ങിയ മറ്റു വേണ്ടാതനങ്ങൾക്കും എതിരായ ശ്ലോ
കങ്ങളും ഹിന്ദുമതപ്രമാണങ്ങളിൽ ഇല്ലാതില്ല. പക്ഷെ അ
വയേക്കാളും എണ്ണത്തിൽ എത്രയോ അധികം ശ്ലോകങ്ങളു
ഈ കൊള്ളരുതായ്മകളെ താങ്ങുന്നതായി ഹിന്ദുമത ഗ്രന്ഥ
ങ്ങളിൽ അടങ്ങിയിക്കുന്നു. ഈവക ഗ്രന്ഥങ്ങളാണു് മത
വിശ്വാസത്തിനാധാരമായ പ്രമാണങ്ങളായിക്കരുതേണ്ടതെന്ന
വസ്തുതയും നാം ഓർത്തിരിക്കേണ്ടതാകുന്നു. ഉപനിഷത്തുക
ളിലും, പുരാണേതിഹാസാദികളിലും ഉള്ള അശ്ലീലങ്ങളും
ആഭാസകരങ്ങളുമായ ശ്ലോകങ്ങളേയും സംഭവങ്ങളേയും എ
ടുത്തുകാണിച്ചു് ഹിന്ദുമതവിമർശനം ചെയ്യുമ്പോഴും, നമ്മുടെ
ശ്ലോകക്കസർത്തുകാരുടെ അർത്ഥവാദകഥനങ്ങളും, വ്യാഖ്യാ
നങ്ങളും കേട്ടാൽ ചിരിക്കാത്തവനും ചിരിച്ചുപോകും.

നീണ്ടുചുരുണ്ട തുമ്പിക്കരവും, പഴമുറംപോലുള്ള ചെവി
കളും, മറ്റുമുള്ള ആനമുഖവും, മഹോദരംവന്ന വീർത്തപ്പനെ
പ്പോലെ പെരുവയറുള്ള മനുഷ്യശരീരവും ഒത്ത ഗണപതി;
കൊച്ചുചുണ്ടനെലിപ്പുറത്തു സവാരി ചെയ്യുന്നതെങ്ങനെ? പുരു
ഷന്മാരായ ഹരിഹരന്മാക്കുകൂടി പുത്രനുണ്ടായതെങ്ങനെ?
എന്നും മറ്റും ചോദിച്ചാൽ അതിനൊക്കെ ആന്തരാർത്ഥം
വേറെയുണ്ടെന്നാണു് ശ്ലോകക്കാരായ സനാതനികൾ ഉത്തരം
പറയുന്നതു്. ജീവജാലങ്ങളെക്കൊന്നു ദൈവത്തിന്റെപേരിൽ
യാഗവും, ബലിയും അന്തമില്ലാതെ നടത്തുന്നതിനും ആധ്യാ

തമ്മിൽ അർത്ഥം 'ഉണ്ടെന്നു പറഞ്ഞു തരുവാൻ ഈവക്കാർ മടിയുള്ളവരല്ല. കാവുകളിൽ അമ്മപെങ്കൊമ്മാർ കേട്ടുവിട്ടില്ലെ പച്ച തെറി വിളിച്ചു പാട്ടന്നതിനുപുറമേ അർത്ഥവും, ആവശ്യവുമുണ്ടെന്നേ ഈയിടെ ഒരു സനാതനസരസൻ, പത്രത്തിൽ എഴുതിയിരിക്കുന്നു! അമൂല്യച്ചരക്കുകളെ വിളയുന്ന ഈ മാതിരി വമ്പന്മാരുടെ തലകൊണ്ട വല്ല കാഴ്ചബംഗ്ലാവുകളിലും സൂക്ഷിയ്ക്കപ്പെടേണ്ടതാണു്. "കട്ടുമ്പിനെ കാതുകുത്തി ഞങ്ങണംപുല്ലുകൊണ്ടു വേലികെട്ടി," എന്നുംമറ്റും പിഞ്ചുപൈതങ്ങളെ നിരർത്ഥകമായി കാടുപൊല്ലുന്നതിനും, വലിയ ആത്മീയാർത്ഥം പറയുവാൻ ഇക്കൂട്ടർ ഇറങ്ങിവരും! അർത്ഥം എന്തായിരുന്നാലും കേട്ടാൽ പച്ചത്തെറിയെന്നു കൊച്ചുകുട്ടിയ്ക്കുപോലും തിരിയുന്ന ആഭാസമയമായ ഈവക കൃതികളും, സ്വബോധമുള്ള മനുഷ്യക്കു കേൾക്കുവാൻ പറ്റിയവയാണെന്നു കരുതുന്നതുതന്നെ അത്ഭുതാവഹമായിരിയ്ക്കുന്നു. കാര്യം പറയുന്നതിനു് അശ്ലീലമായ ഭാഷ ഉപയോഗിക്കാതിരിക്കത്തക്ക ജ്ഞാനവും, വിവേകവും, മര്യാദയും ഇല്ലാത്ത പഴയ പ്രാകൃതന്മാരേക്കാളും, ഭയങ്കരന്മാരാണു്, ഇവയ്ക്കെല്ലാം പുതിയ വ്യാഖ്യാനവും വലിച്ചുനീട്ടിക്കൊണ്ടു നടക്കുന്ന പണ്ഡിതമന്യന്മാർ. കാട്ടുമൃഗങ്ങളെ വേട്ടയാടി പച്ചയ്ക്കും, പച്ചിച്ചും, തിന്നുകൊഴുത്തു, സോമരസമെന്ന മദ്യവും സേവിച്ചു, കുംഭോർപ്പിച്ചു, തലയ്ക്കു പമ്പരിപിടിച്ച നടന്ന പ്രാകൃതജനങ്ങളും എഴുതിക്കൂട്ടിയ അശ്ലീലാവഹമായ ശ്ലോകങ്ങളെല്ലാം ഇന്നത്തെ പരിഷ്കൃതജനങ്ങൾക്കു ചേരുന്നതാണെന്നു കരുതി വ്യാഖ്യാനക്കസർത്തുനടത്തി ക്ലേശിയ്ക്കുന്ന ഇവരുടെ സാഹസത്തിനു ബന്ധനമസ്കാരം ചെയ്തു നമുക്കു മാറാം.

മതം.

"ഹിന്ദുമതം ഉപേക്ഷിച്ചാൽ പിന്നെ ഏതു മതം സ്വീകരിക്കും? ഒരു മതവും കൂടാതുള്ള ജീവിതം സാദ്ധ്യമാണോ?'

എന്നാണ്‌ പലരും അന്ധാളിച്ചു ചോദിയ്ക്കുന്നതു്. ഹിന്ദുമതം വിട്ടാൽ പിന്നെ ഒരു മതത്തിലേയ്ക്കുമില്ല. മതംകൂടാതെതന്നെ മനുഷ്യനു സുഖമായി ജീവിയ്ക്കാം എന്നതന്നെയാണിതിനുത്തരം. മതമില്ലാത്ത ജീവിതമാണ്‌ ഏറ്റവും ശോഭനമായിട്ടുള്ളതു്. ഒരു മതത്തിനും ഇതുവരെ മനുഷ്യനെ നന്നാക്കുവാൻ കഴിഞ്ഞിട്ടില്ല. ജനദ്രോഹികളായ ഒരുകൂട്ടം പുരോഹിതന്മാരുടെ കപടതന്ത്രത്താലാണു മതം ഇന്നും നിലനില്ക്കുന്നതു്. ഓരോ മതവും മനുഷ്യസമുദായത്തിന്റെ അതാതുകാലത്തെ ജീവിതസമ്പ്രദായങ്ങളേയും, നടപടിക്രമങ്ങളേയും കുറിയ്ക്കുന്ന ഒരു ഭൂതകാലചരിത്രം മാത്രമാകുന്നു. മതം ദൈവം ഉണ്ടാക്കിയതാണെന്നും മറ്റും പറയുന്നതു് വെറും വഞ്ചനയും, അന്ധതയും ആകുന്നു. ഉദയാസ്തമനങ്ങൾ, ദിനരാത്രങ്ങൾ, വൻകാടുകൾ, വലിയ നദികൾ, പർവ്വതങ്ങൾ ആദിയായ പ്രകൃതിഭാവങ്ങളെക്കണ്ടു് അമ്പരന്നുപോയ ആദിമമനുഷ്യരുടെ ഭയത്തിൽനിന്നും ഉണ്ടായതാണു മതം. അവരുടെ അതിരറ്റ അന്ധതയും, അളവറ്റ അജ്ഞതയും മതത്തെ പോഷിപ്പിയ്ക്കുകയും ചെയ്തു. പ്രകൃതിയിലെ ഓരോ സംഭവങ്ങളേയും, വസ്തുക്കളേയും, നിയന്ത്രിയ്ക്കുന്നതിനും രോഷിയ്ക്കുന്നതിനും ആയി അതിശക്തനും, മഹാഭയങ്കരനുമായ ഒരാൾ ഉണ്ടായിരിക്കണമെന്നും മനുഷ്യൻ അനുമാനിച്ചു. ഈ അനുമാനത്തിന്മേൽ കെട്ടി ഉയർത്തിയ ഒരു അജ്ഞനെ സൃഷ്ടിയാണു് ദൈവം. ഇങ്ങനെ മനുഷ്യൻ ദൈവത്തെ കാലദേശാവസ്ഥകൾക്കും, വിജ്ഞാനത്തിനും, രോഷത്തിനും ഒത്തു രൂപഭേദപ്പെടുത്തി വരുന്നു, എന്നല്ലാതല്ലാതെ; ദൈവം മനുഷ്യനെ സൃഷ്ടിച്ചു എന്നു പറയുന്നതു ശരിയല്ല. ഇടി, മിന്നൽ, ഘോരവൃഷ്ടി, കൊടുങ്കാറ്റു്, കോളിളക്കം മുതലായവ ഈ ദൈവത്തിന്റെ കോപം മൂലമുണ്ടാകുന്നതാണെന്നു് മനുഷ്യൻ തീരുമാനിച്ചു. കോപശാന്തിയ്ക്കായി ദൈവത്തൃപ്തി വരുത്തേണമെന്നും വന്നുകൂടി. ഈ ഘട്ടത്തിൽ, കൃഷി

ചെയ്യും, വേട്ടയാടിയും ജീവിതവൃത്തികഴിയ്ക്കുന്നതിനു മനസ്സു വരാത്ത ഒരുവക ആഷാഢഭൂതികളായ മടിയന്മാർ പുരോഹിതവേഷത്തിൽ പ്രത്യക്ഷപ്പെട്ടു. ഇവർ വെറും സങ്കല്പമാത്രപരമായ ദൈവത്തിനു വിഗ്രഹമെന്നും, സ്തിബ്ധായെന്നും മറ്റും സങ്കല്പരൂപങ്ങളും സൃഷ്ടിച്ചു. ഇതിനാധാരമായി ക്രമേണ വേദങ്ങളും പ്രമാണങ്ങളും നിർമ്മിച്ചു. അജ്ഞരായ ആദിമമനുഷ്യരെ ഭയപ്പെടുത്തുവാൻ നരകവും, സ്വർഗ്ഗവും ഇവർ സങ്കല്പിച്ചു. സ്വാർത്ഥസ്ഥിതിരുനിർണ്ണയിച്ചിട്ടില്ലാത്ത ഈ ഉദരംഭരികളും സ്വർഗ്ഗനരകസൃഷ്ടിയിൽ മാത്രം നില്ക്കാതെ, അവിടവും കടന്നു, പുനർജ്ജന്മത്തെപ്പറ്റിയുള്ള കടംകഥകളും സൃഷ്ടിച്ചുവച്ചു ഇങ്ങനെ ആകെക്കുടി ഭയപ്രദായകമായ ഒരു അന്തരീക്ഷം മനുഷ്യരുടെ ഇടയിൽ ഇവർ ഉളവാക്കി. ഭയനിവാരണത്തിനുവേണ്ടി, മന്ത്രതന്ത്രാദികളും, പൂജകളും, ആരാധനാസമ്പ്രദായങ്ങളും, ഭക്തി മുക്തി, കർമ്മക്രിയാദികളും എന്നീ അനർത്ഥങ്ങളും ഉണ്ടാക്കി. എത്രാശ്ചര്യങ്കരമായ കൗശലജാലങ്ങളാൽ പുരോഹിതർ മനുഷ്യരെ ഇരുട്ടിലുള്ള അറയ്ക്കുള്ളിൽ അവിടെ ഇല്ലാത്ത കരിംപൂച്ചയെ പൊട്ടക്കണ്ണന്മാരെക്കൊണ്ടു തപ്പിക്കുന്നതുപോലെ, ദൈവമെന്ന സങ്കല്പപദത്തിൻ പേരിൽ ഇട്ടു തപ്പിത്തരം കെടുത്തുകയാണു്. ഈ വിധമുള്ള വെറും സങ്കല്പവിഭ്രാന്തി മാത്രമാണു് ഇന്നുള്ള സർവ്വമതങ്ങളും. ഹാ! ഇതിനേക്കാൾ കഠോരതരമായ വൻചതി ലോകത്തിൽ മറ്റെന്തുണ്ടു്?

പുരോഹിതരുടെ സ്വാർത്ഥപൂരണത്തിനായി അവർ സാധുക്കളായ മനുഷ്യരുടെ ഇടയിൽ ആത്മീയകാര്യവും, പരലോകചിന്തയും അചിരേണ ഉളവാക്കി. "ഇഹലോകവാസം മിഥ്യയും, മായയുമാകുന്നു. ഇവിടത്തെ നന്മതിന്മകളനുസരിച്ചാണു് പരലോകത്തിൽ സുഖദുഃഖങ്ങളനുഭവിക്ക

ന്നതു്. അവിടെ സ്വർഗീയ സുഖമനുഭവിക്കുവാൻ ഇവിടെ പുരോഹിതരെക്കൊണ്ടു ഓരോ കർമ്മം ചെയ്യിച്ചു് ദൈവപ്രീതി വരുത്തിക്കൊള്ളണം. ഇഹത്തിൽ ഇങ്ങനെ വേണ്ടതു ചെയ്യാത്തവർ നരകത്തിൽ കിടന്നു നരകിക്കേണ്ടിവരും." എന്നിങ്ങനെ പുരോഹിതർ ജനങ്ങളെ പറഞ്ഞു വിശ്വസിപ്പിച്ചു. അന്ധമായ ഈ വിശ്വാസമാണു്, ഓരോ മതകർമ്മങ്ങളുടേയും അടിസ്ഥാനം. "എത്ര ലഘുവായിരുന്നാലും ചെയ്യുന്നതൊന്നും ദൈവം കാണാതിരുന്നിട്ടില്ല. ദുഷ്കർമ്മങ്ങളൊക്കെല്ലാം, പകരം വീട്ടാതെ ദൈവം വിടുകയില്ല" എന്നും മറ്റുമാണു് പുരോഹിതർ സാധുക്കളെ പറഞ്ഞു പഠിപ്പിച്ചിരിക്കുന്നതു്. എണ്ണമില്ലാതെ കുറ്റം ചെയ്യുന്ന മനുഷ്യൻ ഇതു കേട്ടപ്പോഴുള്ള ദൈവപ്രീതിയ്ക്കുവേണ്ടി പുരോഹിതൻ കല്പിക്കുന്നതൊന്നൊഴിയാതെ ചെയ്തുതീർക്കുവാൻ സന്നദ്ധനാകുന്നു. ദൈവകാര്യാർത്ഥം പലതും ചെയ്തില്ലെങ്കിൽ ദൈവം കോപിച്ചു മനുഷ്യവംശത്തെ നശിപ്പിച്ചുകളയുമെന്നും, പാവപ്പെട്ട മനുഷ്യൻ ഭയപ്പെടുന്നു. ഈ ഭയം പ്രായം ചെല്ലുന്തോറും ഏറിവരികയും ചെയ്യുന്നു. ഇങ്ങനെ എപ്പോഴും, ദൈവഭയംകൊണ്ടു മനുഷ്യൻ ലോകജീവിതംതന്നെ അസുഖമായും, അസംതൃപ്തിയായും കഴിച്ചുകൂട്ടുന്നു. ഇതു ഭയപ്രദായകനായ ഒരു ദൈവം ഇല്ലായിരുന്നെങ്കിൽ നന്നായിരുന്നു എന്നു് അല്പമെങ്കിലും ആലോചനാബുദ്ധിയുള്ള മനുഷ്യൻ ചിന്തിച്ചുപോകുന്നു. പുരോഹിതരുടെ വാക്കിലും, പണ്ടാരാനും എഴുതിയിട്ടുള്ള പുസ്തകങ്ങളിലും വിശ്വസിച്ച ലോകത്തിലുള്ള ബഹുഭൂരിപക്ഷം ജനങ്ങളും ഈവിധം മതത്തിനും ദൈവത്തിനുംവേണ്ടി ജീവിച്ചു, ലോകജീവിതം ഒരു കട്ടിൽ ഉന്തിത്തള്ളി വിടുകയാണു്. ചിന്താശക്തിയും അഭിപ്രായസ്ഥൈര്യവും ഉള്ള വീരപുരുഷന്മാർ, മതത്തേയും ദൈവത്തേയും പുരോഹിതന്മാരേയും അതതു വഴിക്കു വിട്ടിട്ടു ലോകജീവിതം ഭാസുരതരമാക്കുവാൻ അനവരതം പ്രയത്നിച്ചു ജീവിക്കുന്നു.

''ഭയത്തിൽനിന്നും ഉണ്ടായ ഒരു രോഗവും, പറഞ്ഞറിയിക്കാൻ പാടില്ലാത്തവിധം മനുഷ്യസമുദായത്തെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തുവുമാണു മതം'' എന്നു് ബർട്രാൻറ് റസ്സൽ അഭിപ്രായപ്പെടുന്നു. 'ബാറൺഹോൻബാക്ക്' എന്ന മഹാൻ മതത്തെപ്പറ്റി പറഞ്ഞിരിക്കുന്നതിങ്ങനെയാണു്:— ''ചിന്തിക്കുന്ന ഏതുമനുഷ്യനും വേഗം അവിശ്വാസിയായിത്തീരും. എന്തെന്നാൽ മതശാസ്ത്രം (തീയോളജി) അനിത്യങ്ങളും പരസ്പരവിരുദ്ധങ്ങളുമായ വ്യാമോഹംങ്ങളുടെ സഞ്ചയമാണെന്നു യുക്തി തെളിയിക്കുന്നു. മതം യഥാർത്ഥജ്ഞാനത്തിൻറെ വൈരിയാകുന്നു. സകലവിധ ജ്ഞാനത്തേയും, വ്യാജംകൊണ്ടു മതം വിവർണ്ണമാക്കുന്നു. ബുദ്ധിമാൻ അവിശ്വാസിയാകുന്നു. എന്തെന്നാൽ മനുഷ്യരെ സുഖിമാന്മാരാക്കേണ്ടതിനു പകരം അവരുടെ ഇടയിലുള്ള കലഹങ്ങൾക്കും, അസ്വസ്ഥതകൾക്കും, ശാശ്വതങ്ങളായ വിപത്തുകൾക്കും പ്രധാന കാരണം മതമാണെന്നു ചിന്തിക്കുന്നവൻ കാണുന്നു. ഐശ്വര്യത്തേയും, സുഖത്തേയും, സമാധാനത്തേയും തേടുന്ന മനുഷ്യൻ മതത്തെ ദൂരെക്കളയുന്നു. സങ്കല്പസ്വരൂപങ്ങളുടെ മുമ്പിൽനിന്നു പേടിച്ചു വിറയ്ക്കുന്നതു നിരുപയോഗമെന്നല്ല ഉപദ്രവകരമാണെന്നും,'' ഇതു ബുദ്ധിയില്ലാത്ത പെണ്ണുങ്ങളേയും കുട്ടികളേയും പേടിപ്പിക്കാനേ പറ്റുകയുള്ളു എന്നും അവൻ ധരിക്കുന്നു. സന്മാർഗ്ഗിയായ ഒരുവൻ മതത്തെ പരിശോധിച്ചു് അതിനെ മനസ്സിൽനിന്നും കളയാൻ വേണ്ടുന്ന കാരണം എപ്പോഴും അതുതന്നെ നൽകുന്നുണ്ടു്. മതമുളവാക്കുന്ന ഭയങ്ങൾ മുറ്റിയ ദുർമ്മാർഗ്ഗിയെ നന്നാക്കാൻ അശക്തങ്ങളാണു്. അവ മനുഷ്യൻറെ പ്രസരിപ്പുമയമായ കല്പനാശക്തിയെ ഉപദ്രവിച്ചു വ്രണപ്പെടുത്തുന്നു. ധൈര്യവും പ്രവർത്തിപ്രസക്തിയുമുള്ള മനുഷ്യരുടെ അസഹനീയമായ ഈ നുകത്തെ കഴുത്തിൽനിന്നൊടുക്കു വലിച്ചെറിയുന്നു. അതിനു ശക്തിയില്ലാത്ത ഭീരുക്കൾ അതു വഹിച്ചു ക്ഷീണിച്ചു തളർന്നു മരിക്കുന്നു.''

പുരോഹിതർ.

മതോപദേഷ്ടാക്കളെന്നും, ആചാര്യന്മാരെന്നും മറ്റും പറയുന്ന പുരോഹിതർ മതത്തിന്റെ പേരിൽ ജനതയെ അന്ധവിശ്വാസത്തിൽ ആഴ്ത്തിയിട്ടുംകൊണ്ട് അവരെ പൂഷണം ചെയ്യുന്നു സ്വാർത്ഥം നേടുകയാണു ചെയ്യുന്നതു്. ഇക്കാണുന്നതൊക്കെയും മിഥ്യ, നശ്വരമായ എന്നെല്ലാം പറഞ്ഞുനടക്കുന്ന സന്യാസിവര്യന്മാർ ഊണിലും ഉടുപ്പിലും എടുപ്പിലും നടപ്പിലും എത്ര ലോലുപന്മാരായിരുന്നു എന്നു നോക്കുക! എല്ലാം ത്യജിച്ച കോണകം കൊടിയടയാളമാക്കി കുറേമൻപു നമ്മുടെ നാട്ടകളിൽ വന്നുപോയ കംഭകോണം ശങ്കരാചാര്യരുടെ ആഡംബരത്തെപ്പറ്റി ആരും അറിയാത്തതല്ലല്ലൊ. പരിസേവ ചെയ്യുവാൻ എത്ര ഭൃത്യന്മാർ, എത്രവണ്ടി സാമാനങ്ങളും, എത്ര കുതിരകളും, എത്ര പുടുകഴുതകളും എത്ര കറുപ്പുപുകയും ആ ഭിക്ഷാംദേഹിയെ അകമ്പടി സേവിച്ചു! ഇവരെപ്പോലുള്ളവർ മായയെന്നും ത്യാഗമെന്നും മറ്റും ഉരുക്കഴിക്കുമ്പോഴും അതു പരമാർത്ഥമായി കരുതുന്ന പാവങ്ങളെപ്പറ്റി എന്തുപറയട്ടെ!

"നിനക്കുള്ള മുതലുകളെല്ലാം വിറ്റു പണം പാവങ്ങൾക്കു വീതിച്ചു കൊടുത്തതിനുശേഷമേ എന്റെ ശിഷ്യനാകാൻ യോഗ്യതയുള്ളൂ" എന്നുപദേശിച്ച ക്രിസ്തുവിന്റെ ശിഷ്യപ്രധാനിയായ റോമിലെ പോപ്പിന്റെ ആഡംബരജീവിതത്തെപ്പറ്റി നാം എന്തറിഞ്ഞു? അദ്ദേഹത്തിന്റെ വത്തിക്കാൻ അരമന ലോകത്തിലേക്കും വലിയ വീടാണു്. പതിനോരായിരം മുറികളും, 80 പ്രധാന കോവണികളും, 200 അപ്രധാന കോവണികളും ആ കെട്ടിടത്തിനുണ്ടു്. 4000 ആളുകൾക്കു

ഒരേ സമയത്തിരിക്കാവുന്ന 16 ഹാളുകളും അതേ അവസ്ഥയിൽ തന്നെയുണ്ട്. പോപ്പിന്റെ രാജ്യത്തിലെ ജനസംഖ്യ 994മാത്രമാണെങ്കിലും, അദ്ദേഹത്തിന്റെ അംഗരക്ഷകന്മാരുടെ സംഖ്യ 598 ആകുന്നു. ഇതുമെല്ലാം കൊണ്ടുതന്നെ പോപ്പിന്റെ സുഖസൗകര്യവും, അത്യാഡംബരപൂർണ്ണവുമായ ജീവിതത്തെപ്പറ്റി ഊഹിക്കുമോ? വെറും കല്ലിലും മുള്ളിലും കൂടി നടന്നു ദാരിദ്ര്യത്തെ കീർത്തിച്ച യേശുവിന്റെ ധർമ്മപ്രചാരകന്മാരായ പുരോഹിതന്മാർക്കു പടിക്കു പുറത്തിങ്ങാനെങ്കിൽ വായുവേഗത്തെയും ജയിക്കുന്ന മോട്ടോർകാറുകളും വേണം! ചുങ്കക്കാരുടേയും പാപികളുടേയും ഇടയിൽ ജീവിച്ച് അവരെ കൂട്ടുകാരായി കൊണ്ടുനടന്ന ക്രിസ്തുവിന്റെ അനുയായികളായ പുരോഹിതന്മാർക്കു കൂട്ടുകാർ, മാടമ്പികളും, മാന്യന്മാരും മാത്രം! തച്ചന്റെ മകനായി പിറന്നു തൊഴിൽ ചെയ്തു കേവലം തൊഴിലാളിയെപ്പോലെ ലഘുജീവിതം നയിച്ച ദീനബന്ധുസലനായ മിശിഹായുടെ മതോപദേഷ്ടാക്കളായ പുരോഹിതന്മാർ പരന്നാരെക്കൊണ്ടു പണിയെടുപ്പിച്ചും, തൊഴിലെന്നതെന്തെന്നറിയാതേയും ആഡംബരമായി ജീവിച്ചു സുഖിക്കുന്നു!

പുരോഹിതനെന്നോ സന്യാസിയെന്നോ കേട്ടാൽ മതാന്ധരായ സകലരുടേയും തെരുവു കോച്ചുകയായി. ഇവരെല്ലാം ഏതെങ്കിലും തരത്തിൽ സാമാന്യജനങ്ങളേക്കാൾ യോഗ്യന്മാരാണെന്നത്രേ ആളുകൾ കരുതുന്നതു്. പഠിപ്പിലു്, ബുദ്ധിയിലും, സാമർത്ഥ്യത്തിലും പിന്നോക്കം നിൽക്കുന്നു ഒരു വകക്കാരെയാണു് പുരോഹിതരായും ശാന്തിക്കാരായും മറ്റും മിക്കവാറും പുറം തള്ളി അയക്കുന്നതെന്ന വസ്തുത സൂക്ഷിച്ചുനോക്കിയാൽ അറിയാം. സ്വപ്രയത്നം കൊണ്ടു കഴിഞ്ഞുകൂടുവാൻ ത്രാണിയില്ലാത്തവനും, പഠിച്ചുയരുവാൻ തക്ക തലയില്ലാത്ത മന്ദബുദ്ധിയും മതം പഠിക്കാൻ പോകട്ടെ; അവൻ അങ്ങനെ

കഴിഞ്ഞുകൊള്ളുമല്ലൊ; എന്നാണ് മാതാപിതാക്കന്മാർ കരുതുന്നതു്. സ്ത്രീധനം കൊടുക്കാൻ വകയില്ലാഞ്ഞിട്ടോ, പ്രണയഭംഗം ഹേതുവാലോ എന്തുയോ യുവതികൾ കന്യാമഠങ്ങളിലെ ഇരുളടഞ്ഞ ഭിത്തിക്കുള്ളിൽ ഒതുങ്ങിക്കഴിയുന്നു!

സന്യാസിമാർക്കും പുരോഹിതന്മാർക്കും കണക്കുവിട്ട പ്രാധാന്യവും മാഹാത്മ്യവും കൽപ്പിച്ചിട്ടുള്ള ഒരു രാജ്യം ഇന്ത്യയാകുന്നു. "സന്യാസിമാർക്കു തടവില്ലൊരിടത്തുപോലും, കന്യാഗ്രഹത്തിലും." അവർക്കെവാദം കൂടാതെ കടന്നുചെല്ലാമെന്നും, അവരുടെ കലവും ഉൽപ്പത്തിയും അന്വേഷിക്കേണ്ടെന്നും ആണ് ഇന്ത്യാക്കാരുടെ വയ്പ്പ്! സന്യാസിമാർ ഇന്ത്യയിൽ 52 ലക്ഷമുണ്ടെന്നു് ഈയിടെ ഒരു ലേഖകൻ എഴുതിക്കാണുകയുണ്ടായി. ഈ ആഷാഢഭൂതികളുത്രയും, പ്രത്യേകിച്ചു വേലയൊന്നുമെടുക്കാതെ 'ഭിക്ഷാംദേഹി'കളായി നടന്നു തിരിഞ്ഞു ജനങ്ങളുടെ പ്രയത്നഫലം ഊറ്റിയെടുക്കുകയാകുന്നു. പോത്തട്ട പോലേയൊ തോട്ടപ്പുഴ പോലേയൊ ഇവർ മനുഷ്യരുടെ ജീവരക്തം കുടിച്ചു സംതൃപ്തരാകുന്നു. മതലഹരി കയറി മതിമറന്ങിയ ജനങ്ങളം ഇതറിയുന്നുമില്ല. ഒരു സന്യാസിക്കു ദിവസം ഒന്നിനു ശരാശരി എട്ടണ, ആഹാരത്തിനും ലഹരിക്കും മറ്റുമായി ചിലവായാൽത്തന്നെ 26 ലക്ഷം രൂപയാണ് ഈ ഇനത്തിൽ ജനപക്ഷത്തുനിന്നു ഒരു ദിവസം പാഴായിപ്പോകുന്നതു് ഈ ഇരുന്നൂറക്കക്കാരായ സന്യാസിപ്പടയെ തീറ്റിപ്പോറ്റുവാൻ വേണ്ടിത്തന്നെ ഈ കണക്കിൻപ്രകാരം കൊല്ലത്തിൽ 4680 ലക്ഷം രൂപവീതം ഇന്ത്യ ചിലവിട്ടുകൊണ്ടേയിരിക്കുന്നു! ദരിദ്ര ഇന്ത്യ, മതത്തിനുവേണ്ടി പണം കളഞ്ഞു തെണ്ടുന്ന വിധം മനസ്സിലാക്കുക! ഇന്ത്യ എങ്ങനെ സാമ്പത്തികമായി ഉയരും? വെറുതെ ഇരുന്നു ദേഹം അനക്കാതെപോലും ഇങ്ങനെ സുഖിക്കുവാൻ ഇന്ത്യയിലല്ലാതെ കഴിയുമോ? ഇവരുടെ കൂപ്പായങ്ങളും കാവികളും മറ്റും വലിച്ചു ദൂരെക്കളഞ്ഞു കിളയ്ക്കുവാൻ തുമ്പ എട്ട

ത്തു കൈയ്യിൽ കൊടുക്കുന്നതിനു പര്യാപ്തമായ യുക്തിവാദമന
സ്ഥിതി ഇന്ത്യക്കാക്കുണ്ടായാൽ, അനാവശ്യമായി ചിലവിടുന്ന
വൻതുകയും പുറമേ ഇക്കൂട്ടരുടെ വേലക്കൂലിയും ഇന്ത്യയ്ക്കു ലാഭി
ക്കാമായിരുന്നു.

ജനങ്ങളിൽനിന്നും പണംപിടുങ്ങുന്നതിനു പുരോഹിത
ന്മാർ പ്രയോഗിക്കുന്ന കൗശലങ്ങളും പലതുണ്ട്. ഇവരുടെ
വഞ്ചനയും കനയങ്ങളും എത്രമാത്രമെന്നു് ഈ കൗശലങ്ങൾ
പ്രത്യക്ഷപ്പെടുത്തുകതന്നെചെയ്യും. ഒരുലോകപ്രശസ്തരായ ശങ്കരാചാര്യർ
പണം പിടുങ്ങുന്ന വിദ്യയുമായി ഇന്ത്യൻ കൌൺസിൽ മെമ്പറും
പ്രസിദ്ധനുമായഡോക്ടർ പറഞ്ഞിപ്പൈയുടെ അടുത്തുചെന്ന കഥ
അദ്ദേഹത്തിന്റെ "The crux of the Indian problem" എന്ന
പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. ഈ ശങ്കരാചാര്യരുടെ പാദം
കഴുകുവാനുള്ള ഒരു അപൂർവ്വസന്ദർഭം ഡോക്ടർക്കു കൊടുക്കാമെന്നും,
അതിനു ഡോക്ടരുടെ അടുത്തു വരുവാൻ സമ്മതമാണോ എന്നും അ
റിയുവാൻ ഒരാളെ അയച്ചന്വേഷിപ്പിച്ചു സാധാരണ പല്ലക്കിൽ
ആചാര്യർ ചെന്നാൽ അതിനു് ഒരു റേറും, ആനപ്പുറത്തു കയറി
മോടിയായിച്ചെന്നാൽ അതിനു് മറെറാരു കൂടിയ റേറും ഈ
ലോകപ്രശസ്തൻ വാങ്ങുമെന്നു് ഡോക്ടർ അന്വേഷിച്ചറിഞ്ഞു. പണം
പിടുങ്ങുവാൻ പലമാതിരി റേറും കൊണ്ടുനടക്കുന്ന ഈ വിദ്വാ
നെ കാണുകയേ വേണ്ട എന്നുതന്നെ യുക്തിവാദിയായ അദ്ദേ
ഹം തീരുമാനിച്ചു. നോക്കുക! നിസ്സാർത്ഥനും ദരിദ്രനുമായി
രുന്ന ആദിശങ്കരാചാര്യരുടെ അനുയായികൾക്കുള്ള പണക്കൊ
തിയും, ബനിയാൻസമ്പ്രദായവും!

പുരോഹിതരുടെ തട്ടിപ്പിനു വൈദികരുടെ ഇടയിൽ
പ്രചാരമുള്ള ഒരു കഥയുണ്ട്. ഒരു പ്രത്യേ യാഗത്തിനു സന്നദ്ധ
നായി. പുരോഹിതന്റെ ചാർത്തനുസരിച്ചു് വേണ്ടതെല്ലാം
സംഭരിച്ചു. കൊമ്പും കുളമ്പും സ്വർണ്ണംകൊണ്ടു കെട്ടിയ 1000

എരുമയാണ് ദക്ഷിണ. പുരോഹിതൻ യാഗമുറ ആരംഭിച്ചു. തനിക്കും വല്ലതും കിട്ടുമെന്നു കരുതി മറെറാരു പുരോഹിതനും യാഗവേളയിൽ സന്നിഹിതനായി. ഒരു ഗ്രന്ഥത്തിലും വിധിച്ചിട്ടില്ലാത്ത യാഗമുറ കണ്ട് ആഗതനായ വിദ്വാൻ അമ്പരന്നു. ഈയാഗം വിവരം പ്രഭുവിനെ അറിയിച്ചാൽ കാര്യം പിശകുമല്ലോ എന്നു യാഗം നടത്തുന്ന പുരോഹിതനും പരിഭ്രമമായി. യാഗം ആരംഭിച്ചുപോയിരുന്നതിനാൽ വിഘ്നമുണ്ടാക്കരുതെന്ന് നേരിട്ടു പറയുവാനും തരമില്ലാതെ ആകപ്പാടെ കുഴങ്ങി. ഒടുവിൽ ഹോമസാധനം കൈയ്യിൽ എടുത്തുകൊണ്ട് പുരോഹിതനിപ്രകാരം മന്ത്രം ചൊല്ലുകയായി:-

"മഹാമൂർഖസ്യയാഗോയം മഹിഷീശതദക്ഷിണം
മമാവ്യർദ്ധം തവാപ്യർദ്ധം വിഘ്നം മാ കരുപണ്ഡിതഃ സ്വാഹഃ"

കിട്ടുന്നതിൽ പാതി അങ്ങയ്ക്കും തരാം, വിഘ്നമുണ്ടാക്കല്ലെ, സ്വാഹഃ. എന്നുള്ള ഈ മന്ത്രം കണക്കിനു പറഞ്ഞു. വിഡ്ഢിയായ പ്രഭു മറുപ്രകാരം ദക്ഷിണ കൊടുത്തു. പുരോഹിതന്മാർ പങ്കുവച്ചെടുക്കുകയും ചെയ്തു. നമ്മുടെ ഇടയിൽ കാണുന്ന പുരോഹിതന്മാരും സ്ഥിതിവ്യത്യാസമുണ്ടെങ്കിലും ഇപ്രകാരമുള്ള കൊള്ളക്കാർതന്നെയെന്നുള്ളതിനു സംശയമുണ്ടോ? ജനങ്ങളുടെ അന്ധവിശ്വാസത്തിനും അറിവില്ലായ്മക്കും കപ്പം വാങ്ങിക്കഴിയുന്ന ഇവരെ ശിക്ഷിക്കുവാൻ വല്ലനിയമവും ഉണ്ടായിരുന്നെങ്കിൽ അതു ലോകത്തിന്റെ ഭാവിനന്മയ്ക്കു വളരെ പ്രയോജനപ്പെടുമായിരുന്നു. പുരോഹിതരെന്നു പറഞ്ഞു നടക്കുന്ന ഈ രക്തപാനികളം ഇല്ലാതായാലല്ലാതെ ലോകം നന്നാകുകയില്ല. ഇവരെക്കൊടാതേയും മനുഷ്യർക്കു ജീവിക്കുവാൻ കഴിയുമെന്ന് അഭിനവ ഋഷ്യനമ്മെ പഠിപ്പിച്ചിരിക്കുന്നു.

മതവും സയൻസും

മനുഷ്യനു ശാസ്ത്രീയജ്ഞാനവും ബുദ്ധിവികാസവും ഘർഷിച്ചതോടുകൂടി മതത്തിന്റെ കെട്ടുപാടുകളും അല്പാല്പമായി അയഞ്ഞുതുടങ്ങി. സയൻസിന്റെ പ്രകാശം ഏല്ലുന്നിടത്തുനിന്നും മതക്കുരിരുട്ടു നീങ്ങുവാനാരംഭിച്ചു. മതവും സയൻസും കൂടി എവിടെയും വലിയ പോരാട്ടമായി. മതം അതിന്റെ ക്രൂരദംഷ്ടങ്ങളും ഇളിച്ചുകാട്ടിക്കൊണ്ടു് സയൻസിന്റെ നേരെ പാഞ്ഞടുത്തു മരണഘോഷണി കാണിക്കുകയും, എല്ലായിടത്തും പരാജയം നേടുകയും ചെയ്യുകയാണുണ്ടായതു്. പുരോഹിതന്മാർ സൃഷ്ടിച്ചുവച്ച മതക്കോട്ടകളെ തകർക്കുവാനാണു് സയൻസു പണിപ്പെട്ടിട്ടുള്ളതു്. ഭീമാകാരമായ ആ പ്രാകാരം ഇടിഞ്ഞുതൊരിഞ്ഞു വീഴുന്ന ഭയങ്കരശബ്ദം നാം ഏതിടത്തും ഇന്നു കേൾക്കുന്നുണ്ടു്.

പുരോഹിതമേധാവിത്വം ദയനീയമാംവിധം നിലംപതിക്കുന്നു. അജ്ഞരായ മനുഷ്യർ സൃഷ്ടിച്ച ദൈവത്തിനു തന്നെ രൂപഭേദം വരുന്നു. ചിലേടങ്ങളിൽ ദൈവത്തെ കാണുന്നുപോലുമില്ല. ഇതെല്ലാം സയൻസിന്റെ പ്രാവേശംകൊണ്ടു വരുന്ന മാറ്റങ്ങളാണു്. നിരീക്ഷണപരീക്ഷണങ്ങൾക്കും യുക്തിക്കും അനുഭവത്തിനും ഒത്ത നിയമങ്ങളാണു് സയൻസിൽ അടങ്ങിയിട്ടുള്ളതു്. എന്നാൽ മതമാകട്ടെ പരീക്ഷണനിരീക്ഷണങ്ങൾക്കു് അധീനമാകാത്ത വെറും ഊഹത്തിന്മേൽ അടിസ്ഥാനമുറപ്പിച്ചിരിക്കുന്നു. യുക്തിയുടെ പ്രകാശമേ ഇതിൽ തട്ടിയിട്ടില്ല. അനുഭവത്തിനും ഇതിൽ സ്ഥാനമില്ല. ഇവകളെ എപ്പോഴും ആരാൽ നിർമ്മിക്കപ്പെട്ട എന്നു് തെളിവുമില്ല.

സയൻസ് നമുക്കു സുഗമവും സുഖകരവുമായ ജീവിത പന്ഥാവു തുറന്നുതരുന്നു. മതമാകട്ടെ, പരലോകചിന്തയാൽ ഇഹലോകജീവിതം ദുർഘടവും ദുഃഖപരിപൂർണ്ണവുമാക്കിത്തീർക്കുന്നു. നാം ജനിച്ചു ജീവിക്കുന്ന ഈ ലോകത്തിനുവേണ്ടി ജീവിക്കുവാനും പ്രകൃതിശക്തികളെ ആരാഞ്ഞറിഞ്ഞുപയോഗിക്കുവാനും സയൻസുപദേശിക്കുന്നെങ്കിൽ, ഉണ്ടെന്നിരുവരെ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത പരലോകത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ചു പ്രാർത്ഥനയും പൂജയും നേർച്ചയുമായിക്കഴിയുവാനാണ് മതം പഠിപ്പിക്കുന്നതു്. സബുദ്ധിയും വിവേകവും ഉപയോഗിച്ചു" ഓരോന്നിനേയും പററി സസൂക്ഷ്മം പരിശോധിച്ചു തീർച്ചയാക്കുവാൻ സയൻസു പറയുമ്പോഴും, പഞ്ചേന്ദ്രിയങ്ങളേയും ആലോചനാശക്തിയേയും യുക്ത്യനുഭവങ്ങളേയും വിഗണിച്ചു പുരോഹിതർ പറയുന്നതിനെ മാത്രം കണ്ണടച്ചു വിശ്വസിക്കുകയും അവരെ നമസ്ക്കരിക്കുകയും ചെയ്യണമെന്നു് മതം പറയുന്നു. മറ്റുള്ളവരുടേയും ഭാര്യാപുത്രപൗത്രാദികളുടേയും നന്മയ്ക്കും സുഖത്തിനും വേണ്ടി ജീവിതദുഃഖങ്ങളെ അകറ്റി അവരെ സംരക്ഷിക്കുവാനും കൂടുതൽ സൗഭാഗ്യനിധികളാക്കുവാനും ഉത്സാഹിക്കുവാൻ സയൻസ് ഉൽബോധിക്കുമ്പോഴും, ദൈവത്തിനും ദേവഗണങ്ങൾക്കും പുരോഹിതർക്കുംവേണ്ടി ജീവിച്ചു പരലോകവാസം സുഖപ്രദമാക്കുവാൻ ആണ് മതം ശാസിക്കുന്നതു്. സ്വർഗ്ഗനരകങ്ങളേയും ദൈവങ്ങളേയും അഗണ്യമാക്കി ഭയലേശമെന്യേ സ്വതസിദ്ധമായ അഭിപ്രായങ്ങളും അഭിലാഷങ്ങളും എവിടേയും എപ്പോഴും ആരോടും തുറന്നു പറഞ്ഞു പൗരുഷനിധിയായി നടക്കുവാനാണ് സയൻസുപദേശിക്കുന്നതു്. മതമാകട്ടെ, അഭിപ്രായസ്വാതന്ത്ര്യത്തെ പണയംവച്ചു മറ്റുള്ളവരുടെ വാക്കിലും പ്രവൃത്തിയിലും അടിപെട്ടും വിശ്വസിച്ചും ഭീരുവായും പൗരുഷഹീനനായി നടക്കുവാനാണ് പഠിപ്പിക്കുന്നതു്. ഈ രണ്ടു മാർഗങ്ങളിൽ ഏതു സ്വീകരി

ക്കുന്നതു നന്നായിരിക്കുമെന്നു് സ്വയം ആലോചിച്ചു നോക്കുവാനാണു് സ്വതന്ത്രസമുദായവാദി പറയുന്നതു്. ബുദ്ധിയും വിവേകവുമുള്ള മനുഷ്യൻ മതത്തെ വലിച്ചു ദൂരെയെറിഞ്ഞു സയൻസുപദേശിക്കുന്നേ പ്നു്ഥാവു് സ്വീകരിക്കുന്നതിനു സംശയമുണ്ടോ?

മതഭേദം.

യഥാർത്ഥമതവിശ്വാസികളും ഇന്നു ലോകത്തിൽ വളരെ കുറയും. അമ്മയുടെ മതമല്ലാതെ അനുഷ്ഠാനംകൊണ്ടു മതം ഒരുത്തക്കുമില്ല. വലിയ മതവിശ്വാസികളെന്നു നാം കരുതുന്ന ഓരോരുത്തരും മതവിബന്ധനകളെ ലംഘിച്ചു ജീവിക്കുന്നവരാണു്. മതസംഘടനയുള്ള ക്രിസ്ത്യാനികളും മതനിഷ്ഠയുള്ള മുഹമ്മദീയരും മതസ്ഥാപകന്മാർ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗത്തിൽനിന്നും എത്രയോ ദൂരം തെറ്റിപ്പോയിരിക്കുന്നു. പള്ളി വയ്ക്കാനും പള്ളിയിൽ പോകാനും ക്രിസ്തു ഉപദേശിച്ചിട്ടില്ലെങ്കിലും നിരവധി പള്ളികളും നിയമേന ആരാധനയും അന്യായികൾക്കു് ഒഴിച്ചുവയ്ക്കാവുന്നതല്ല. ആടുകളാകുന്ന ഇടവകക്കാർ ഇങ്ങനെ ചെയ്തില്ലെങ്കിൽ ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായ പട്ടക്കാർ ആടുകളുടെ മുക്കിൽ കയറു കോർക്കുകതന്നെ ചെയ്യും. സമ്പത്തിനെ ദുഷിക്കുകയും ദാരിദ്ര്യത്തിനു മേന്മ കല്പിക്കുകയും സ്വത്തുക്കളെ വിറ്റു സാധുക്കൾക്കു് ദാനം ചെയ്വാൻ ഉപദേശിക്കുകയും ചെയ്ത യേശുവിന്റെ പിൻഗാമികളും പള്ളിയിൽ കുമ്പാരംകൂട്ടുന്ന മുതലുകൾക്കും സമ്പന്നാണ്യങ്ങൾക്കും അവധിയില്ല. കത്തോലിക്കാരാജ്യമായ സ്പെയിനിലെ ആകെ സ്വത്തുക്കളിൽ മൂന്നിലൊരു ഭാഗം

തന്നെയും പള്ളിവകയാണു്. ക്രിസ്ത്യാനികളും ക്രിസ്തുവിന്റെ മതത്തിൽനിന്നും എത്ര വ്യതിചലിച്ചിരിക്കുന്നു എന്നു നോക്കുക. സ്നേഹം ഉപദേശിക്കുകയും, സ്നേഹം പുലർത്താൻവേണ്ടിത്തന്നെ ജീവിച്ചു സ്വയം മരിക്കുകയും ചെയ്ത ക്രിസ്തുവിന്റെ അനുയായികളായിരുന്ന ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിലെ ഇരുകക്ഷികളും, ഇടതുചെകിടിനടിച്ചാൽ വലതും കാണിച്ചുകൊടുപ്പാൻ ഉപദേശിച്ച ഗുരുവിന്റെ പിൻഗാമികളും ഈ യുദ്ധത്തിൽ ചെയ്തിട്ടുള്ള ഘോരകൃത്യങ്ങളും എത്രയോ ഭയങ്കരങ്ങളായിരുന്നു! ആകെ കൊന്നൊടുക്കിയ ജനങ്ങളുടെ സംഖ്യതന്നെ ഒരുകോടിയിലധികമാണു്. ആഹാരത്തിനു വകതേടാൻപോലും നിവർത്തിയില്ലാതെ ആരോഗ്യഹാനി വന്നവരുടെ സംഖ്യ ഒരുകോടിയും, മറിവേറ്റവരും അംഗഭംഗം വന്നവരും രണ്ടു കോടിയുമാകുന്നു. ഈ ഭയങ്കരയുദ്ധം മൂലം 90 ലക്ഷം കുട്ടികൾക്കു് അഛനില്ലാതായി! 50 ലക്ഷം സ്ത്രീകൾ—തിരുവിതാംകൂറിലെ ജനസംഖ്യയോളം സ്ത്രീകൾ—വിധവകളായി. ഇതാണോ ശത്രുവിനെക്കൂടി സ്നേഹിക്കണമെന്നു ദൃഷ്ടാന്തീകരിച്ച പരമകാരുണികനായ ക്രിസ്തു പഠിപ്പിച്ചതു്?

പലിശ വാങ്ങരുതെന്നു് ദൈവപ്രകാശിതമുള്ള ഖുറാനിൽ പറഞ്ഞിട്ടുണ്ടെങ്കിലും, പലിശ വാങ്ങാത്തവരോ കച്ചവടത്തിൽ കളവുകാണിച്ചു പണം പിടുങ്ങാത്തവരോ ആയി ലോകത്തിൽ എത്ര മുഹമ്മദീയർ ഉണ്ടായിരിക്കും?

ഹിന്ദുക്കളുടെ മതതത്വം ഇന്നതാണെന്നുള്ള ഒരു നിർവചനത്തിനു വിഷമമാണു്. പരബ്രഹ്മം മുതൽ പരമാണു വരെ ബ്രഹ്മാണ്ഡകടാഹത്തിലുൾപ്പെട്ടതു സകലതും ദൈവമാകുന്നു. മതാനുഷ്ഠാനം എങ്ങനെയുമാകാം. എങ്കിലും മതപുരോഹിതന്മാരും, ശ്രുതിസ്മാർത്ത സനാതനധർമ്മങ്ങൾക്കാധാരഭൂത

മനുഷ്യരും ആയ ബ്രാഹ്മണരുടെ ധർമ്മം ഈശ്വരപൂജയും പരമാർത്ഥ ജീവിതവും ആണെന്നാണ് വിധി. എന്നാൽ, രാജ്യഭരണത്തിൽ പ്രധാനമന്ത്രി മുതൽ പാറാവുകാരൻവരെയുള്ള ഏതു 'ശേവുക'വും വഹിക്കുവാനും, ഉണ്ടിയൽ നടത്തി പലിശയും പലിശക്കുപലിശയും വാശിയും വട്ടവുമായി ജനങ്ങളുടെ ജീവരക്തം ഊറ്റിയെടുക്കുവാനും മാത്രമല്ല, ഹോട്ടൽ നടത്തുവാനും കള്ളഷാപ്പു കൺട്രാക്ടറെടുക്കുവാനുംകൂടി ഇവർ ഒരുമ്പെട്ടു കാണുന്നു. ഇതു് ഏതു മതനിയമപ്രകാരമായിരിക്കുമോ? തരം പോലെ കളിയും, സംഭാവനാദ്യനുലേപനവും, വ്രതങ്ങളും, വഴിപാടുകളും മറ്റുമാണു് ഹിന്ദുക്കളുടെ പൊതുവിലുള്ള മതാനുഷ്ഠാനപദ്ധതികളും. "ലോകാസമസ്താഃ സുഖിനോഭവന്തിഃ" "ആത്മവൽസർവ്വഭൂതാനി" എന്നുംമറ്റും ജപിച്ചുകൊണ്ടു നടക്കുന്ന ഹിന്ദുതന്നെയാണു് തന്നേപ്പോലുള്ള മനുഷ്യ സഹോദരനെ പെരുവഴി നടത്താതിരിക്കുന്നതും.

ബുദ്ധമതക്കാരും ബുദ്ധമാർഗങ്ങളിൽനിന്നും വളരെ വ്യതിചലിച്ചിരിക്കുന്നു. ദൈവത്തേയും ആത്മാവിനേയുംപറ്റി സംശയിക്കുകപോലും ചെയ്തിട്ടില്ലാത്ത ബുദ്ധന്റെ അനുയായികളും ബുദ്ധനെത്തന്നെ ദൈവമാക്കി മാറ്റിയെന്നു മാത്രമല്ല, വെറും കാളിക്കുളി പിശാചുക്കളെ കൂടി ആരാധിച്ചുവരുന്നു. ബുദ്ധവിഹാരങ്ങളത്രയും പിശാചുക്കളെ വച്ചാരാധിക്കുന്ന ക്ഷേത്രങ്ങളായി മാറിയിരിക്കുന്നു. ഇങ്ങനെ അനേകം മതഭ്രംശങ്ങളും ഓരോ മതാനുസാരികളിലും ഉദ്ധരിക്കുവാൻ പ്രയാസമില്ല. മതസോപാനത്തിന്റെ ഉയർന്ന പടിയിലിരിക്കുന്ന പുരോഹിതശ്രേഷ്ഠൻ മുതൽ ഇങ്ങേ അറ്റത്തെ പ്രാപഞ്ചികൻ വരെയുള്ള ഏവരും മതതത്ത്വങ്ങളെ അതിലംഘിച്ചുതന്നെ ജീവിക്കുന്നു. ശരിയായ മതം ഒരുത്തർക്കുമില്ല.

മതവ്യാപാരം

മതസ്ഥാപകരുടെ നിർദ്ദേശം എന്തുതന്നെയായിരുന്നാലും, ഇന്നു മതം ഒരു വ്യാപാരകേന്ദ്രമായിട്ടാണു തീർന്നിരിക്കുന്നതു്. പുരോഹിതന്മാർക്കും, ഓരോ തരത്തിൽ മതസ്ഥാപനങ്ങളുടെ നേതൃത്വം വഹിക്കുന്ന വങ്കന്മാർക്കു്, സാധുജനതയെ കൊള്ളചെയ്യുന്ന സ്വാർത്ഥം നേടുവാൻ മതം വളരെ ഉപകരിക്കുന്നുണ്ടു്. ജനസാമാന്യത്തിൽ അന്ധതയും അജ്ഞാനവും വർദ്ധിക്കുന്തോറും മതവ്യാപാരികളായ ഉദരംഭരികൾക്കു ലാഭം കൂടുകയും, വിജ്ഞാനവും സംസ്കാരവും ഏറുന്തോറും ലാഭം കുറയുകയും ചെയ്യും. തങ്ങളുടെ പാക്കു ചിലവാകുവാൻവേണ്ടി ഇക്കൂട്ടർ ജനങ്ങളുടെ ഇടയിലേക്കു് അടിച്ചുവിടുന്ന സൊള്ളകൾക്കും നുണകൾക്കും അതിരില്ല. മുലപ്പാലോടുകൂടിത്തന്നെ സിരകളിൽ കയറിപ്പറ്റിയ മതവിശ്വാസത്തിന്റെ മായാശക്തികൊണ്ടു് ജനങ്ങൾ ഈ വഞ്ചകരുടെ വലയിൽ കുടുങ്ങിപ്പോകുകയും ചെയ്യുന്നു. പഴനി, കാശി, മക്ക, റോം ആദിയായ സ്ഥലങ്ങളിൽ പോകുന്നവരുടെ ഘോഷങ്ങളും കപടതന്ത്രങ്ങളും ജനങ്ങളെ ഒട്ടേറെ വ്യാമോഹിപ്പിക്കുന്നുണ്ടു്. പുരോഹിതർക്കു് പണം പിടുങ്ങുവാൻ ഉള്ള ഒരു മാർഗം ഇതുതന്നെയാണു്. ക്ഷേത്രങ്ങളിലും പള്ളികളിലും ഉത്സവങ്ങളും പെരുന്നാളുകളുമായാൽ പുരോഹിതർക്കും അവരുടെ ബല്ലാളികൾക്കും കൊള്ളചെയ്യുവാൻ പാറിയ മറ്റൊരവസരമായി. പിന്നെ ഏതെല്ലാം തരത്തിലാണു് ജനങ്ങളെ വഞ്ചിച്ചു പണം തട്ടുന്നതു്? ഏജൻസി ഏർപ്പാടിൽ കാവടി കെട്ടിക്കുന്ന ചില ക്ഷേത്രക്കാരെ എനിക്കു നേരിട്ടറിയുവാൻ കഴിഞ്ഞിട്ടുണ്ടു്. അമ്പലങ്ങളിൽതന്നെ ചോറുവ്യാപാരം നടത്തിയും, വഴിപാടുസാധനങ്ങൾ വിറ്റും പുരോഹിതർ പണം ആർജ്ജിക്കുന്നതു

സാധാരണയാണ്. റേറ്റുവച്ച കുമ്പസാരവും. കുർബാന യും ചൊല്ലിക്കുന്നതിൽ നീതികേടിന്റെ ലേശം പോലുമില്ലെ ന്നുള്ള ബോധംതന്നെ സാർവജനീനമായി ഇന്നിരിക്കുന്നു. കേരളത്തിലെ ഒരു അതിരൂപതയുടെ പ്രഥമാധികാരിയായ മെത്രാപ്പോലീത്താ "നിർബന്ധപൂർവം പട്ടക്കാരേക്കൊണ്ട് സൗജന്യമായ കുർബാനകൾ ചൊല്ലിപ്പിച്ച്" ഗ്രന്ഥവും, അജ്ഞേ യവുമായ വലിയ ധർമം വസൂലാക്കി" വരുന്നതിനേയും, മറ്റും ആക്ഷേപിച്ച് അതേ രൂപതയിലെ പട്ടക്കാരെല്ലാംകൂടി ഒരു 'സങ്കടനിവേദന'പത്രം അടുത്ത അവസരത്തിൽ പ്രസിദ്ധപ്പെട ത്തിക്കാണുകയുണ്ടായി. കുർബാനചൊല്ലുവാൻ മുഖ്യരായ സാധുജനങ്ങൾ അയക്കുന്ന പണം മെത്രാൻ വസൂലാക്കിയിട്ട് പട്ടക്കാരെക്കൊണ്ട് സൗജന്യമായി കുർബാന ചൊല്ലിക്കുന്നതു് മതക്കമ്പോളനിലവാരത്തിനു ചേർന്നതല്ലെന്നാണ് ഈ പട്ടക്കാ രുടെ വാദം! മെത്രാനായാലെന്തു്, കപ്യാരായാലെന്തു്, കൃഷിക്കാരനായാലെന്തു്? കുർബാനക്കാര്യം രൊക്കച്ചെവടം!! നോക്കണേ, പുരോഹിതരുടെ മതവ്യാപാരവൈദഗ്ധ്യം!!! മതാധികാരികളെല്ലാം വ്യാപാരികളും, മതസ്ഥാപനങ്ങളെ ല്ലാം വ്യാപാരകേന്ദ്രങ്ങളും ആയി മാറിയിരിക്കുന്നു

ഓരോ മതത്തിലേക്കും ആളുകളെ ചേർക്കുന്നതിനു മതാധി കൃതന്മാർ അക്ഷീണയത്നം ചെയ്യുന്നതും ഈ കച്ചവടലാഭത്തെ ലാക്കാക്കിയിട്ടാകുന്നു കൂടുതൽ ആളുകളെ തങ്ങളുടെ ഭാഗത്തു വന്നാൽ അത്രയും കൂടുതലാദായം നാനാപ്രകാരത്തിലും ലഭിക്ക മല്ലോ എന്നാണിവർ കരുതുന്നതു്. കച്ചവടമനസ്ഥിതിയി ല്ലെങ്കിൽ മനുഷ്യർ മതത്തിനുവേണ്ടി തമ്മിൽതല്ലി തലകീ റേണ്ട ആവശ്യമില്ലല്ലൊ. നാം കാണുന്ന മതപരിവർത്തന ബഹളങ്ങളൊക്കെത്തന്നെ ഈ ലാക്കുവച്ചുണ്ടായവയാണ്. ചുഴിഞ്ഞുനോക്കിയാൽ പണംതന്നെ സകലതിനും മൂലകാരണ

മെന്നു വ്യക്തമാകും. ഇതിൽ അവസ്ഥാവ്യത്യാസങ്ങളും ഉണ്ടെന്നല്ലാതെ ഉദ്ദേശത്തിൽ അണുവും വ്യത്യാസം കാണുന്നില്ല. പോപ്പു മുതൽ കപ്യാരുവരേയും, ലോകഗുരു ശങ്കരാചാര്യർ മുതൽ കീഴ്ശാന്തിവരേയും ഉള്ള ഏവരും മതംകൊണ്ടു കച്ചവടം നടത്തി കാശുണ്ടാക്കുകയാണെന്നു പറഞ്ഞാൽ അതു കലർപ്പില്ലാത്ത ശുദ്ധപരമാർത്ഥം തന്നെയായിരിക്കും.

സർവസംഗപരിത്യാഗികളെന്നും ലോകഗുരുക്കളെന്നും മറ്റും പറഞ്ഞു് ഇക്കൂട്ടർ ഇറങ്ങി നടക്കുന്നതു് പാവങ്ങളുടെ കണ്ണു പൊറിച്ചു പണം നേടുവാനല്ലാതെ മറെറാന്നിനുമല്ല. വലിയ പരിത്യാഗികളും കൂടിയ നിലയുള്ളവരുമായി കാണുന്നവർ, അധികം കൊള്ള ചെയ്യുന്നവർ എന്നു മനസിലാക്കണം. ഏറെറവും ഉയർന്ന മതാധിപൻ ഏറെറവും കൂടുതൽ കൊള്ളക്കാരൻ എന്നർത്ഥം. കാശിനു കൊതിക്കാത്ത ഒരൊറെറ സന്യാസിയേയും ലോകം ഇതുവരെ കണ്ടിട്ടില്ല. ഇതു ലഭിക്കുവാൻ ഇവർ എന്തു നീതികെട്ട നയവും സ്വീകരിക്കും. ഈ അടുത്തകാലത്തു് ജഗൽഗുരു ശങ്കരാചാര്യർ മദ്രാസിൽ എത്തിയപ്പോൾ അവിടത്തെ നഗരസഭക്കാർ അദ്ദേഹത്തിനൊരു മംഗളപത്രം കൊടുക്കുവാൻ തീർച്ചപ്പെടുത്തി, അനുവാദം അർത്ഥിച്ചു കൊണ്ടെഴുതി അയച്ചു. അതിനു് ഈ ജഗൽഗുരു കൊടുത്ത മറുപടി, പാദപൂജയ്ക്കു പതിവുള്ള 1000 രൂപാ മുൻകൂർ കൊടുക്കാതെ മംഗളപത്രം സ്വീകരിക്കുന്നതല്ല എന്നായിരുന്നു. ഈ വിവരം മദ്രാസിലെ എല്ലാ ദിനപ്പത്രങ്ങളും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. നോക്കുക. സർവവും ത്യജിക്കുവാൻ അജ്ഞരായ ജനസാമാന്യത്തോടു് ഉപദേശിക്കുന്ന ലോകഗുരുക്കന്മാരുടെ സ്വാർത്ഥപരിത്യാഗം! പൊന്നിനെ മണ്ണായി മാത്രം കാണുന്ന യതി പുംഗവന്മാരുടെ ധനാർജ്ജനത്തിലുള്ള മഹാവിരക്തി!!!

അടുത്ത അവസരത്തിൽ സ്പെയിനിലുണ്ടായ വിപ്ല
വഫലമായി അവിടെ 'സാൻമില്ല' എന്ന സ്ഥലത്തുള്ള
ഒരു സന്യാസാശ്രമത്തിലെ സ്വത്തുക്കളെ ഗവണ്മെന്റു കണ്ടു
കെട്ടിയെടുക്കുകയുണ്ടായി. ഈ ഇനത്തിൽ 30 ലക്ഷം രൂപ
യുടെ സ്വത്താണവിടെ ഉണ്ടായിരുന്നതു്. ഉള്ളതുവിറ്റു പാ
വങ്ങൾക്കു കൊടുക്കുവാൻ പഠിപ്പിച്ച ഗുരുവിന്റെ ശിഷ്യ
ന്മാർ അന്ധതയിലും ദാരിദ്ര്യത്തിലും ആണ്ടുപുണ്ടഴലുന്ന സാ
ധുക്കളായ മനുഷ്യരെ പൂഷണം ചെയ്തെടുത്തതിൽ മിച്ചം
വന്ന മുതലാണ് ഈ 30 ലക്ഷം! ഇക്കൂട്ടരെ സന്യാ
സികളെന്നോ, കൊള്ളക്കാരെന്നോ, കച്ചവടക്കാരെന്നോ ആ
രെന്നു് വേണം പറയേണ്ടതെന്നു മതഭ്രാന്തിയില്ലാത്തവർ പറ
യട്ടെ! ഇത്ര നിന്ദ്യമായ നിലയിൽ പണം സമ്പാദിക്കുക
യും ശേഖരിച്ചു സൂക്ഷിക്കുകയും ചെയ്യുന്ന ഈ പൂഷകന്മാർ
ലോകോപകാരികളായ ത്യാഗിവര്യന്മാരാണത്രേ! കഷ്ടം!
കഷ്ടം! ലോകമേ! നിന്റെ അന്ധതയുടേയും അജ്ഞാനത്തി
ന്റേയും ആഴം ആരു കണ്ടു!

മതഭിന്നത.

ലോകത്തിൽ ആകെ ഇരുന്നൂറ്റിഎഴുപതോളം മതങ്ങള
ണ്ടത്രേ. ഇത്ര അധികം മതങ്ങളും ആചാര്യന്മാരും, ആരാധ
നാരീതികളും, വിഭിന്നങ്ങളായ പ്രമാണഗ്രന്ഥങ്ങളും ഉള്ളതു
തന്നെ മതത്തിന്റെ യുക്തിഹീനതയേയും, നിരർത്ഥകതയേ
യും പ്രസ്പഷ്ടമാക്കുകയാണു ചെയ്യുന്നതു്. എണ്ണത്തിൽ അധി
കമുള്ള ഈ മതങ്ങളോരോന്നും തന്നെ അഭിപ്രായഭിന്നതകളാൽ
പിന്നെയും എത്രയോ ശതം മതസഭകളായി പിരിഞ്ഞിരി

ക്കുന്നു! ഒരേ വിശ്വാസ പ്രമാണങ്ങളോടുകൂടി വർത്തിച്ചുവന്ന യഹൂദർ ക്രിസ്തുവിനുശേഷം യഹൂദരെന്നും, ക്രിസ്ത്യാനികളെന്നും രണ്ടു വൈരിവർഗ്ഗങ്ങളായി പിരിഞ്ഞു. ഇവർ ഇന്നും കീരിയും പാമ്പും പോലെ വർത്തിച്ചുവരുന്നു എന്നതിനു്, ക്രൈസ്തവരാജ്യമായ ജർമ്മനിയിൽ അവിടത്തെ നാസിഗവണ്മെൻറു് ജൂതന്മാരുടെ നേരേ ചെയ്തുകൊണ്ടിരിക്കുന്ന ക്രൂരമർദ്ദനങ്ങളും പ്രത്യക്ഷമായ ഒരു തെളിവാകുന്നു. ക്രിസ്ത്യാനികളും വീണ്ടും പാശ്ചാത്യരെന്നും, പൗരസ്ത്യരെന്നും രണ്ടു വിഭാഗമായി മാറി. പാശ്ചാത്യർ ലൂഥറിൻറെകാലത്തു പ്രോട്ടസ്റ്റൻറുകാരും കത്തോലിക്കരും ആയി പിരിഞ്ഞു. ഇവരിരുകൂട്ടരും പരസ്പരവിരുദ്ധമായ അഭിപ്രായങ്ങളാലും, ആരാധനാരീതികളാലും ഭിന്നകക്ഷികളായിക്കഴിയുന്നു. പ്രോട്ടസ്റ്റൻറുകാർ വീണ്ടും, വിശ്വാസത്തിലും അഭിപ്രായഗതിയാലും ഛിന്നഭിന്നമായി മാറി മുന്നൂറിൽ പരം സഭകളും വകുപ്പുകളുമായി തരം തിരിഞ്ഞിരിക്കുന്നു. കത്തോലിക്കരിലും ഇതുപോലെ പിരിഞ്ഞും തിരിഞ്ഞും അനേകം ഉപവകുപ്പുകളും നാം കാണുന്നുണ്ടല്ലോ. പ്രോട്ടസ്റ്റൻറുകാരും, കത്തോലിക്കരും, അല്പാത്തവരും ആയി ഒട്ടനേകം വകുപ്പുകളും ക്രിസ്തുവിൻറെ ഒരേ മതത്തിൽതന്നെ ഉണ്ടായിരിക്കുന്നു. ഈ വകുപ്പുകളെല്ലാം വിശ്വാസവൈപരീത്യം മൂലം വീണ്ടും പലേ ഉപവകുപ്പുകളായി പിരിഞ്ഞു തമ്മിലടിച്ചു തരുമാറായിക്കഴിയുകയാണു്. ആകെ എല്ലാ ഉപവപ്പുകളും കൂടി 600–ൽ പരം ക്രിസ്തീയസഭകളും തന്നെ ലോകത്തിലുണ്ടു്. അല്പാല്പമായ അഭിപ്രായവ്യത്യാസങ്ങളാൽ തമ്മിൽ പിരിയേണ്ടിവന്ന ഈ ഓരോ സഭക്കാരും ഇന്നു്, അവരവരുടെ സഭ സത്യമെന്നും, ഉത്തമമെന്നും വാദിച്ചു പരസ്പരം മാർഗ്ഗവിശ്വാസിപ്പിക്കുവാൻ മിഷ്യനറിമാരെ ഏർപ്പെടുത്തിയിരിക്കുന്നു.

ഹിന്ദുമതം, ബുദ്ധമതം, മുഹമ്മദുമതം ആദിയായ മറ്റു മതങ്ങളിലും ക്രിസ്തുമതത്തെപ്പോലെതന്നെ വിഭിന്നങ്ങളായ ആചാരാനുഷ്ഠാനങ്ങളാലും അഭിപ്രായങ്ങളാലും ഭിന്നിച്ചു നില്ക്കുന്ന അനേകം ഉപപ്രിവുകയും ഉണ്ട്. ഈ എല്ലാവരുകയും 'പിരിവു' കാരും ഓരോരുത്തരുടേയും മതം ശ്രേഷ്ഠമെന്നും, ദൈവപ്രകാശിതമെന്നും മറ്റും പുലമ്പി തമ്മിൽ തമ്മിൽ ലഹളകളും യുദ്ധങ്ങളും ഉണ്ടാക്കി കഴിഞ്ഞുകൂടുകയാണു ചെയ്യുന്നതു്. ഏതെങ്കിലും ഒന്നല്ലാതെ എല്ലാം ശരിയായിരിക്കുവാൻ തരമില്ലല്ലൊ. ഓരോന്നിലും മഹാന്മാരും, മനുഷികളും, രാജാക്കന്മാരും ഉപപ്പെട്ടിട്ടുണ്ടു്. ഓരോന്നിനും ദൈവം പറഞ്ഞുകൊടുത്ത പ്രമാണഗ്രന്ഥങ്ങളുണ്ടു്. ഓരോകൂട്ടരും അവരവരുടെ വാഗ്വിലാസവും ബുദ്ധിവൈഭവും വിനിയോഗിച്ചു തമ്പേരടിച്ചു പ്രസംഗിക്കുന്നുമുണ്ടു്. എല്ലാവരും, അവരവരുടേതു മാത്രം ശരിയെന്നും, മറ്റുള്ളവരുടേതു തെറ്റെന്നുമാണു് സ്ഥാപിക്കുന്നതു്. ഇതിൽ ഏതു് ശരി? ഏതു തെറ്റു്? നാം ആരെ വിശ്വസിക്കണം? നിഷ്പക്ഷവാദികയും ഇവിടെ കറങ്ങാതിരിക്കുന്നതെങ്ങനെ? സ്വതന്ത്ര ചിന്തകനായ ഒരുവൻ, ഈ നൂലാമാല പിടിച്ച മതങ്ങളെല്ലാം തെറ്റു്, ഒന്നും മനുഷ്യനാവശ്യമില്ല, എന്നു പറഞ്ഞു മാറിനിൽക്കുകതന്നെ ചെയ്യും.

അവരവരുടെ മതം ശ്രേഷ്ഠം.

ഒരു മതവിശ്വാസിയും, താൻ വിശ്വസിക്കുന്ന മതം തെറ്റെന്നോ, തന്റെ മതത്തേക്കാളും ശ്രേഷ്ഠമായി മറ്റൊരു മതമുണ്ടെന്നോ ഇതുവരെ സമ്മതിച്ചിട്ടില്ല. സമ്മതിക്കുന്നതുമില്ല. ഏതു മഹാനായാലും അവന്റെ മതം അവനെ പഠിപ്പി

ച്ചിരിക്കുന്നത്, തന്നേറ്റുമാത്രം ശരി, മറ്റുള്ളതെല്ലാം തെറ്റ് എന്ന ശഠിക്കണമെന്നാണ്. ഒരു സനാതന ഹിന്ദുവിനു് അഹിന്ദുക്കളെല്ലാരും അശുദ്ധരായ 'ംലേച്ഛ'ന്മാരാണ്. മതഭ്രാന്തനായ ഒരു മുഹമ്മദീയനു് അമുസ്ലീമിങ്ങളെല്ലാരും നിന്ദ്യരായ 'കാഫറു'കളാണ്. മതമുള്ള ക്രിസ്ത്യാനിയാകട്ടെ, അക്രൈസ്തവരെല്ലാം പാപികളായ 'പുറജാതി'ക്കാരുമാകുന്നു. ഇത്രപിഴച്ച വിശ്വാസമാണ് ഈ ഓരോ മതക്കാരുടേയും പ്രമാണഗ്രന്ഥങ്ങം അവരവരെ പഠിപ്പിച്ചിട്ടുള്ളത്. ഈ വിശ്വാസം അനുഷ്ഠാനത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുമ്പോഴും, പരസ്പരം വെട്ടും കുത്തും കൊലയും കൊള്ളയും നടക്കുന്നു. പരസ്പരഭിന്നമായ വിശ്വാസം പുലർത്തുന്ന ഈ വേദപ്രമാണങ്ങളിൽ ചിലതു്, ദൈവം സ്വയം എഴുതി കൈവശം ഏല്പിച്ചിട്ടുള്ളതും, ചിലതു് ദൈവം പറഞ്ഞു് എഴുതിച്ചിട്ടുള്ളതും മറ്റു ചിലതു് ദൈവത്തിന്റെ വരപ്രസാദമുള്ളതും ആണത്രേ! എന്നാൽ ഈ ദൈവം തന്നെ 'എല്ലാം ദൈവ'മെന്നു് ഒരു കൂട്ടർക്കു പറഞ്ഞുകൊടുത്തിട്ടുണ്ടെങ്കിൽ, 'ഞാനല്ലാതെ അന്യദൈവമില്ലെ'ന്നു മറ്റൊരു കൂട്ടർക്കു് എഴുതിക്കൊടുത്തിരിക്കുന്നു. പിന്നൊരു കൂട്ടർക്കു് ദൈവം ഒന്നെങ്കിലും മൂന്നായി കാണണമെന്നും മൂന്നും ഒന്നെന്നും സമ്മതിച്ചുകൊടുത്തിരിക്കുന്നു. ക്രിസ്തു ദൈവം തന്നെ എന്നൊരുകൂട്ടരും, അല്ലെന്നു മറ്റൊരു കൂട്ടരും വിശ്വസിക്കുവാൻ ഉപയുക്തമായ നിലയിൽ പ്രമാണം എഴുതിക്കൊടുത്തതും ദൈവംതന്നെയാകുന്നു. ദൈവം പറഞ്ഞുകൊടുത്തെഴുതിച്ചെന്നു പറയുന്നെങ്കിലും പരസ്പരം വ്യത്യസ്തമായ പാഠഭേദങ്ങളോടുകൂടിയ 10 തരം ബൈബിളും ഇന്നു ലോകത്തിൽ നിലവിലുണ്ടു്. റോമൻകത്തോലിക്കു്, സിറിയൻ, അംബ്രോസീനിയൻ, ഗ്രിഗോറിയൻ, ലൂഥറൻ, പ്രോട്ടസ്റ്റന്റ് ആദിയായ പല വകഭേദക്കാരും ഒന്നിനൊന്നു ഭിന്നമായ ബൈബിളും വിശ്വസിക്കുന്നവരാകുന്നു. ദൈവം

ഇങ്ങനെ പരസ്പരഭിന്നമായ പ്രമാണങ്ങളും എഴുതിക്കൊട്ടത്തുമൂലം ലോകത്തിൽ ഉളവായിട്ടുള്ള നാശഫലങ്ങൾ അനന്തമാണ്. ത്രികാലജ്ഞനായ ദൈവം, വിഭിന്നങ്ങളായ അഭിപ്രായങ്ങളെ വളർത്തുന്ന മതഗ്രന്ഥങ്ങളും പ്രത്യേകം പ്രത്യേകം തീർത്തുകൊടുത്തതെന്തുദ്ദേശത്താലായിരിക്കുമെന്നു മതവാദി തന്നെ പറഞ്ഞുതരേണ്ടതാകുന്നു. തന്റെ സൃഷ്ടിയിൽപ്പെട്ട തന്റെ മക്കളെ എല്ലാം കൂടി താൻ എഴുതിക്കൊട്ടത്ത അഭിപ്രായങ്ങളുടെ പേരിൽ കടിപിടി കൂട്ടുന്നതു കണ്ടു രസിക്കുന്നേ നീചസ്വഭാവം കരുണാലയനായ ദൈവത്തിനു ചേരുന്നതാണോ? ഏതായാലും ഈ ഓരോ കൂട്ടർക്കും വേദപ്രമാണം ദൈവം തന്നെ എഴുതിക്കൊട്ടത്തിരിക്കുന്നതാകയാൽ അവരവരുടേതു ശരിയെന്നുള്ള ഒടുങ്ങാത്ത വാദസമുദ്രത്തിൽ ഈ മതഭ്രാന്തന്മാരെല്ലാം കിടന്നു മുങ്ങിപ്പൊങ്ങുകയാണ്. ഇനി ദൈവം തന്നെ എല്ലാവരെയും വിളിച്ചു വരുത്തി നിരത്തി ഇരുത്തി താനാദ്യം എഴുതിക്കൊട്ടത്തു മുഴുവൻ മാറ്റി വേറൊന്നു ഏവർക്കുമായി എഴുതിക്കൊട്ടക്കുകയൊ, അല്ലാത്ത പക്ഷം മനുഷ്യസമുദായത്തിൽ നിന്നും ഈ ദിവ്യപ്രമാണങ്ങളെയെല്ലാം എന്നെന്നേയ്ക്കുമായി നിരാകരിക്കുകയൊ ചെയ്യാതെ, ഇന്നു കാണുന്ന മതവൈരങ്ങളും വാദകോലാഹലങ്ങളും പൊല്ലാപ്പുകളും ഇല്ലാതാകുന്നതേ അല്ല.

മനുഷ്യൻ പരോപകാരിയായി, സദ്വൃത്തനായി -വേണ്ട; സർവജനസമരാധ്യനായിത്തന്നെ കഴിഞ്ഞാലും പോര, അവന്റെ മതമേതെന്നുകൂടി അറിയാതെ അവനെ "സ്വർഗ്ഗരാജ്യാവകാശി" യാക്കുകയില്ലെന്നാണ് ഓരോ മതവിശ്വാസിയും ജല്പിക്കുന്നതു്. മഹാത്മാഗാന്ധിയും സി. എഫ്. ആൻഡ്രൂസും "ഇരുമെയ്യാർന്നൊരു ജീവിപോലെ" കഴിയുന്ന ഗുരുശിഷ്യന്മാരും പ്രേമബന്ധുരുമാണ്. എന്നാലും സി. എഫ്. ആൻഡ്രൂസിനു് മോക്ഷത്തിനവകാശമുണ്ടെന്നു സമ്മതിക്കു

വാൻ ഹിന്ദുവായ ഗാന്ധിക്കും; ഗാന്ധിയെ മോക്ഷാവകാശിയാക്കാൻ ആൻഡ്രൂസിനും സമ്മതമായിരിക്കയില്ല. കാരണം; ആൻഡ്രൂസ് ഗാന്ധിയുടെ മതക്കാരനല്ലാത്തതുതന്നെ. പരസ്പരം മോക്ഷത്തിനർഹതയുണ്ടെന്ന് സമ്മതിക്കുവാൻ ഇവരിരുവരുടേയും മതം അവരെ അനുവദിച്ചിട്ടില്ല. വന്ദ്യരായ ഈ രണ്ടു മഹാന്മാരുടേയും ആഗ്രഹം അവരവരുടെ മതം ലോകോത്തരമായിത്തീരണമെന്നു മാത്രമാകുന്നു. അതിനാൽ ഗാന്ധി സനാതന ഗീത പാടുന്നു! ആൻഡ്രൂസ് മലയപ്രസംഗം ചെയ്യുന്നു!

വിശ്വവിശ്രുതനായ മഹാത്മാഗാന്ധിക്കു് മനുഷ്യർ നന്നാകണമെന്നല്ല; ഹിന്ദുക്കൾ നന്നാകണമെന്നാണല്ലൊ മോഹം. തന്മൂലം ഇതരമതസ്ഥരുടെ മതപ്രചരണ ശ്രമത്തെ അദ്ദേഹം എതിർക്കുന്നു. അധഃകൃതർ ഹിന്ദുക്കളല്ലെന്നു പറഞ്ഞാലും അദ്ദേഹം അവരെ ഹിന്ദുക്കളാക്കി കക്ഷത്തിൻ കീഴിൽ ഇടുവാൻ പാടുപെട്ടുന്നതു് ഇതുകൊണ്ടുതന്നെയാണു്. അവർ ഹിന്ദുക്കളാകാതെ കൊട്ടാരത്തിൽ പാർത്താലും അദ്ദേഹത്തിനു തൃപ്തിയില്ല! ഇതുമൂലം അധഃകൃതർ എന്നും കുടിലിൽതന്നെ പാർക്കുവാൻ ഇടയാകുന്നെന്ന വിവരം അദ്ദേഹം അറിയുന്നില്ല. ഈയിടെ ഇന്ത്യയിൽ ബുദ്ധമതപ്രചരണത്തിനു് ആവശ്യമായ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട ബുദ്ധസന്ന്യാസിക്കു ഗാന്ധികൊടുത്ത മറുപടി; ബുദ്ധമതപ്രചരണത്തിന്റെ ആവശ്യം ഇന്ത്യയിൽ ഇല്ലെന്നാണു്. ബുദ്ധമതതത്ത്വങ്ങൾ ഹിന്ദുമതഭണ്ഡാഗാരത്തിൽ നിക്ഷിപ്തമായിട്ടുണ്ടത്രേ. സ്വരാജ്യം കിട്ടുമ്പോഴേക്കും ക്രൈസ്തവ മിഷ്യനറിമാരുടെ സ്ഥിതി എന്തായിരിക്കുമെന്നു ചോദിച്ച ഒരു പത്രപ്രതിനിധിയ്ക്കു് ''ഇന്ത്യയിലെ ജനങ്ങൾക്കു ഇന്ത്യയിലെ മതങ്ങൾ മതി''യെന്നാണു് ഗാന്ധിജി നൽകിയ മറുപടി. ഈ രണ്ടു കൂട്ടരോടും ശ്ലോകത്തിൽ

കഴിച്ചുകൂട്ടുവാൻ ഗാന്ധി മുതിർന്നതും അദ്ദേഹത്തിന്റെ ഹിന്ദു മതപക്ഷപാതംകൊണ്ടാകുന്നു. ഇന്ത്യയിലെ മതപണ്ഡിതനായ പണ്ഡിറ്റ് മാളവ്യ, സ്വരാജ്യം കിട്ടുന്ന ആ സുദിനം മുതൽ ഹിന്ദുമതത്തിന്റെ ആർഷധർമ്മങ്ങളും വിദൂരദേശങ്ങളിലേക്ക് അയയ്ക്കുവാൻ നോൻപ നോറ്റിരിക്കുകയാണത്രെ! മതകാര്യം വരുമ്പോഴും എത്ര മഹാന്മാരായാലും ഇട്ടുങ്ങിയ മനസ്ഥിതിക്കാരായി തരം താഴുന്നതു നോക്കുക. ഇങ്ങനെ ഗാന്ധിമാരെയും, ആൻഡ്രൂസുകളേയും ആരേയും പേയ് പിടിപ്പിക്കുവാൻ പറ്റിയവിധം നിർമ്മിക്കപ്പെട്ടിട്ടുള്ള മതഗ്രന്ഥങ്ങളും, ബുദ്ധിയും, യുക്തിയും, ഏകദേശമായ ശാസ്ത്രീയജ്ഞാനവും ഉള്ള ഒരാളും നിഷ്പക്ഷമായ നിരീക്ഷണബുദ്ധിയോടുകൂടി വായിച്ചാൽ തീർച്ചയായും അവൻ ഒരു നിർമ്മതനും, നിരീശ്വരനും ആയിത്തീരാതിരിക്കയില്ല.

മതം ചെയ്തിട്ടുള്ള ഭയങ്കര നാശങ്ങൾ.

മതമൂലം ലോകത്തിൽ ഉളവായിട്ടുള്ള നാശങ്ങളും കഷ്ടാരിഷ്ടതകളും വർണ്ണിക്കുവാൻ ആയിരം നാവുള്ള ആരെങ്കിലും തന്നെ വരണം. 'മതം മനുഷ്യരഭിവൃദ്ധിക്കു നിദാനമാണ്'. അതു ശാശ്വത ശാന്തിയും സമാധാനവും സംതൃപ്തിയും പ്രദാനം ചെയ്യുന്നു. ദൈവഭയം ഉണ്ടാക്കി മനുഷ്യരെ ദുർമ്മാർഗങ്ങളിൽനിന്നും നിവർത്തരാക്കി നന്നാക്കുന്നു. മതംപോയാൽ ലോകം താറുമാറായി തുലയും' എന്നെല്ലാം പറയുന്ന തത്വവേദികളും ലോകത്തിൽ ഇന്നുവരെ നടന്നിട്ടുള്ളതും ഇന്നും നട

ന്നുകൊണ്ടിരിക്കുന്നതുമായ സംഭവങ്ങളും ബുദ്ധിപൂർവ്വമതയോട്ട കൂടി ചിന്തിക്കട്ടെ, കണ്ണു തുറന്നു നോക്കി കാണട്ടെ. അവർ താഴെ പറയുന്ന സംഗതികളെ ഓരോന്നും പ്രത്യേകം ശ്രദ്ധിക്കട്ടെ.

ഓരോ സമുദായചരിത്രവും രാജ്യചരിത്രവും മതം ചെയ്തിട്ടുള്ള ഭയങ്കരനാശങ്ങളെപ്പറ്റി വർണ്ണിച്ചിട്ടുണ്ട്. വ്യക്തമായി ആശയം മനസിലാക്കാൻ കഴിയാത്ത അല്പാല്പമായ ചില മതവിശ്വാസഭിന്നതകളെ ആസ്പദമാക്കി ക്രിസ്ത്യാനികളും പരസ്പരം യുദ്ധം ചെയ്യാനും വധിക്കാനും ഒരുമ്പെട്ടതുമൂലം യൂറോപ്പിന്റെ ഏതാണ്ടായിരം കൊല്ലത്തെ അഭിവൃദ്ധി തന്നെ തടയപ്പെട്ടിട്ടുണ്ട്.

മുസൽമാൻമാരും ക്രിസ്ത്യാനികളുമായി നടത്തിയ ലോകപ്രസിദ്ധമായ കുരിശുയുദ്ധം മതം ഉണ്ടാക്കിയിട്ടുള്ള യുദ്ധങ്ങൾക്ക് ഒന്നാംതരം തെളിവാകുന്നു. ഈ യുദ്ധത്തിൽ ഇരുഭാഗത്തു നിന്നും ചത്തൊടുങ്ങിയ ആളുകളെ 90 ലക്ഷമാകുന്നു. തെരുവുകളിൽ കൂടി ഒഴുകിയ മുസൽമാൻ രക്തപ്പുഴയിൽ ക്രിസ്ത്യാനികളുടെ പടക്കുതിരകൾ നീന്തിപ്പോകുകയാണുണ്ടായതെന്നു പറയപ്പെട്ടിരിക്കുന്നു. മതബ്രാന്തന്മാർ ഒഴുക്കിയ രക്തത്തിന്റെ ആഴം എത്രയെന്നു നോക്കുക! മതഹാലിളകി പേപിടിച്ച പരസ്പരം ചെയ്ത മൃഗീയതകളെ അവർണ്ണനീയമാണ്. സ്ത്രീകളെ മാനഭംഗം വരുത്തിയതിനുശേഷം വധിക്കുക, ശിശുക്കളെ കാലിൽ പിടിച്ചു ചുവരിലിടിച്ചു കൊല്ലുക, ഇവയെല്ലാം ഒരുവക വിനോദങ്ങളായിട്ടാണവർ കരുതിയതു് പ്രാണരക്ഷാർത്ഥം പള്ളികളിൽ കൂട്ടമായി കയറിപ്പറ്റിയ ജൂതന്മാരേയും മുസൽമാൻമാരേയും അകത്തിട്ടു പള്ളികൾക്കു തീകൊളുത്തി ചുട്ടുപൊട്ടിക്കുകയാണു ചെയ്തിട്ടുള്ളതു്. "ഇതുവരെ ചെയ്തിട്ടുള്ളതും ഇനി ചെയ്യാനുള്ളതുമായ സകല

പാപങ്ങളേയും ദൈവനാമത്തിൽ നാം പൊറുത്തിരിക്കുന്നു'' എന്നു പറഞ്ഞാണു്, അന്നത്തെ മതാധിപനായിരുന്ന രണ്ടാം ഉർബൻപാപ്പ ക്രിസ്ത്യാനികളേ ഈ പൈശാചികമായ നരവേട്ടയ്ക്കു് ഉത്തേജിപ്പിച്ചുവിട്ടതു്. മതത്തിനുവേണ്ടി, ഒരു 'മുസ്ലീം' കാഫറുകളെ കൊന്നാലും, കാഫറുകൾ മുസ്ലീമിനെ കൊന്നാലും വീരസ്വർഗം കിട്ടുമെന്നാണത്രേ മുസ്ലീങ്ങളുടെ വിശ്വാസം! ഇത്ര മതാന്ധതയും വൈരാഗ്യവും ഉള്ള രണ്ടു വർഗങ്ങൾ തമ്മിൽ മതത്തിന്റെ പേരിൽ കൂട്ടിമുട്ടിയാലുണ്ടാകാവുന്ന ഭയങ്കരതകൾ ഊഹിക്കാമല്ലോ? ഏകദേശം ഒന്നരണ്ടു ശതവർഷംകൊണ്ടു മാത്രം അവസാനിച്ച ഈ പേരാട്ടംമൂലം യൂറോപ്പിന്റെ പല ഭാഗങ്ങളും നശിച്ചു വെണ്ണീറടിക്കുതന്നെ ചെയ്തു. ഇത്രയധികം നാശങ്ങളും ജീവഹാനിയും വരുത്തിയ ഈ ഭയങ്കരയുദ്ധം എന്തിനുവേണ്ടിയായിരുന്നു? ക്രിസ്തുവിനെ അടക്കം ചെയ്ത ''ജറുസലേം'' എന്ന സ്ഥലം അവിശ്വാസികളായ 'പാപി'കളിൽനിന്നും വീണ്ടെടുക്കുന്നതിനുമാത്രമായിരുന്നു. ഇത്ര നിസ്സാരമായ ഒരു കാര്യത്തിനായും, ജനങ്ങളെ ഇത്ര ഘോരമായ കൂട്ടക്കൊലകൾ ചെയ്യുവാൻ ഒരുക്കമായിരുന്നെങ്കിൽ വൈദികാജ്ഞയെ പരിപൂർണ്ണമായി അനുസരിച്ചിരുന്ന അക്കാലത്തെ മനുഷ്യർ എത്ര മൃഗീയമായ നിലയിലാണു് കഴിഞ്ഞിരുന്നതെന്നു ഊഹിക്കാമല്ലോ. വൈദികഭരണം നശിച്ചു മണ്ണടിഞ്ഞുപോകട്ടെയെന്നു് ചിന്തകന്മാർ പറയാതിരിക്കുമോ?

ചരിത്രപ്രസിദ്ധമായ ഫ്രഞ്ചുവിപ്ലവത്തിനും, മതത്തിനും പങ്കുണ്ടാകാതിരുന്നില്ല. അതിന്റെ പ്രധാനകാരണങ്ങളിൽ ഒന്നു് മതകാര്യം തന്നെയായിരുന്നു. ഇന്ത്യയിൽ പണ്ടും ഈ അടുത്ത കാലങ്ങളിലും ആയി എത്ര യുദ്ധങ്ങളും ലഹളകളും മതം ഉണ്ടാക്കിയിരിക്കുന്നു? ഇന്ത്യയുടെ നാനാഭാ

ഗങ്ങളിലും ദൈനംദിനമെന്നോണം നാം കേൾക്കുന്ന ഹിന്ദു മുസ്ലീം ലഹളകൾക്കും കാരണം മതമല്ലാതെ മറെന്താണു്? 1923 മുതൽ 1927 വരെ 5 കൊല്ലത്തിനിടയിൽ മതലഹളയിൽപെട്ടു് ഇന്ത്യയിൽ 450 പേർ മരിക്കയും 5000 ആളുകൾക്കു മുറിവുപറ്റുകയും ചെയ്തതായി സർക്കാർകണക്കുകളിൽ കാണുന്നു. 1933–ാംവർഷത്തിൽ ബോംബയിൽ നടന്ന ലഹളമൂലം മരിച്ചവർ 175–ും, മുറിവുപറ്റിയവർ 2700–ും ആകുന്നു. ലഹളത്തലവന്മാരായ 70 പേരെ നാടുകടത്തുകയുണ്ടായി. ഇന്ത്യയിൽ എവിടേയും നടന്നിട്ടുള്ള ലഹളകളുടെ ഒരു മാതൃക മാത്രമാണിതു്. മതത്തിന്റെ പേരുപറഞ്ഞു് ഹാലിളകി ഇതുപോലെ എത്ര ലഹളകളാണു് ലോകത്തിലുണ്ടായിട്ടുള്ളതു്?

അടുത്ത നാളിൽ രാജാവിനെ ഓടിച്ചു്, മിഷ്യനറിമാരെ നാടുകാത്തി പള്ളിമുതലുകയം കണ്ടുകെട്ടി എടുത്ത 'സ്പെയിനിൽ' പൂർവ്വകാലങ്ങളിൽ ഉണ്ടായിട്ടുള്ള മതപരിവർത്തനങ്ങളും അതിഭയങ്കരങ്ങളും തന്നെയായിരുന്നു. 15-ാംനൂറ്റാണ്ടിൽ ക്രിസ്തുവിനെ ദൈവമെന്നു പറയാത്ത പാപത്തിനു പരിഹാരമായി സ്ഥിരവാസികളും, രാജ്യത്തെ സമ്പൽസമൃദ്ധമാക്കിയവരുമായ യഹൂദന്മാരിൽ 5,0000 പേരെ ക്രിസ്തുവിന്റെ പേരിൽ കൊന്നൊടുക്കി. അനേകംപേരെ തീയിലിട്ടു ജീവനോടെ ദഹിപ്പിച്ചു. പലരേയും യന്ത്രത്തിൽകെട്ടി എല്ലൊടിച്ചു. മൂന്നുമാസത്തിനകം ജൂതന്മാരത്രയും സ്പെയിൻ രാജ്യംവിട്ടു പൊയ്ക്കൊള്ളണമെന്നു് കല്പിക്കുകയും ചെയ്തു. 3 ലക്ഷംപേർ നാടുവിട്ടു. ഇതിലധികവും ഇടത്തരക്കച്ചവടക്കാരായിരുന്നതായതു്. സ്വർണ്ണവും പണവും ഒരുത്തരും കൊണ്ടുപോകരുതെന്നു നിയമമുണ്ടാക്കിയിരുന്നതിനാൽ പലരും സ്വർണ്ണം വിഴുങ്ങിക്കൊണ്ടു യാത്ര തിരിക്കേണ്ടിവന്നു. 3 മാസത്തിനകം സ്വന്തം രാജ്യം

വീട്ട വീട്ടം, പറമ്പും, പൊന്നും, പണവും, നാട്ടുകാരേയും, കന്നുകാലിവർഗ്ഗങ്ങളേയും എല്ലാം ഉപേക്ഷിച്ചു് കട്ടംബസഹിതം വിദേശങ്ങളിലേക്കു് ഓടിപ്പോകേണ്ടിവരുന്ന മനുഷ്യരുടെ കഷ്ടപ്പാടുകം നമുക്കും ഊഹിക്കരുതോ? ജൂതന്മാരുടെ നേരേ ക്രിസ്ത്യാനികംക്കുള്ള ഒടുങ്ങാത്ത പകവീട്ടിയ ഈ ഘോരമായ മതമർദ്ദനംമൂലം സ്പെയിൻരാജ്യം ആകെ പാപ്പരായികളിച്ചുപോയി. മതം ചെയ്തിട്ടുള്ള കൊടും കൊലകളേയും മറ്റും പറഞ്ഞി ഇതിൽകൂടുതൽ വർണ്ണിച്ചു വായനക്കാരെ ശ്വാസം മുട്ടിക്കണമെന്നു വിചാരിക്കുന്നില്ല. മതം മറ്റു പ്രകാരത്തിൽ വരുത്തിയിട്ടുള്ള അധഃപതനങ്ങളും അഴിമതികളും എങ്ങനെ എത്തോളമെന്നു് തുടർന്നു ചിന്തിക്കാം.

മതവിശ്വാസം കൊണ്ടുള്ള ദോഷങ്ങൾ.

സ്വാർത്ഥമൂർത്തികളായ പുരോഹിതവൃന്ദം ആദിമ മനുഷ്യരുടെ തലമണ്ടയിൽ വാരിയിട്ട മതാന്ധതകളാകുന്ന കരിം ചെളിക്കട്ടകം ഇന്നും ജനസമുദായത്തിൽ അടിയുറച്ചുതന്നെ കിടക്കുന്നു. തന്മൂലം ബഹുമുഖങ്ങളായി മനുഷ്യസമുദായം അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങം വിവരിക്കുവാൻ ആരാലും സാദ്ധ്യമല്ല. മതവിശ്വാസത്തിന്റെ പേരിൽ മനുഷ്യർ ദൈനം ദിനം ഹോമിച്ചുകളയുന്ന പണത്തുകയെപ്പറ്റി പിന്തിച്ചാൽ തലചുറ്റൽ വരാതിരിക്കയില്ല. ഒരു മിനിട്ടിൽ ലോകമൊട്ടുക്കു് എന്തെല്ലാം സംഭവിക്കുന്നു എന്നുള്ള കണക്കെടു

ത്തിട്ടുള്ളതിൽ മതത്തിന്റെ പേരിൽ ചിലവിടുന്ന പണത്തെ കയും കാണിച്ചിട്ടുണ്ട്. അതിൻ പ്രകാരം മതാചാരങ്ങൾക്കും, മറ്റു മതാന്ധതകൾക്കും ആയി മാത്രം ഒരു മിനിട്ടിൽ 90 ആയിരം പവനാണ് ധൂളിയാക്കുന്നതു്! എന്നുവച്ചാൽ ഒരു മണിക്കൂറിൽ 56 ലക്ഷം! ഒരു ദിവസം 13 കോടി 44 ലക്ഷം!! ഈ പതിമ്മൂന്നുകോടി നാല്പത്തിനാലുലക്ഷം പവൻ രൂപയാക്കി മാറിയാൽ 201 കോടി 60 ലക്ഷം രൂപ കിട്ടും. (പവനു 15 രൂപ പ്രകാരം) മറെറാരു രീതിയിൽ ഒന്നുകൂടി ആവർത്തിച്ചു പറയുന്നതിനു വായനക്കാർക്കു സഹിക്കുമെങ്കിൽ തിരുവിതാംകൂർ ഗവണ്മെൻറിന്റെ ഏകദേശം 80 കൊല്ലത്തെ വരവാണു് ലോകത്തുള്ള മതാന്ധന്മാർ ഒരു ദിവസം മതകാര്യങ്ങൾക്കു മാത്രമായി പൊടിപറ്റുന്നതു്! ഒരു ദിവസത്തെ തുക ഏതാണ്ടു് 201 $\frac{1}{2}$ കോടി—തിരുവിതാംകൂറിലെ 80 കൊല്ലത്തെ വരവു്—ഏങ്കിൽ 365 ദിവസത്തെ (ഒരു കൊല്ലത്തെ) ചിലവു തിരുവിതാംകൂർ ഗവണ്മെൻറിന്റെ എത്രായിരം കൊല്ലത്തെ വരവിനോടു തുല്യമായിരിക്കും? അതു് ഏകദേശം ഇരുപത്തിരണ്ടായിരത്തി ഇരുന്നൂറുകൊല്ലത്തെ വരവിനു തുല്യമായിരിക്കുമെന്നു പറഞ്ഞാൽ വീർപ്പുമുട്ടാത്തവരുണ്ടായിരിക്കുമോ? അമ്പോ! മതവിശ്വാസം മനുഷ്യന്റെ പ്രയത്നഫലമായ ധനം മുടിച്ചുകളയുന്നതു നോക്കുക!

പോകട്ടെ, ഒരു മിനിട്ടിൽ ലോകത്തുള്ള മനുഷ്യരെല്ലാവരും കൂടി വിദ്യാഭ്യാസത്തിനു ചിലവിടുന്ന സംഖ്യയോ? അതു വെറും 56 പവൻ മാത്രം! 90 ആയിരം പവൻ എവിടെ? 1929-ലെ വിറ്റക്കേഴ്സ് ആൽമനക്കിൻ (Whitaker's Almanack) പ്രകാരം ഭൂലോകത്തിലെ ആകെ ജനസംഖ്യ

184 കോടി 75 ലക്ഷമാണ്. ഈ കണക്കിൻപടി മതകാര്യങ്ങൾക്കായി ഒരാൾ ഒരു ദിവസം ചിലവിടുന്നതു് ഒരു രൂപയിൽ കൂടുതലും, വിദ്യാഭ്യാസത്തിനായി ഒരാൾ ഒരു കൊല്ലം ചിലവിടുന്നതു് നാലണയിൽ താഴെയുമാകുന്നു. മതത്തിന്റെ പേരിൽ ചിലവു് ഒരു ദിവസം ഒരു രൂപ! വിദ്യാഭ്യാസച്ചിലവു് ഒരു കൊല്ലത്തിൽ നാലണ!! എന്തൊരു ഭീമമായ വ്യാസം!!!

ഏതു രാജ്യത്തും വിദ്യാലയങ്ങളേക്കാൾ ദേവാലയങ്ങൾ അധികമാണെന്നുള്ളതിനു സംശയമില്ല. ജനങ്ങളുടെ മതഭക്തി അവരെ ദേവാലയസ്ഥാപനത്തിനു് അനുനിമിഷം പ്രേരിപ്പിച്ചുകൊണ്ടേ ഇരിക്കുന്നു. 1931-ലെ സെൻസസ്സിൻപടി തിരുവിതാംകൂറിൽ ആകെ ദേവാലയങ്ങൾ 12633 ആണ്. ഈ പന്തീരായിരത്തി അറുന്നൂറിമുപ്പത്തിമൂന്നു ദൈവസ്ഥതികളും കൂടി തിരുവിതാംകൂറിലെ 51 ലക്ഷം ജനങ്ങളുടെ എത്രമാത്രം സമയവും പണവും പ്രതിവർഷം ഹോമിച്ചുകൊണ്ടേയിരിക്കുന്നു! വിദ്യാലയങ്ങൾ തിരുവിതാംകൂറിൽ എല്ലാവർക്കുംകൂടിയുള്ളതു് 4940 മാത്രമാകുന്നു. നോക്കുക. വിദ്യാലയങ്ങളേക്കാൾ ഏതാണ്ടു മൂന്നിരട്ടി ദേവാലയങ്ങൾ! 412 പേർക്കുകൂടി ഒരു ദേവാലയമുള്ളപ്പോൾ 1032 പേർക്കുകൂടി ഒരു വിദ്യാലയം മാത്രമാണിവിടെയുള്ളതു്. വെറുതേയാണോ തിരുവിതാകൂറിൽ നൂറുക്കു് 76 പേരും നിരക്ഷര കുക്ഷികളായി കഴിയുന്നതു്? ഈ ദേവാലയങ്ങളെത്രയും വിദ്യാലയങ്ങളാക്കി മാറ്റിയാൽ തിരുവിതാംകൂറിലെ വിദ്യാഭ്യാസം നൂറുക്കു് ഇരുപത്തിനാല് എന്നതിനു പകരം നൂറുക്കു് നൂറ് എന്നുതന്നെ അഭിമാനിക്കുവാൻ കഴിയും. അങ്ങനെയുള്ള ഒരു പരിവർത്തനദശയിലേക്കു് മനുഷ്യസമുദായം വേഗം എത്തിച്ചേരുമാറാകട്ടെ.

മതവിശ്വാസംകൊണ്ടുള്ള മറ്റൊരു ദോഷം അതു മനുഷ്യ പ്രയത്നത്തെ അധോമുഖമാക്കുന്നു എന്നതാണു്. "താൻ എത്ര പരിശ്രമിച്ചാലും ദൈവാനുഗ്രഹമില്ലാതെ ഒന്നുമാകയില്ല. നേരേമറിച്ചു്, ദൈവാനുഗ്രഹമുണ്ടെങ്കിൽ പരിശ്രമിച്ചില്ലെങ്കിലും വിജയം കരഗതമാണു്." മൂഢമായ ഈ ഒരു വിശ്വാസം മനുഷ്യരെ പരിശ്രമശീലത്തിൽ നിന്നും പിൻതിരിക്കുകതന്നെ ചെയ്യുന്നു. മനുഷ്യരിൽ അടങ്ങിയിരിക്കുന്ന കഴിവുകളാകുന്ന മഹാശക്തിപ്രവാഹത്തെ ഈ വിധി വിശ്വാസം പ്രതിരോധിച്ചുകളയുന്നു. ഒരുവൻ ധനവാനായി സുഖിക്കുന്നതും അപരൻ ദരിദ്രനായി നരകിക്കുന്നതും, ദൈവനിശ്ചയമെന്നാണു മതവിശ്വാസികൾ കരുതിപ്പോരുന്നതു്. തന്മൂലം മനുഷ്യൻ സ്വയമേവ പരിശ്രമത്തിൽ വിമുഖത്വം ആചരിക്കുകയും കഴിവുകൾ വിസ്മൃതകോടിയിൽ തള്ളപ്പെടുകയും ചെയ്തുപോകുന്നു. ഇതിന്റെ ഫലം മനുഷ്യരിൽ അന്തർലീനമായിരിക്കുന്ന അൽഭുതശക്തികൾ കാലാന്തരത്തിൽ നിശ്ശേഷം നശിച്ചു് മനുഷ്യരെ ഒന്നിനും കൊള്ളാത്ത പൗരുഷഹീനരാക്കിത്തീർക്കുകയല്ലാതെ മറെന്താണു്? വിധിബലത്തെ ശരണീകരിച്ചു് ജീവിതം പോക്കുന്നവരുടെ അഭിപ്രായങ്ങളേയും പ്രകൃതിയുടെവികൃതികളേയും, തട്ടിമാറ്റി മനുഷ്യകഴിവുകളിൽ അചഞ്ചലമായ വിശ്വാസത്തോടുകൂടി മുന്നോട്ടു പോയിട്ടുള്ള ധീരപുരുഷന്മാരെകൊണ്ടല്ലാതെ വിധിക്കു കീഴടങ്ങി തലയ്ക്കു കൈയും കൊടുത്തു തുങ്ങിക്കഴിയുന്ന മനുഷ്യപ്പുഴുക്കളെക്കൊണ്ടു ലോകത്തിനെന്തു പ്രയോജനമാണുണ്ടായിട്ടുള്ളതു്? ബുദ്ധിശക്തിയും നിരീക്ഷണചാതുര്യവും അക്ഷീണയത്നവും കൊണ്ടാണു് ഓരോ മഹാന്മാർ ലോകത്തിനുപകാരപ്രദങ്ങളായ അമൂല്യസമ്പദ്ദ്യങ്ങൾ സംഭാവന ചെയ്തിട്ടുള്ളതു്. ആയിരത്തിൽപരം നൂതന കണ്ടുപിടുത്തങ്ങളാൽ മനുഷ്യസമുദായത്തിനു ജീവിതസൗഭാഗ്യങ്ങളെ പ്രദാനം ചെയ്ത 'എഡിസനും' അത്യദ്ഭുതകരങ്ങ

ഉം വിശ്വമോഹനങ്ങളുമായ അനേകം ശാസ്ത്രീയപര്യവേക്ഷണങ്ങളാൽ ലോകത്തെ വിജ്ഞാനസാഗരത്തിൽ ആറാടിക്കുന്ന സർ, സി. വി. രാമനും, ജെ. സി. ബോസും മനുഷ്യരിൽ തന്നെ അടങ്ങിയിരിക്കുന്നതും വിശ്വത്തെ ജയിക്കാൻ പോരുന്നതുമായ മഹാശക്തിയെ കണ്ടറിഞ്ഞ ധീരന്മാരല്ലേ? ഇവർ മനുഷ്യകഴിവുകളിൽ വിശ്വസിക്കാതെ വിധിവിശ്വാസികളായി കഴിഞ്ഞിരുന്നെങ്കിൽ സ്ഥിതി എന്താകുമായിരുന്നു? 'വിധിപോലെന്നേവം' എന്ന മതവിശ്വാസംകൊണ്ട് എത്രയോ കോടി ജനങ്ങളെ ഏകാന്തദീപ്തമായ ഇക്കാലത്തും സ്വാശ്രയശീലത്തേയും, സ്ഥിരോൽസാഹത്തേയും, പ്രത്യാശാഗ്രഹണത്തേയും അടക്കിഒതുക്കി വച്ചുകൊണ്ട് കഴിഞ്ഞുകൂട്ടുന്നു. അധഃകൃതർ 'ദൂരത്തും തീണ്ടുള്ള നീചപ്പരിഷ്'കളായി, പട്ടിണിപ്പാവങ്ങളായി കഴിയുന്നതു വിധിബലം കൊണ്ട്. ലോകത്തിലെ ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളികളും അർദ്ധപട്ടിണിക്കാരായി, അർദ്ധനഗ്നന്മാരായിക്കഴിഞ്ഞുകൂട്ടുന്നതും ദൈവവിധിതന്നെ. ഇങ്ങനെ സകല അരിഷ്ടതകളും ദൈവായത്തമെന്നു പറഞ്ഞു് ഹതാശയരായി, മതചിന്തയാൽ നിരുദ്ധവീര്യന്മാരായിക്കഴിയുന്നവരാണ് ഭൂരിപക്ഷം ജനങ്ങളും. ഇതിനേക്കാൾ ഭയങ്കരമായ ഒരു ദ്രോഹം മതത്തിനു ചെയ്യുവാനുണ്ടാകുമോ?

മതം നിലനിൽക്കുന്നിടത്തോളംകാലം ലോകത്തിൽ അജ്ഞത തലയുയർത്തിപ്പിടിച്ചുകൊണ്ടുതന്നെ നടക്കും. മതം മൂലം എത്ര അന്ധകാരത്തിലാണ് ജനസമുദായം എത്തിയിരിക്കുന്നതെന്നു് വിവരിക്കുവാൻ വിഷമം. സ്വതന്ത്രമായി ചിന്തിച്ചു ജ്ഞാനം സമ്പാദിക്കുവാനും, സത്യം കണ്ടുപിടിക്കുവാനും മതവിശ്വാസം വലിയ പ്രതിബന്ധമാണ്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ മതപരമായ ചടങ്ങുകൂടാത്ത

എന്തു കാര്യമുണ്ട്? അവന്റെ ജനനം മുതൽ മരണംവരെ അനുദിനം മതാന്ധതകളുമായി ഇടപെട്ട തന്നെ കഴിയുന്നു. പേരിടുന്നതിനു മതം. ഉണ്ണുന്നതിനു മതം. ഉടുക്കുന്നതിനു മതം. കാതുകുത്തുന്നതിനു മതം. വിദ്യാരംഭത്തിനു മതം. വേഴ്ചക്കു ന്നതിനു മതം. യാത്ര പുറപ്പെടുന്നതിനു മതം. കളിക്കുന്നതിനു മതം. കിടക്കുന്നതിനു മതം. ഏതു പ്രവർത്തിക്കും ഒരുങ്ങുമ്പോഴും മതം. ഇങ്ങനെ എല്ലാം മതമയം. ഇവയെല്ലാം അജ്ഞതയുടേയും, അന്ധതയുടേയും തികവുകളല്ലയോ എന്നു ചിന്തിച്ചുനോക്കുക.

ഈ മതാന്ധതകൊണ്ടുമൂലം ലോകത്തിൽ ഏതെല്ലാം വിധത്തിലുള്ള നാശങ്ങളാണു് വന്നുവീണിട്ടുള്ളതു്. ആത്മമോക്ഷത്തിനു്, ദൈവപ്രീതിയ്ക്കു്, പാരത്രിക കാര്യത്തിനെന്നൊക്കെ പറഞ്ഞു മനുഷ്യലോകം എന്തെന്തു ത്യാഗങ്ങളാണു് ഇതുവരെ അനുഷ്ഠിച്ചിട്ടില്ല? എത്ര മനുഷ്യരെ ദൈവവിശ്വാസവും, മനോരോഗ്യവും ഗ്രസ്തരാക്കിത്തീർത്തിട്ടില്ല? മതാന്ധത മൂലം ഈയിടെ ഉത്തരേന്ത്യയിലുണ്ടായ അതിദാരുണമായ ഒരു സംഭവം മനുഷ്യഹൃദയങ്ങളെ കണ്ണീർ തുരപ്പിക്കുന്നതാണു്. ഏകനായ തന്റെ പുത്രനെ 'ഹള്ളാ'യ്ക്കു ബലികൊടുത്താൽ താൻ ഒരു 'ഫക്കീർ' ആയിത്തീരുമെന്നു് ഗോവൽപുരിയിലുള്ള ഒരു മുഹമ്മദീയനു വെളിപാടുണ്ടായത്രെ! ദൈവവെളിപാടെന്ന മൂഢതയും, ഫക്കീർ ആകുവാനുള്ള ദുരാശയും ഈ മതഭ്രാന്തനെക്കൊണ്ടു തന്റെ ഏകപുത്രനെ 'ബക്രീഡി'നു മൃഗങ്ങളെ ബലി കൊടുക്കുന്ന രീതിയിൽ നിഗ്രഹിച്ചു കശാപ്പുകത്തികൊണ്ടു കഴുത്തിനു വെട്ടി കൊല്ലിച്ചിരിക്കുന്നു! "ഷേക്ക് ഹാനിഫ്" എന്ന പള്ളിയിൽവച്ചു് ഹള്ളായുടേയും നബിയുടേയും പേരിൽ സ്വന്തം പുത്രനെ—തന്റെ ഏകസന്താനത്തെ—നിഷ്കരുണം കശാപ്പുകത്തികൊണ്ടു വെട്ടിമുറിച്ച ഈ ഫക്കീർ

മോഹിനിയെ പോലീസുകാർ പിടിച്ചുകെട്ടി കേസു ചാർജ്ജു ചെയ്കയും, 'ഗവൽപുരി' യിലെ സെഷ്യൻജഡ്ജി അയാൾക്കു് ജീവപര്യന്തം നാടുകടത്തൽ ശിക്ഷ വിധിക്കുകയും ചെയ്തിരിക്കുന്നു. ഹാ! മതാന്ധതയുടെ ആഴം നോക്കുക!!

1930 ഫെബ്രുവരി 24-ാം നു- കൽക്കട്ടയിലെ 'കാളീഘട്ട്' ക്ഷേത്രത്തിൽ മതഭ്രാന്തിന്റെ മറ്റൊരു രംഗം പ്രദർശിപ്പിക്കപ്പെടുകയുണ്ടായതും പ്രസ്താവയോഗ്യമാണു്. ശിവരാമൻ എന്നൊരു കാളീഭക്തൻ തന്റെ നാക്കറുത്തു് ദേവിക്കു് സമർപ്പിച്ചിരിക്കുന്നു! പോലീസുകാർ ചെന്നപ്പോഴും ഈ മതഭ്രാന്തൻ നിണത്തിൽ നിമഗ്നനായി ക്ഷേത്രസന്നിധിയിൽ സാഷ്ടാംഗപ്രണാമം ചെയ്തു കിടക്കുന്നതായിട്ടാണു കണ്ടതു്. മതാന്ധത മൂലം ലോകത്തിൽ നിത്യം നടന്നുകൊണ്ടിരിക്കുന്ന ഈദൃശസംഭവങ്ങളെപ്പറ്റി വിവരിക്കുവാൻ കേവലം അസാദ്ധ്യം തന്നെ. ഈമാതിരി ഭ്രാന്തുകൾക്കു ഭേഷജം എന്നു പറയുവാൻ മതാനുസാരികൾ മടിക്കാത്തതിലാണത്ഭുതം!

മതവിശ്വാസംകൊണ്ടു ലോകത്തിനു് നാളിതുവരെ പെരിയ രീതിയിലുള്ള ഒരു ഗുണമെങ്കിലും കിട്ടിയിട്ടുള്ളതായി തെളിവുതരാൻ യാതൊരു മതവിശ്വാസിയെക്കൊണ്ടും കഴിയുന്നതല്ല. ഗുണമൊന്നുമില്ലാത്തതും, എന്നാൽ ദോഷങ്ങൾ അനേകവിധമുള്ളതുമായ ഈ മതങ്ങൾ എന്നെന്നേക്കുമായി മാഞ്ഞുപോകുക തന്നെ വേണം.

ശാസ്ത്രജ്ഞൻമാരോടുള്ള എതിർപ്പു്.

വേശ്യാസ്ത്രങ്ങളോടു മനുഷ്യനുണ്ടായിരുന്ന ഭ്രാന്തുപിടിച്ച വിശ്വാസംമൂലം വിദ്യാഭ്യാസം, കലകൾ, നിയമസംഹിത

കും ആദിയായ പുരോഗമനമാർഗ്ഗങ്ങളോടെല്ലാം മുൻകാലങ്ങളിൽ ജനതയ്ക്ക് അശ്രദ്ധയും അനാദരവുമായിരുന്നു. ജനങ്ങളുടെ വിശ്വാസത്തെ തെളിയിക്കുന്നതിനായി 13-ാംനൂറ്റാണ്ടിൽ റോമിലെ മൂന്നാം 'ഇന്നസെൻറ്' പാപ്പാ' വിശ്വദ്രോഹവിചാരസ്ഥലം (The court of the inquisition) സ്ഥാപിച്ചതോടുകൂടി സ്വതന്ത്രമായ അഭിപ്രായങ്ങൾക്കും ഗവേഷണങ്ങൾക്കും യൂറോപ്പിൽ സ്ഥാനമില്ലെന്നായി. വേദശാസ്ത്രങ്ങൾക്കെതിരായുള്ള അഭിപ്രായം പുറപ്പെടുവിക്കുന്നവരേയും, എതിരായ വിശ്വാസക്കാരേയും, എതിരായുള്ള പ്രസിദ്ധീകരണങ്ങളേയും ചുട്ടുപൊടിക്കുന്നതിനുള്ള അധികാരം ഈ വിശ്വദ്രോഹകോടതിക്കുണ്ടായിരുന്നു. അപാരമായ അജ്ഞതയും, മതദാസ്യവും മൂലം അന്നത്തെ ഗവൺമെൻറുകളും സഭയെ സഹായിപ്പാൻ നിർബന്ധിതരായിരുന്നു. ഇങ്ങനെ പുരോഹിതന്മാരും അവരെ താങ്ങിനിൽക്കുന്ന ഗവൺമെൻറുകളും കൂടി ലോകത്തിന്റെ പൊതുവിലുള്ള പരിഷ്കാരത്തിനും, സംസ്കാരത്തിനും എതിരായി ചെയ്തിട്ടുള്ള കടുംകൈകളും കൊടുംകൊലകളും അവർണ്ണനീയമാണ്. ഒരു ശാസ്ത്രജ്ഞനും ചിന്തകനും ആയിരുന്ന 'ഗലീലിയോ'വിനെ അദ്ദേഹത്തിന്റെ വാർദ്ധക്യത്തേയും രോഗബാധയേയും തെല്ലും പരിഗണിക്കാതെ, വണ്ടിച്ചക്രത്തിൽ കെട്ടി ഓടിക്കുകയും, ജീവപര്യന്തം തടവിലാക്കുകയും കൂടിചെയ്തപ്പോഴാണ് കത്തോലിക്കാസഭയ്ക്ക് അദ്ദേഹത്തിന്റെ പേരിൽ തോന്നിയ അരിശം തീർന്നത്. ഈ മഹാൻ ചെയ്ത കുറ്റമോ? ഭൂമി ഉരുണ്ടതാണെന്നും, സൂര്യൻ ഭൂമിയെ ചുറ്റുകയല്ല ഭൂമി സൂര്യനെ ചുറ്റുകയാണ് ചെയ്യുന്നതെന്നും മറ്റും കണ്ടുപിടിച്ചുപോയ അപരാധം മാത്രം! ഇന്ന നാലാം ക്ലാസിൽ പഠിക്കുന്ന കുട്ടിയും വ്യക്തമായി സമ്മതിക്കുന്ന ഈ പ്രകൃതി തത്വപ്രസ്താവന, കത്തോലിക്കാമതഗ്രന്ഥത്തിനു് എതിരായിട്ടുള്ളതാണെന്നാണ് വിശ്വദ്രോഹാധികാ

രികളായ മതപുരോഹിതന്മാർ വിധിയെഴുതിയതു്. നോക്കൂ. ബൈബിൾ എഴുതിയ കാലത്തെ ശാസ്ത്രജ്ഞാനം! ഭൂമി ഉരുണ്ടതോണ്ടെന്നും, അതിന്റെ മറുഭാഗത്തും മനുഷ്യരുണ്ടെന്നും ഉള്ള ശാസ്ത്രജ്ഞാനത്തിനെതിരായി നിന്ന വേദപണ്ഡിതന്മാരിൽ അഗ്രഗണ്യനായ സെന്റ് അഗസ്റ്റിന്റെ അഭിപ്രായം. കുത്തഴിക്ക് 'എൻസൈക്ലൊപീഡിയ'യിൽ പറഞ്ഞിട്ടുണ്ടു്. ''ദിവ്യവെളിപാടിൽനിന്നു് ഉരിത്തിരിഞ്ഞുകൊണ്ടു് ചരിത്രസംബന്ധമായ പ്രസ്താവനകളെ സ്ഥാപിതമാക്കിയിട്ടുള്ള വേദപുസ്തകം അസത്യം പഠിപ്പിക്കുന്നില്ല. ഭൂമിയുടെ ഈ ഭാഗത്തുനിന്നു കുറെ ആളുകളെ അതിവിശാലമായ സമുദ്രസമൂഹങ്ങളെ കടന്നു മറുഭാഗത്തുചെന്നു് അവിടെ പെറ്റു പെരുകി ആദിയിലെ ഏകമനുഷ്യന്റെ വംശജരായ ഒരു ജനതയാക്കിത്തീർത്തു എന്നു പറയുന്നതു് ശ്രദ്ധേയമെ ദോഷതമാണ്.,, ഇതാണു സെന്റ് അഗസ്റ്റിന്റെ അഭിപ്രായം. വേദപുസ്തകം അസത്യം പഠിപ്പിക്കുന്നില്ല എന്നു പറഞ്ഞിട്ടുള്ളതിൽ നിന്നും നാം മനസ്സിലാക്കേണ്ടതു്, ഭൂമി പപ്പടം പോലെ പരന്നതാണെന്നും അമേരിക്ക മുതലായ ഭൂഖണ്ഡങ്ങളെ അങ്ങനെ അന്ധകാരമയമായി ജീവജാലവിഹീനമായി കിടക്കുന്നു എന്നും വേദപുസ്തകം പഠിപ്പിക്കുന്നു എന്നല്ലെ?

മഹാചിന്തകനും ആധുനികസയൻസിന്റെ പ്രവാചകനുമായിരുന്ന ബ്രൂണോവിനേയും കത്തോലിക്കാമതം വെറുതെ വിട്ടില്ല. അദ്ദേഹത്തോടു ചെയ്ത ഹൃദയശൂന്യമായ കടുംകൈ മതചരിത്രത്തിൽ കടുന്നിണം തൊട്ടെഴുതിയ ഒരദ്ധ്യായംതന്നെയാകുന്നു. വിശ്വരഹസ്യങ്ങളെ കണ്ടുപിടിച്ചു വെളിപ്പെടുത്തിയ ഒരപരാധമാണു് ബ്രൂണോകോടതി അദ്ദേഹത്തിൽ ആരോപിച്ചതു്. ആകപ്പാടെ എട്ടുകൊല്ലത്തെ തടവുശിക്ഷ അനുഭവിച്ചിട്ടും അറുതിവരാത്ത പുരോഹിതന്മാരുടെ രോഷശാന്തി

ക്കായി ആ ഗംഭീരാശയനായ തത്വചിന്തകനെ ജീവനോടെ തീയിലിട്ട പൊരിക്കുവാൻതന്നെ തീർച്ചപ്പെടുത്തി. 1600 ഫെബ്രുവരിമാസം 16-ാംനു- 'കബോഡിഫോറി' എന്ന സ്ഥലത്തു കൂട്ടിയ തീക്കുണ്ഡത്തിൻനടുവിൽ 50 വയസ്സോളം പ്രായംചെന്ന ബ്രൂണോ—തടവുശിക്ഷയാൽ കഠിനപീഡയേറ്റ വലഞ്ഞു മെലിഞ്ഞ ബ്രൂണോ—കൈകളും മടക്കി, തല യുയർത്തി, കണ്ണുതുറന്നു, നിശ്ചഞ്ചലനായി നിവന്നുനിന്നു യേനേകമായ ആ അഗ്നികുണ്ഡത്തിനു അല്പാല്പമായി ഇരയാ യിത്തീർന്നു! ബ്രൂണോവിനെ ദഹിപ്പിച്ച സ്ഥലത്തു 1889 ജൂലൈ 9-ാംനു- പല രാജ്യക്കാരും കൂടി ഒരു പ്രതിമ സ്ഥാ പിക്കുകയുണ്ടായി. അദ്ദേഹത്തെ ബഹുമാനിച്ചതു റോംനഗര ത്തിനു അശ്രദ്ധയായി തോന്നിയ അന്നത്തെ പോപ്പു വ്യസനാക്രാന്തനായി വീണു അനേകമണിക്കൂർ പ്രാർത്ഥി ക്കയുണ്ടായത്രെ. മതം ശാസ്ത്രങ്ങൾക്കും പര്യവേക്ഷണങ്ങൾ ക്കും എത്ര എതിരായ വിശ്വാസമാണു വളർത്തുന്നതെന്നു മനസ്സിലാക്കുവാൻ പാപ്പായുടെ ഈ ''തോന്നിക്കം'' മതി യായ ദൃഷ്ടാന്തമല്ലെ.

ശരീരശാസ്ത്രസംബന്ധമായ പര്യവേഷണങ്ങൾ നടത്തി മനുഷ്യശരീരഘടനയെപ്പറ്റിയും മറ്റുംപുത്തനായ ചില അഭി പ്രായങ്ങൾ പുറപ്പെടുവിച്ച ''വ്യാസാലിയസ്'' എന്ന മഹാ നെ മതവൈരികളിൽകന്മാർ കപ്പലിൽകയറ്റി നാടുകടത്തുക യാണുണ്ടായതു്. കപ്പലുടഞ്ഞു് അദ്ദേഹം മരിക്കേണ്ടിവരി കയും ചെയ്തു. ഇതുപോലെ പ്രസിദ്ധനായ റോജർബേക്കൺ ശാസ്ത്രീയമായ മറ്റുചില അന്വേഷണങ്ങൾ നടത്തിയതിനു് പുരോഹിതരിൽനിന്നും അദ്ദേഹത്തിനു് കിട്ടിയ പ്രതിഫലം 14 കൊല്ലത്തെ തടവുശിക്ഷയായിരുന്നു. വിശ്വവിശ്രുതനായ ബർട്രാൻറ്റാസലിന്റെ പിതാമഹൻ ''ഭ്രലോകത്തെ സൃഷ്ടി

ച്ചതു ബി. സി. 4004 ൽ ആണെ''ന്നുള്ള ബൈബിളിലെ പ്രസ്താവനയുടെ വിപരീതമായ തന്റെ അഭിപ്രായം ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിയതിനു് ക്രൈസ്തവസഭക്കാർ ആ മഹാനെ സമുദായത്തിൽനിന്നും പുറത്താക്കുകയാണുണ്ടായതെന്നു് റസ്സൽ അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. ഭൂമി സൂര്യനെപ്പോലെ തപ്തമയമായ ഒരു അഗ്നിഗോളമായിരുന്നെന്നും അനേകകോടി വർഷങ്ങൾകൊണ്ടു് ആറിത്തണുത്തതിനു ശേഷമാണു ജീവജാലങ്ങൾ ഉണ്ടായി മനുഷ്യവാസയോഗ്യമായിത്തീർന്നതെന്നും ഒരുതരം അറിവുള്ള ആർക്കും അറിഞ്ഞുകൂടാം. ബൈബിൾവിശ്വാസികൾക്കു് ഈ അഭിപ്രായം സ്വീകാര്യയോഗ്യമല്ലത്രെ! ഭൂമി ഉണ്ടായിട്ടു് 6000 കൊല്ലമേ ആയിട്ടുള്ളൂ എന്നതന്നെയാണു് അവർ ഇന്നും പറയുന്നതു്. ബൈബിൾ ദൈവപ്രകാശിതവുള്ള ഒരു വിശിഷ്ടഗ്രന്ഥമാണെന്നും അതിനു പ്രമാദിതവുമുണ്ടാകയില്ലെന്നും ഉള്ള അന്ധവിശ്വാസംകൊണ്ടാണു് ശാസ്ത്രത്തിനും യുക്തിക്കും വിജ്ഞാനത്തിനും എതിരായുള്ള ഏതഭിപ്രായങ്ങളേയും അപ്പാടെ ഗ്രസിക്കുവാനും മറ്റുള്ളവരെക്കൊണ്ടു ഗ്രസിപ്പിക്കുവാനും ക്രൈസ്തവർ തൃകരങ്ങൾകൊണ്ടും പരിശ്രമിക്കുന്നതു്.

ഡാർവിൻ, വാൾട്ടയർ, ബ്രൂഡ്‌ലാ, ഇംഗർസോൾ, പെയിൻ മുതലായ സ്വതന്ത്രചിന്തകരോടു് ക്രിസ്തുവിന്റെ അനുയായികൾ അനുവർത്തിച്ചുവന്ന നയവും രീതിയും എത്രയോ പൈശാചികമായിരുന്നു.

മതപരമായ അഭിപ്രായങ്ങൾക്കും വിശ്വാസങ്ങൾക്കും വിപരീതമായി നടക്കുകയും എഴുതുകയും പറയുകയും ചെയ്ത നമ്മുടെ ചില സ്വതന്ത്രചിന്തകന്മാർക്കും, മതപക്ഷപാതികളിലും, പുരോഹിതന്മാരിലും നിന്നു ലഭിച്ചിട്ടുള്ള ഉപദ്രവങ്ങൾ

ചില്ലറയല്ല. പന്തിഭോജനവിലക്കുകളും, സമുദായഭ്രഷ്ടുകളും, ദേവാലയവിലക്കുകളും, മറ്റുപദ്രവകരങ്ങളായ പ്രവർത്തികളും എത്രയെത്ര ഈ കേരളത്തിൽതന്നെനടന്നിരിക്കുന്നു; ഇന്നും നടന്നുകൊണ്ടിരിക്കുന്നു. ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയ്ക്കു വിപരീതമായി മിശ്രഭോജന പ്രസ്ഥാനം, സഹോദരസംഘം മുതലായവ തുടങ്ങുകയും, അവയ്ക്കൊത്തുപ്രസംഗിക്കുകയും എഴുതുകയും ചെയ്ത ധീരനായ സഹോദരൻ അയ്യപ്പൻ അവർകളും മാമൂൽപ്രിയന്മാരായ മതഭ്രാന്തന്മാരിൽനിന്നും സഹിക്കേണ്ടിവന്ന ഉപദ്രവങ്ങളും കഷ്ടനഷ്ടങ്ങളും എത്രയെന്നു കേരളീയരായ ഏവർക്കും അറിയാവുന്നതാണല്ലൊ. ബൈബിളിലെ ചില അയുക്തികളേയും അശാസ്ത്രീയമായ അഭിപ്രായഗതികളേയും എതിർത്തുകൊണ്ടു 'സംശയനിവർത്തി' എന്നൊരു പുസ്തകം എഴുതിയ മിസ്റ്റർ ലോനൻ ആലപ്പാടനും കുറേനാളിക്കാമതക്കാരിൽനിന്നും അനുഭവിക്കേണ്ടിവന്ന വിഷമതകളും നഷ്ടങ്ങളും എത്രഭീകരമായിരുന്നു! തനിക്കു തോന്നിയ അഭിപ്രായം തുറന്നുപറഞ്ഞുപോയ ഒരു കുറ്റം ചുമത്തി ആ ധീരനായയുക്തിവാദിയെ മഹാരോൺ ചൊല്ലി പുറത്താക്കുകയും തന്റെ ഉപജീവനമാർഗ്ഗമായ അദ്ധ്യാപകവൃത്തിയിൽ നിന്നും നിഷ്കാസനം ചെയ്കയുമാണുണ്ടായതു്.

ഇങ്ങനെ തലമുറ തലമുറയായി മതം പണ്ഡിതന്മാരായ ശാസ്ത്രജ്ഞന്മാരോടും സ്വതന്ത്രചിന്തകരോടും ചെയ്തിട്ടുള്ള ദ്രോഹങ്ങൾക്കു കയ്യും കണക്കുമില്ല. ഇവരെല്ലാം ചെയ്തതായിപറയുന്ന കുറ്റം മതഗ്രന്ഥങ്ങളിലെ അബദ്ധങ്ങളും അബദ്ധങ്ങളാണെന്നു പറഞ്ഞതും; പരിവേഷണങ്ങളും നടത്തി പരമാർത്ഥം കണ്ടുപിടിച്ചതും മാത്രമായിരുന്നു. അബദ്ധപ്രസ്താവനകളും യുക്തിഭംഗങ്ങളും മറ്റനവധി കൊള്ളരുതായ്കകളും കൊണ്ടു നിറഞ്ഞതായ

മതഗ്രന്ഥങ്ങളും എഴുതിയ കാലത്തുള്ളതും അവയിൽ വിവരിച്ചിട്ടുള്ളതുമായ വിജ്ഞാനം മതിയെന്നു വച്ചിരുന്നെങ്കിൽ മനുഷ്യസമുദായത്തിന്റെ ഇന്നത്തെ സ്ഥിതി എത്ര അന്ധകാരമയമായിരുന്നേനെ. ആ തമോദശയിൽ മനുഷ്യസമുദായം ആണ്ടുപോകുവാൻ ഇടയാക്കാതെ സംരക്ഷിച്ച ശാസ്ത്രജ്ഞന്മാരെ ലോകം എത്രകണ്ടാരാധിക്കണം?

വിജ്ഞാന വിദ്വേഷം.

ശാസ്ത്രജ്ഞന്മാരോടുള്ള മതത്തിന്റെ എതിർപ്പു പോലെതന്നെ, ലോകവിജ്ഞാനത്തോടും മതം എതിരാകുന്നു. വിജ്ഞാനപ്രചരണത്തിനു ഹിന്ദുമതം എത്രമാത്രം പ്രതിബന്ധമായിരുന്നു എന്നുള്ള വിവരം ഇതിനുപരി വിവരിച്ചിട്ടുണ്ടല്ലൊ. ബ്രാഹ്മണരുടെ, ഏറ്റവും പരിശുദ്ധമെന്നും വച്ചിരിക്കുന്ന ഗായത്രിമന്ത്രവും വേദവും മറ്റാർക്കും പഠിക്കുവാനോ കേൾക്കുവാനൊ പാടില്ലെന്നു നിർബ്ബന്ധിച്ചിരിക്കുംപോലെ, ക്രിസ്ത്യാനികളുടെ പുരോഹിതഭാഷയും ഇതരർക്കു ഗ്രഹിക്കുവാൻ പാടില്ലെന്നാണു വയ്പു്. പ്രാർത്ഥനകളും എല്ലാംതന്നെ ആർക്കും അറിയാൻ കഴിയാത്ത ഒരു ഭാഷയിലായിരിക്കണമെന്നു് എല്ലാമതപുരോഹിതർക്കും പ്രത്യേകമായ നിർബ്ബന്ധമുണ്ടു്. മുഹമ്മദീയരുടെ മതഗ്രന്ഥങ്ങളും അമുസ്ലീങ്ങൾക്കു തൊട്ടുകൂടെന്നുകൂടിയാണു് സാധാരണജനങ്ങളുടെ ഇന്നുമുള്ള വിശ്വാസം. ഒരു ബിഷപ്പു് തന്റെ കീഴ്സ്നേഹിതന്മാരെ വ്യാകരണം പഠിപ്പിക്കുന്നു എന്നു് ഗ്രഹിപ്പാപ്പാ അറിഞ്ഞപ്പോൾ ബിഷപ്പിനെഴുതിയയച്ച കത്തിൽ ,,നിങ്ങൾ ചില സ്നേഹിതന്മാരെ വ്യാകരണം പഠിപ്പിക്കുന്നു എന്നറിവായവിവരംനാം സലജ്ജം നിങ്ങ

ളെ അറിയിക്കുന്നു" എന്നു പറഞ്ഞിരിക്കുന്നു. വ്യാകരണപഠനം വൈദികക്കല്ലാതെ പാടില്ലെന്നാണു് ബൈബിളും പഠിപ്പിക്കുന്നതു്, എന്നല്ലേ കത്തുമൂലം പാപ്പാ ബിഷപ്പിനെ പഠിപ്പിച്ചതു്. സംസ്കൃതവ്യാകരണം അബ്രാഹ്മണർക്കു പഠിക്കുവാൻ പാടില്ലെന്നുള്ള നിർബന്ധം ഹിന്ദുമതക്കാർക്കുമുണ്ടു്, വ്യാകരണവിജ്ഞാനം സാധാരണജനങ്ങൾക്കുണ്ടായാൽ അതു മതവിരുദ്ധം! എത്രമാത്രം അന്ധതയും അക്രമവുമാണു് മതവിശ്വാസം പുലർത്തുന്നതെന്നു നോക്കുക! ജ്ഞാനം സമ്പാദിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത എത്രയോ ഗ്രന്ഥകാരന്മാരെ മതാധികാരികൾ ക്രൂരമാംവിധം വധിച്ചിരിക്കുന്നു! പ്രസിദ്ധശാസ്ത്രജ്ഞനായ ഡാർവിന്റെ ലോകപ്രസിദ്ധമായ പരിണാമവാദതത്ത്വങ്ങളെക്രിസ്ത്യാനികൾ പ്രത്യക്ഷരം എതിർക്കുക മാത്രമല്ല, ഡാർവിനെ പലപ്രകാരത്തിൽ ഉപദ്രവിക്കുകകൂടി ചെയ്തിട്ടുണ്ടു്. അമേരിക്കയിലെ ഐക്യനാടുകളിലുള്ള ഫണ്ടമെന്റലിസ്റ്റു്, എന്ന ക്രിസ്തീയസഭക്കാർ, അവിടങ്ങളിലെ വിദ്യാലയങ്ങളിൽ പരിണാമതത്ത്വം, പഠിപ്പിച്ചുവരുന്നതിനെ ഇന്നും ശക്തിപൂർവ്വം എതിർത്തുകൊണ്ടിരിക്കുന്നു. ബൈബിളിലെ ഉപദേശങ്ങൾക്കെതിരാകുന്ന പരിണാമതത്ത്വം എന്നാണു് ഇവരുടെ വാദം. ഇതു ശരിയുമാണു്. ദൈവം നൊടിക്കുമുൻപു് ശൂന്യതയിൽ നിന്നും ഇക്കണ്ട ചരാചരങ്ങളെയുമുൽപ്പാദിക്കുവാനുള്ള വിശ്വം ഉണ്ടാക്കിയെന്നു ബൈബിളും, ഈ പ്രപഞ്ചവസ്തുക്കളെയും പരിണാമഫലങ്ങളാണെന്നുള്ള പരിണാമതത്ത്വം എങ്ങനെ സമ്മതിച്ചുകൊടുക്കും?

കത്തോലിക്കർ വായിക്കരുതാത്ത പുസ്തകങ്ങളുടെ പട്ടിക റോമിലെ അരമനയിൽനിന്നും കൂടക്കൂടെ പ്രസിദ്ധീകരിക്കാറുണ്ടു്. കേരളത്തിലെ മതനിഷ്ണാതയുള്ള കത്തോലിക്ക പുരോഹിതന്മാർ, തങ്ങളുടെ ഇടവകക്കാർ യുക്തിവാ

ഉപരമായ യാതൊരു പ്രസിദ്ധീകരണങ്ങളും വായിച്ചുപോകരുതെന്ന കർശനമായി ശാസിച്ചിട്ടുള്ള വിവരം ഈ അവസരത്തിൽ സ്മർത്തവ്യമാണ്. ആമാതിരി പത്രങ്ങളൊ, മാസികകളൊ, പുസ്തകങ്ങളൊ കൈകൊണ്ട് തൊടുക പോലും ചെയ്യാത്ത കത്തോലിക്കരെ എനിക്ക് നേരിട്ടറിയാം. മതനിഷ്ഠയുടെ പാരമ്യത്തെ കാണിക്കുന്ന ചിഹ്നമായിട്ടുകൂടി ഇള്ള ട്ടർ ഇങ്ങിനെ കരുതുന്നുണ്ട്. ബൈബ്ലിയം പുതിയനിയമം കത്തോലിക്കർക്ക് വായിക്കാൻ പാടില്ലെന്നും, വേറെപുസ്തകത്തിലെയോ, കത്തനാരന്മാർ ഉപദേശിക്കുന്നതിലെയോ യാതൊരു വിധ സംശയങ്ങളെപ്പറ്റിയും ഇവർക്ക് ചോദിക്കാൻ പാടില്ലെന്നും കൂടി പുരോഹിതർ വിധിച്ചിട്ടുണ്ട്. സംശയവും എതിരും പാടില്ലപോലും! ഇവർ എന്നും മുകലക്ഷങ്ങളായി പുരോഹിതരെ കണ്ണുമടച്ച വിശ്വസിച്ചുകൊണ്ട് പിന്നേ പൊയ്ക്കൊള്ളണം! ഈ സയ്യടെ വിജ്ഞാനപ്രപഞ്ചം എത്ര കടുകട്ടി എന്ന നോക്കുക! ഇതുപോലെ എല്ലാ മതങ്ങളും വിജ്ഞാനാഭിവൃദ്ധിയോടു് എതിരുതന്നെ. റോമ മതക്കാരുടേയും, മതഗ്രന്ഥങ്ങളും ദൈവം എഴുതിക്കൊടുത്തതും, പറഞ്ഞുകൊടുത്തെഴുതിച്ചതുമാണെന്നുള്ള പൊളി, മനുഷ്യൻ തൊണ്ടതൊടാതെ വിഴുങ്ങണം. അതുപോലെ ഇപ്രപഞ്ചമെല്ലാം ഇല്ലായ്മയിൽ നിന്നു് ഏതാനും ദിവസങ്ങം കൊണ്ട് ദൈവം സൃഷ്ടിച്ചതാണെന്നും, മണ്ണെടുത്തു കുഴച്ച മനുഷ്യാകൃതിയാക്കി മൂക്കിൽ ഊതിയപ്പോം ജീവനുണ്ടായി മനുഷ്യനായെന്നും മനുഷ്യൻ വിശ്വസിക്കണം. മോശയുടെ ചരമവൃത്താന്തവും ശവസംസ്ക്കാരവിവരവും കൂടി രേഖപ്പെട്ടത്തിയിരിക്കുന്ന ബൈബിളിലെ ആദിമഗ്രന്ഥങ്ങളുടെ കർത്താവ് മോശതന്നെയാണെന്നുള്ള ബൈബിളും പ്രസ്താവനകളും വിശ്വസിച്ചേ മതിയാകൂ. ഈമാതിരി അബദ്ധവിശ്വാസങ്ങളാൽ നിറയപ്പെട്ട മതഗ്രന്ഥങ്ങം സൃഷ്ടിച്ചകാലത്തുള്ള

ജ്ഞാനാഭിവൃദ്ധികൊണ്ടു മനുഷ്യർ ഇന്നും തൃപ്തിപ്പെട്ടുകൊള്ള
ണമെന്നു പറയുന്നവർ എത്ര യേങ്കരന്മാരായിരിക്കണം?

മതം പരിഷ്കാരങ്ങളെ എതിർക്കുന്നു.

മതംമൂലമുള്ള മറ്റൊരു പകടം അതു മനുഷ്യരുടെ നാനാമുഖങ്ങളായ പരിഷ്കാരങ്ങളേയും എതിർക്കുന്നു എന്നുള്ളതാണു്. രോഗം പ്രകൃത്യാതീതമായ ഒന്നാകയാൽ, അതിനു ചികിത്സിക്കുന്നതു് ദൈവകോപഹേതുകമായിത്തീരുമെന്നു് ക്രൈസ്തവസഭ മുൻകാലങ്ങളിൽ പഠിപ്പിച്ചിരുന്നു. എങ്കിലും ഇന്നു് ആരും ഈ വിഡ്ഢിത്തം പറഞ്ഞുകാണുന്നില്ല. ഇംഗ്ലണ്ടിൽ ശസ്ത്രക്രിയക്കു വേണ്ടി ബോധംകെടുത്തുന്നതിനേയും, വേദന ഉണ്ടാകാതിരിക്കാൻ മരുന്നു കൊടുക്കുന്നതിനേയും എതിർത്തുകൊണ്ടു് മതക്കാർ ഒരു പ്രക്ഷോഭണംതന്നെ നടത്തിയിട്ടുണ്ടു്. ഇതുപോലെ പ്രസവത്തിനു മരുന്നുപയോഗിക്കുകയൊ, ശസ്ത്രക്രിയ ചെയ്യുകയൊ ചെയ്യുന്നതു് വേദശാസ്ത്രവിപരീതമെന്നും വാദിക്കാതിരുന്നിട്ടില്ല. 1591-ൽ, തീവ്രമായ പ്രസവവേദനയുടെ ശമനത്തിനായി ഡോക്ടർമാരുടെ സഹായം സ്വീകരിച്ചുപോയ അപരാധത്തിനു് ഒരു സാധുസ്ത്രീയെ മതകിങ്കരന്മാർ ജീവനോടെ തീയിലിട്ടു ചുട്ടുകളയുകപോലും ചെയ്തിട്ടുണ്ടു്. ഇന്ത്യയിലെ മതപരമായ ആരാധനകളും, ആചാരാനുഷ്ഠാനങ്ങളും എത്ര അപരിഷ്കൃതമായിരിക്കുന്നു എന്നു പറഞ്ഞറിയിക്കാവുന്നതല്ല. ഹിന്ദുക്കളുടെ സതി, ശൈശവവിവാഹം, വിധവാവിവാഹനിഷേധം മുതലായവ പരിഷ്കാരത്തിനു്

എത്ര വിപരീതമായിരിക്കുന്നു! നിർദ്ദയവും നിന്ദ്യവുമായിരുന്ന അടിമ വ്യാപാരത്തെ ക്രിസ്തുമതം സഹായിച്ചുകൊടുക്കുകയാണുണ്ടായിട്ടുള്ളത്. ചൂഷണപരമായ മുതലാളിമേധാവിത്വത്തെ എതിർത്തു് സ്ഥിതിസമത്വത്തേയും മനുഷ്യസാഹോദര്യസമത്വങ്ങളേയും പുലർത്തുന്ന സോഷ്യലിസത്തെ കത്തോലിക്കമതാധിപനായ പോപ്പ് സർവശക്തികളും ഉപയോഗിച്ച് ഇന്നും എതിർത്തുകൊണ്ടിരിക്കുന്നു. ദൈവപ്രകാശിതമായ ഖുർ-ആൻ ഭരണം നടക്കുന്ന ഈജിപ്ത്, പേർഷ്യ മുതലായ സ്ഥലങ്ങളും പരിഷ്ക്കാരത്തോടു് അടുത്തിരിക്കുന്നു എന്നു മാത്രമെ പറയാവൂ. എല്ലാ പരിഷ്ക്കാരികളും, ചിന്തകന്മാരും കാംക്ഷിക്കുന്നതും, പരിഷ്കൃത ഗവണ്മെൻറുകളും നടപ്പിൽ വരുത്തിയിട്ടുള്ളതുമായ സന്താനനിയന്ത്രണത്തിനു് മതാസക്തന്മാർ എവിടെയെല്ലാം എത്രമാത്രം ബഹളങ്ങളും ഉണ്ടാക്കി? ഇപ്പോഴും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു! മദ്രാസ് ഗവണ്മെൻറിൽ നിന്നും ഏർപ്പെടുത്തിയിരിക്കുന്ന സന്താനനിയന്ത്രണപദ്ധതിക്കു് കത്തോലിക്കമതക്കാരും, കത്തനാരന്മാരും എത്ര എതിരുകളും ബഹളങ്ങളുമാണവിടെ കൂട്ടുന്നതു്? ഒരു ശതാബ്ദം കൊണ്ടു് ലോകത്തിലെ ജനസംഖ്യ നേരെ ഇരട്ടിച്ചിട്ടുണ്ടു്. ഇനിയും ശതാബ്ദങ്ങളും കഴിഞ്ഞ് ഈ മതക്കാരുടെ അഭിപ്രായാനുസരണം വിട്ടിരുന്നാൽ മനുഷ്യരുടെ ഭാരംതന്നെ താങ്ങുവാൻ ഭൂമിക്കു കെൽപ്പുണ്ടായിരിക്കുമോ? മതം മനുഷ്യന്റെ മസ്തിഷ്ക്കത്തിൽ എത്രമാത്രം ചെളികോരി നിറച്ചിരിക്കുന്നു എന്നു നോക്കുക!

ആസ്ത്രേലിയയിലെ ആർച്ച്ബിഷപ്പായിരുന്ന 'കെല്ലി' എന്ന ദേഹം റോമിലേക്കു മടങ്ങിപ്പോകുമ്പോൾ തന്റെ ഇടവകക്കാരോടു് ചെയ്ത ഉപദേശപ്രസംഗത്തിൽ ,,ഒരു കത്തോലിക്കായുവാവു് ഒരു അകത്തോലിക്കായുവതിയെ വിവാഹം ചെയ്യുന്നതിൽ നല്ലതു്, കഴുത്തിൽ ഒരു തിരികല്ലു കെട്ടിയി

ട്ട് നരകത്തിലെ അഗ്നിസമുദ്രത്തിലേയ്ക്ക് എറിയപ്പെടുകയാകുന്നു'' എന്നുപറഞ്ഞ വിവരം ഒരുലണ്ടൻപത്രത്തിൽ റിപ്പോർട്ടുചെയ്തിരിക്കുന്നു. ഹാ! എത്ര രസികൻ ഉപദേശം! പരസ്പരവിവാഹത്തിനു് ഈ മതം എത്ര അനുകൂലിക്കുന്നുവെന്നുള്ളതിനു് ഇതിലുപരിയായ ദൃഷ്ടാന്തമുണ്ടോ. മതങ്ങളെല്ലാം മനുഷ്യ സാഹോദര്യത്തേയും സ്നേഹത്തേയും എതിർക്കുകയാണല്ലൊ ചെയ്യുന്നതു്.

മതം പരിഷ്കൃതവസ്തുക്കളുടെ പ്രചരണത്തിലും വിരോധമാണു് പ്രകടിപ്പിച്ചിട്ടുള്ളതു്. കപ്പൽ, തീവണ്ടി, കമ്പിത്തപാൽ, ഗ്യാസ്ലൈറ്റ് മുതലായ പരിഷ്കൃതോപകരണങ്ങളെ ആദ്യമായി നടപ്പാക്കിയപ്പോഴും മതം വിരണ്ടോടുകതന്നെചെയ്തു. തീവണ്ടി ആദ്യമായി നടപ്പാക്കിയ കാലത്തു് —19—ാം നൂറാണ്ടിന്റെ ആരംഭകാലത്തു്—മതവാദികളും പറഞ്ഞതു്, തീവണ്ടി ദൈവദ്വേഷണവും അതുണ്ടാക്കി നടപ്പാക്കണമെന്നുള്ള ആലോചന മതനിഷിദ്ധവും, സാത്താനിൽ പ്രേരിതവുമാണെന്നായിരുന്നു.

സനാതനമതപ്രകാരം കപ്പൽസഞ്ചാരംതന്നെ മതനിഷിദ്ധമാകുന്നു. കപ്പലിൽ കയറി 'കാളപാനി' കടന്നു് ശീമയ്ക്കുപോയി വിദ്യാഭ്യാസം ചെയ്ത തിരിച്ചുവന്ന ഒരു നായരെ കൊച്ചിയിൽ സമുദായത്തിൽ നിന്നും പുറത്തുതള്ളിയിട്ടുണ്ടു്. കപ്പൽ യാത്രചെയ്തവർക്കു് ക്ഷേത്രങ്ങളിൽ കടക്കാൻ പാടില്ലെന്നുള്ള പഴഞ്ചൻ പ്രമാണം തിരുവിതാംകൂറിൽനിന്നും കീറിക്കളഞ്ഞതല്ലേ ഈ അടുത്ത അവസരത്തിൽ മാത്രമാകുന്നു. പ്രധാനമന്ത്രി മിസ്റ്റർ റാംസേ മാക്ഡോണാൾഡ് സ്വദേശത്തേയ്ക്കു പോകുവാൻ വിമാനം ഉപയോഗിച്ചതിൽ ഇംഗ്ലണ്ടിലെ പുരോഹിതർക്കും മതക്കേക്കും ഹാലിളകി ബഹളം

കൂട്ടിയ വിവരം ഈ അവസരത്തിൽ സ്മരണീയമാണ്. 100-ൽപരം കൊല്ലങ്ങൾക്കു മുൻപ്, ഗ്യാസ്ലൈറ്റുകൾ ഉപയോഗിക്കുവാൻ തുടങ്ങിയപ്പോഴും മതകീകരന്മാർ ലണ്ടനിൽ വലിയ ബഹളം ഉണ്ടാക്കാതിരുന്നില്ല. ഇതുപോലെ 'ഗോവാസൂരി' പ്രയോഗം ആദ്യമായി ഏർപ്പെടുത്തിയപ്പോഴും മതാന്ധന്മാർ ബഹളം പിടിക്കുകയുണ്ടായി. പരിഷ്ക്കാരസൗധത്തിന്റെ മേൽത്താഴത്തിൽ കെട്ടിത്താങ്ങുകിടന്നു, അതിനെ അധഃപതിപ്പിക്കുവാൻ മതം ചെയ്യുന്ന ശ്രമങ്ങൾ നമ്മുടെ നാടുകളിലും അപൂർവ്വമല്ലല്ലൊ. മതം വിജ്ഞാനത്തോടും പരിഷ്ക്കാരത്തോടും ശാസ്ത്രത്തോടും ശാസ്ത്രജ്ഞന്മാരോടും എതിർത്തുപടവെട്ടി മനുഷ്യസമുദായത്തിന്റെ ജന്മശത്രുവായിത്തീർന്നിരുന്നു. ഇപ്പോഴും ഏറക്കുറെ അതേ നിലയിൽത്തന്നെ നിൽക്കുന്നുമുണ്ട്. ലോകാഭിവൃദ്ധിക്ക് മതം താങ്ങാണെന്നു പുരോഹിതന്മാർ തട്ടിമൂളിക്കുന്നതു വെറും ഭോഷ്കും, അവരുടെ വയറ്റുപിഴപ്പിനു മാത്രം പറയുന്നതും ആണെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

മതവും സ്ത്രീസ്വാതന്ത്ര്യവും

മിക്ക മതങ്ങളും സ്ത്രീകളെ ഒരുവക പാവകളായിട്ടാണ് കരുതിയിട്ടുള്ളതു്. അവരുടെ എത്രയെത്ര സ്വാതന്ത്ര്യാവകാശങ്ങളേയും ജീവിതസൗഭാഗ്യങ്ങളേയും മതം നിഹനിച്ചുകളഞ്ഞിരിക്കുന്നു! ഒട്ട പ്രായമായാൽ പിന്നെ മരണപര്യന്തം പുറത്തിറങ്ങി ലോകം കാണുവാനംകൂടി സ്വാതന്ത്ര്യമില്ലാത്ത മനുഷ്യസ്ത്രീകൾ എത്രയോ അധികമുണ്ട്. ഹിന്ദുമതപ്രകാരം

ബ്രാഹ്മണികംക്കു് അന്യപുരുഷന്മാരെ യാദൃച്ഛികമായി പോലും കാണുവാൻ വയ്യ! അഥവാ കണ്ടാൽ അവർ ഭ്രഷ്ടകളായി. പിന്നെ സ്മാർത്തവിധിപ്രകാരം ആ സാധുക്കളെ പുറത്തു തള്ളപ്പെടും. ഇങ്ങനെ തള്ളപ്പെട്ട 'സാധന' ത്തെ മറ്റുബ്രാഹ്മണർക്കുപോർക്കും തന്നെ കണ്ടുകൂടെന്നാണു് മുറ. കണ്ടു പോയാൽ അവക്കും ഗ്രഹപ്പിഴയായി. ഭർത്താവു് മരിച്ച ബ്രാഹ്മണസ്ത്രീ മുണ്ഡനം ചെയ്തു് ആജീവനാന്തം ദുഃഖാർത്തയായി മറ്റുള്ളവരുടെ നിന്ദാപാത്രമായി കഴിഞ്ഞുകൊള്ളണം. പുനർവിവാഹത്തിന്റെ കഥ മിണ്ടുവാനും പാടില്ല. ഒരു, നൂറുകൊല്ലത്തിനപ്പുറമാണെങ്കിൽ ഭർത്താവിന്റെ ചിതയിൽ ചാടിച്ചാകുകതന്നെ വേണം. തനിയേ മരിച്ചുചെല്ലുന്ന ഹിന്ദുസ്ത്രീയുടെ ആത്മാവിനു സ്വർഗ്ഗരാജ്യത്തിലേക്കു് പാസ്പോർട്ടു കിട്ടുവാൻ ഹിന്ദുമതപ്രകാരം അർഹതയില്ല. അതു കൊണ്ടാണു് ഭർത്താവിന്റെ ചിതയിൽ ചാടി മരിച്ചു ചെല്ലുന്നതു്. മതവിശ്വാസികംക്കു് ഏറ്റവും കാര്യമായ സ്വർഗ്ഗം സ്ത്രീകളെ കാണിക്കുകൂടിയില്ലെന്നാണു് ഹിന്ദുമതക്കാരുടെ നിർബന്ധം. സ്ത്രീകളോടുള്ള അവരുടെ ബഹുമാനം നോക്കുക! ഭാര്യ മരിച്ചാൽ പുരുഷനാകട്ടെ, ഈവക ദുഃഖചരണങ്ങളം ഒന്നുംവേണ്ട. ഇഷ്ടമുള്ളവളെ വേഴ്ചക്കുകയും ചെയ്യാം. സ്ത്രീകളം ഏതു ജാതിയിലായാലും, ഇതരപുരുഷനെ നോക്കുകൂടി വയ്യ. പാതിവ്രത്യം സ്വർഗവാതിൽ തുറക്കുന്ന താക്കോലായി മതക്കാർ കരുതിയിരിക്കുന്നു.

"പതിയെ ദൈവമായ്ക്കുവും
സതിചൊന്നാൽ ചൊരിയുംമഴ"

എന്നാണു് ഹിന്ദുവിന്റെ തിരുക്കുറൾ പറയുന്നതു്. ഏതു സ്ത്രീ പറഞ്ഞാലും മഴ പെയ്യുന്നതല്ലെന്നു് കുട്ടികൾക്കു പോലു മറിയാം. മതപ്രമാണപ്രകാരം നോക്കിയാൽ പതിവ്രതയം

ആരുമില്ലെന്നല്ല ഇതുകൊണ്ടു വന്നുകൂടുന്നതു്. ഇതു കള്ള ത്തരങ്ങളെല്ലാം എഴുതിപ്പിടിപ്പിച്ചു സ്ത്രീലോകത്തെ അപമാ നിക്കുവാനും മറ്റും മടിച്ചിട്ടില്ല. ഏതു മതക്കാരും, സ്ത്രീയെ കല്യാണം കഴിക്കുകയല്ലാതെ ഒരൊറ്റ സ്ത്രീയെക്കൊണ്ടും പുരു ഷനെ കല്ല്യാണം ചെയ്യിക്കാറില്ല. ഏവരും സ്ത്രീയെ താ ലികെട്ടുന്നു. ഇതുവരെ പുരുഷനെ താലികെട്ടി കേട്ടിട്ടില്ല. ഇതെല്ലാം സ്ത്രീകളെ അസ്വതന്ത്രകളും അബലകളും ആക്കുന്ന ഉപാധികളാകുന്നു. സ്ത്രീ എപ്പോഴും പുരുഷന്റെ അടിമയാ യി കഴിഞ്ഞുകൊള്ളണമെന്നാണു് മതങ്ങളും ശഠിക്കുന്നതു്. ഇതിനു മാതൃകയായി ശീലാവതികളും, പുരുഷന്മാർ എഴു തി വച്ചിട്ടുണ്ടു്. ഇന്ത്യയിൽ സ്ത്രീകളെ വളർത്തുന്നതിലും പരിപാലിക്കുന്നതിലും ഉള്ള അശ്രദ്ധ മൂലവും, അവരുടെ ക്ലേശ ഭൂയിഷ്ഠമായ ജീവിതംകൊണ്ടും സ്ത്രീകളുടെ മരണത്തിന്റെ ശതമാനംതന്നെ കൂടുതലായിരിക്കുന്നു ഇതു മൂഢിയമായി സ്ത്രീ കളെ കരുതിയാലുംപോര, "ന സ്ത്രീസ്വാതന്ത്ര്യമർഹതി" എന്ന വിധിയെഴുതിയും അവരെ അപമാനിക്കണം.

ഹിന്ദുക്കളുടേയും മുഹമ്മദീയരുടേയും ഇടയിലുള്ള ഒരു കട്ടം കൈ'പർദാ' സമ്പ്രദായമാണു്. ബ്രാഹ്മണസ്ത്രീകളെ നടുംമുറ റത്തെ ആകാശവും, മറക്കുടയ്ക്കകത്തെ വെളിച്ചവും, വൃഷലിയുടെ ശബ്ദവും മാത്രമെ അസ്വദിക്കാവു. മുസ്ലീംസ്ത്രീകളും ഇതു പോലെ പുറത്തിറങ്ങി ലോകം കാണാതെ കപ്പായച്ചരുളിന കത്തൊതുങ്ങി കഴിഞ്ഞുകൊള്ളണം. ഇന്ത്യയിൽ 'പർദാ' സ്വീകരിച്ചിട്ടുള്ള സ്ത്രീകൾ ഹിന്ദുക്കളിലും മുഹമ്മദീയരിലുംകൂടി 400 ലക്ഷമുണ്ടു്.* വിവാഹംമുതൽ മരണംവരെ പുറത്തിറങ്ങി വെളിച്ചവും കാറ്റും ഏല്ക്കാത്ത ശുദ്ധാത്മാക്കളായ സ്ത്രീകൾ ആകെ ഒരുകോടി 12 ലക്ഷത്തി 50,000ത്തിനും, ഒരുകോടി 72 ലക്ഷ ത്തി 90,000ത്തിനും മദ്ധ്യേ ഉണ്ടായിരിക്കണം. മൊത്തത്തിൽ ഒന്നരകോടിയെന്നു കണക്കാക്കുക. ഈ സ്ത്രീകളെ—തിരു

*മദർ ഇന്ത്യയിൽ നിന്നും

വിതാംക്കൂറിലെ ആകെ ജനസംഖ്യയുടെ മൂന്നിരട്ടിയോളം വരുന്ന സാധുസ്ത്രീകളെ—ശുദ്ധവായുവും പ്രകാശവും എല്പിക്കയില്ലെന്ന വച്ചിരിക്കുന്ന മതാനുഷ്ഠാനക്കാരുടെ നീചവും, ശിലാസദൃശവുമായ മനസ്ഥിതിയെപ്പറ്റി എന്തുപറയട്ടെ!

അനുരൂപരായ വരന്മാരെ തിരഞ്ഞെടുക്കുന്നതിലും മതം സ്ത്രീകൾക്കു വേണ്ടത്ര സ്വാതന്ത്ര്യം നല്കിയിട്ടില്ല. ഇരു ജനങ്ങളും തിരഞ്ഞെടുക്കുന്ന വല്ല കോന്തന്മാരുമായി കഴിഞ്ഞു കൊള്ളണമെന്നാണു് വന്നുകൂടുന്നതു്. ശൈശവവിവാഹം ഇതിനു സഹായമായും തീരുന്നു. വിവാഹമെന്നോ ദാമ്പത്യ ജീവിതമെന്നോ കേൾക്കുവാൻപോലും പ്രായമാകാതെ ബാല്യവിവാഹത്തിനു പെൺകുഞ്ഞുങ്ങൾ വശപ്പെട്ടു കൊള്ളണമെന്നാണു് മതവൈരാഗ്യമുള്ള ഇന്ത്യയിലെ ഹിന്ദുസ്ഥാനികളുടെ തീർച്ചയാക്കിയിട്ടുള്ളതു്. അല്ലാത്തപക്ഷം മതം അധഃപതിച്ചുപോകുമത്രെ! പ്രസിദ്ധമായ ശാരദാനിയമത്തിനു വിപരീതമായി പരേതനായ മൗലാനാ മുഹമ്മദാലി എത്ര പാടുപെട്ടു! ആക്ററു പാസ്സായ ആണ്ടിൽതന്നെ അതിനെ എതിർത്തു ഡൽഹിയിൽ നടത്തിയ ഒരു മുഹമ്മദീയ വിവാഹത്തിൽ 12,000 ആളുകൾ സംബന്ധിച്ചിരുന്നു. ഇതു മതനിഷ്ഠയുടെ മകുടോദാഹരണമല്ലാതെ മറെറന്താണു്! അന്നു മുഹമ്മദാലി പ്രസംഗിച്ചതു് "ശരദാ ആക്ററ് ഏപ്രിൽ ഒന്നാംതീയതി നടപ്പായ മനുഷ്യനിർമ്മിത നിയമമാണെന്നും, എന്നാൽ 1300 കൊല്ലം മുൻപേ നബി നടപ്പാക്കിയ ദൈവനിയമം മുഹമ്മദീയർക്കുണ്ടെ"ന്നുമാണു്. വിശ്രുതനും മഹാനുമായിരുന്ന അദ്ദേഹം പിഞ്ചുകിടാങ്ങളെ കല്യാണം കഴിച്ചുകൊടുക്കുന്ന നീചനീചമായ ആചാരത്തിനു് അനുകൂലിയായി നിന്നതു് അദ്ദേഹത്തിന്റെ മതമയക്കം ഒന്നുകൊണ്ടു മാത്രമല്ലെ? ശാരദാനിയമത്തിനു വിപരീതമായി സനാതന ഹിന്ദുക്കളും

കൂട്ടിയ ബഹളത്തിനും അവസാനമില്ല. യൗവനപ്രായമായിട്ട കല്യാണം കഴിച്ചു പോയാൽ ലോകം കീഴ്മേൽ മറിഞ്ഞു പോകുമെന്നായിരിക്കണം, ഈ മതക്കാരുപ്പ സേവിച്ചു മത്തുപിടിച്ച മതാന്ധയായികഴം വെപ്രാളപ്പെടുന്നതു!

ഹിന്ദുക്കളുടെയിടയിൽ നടപ്പുള്ള മറ്റൊരു ദുഷിച്ച മതാചാരമാണു് ദേവദാസി ഏർപ്പാടു്. പെൺകുട്ടി ഉണ്ടാകുന്നതു തന്നെ ഒരു പരാജയമായും ദോഷമായും പലരും കരുതിവരുന്നു. ആൺകുട്ടികളെ മാതാപിതാക്കന്മാരും, പെൺകുട്ടികളെ ദൈവങ്ങളും നോക്കിക്കൊള്ളുമെന്നാണു് ഈ മതക്കാരുടെ ഒരു ധർമ്മ വിചാരം. ദൈവപ്രീതി ലഭിക്കുവാൻ വേണ്ടി പെൺകുട്ടികളെ ബാല്യത്തിലേ തന്നെ ചില രക്ഷിതാക്കൾ അമ്പലത്തിലേക്കഴിഞ്ഞു കൊടുക്കുന്നു. ചില ദേവന്മാർക്കു ഭാര്യമാരെ വേണമെന്നുണ്ടല്ലോ. തങ്ങളുടെ കുട്ടികളെ ദേവഭാര്യമാരായിത്തീർന്നു മോക്ഷം നേടിക്കൊള്ളുമെന്നാണു് ഈ മാതാപിതാക്കന്മാരുടെ ധാരണ. അമ്പലത്തിൽ പരിചാരിക ജോലിക്കും, ആട്ടത്തിനും, നൃത്തത്തിനുമായി നിന്നു് ദൈവഭോഗ്യമാരായിക്കഴിയുന്ന ഈ ബാലികമാർ യൗവന ദശയിലെത്തുമ്പോഴം പുരോഹിതരുടെ കളിപ്പാട്ടങ്ങളായിത്തീരുന്നു! ഇതു ആക്ഷേപാർഹമായ ഈ കാര്യത്തിനായി കുട്ടികളെ അയക്കുന്നതും, പോകുന്നതും പുണ്യമെന്നാണു് ഹിന്ദുക്കളം വിശ്വസിക്കുന്നതു്. എത്രയോ ലക്ഷം ഹിന്ദുവനിതകളം ഇങ്ങനെ ഈ ദുഷിച്ച ആചാരത്തിൻ പേരിൽ മാനവും മര്യാദയും വിറ്റുതിന്നു ജീവിക്കുന്നു! ഈ മലിനാചാരത്തെ നിയമംമൂലം ഇല്ലായ്മ ചെയ്യാനുള്ള ശ്രമത്തേയും മാമൂൽപ്രിയരായ സനാതനികളം എതിർക്കുകയാണുണ്ടായതു്. കത്തോലിക്കരുടെ ഇടയിലുള്ള കന്യാസ്ത്രീ ജീവിതവും ഇതുപോലുള്ള ഒരു നരകജീവിതമാകുന്നു. പെൺകുട്ടികളെ മഠത്തിലയച്ചാൽ പുണ്യമെന്നാണു് മാതാ

പിതാക്കന്മാർ കരുതുന്നതു്. നിർദ്ദയമായ ഈ ഏർപ്പാടുമൂല. എത്രയോ ലക്ഷം ക്രിസ്തീയ കുലാംഗനകൾ മഠത്തിനകത്തടങ്ങി യൊതുങ്ങി യൗവനവും, സൗന്ദര്യവും, സ്ത്രീത്വവും എല്ലാം ദ്രവിപ്പിച്ചു പാഴാക്കിക്കളയുന്നു!

സ്ത്രീകൾക്കു് വിദ്യാഭ്യാസവും പുരുഷന്മാരെപ്പോലെ ആവശ്യമില്ലെന്നുള്ള ഒരു ധാരണ മതവിശ്വാസികളുടെ ഇട യിൽ സർവ്വസാധാരണമാണു്. അവർ പുറത്തിറങ്ങി ആണു ങ്ങളോടൊപ്പം പഠിക്കുവാൻപോയാൽ മതം അപകടത്തിലാ കുമെന്നത്രേ വിശ്വാസികൾ മുറവിളികൂട്ടുന്നതു്. ഇന്ത്യയിൽ ശരാശരി വിദ്യാഭ്യാസം നൂറിനു് എട്ടായിരിക്കുമ്പോൾ, ഇൻഡ്യൻ സ്ത്രീകളുടെ വിദ്യാഭ്യാസം നൂറിനു രണ്ടുമാത്രമാകുന്നു. സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രോത്സാഹനക്കുറവുകൊണ്ടും, ശൈ ശവ വിവാഹത്തിന്റെ കൂടുതൽകൊണ്ടും ബ്രഹ്മദേശം പ്രസിഡൻ സിയിൽ ഉയർന്ന ക്ലാസിൽ പഠിക്കുന്ന സ്ത്രീകൾ 100-നു് ഒന്നു മാത്രമാണെന്നും 1922—ലെ കണക്കിൻപ്രകാരം തെളി ഞ്ഞിരിക്കുന്നു. സ്ത്രീകളെ ഏതു് അന്ധതയിലും അസ്വാതന്ത്ര്യ ത്തിലും ആണു്, മതക്കാർ ആഴ്ത്തിയിട്ടിരിക്കുന്നതെന്ന തിനു് ഇതു മതിയായ തെളിവാകുന്നു. ഇങ്ങിനെ സ്ത്രീകളോടു മാത്രം നാനാപ്രകാരത്തിലും ചെയ്തിട്ടുള്ളതും, ഇന്നും ചെയ്തുകൊ ണ്ടിരിക്കുന്നതുമായ കഠിനതകൾ ഓർത്താൽ അവർ, ഈ മത ങ്ങൾ ഒന്നുംതന്നെ ഞങ്ങൾക്കുവേണ്ടേ എന്നുപറഞ്ഞു് തലയിൽ കൈവച്ചുകൊണ്ടോടുകതന്നെ ചെയ്യും.

മതത്തിന്റെ പേരിൽ പാഴ്വേലകൾ.

തിന്നു തുലയുവാൻവേണ്ടി മാത്രം ജീവിക്കുന്ന ഒരു മാ തിരി സമയംകൊല്ലികളെ ഒഴിച്ചാൽ, ബാക്കി തൊഴിലുള്ള

ഏതൊരുവന്റേയും പ്രമാണം ,സമയം പണമാകുന്നു എന്നാണു്. മതാന്ധതകൊണ്ടു മൂലം മനുഷ്യർ ഈ വിലപ്പെട്ട സമയത്തെ എത്രമാത്രം പാഴാക്കുന്നു എന്നും, തന്മൂലം ലോകത്തിനു വന്നിട്ടുള്ള നഷ്ടം എത്രമാത്രമാണെന്നും നിഷ്പ്രയാസം ഗ്രഹിക്കുക. കേവലം ഒന്നര അണയുടെ സമ്പാദ്യക്കാരായ ഇന്ത്യാക്കാർ പ്രാർത്ഥന, വ്രതം, നേർച്ച, വഴിപാടു്, തീർത്ഥാടനം ആദിയായ മതകാര്യങ്ങൾക്കായി ചിലവിടുന്ന സമയത്തിന്റെ വില ആകെ കൂട്ടിനോക്കിയാൽ എത്ര ഭീമമായിരിക്കണം? നോക്കുക, 'രാമ' എന്ന പേരു് പത്തും ഇരുപതു ലക്ഷം പ്രാവശ്യം എഴുതി വലിയ ബുക്കായി ബയന്റു ചെയ്തു. അതും കൊണ്ടു കാശിയിലും മറ്റു തീർത്ഥാടനത്തിനു പോയി പുണ്യം കൊട്ടപ്പുടി വാങ്ങിക്കൊണ്ടുപോരുന്ന ഒരു വക പൊണ്ണന്മാർ ഹിന്ദുക്കളിലുണ്ടു്. ഒരു പക്കർപ്പെഴുത്തു ഗ്രാമസ്ഥൻ ഒരു ദിവസം എഴുതിക്കൂട്ടുന്ന കടലാസുകളുടെ തോതു വച്ചു നോക്കിയാൽ രാമന്റെ പേരു 10 ലക്ഷവും 20 ലക്ഷവും എഴുതുവാൻ പത്തും ഇരുപതും കൊല്ലം തന്നെ ചിലവിടിരിക്കണം! എത്ര വിലപിടിച്ച മനുഷ്യജീവിതമാണു് ഈ മൂഢകൃത്യങ്ങൾ ഇങ്ങനെ പാഴാക്കിക്കളയുന്നതു്? കാശി, രാമേശ്വരം, മക്ക, ജറുസലേം എന്നീ സ്ഥലങ്ങളിലേയ്ക്കു തീർത്ഥയാത്രയായും, കൊട്ടങ്ങല്ലൂർ, ശബരിമല, പഴനി മുതലായ ക്ഷേത്രങ്ങളിലേയ്ക്കു വഴിപാടുകൾക്കായും പോകുന്ന ആളുകൾക്കും, ചിലവിടുന്ന പണത്തിനും, സമയത്തിനും അവസാനമില്ല. കാശിയിൽ തന്നെ ഒരാണ്ടിൽ 2 ലക്ഷം മുതൽ 3 ലക്ഷം വരേയും ചില വിശേഷസന്ദർഭങ്ങളിൽ 4 ലക്ഷം വരേയും ആളുകൾ തീർത്ഥയാത്രാർത്ഥം എത്തുന്നുണ്ടു്.

ഇങ്ങനെ സംഖ്യയില്ലാതെ പോകുന്ന ജനങ്ങളുടെ ഉദ്ദേശം, പുണ്യം നേടുവാനാണെങ്കിലും ഇവരെല്ലാം നേടിക്കൊ

ണ്ടുപോരുന്നതു് ഓരോ മാതിരി സാംക്രമികരോഗങ്ങളാണു്. പുണ്യസ്ഥലത്തു വച്ചതന്നെ പകർച്ചവ്യാധി പിടിപെട്ട സിദ്ധി നേടുന്നവരും കുറച്ചൊന്നുമല്ല. കാശിയിലെ പകർച്ചവ്യാധി തടയുന്നതിനുതന്നെ 30,000 രൂപാവീതം പ്രതിവർഷം ഗവണ്മെൻറു ചിലവിടുന്നുണ്ടു്. ഗോദാവരി ജില്ലയിലുള്ള 'പുഷ്ക്കര' ഉത്സവത്തിൻറെ നാശഫലങ്ങളെപ്പറ്റി മദ്രാസ് പബ്ലിക് ഹെൽത്തു് ഡയറക്ടർ ലഫ്റ്റനൻറു് കർണ്ണൽ ജി. ആർ. ഡി. വൈബ്ബു്, ഐ. എം. എസ്. 1932 ജൂലൈയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു സ്റ്റേറ്റുമെൻറിൽ ഇങ്ങനെ കാണുന്നു. "ഉത്സവം 12 കൊല്ലം കൂട്ടുമ്പോഴാണു് നടക്കുന്നതു്. 65 കൊല്ലമായിട്ടു് കാളറ പിടിപെടാതെ ഒരുത്സവമെങ്കിലും കഴിഞ്ഞുകൂടിയിട്ടില്ല. ഓരോ പുഷ്ക്കരമഹോത്സവത്തിനും ശരാശരി 6250 പേർ വീതം മരിക്കുന്നുണ്ടു്..... ഇന്ത്യയിൽ നടക്കുന്ന ഉത്സവങ്ങളടേയും അവസ്സാവേണ്ടി വരുന്ന ചിലവുകളടേയും, അവമൂലം മരിക്കാൻ ഇടവരുന്ന ജനങ്ങളടേയും ഒരുകണക്കെടുക്കുന്നപക്ഷം അതുതന്നെ ജനങ്ങളെ ഈ വേണ്ടാതനത്തിൽ നിന്നും പിൻതിരിക്കാൻ സഹായിക്കും."

വിലയേറ്റുന്ന സമയത്തെ കൊല്ലുന്ന മറെറാരു പഴഞ്ചൊല്ല പ്രാർത്ഥനയാണു്. എല്ലാ മതക്കാരും ഇതു നിർബന്ധമായി അനുഷ്ഠിച്ചുവരുന്നു. ഇതിനുവേണ്ടി ചിലവിടുന്ന സമയം മറെറല്ലാറ്റിലും കൂടുതലാണു്. സർവ്വസമയവും പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി വിനിയോഗിക്കുന്ന വകുപ്പുമാരുണ്ടു്. പ്രതിദിനം ഏഴും, അഞ്ചും, മൂന്നും, ഒന്നും പ്രാവശ്യംവീതം സമയമെടുത്തു പ്രാർത്ഥിക്കുന്നവരുമുണ്ടു്. എല്ലാത്തരം പ്രാർത്ഥനകളുടേയും ഉദ്ദേശം ഒരു വക സ്വാർത്ഥതയാകുന്നു. ഈശ്വരൻറെ പേരിൽ നടത്തുന്ന ഈ റൊഷ്ടിപോലെ നിരർത്ഥകമായ ഒരു പണി വേറെ ഇല്ല. ദൈവം എന്ന പദത്തി

നുധരമായ ഒരുപായം ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും ഈ പ്രാർത്ഥനക്കാരെ ഇതിനകം അടിച്ചു് ഓടിച്ചുകളയുമായിരുന്നു. കാരണം, പ്രാർത്ഥന അദ്ദേഹത്തിനു അപമാനകരവും അദ്ദേഹത്തിനുണ്ടെന്നു വിശ്വാസികവും അഭിപ്രായപ്പെട്ടുന്ന സർവജ്ഞത്വത്തിനും, സർവശക്തിത്വത്തിനും വിപരീതവുമാകുന്നു. പ്രാർത്ഥിക്കാതെ തന്നെ ഒരുവന്റെ ആവശ്യങ്ങളും ദൈവത്തിനറിയാവുന്നതാണല്ലോ. ഇതറിയാതെ മനുഷ്യൻ പ്രാർത്ഥിക്കുന്നതു ദൈവത്തിന്റെ സർവജ്ഞത്വത്തിനു വലിയ മാലിന്യമല്ലേ? ഇതറിഞ്ഞിട്ടും ചെയ്യുന്നില്ലെങ്കിൽ തീർച്ചയായും ദൈവം നന്മ നിറഞ്ഞവനായിരിക്കയില്ല. അഥവാ പ്രാർത്ഥനക്കാരനു്, അർത്ഥന സാധിച്ചുകൊടുക്കുവാനുള്ള ശക്തി. ദൈവത്തിനുണ്ടായിരിക്കയില്ല. ഏതായാലും പ്രാർത്ഥന ദൈവത്തെ അപമാനിക്കൽതന്നെ.

പ്രാർത്ഥനകളും പല മതിരിയുണ്ടു്. സ്വന്തംഗുണം, പരീക്ഷിപ്പിജയം, വ്യവഹാരവിജയം, ഭർതൃലാഭം, സന്താനലാഭം, രോഗനിവാരണം, ആപത്മോചനം തുടങ്ങി എന്തെല്ലാം കാര്യങ്ങളാണു ഈശ്വരനെക്കൊണ്ടു സാധിക്കേണ്ടിയിരിക്കുന്നതു്? ഇത്തരുണത്തിൽ ഒന്നു ചിന്തിക്കുവാനുണ്ടു്. മോഷ്ണം തെളിയണമെന്നു് വസ്തു ഉടമസ്ഥൻ പ്രാർത്ഥിക്കുമ്പോൾ ''തെളിയരുതേ ദൈവമേ,, എന്നായിരിക്കും മോഷ്ടാവിന്റെ പ്രാർത്ഥന. കൊലക്കേസു ജയിക്കണമെന്നു ഒരു കക്ഷി പ്രാർത്ഥിക്കുമ്പോൾ ''കേസ്സിൽ തോല്പിച്ചെന്നെ തുക്കിലേറ്റല്ലേ ദൈവമേ'' എന്നായിരിക്കും എതിർ കക്ഷിയുടെ പ്രാർത്ഥന ഈ ദുർഘടഘട്ടത്തിൽ ദൈവം ആരുടെ പ്രാർത്ഥന കേൾക്കും? പരമകാരുണികനായ ദൈവം ഒരു കക്ഷിയെ കുഴിവിലേറ്റുമോ? ഉള്ളുഴിഞ്ഞു യാചിക്കുന്ന മറേറ കക്ഷിയുടെ അർത്ഥനയെ പല്ലുപോലെ തള്ളിക്കളയുമോ? മഹായുദ്ധം നടന്നുകൊണ്ടിരി

ക്കുന്ന കാലത്തു് ജർമ്മൻകാർക്കുവേണ്ടിയും, ബ്രിട്ടീഷ്കാർക്കു വേണ്ടിയും ധാരാളം പ്രാർത്ഥനകൾ നടന്നു. ''ജർമ്മൻപടയാളികൾ അന്ത്യം ചെത്തൊടുങ്ങി തങ്ങൾക്കു വിജയം തരണേ എന്നു ഇംഗ്ലീഷുപക്ഷക്കാരും, ''എന്റെ ദൈവമേ, ബ്രിട്ടീഷുപട്ടാളം ചത്തു തുലഞ്ഞു തങ്ങൾ ജയിക്കണേ,, എന്നു് ജർമ്മൻകാരും പ്രാർത്ഥിച്ചിരിക്കണം. ''സർവ്വലോകനിയന്താവും, ത്രൈയാപയോധിയും, സ്നേഹസ്വരൂപിയുമായ ദൈവം' അറുകൊല ചെയ്യുവാൻ കൂട്ടുനിൽക്കണമെന്നായിരുന്നു ഓരോ കൂട്ടരുടേയും പ്രാർത്ഥനയുടെ സാരം. ഏതായാലും ദൈവം ജർമ്മൻപക്ഷക്കാരുടെ ഉള്ളഴിഞ്ഞുള്ള കോടാനകോടി പ്രാർത്ഥന —1914—മുതൽ 18 വരെ നിരന്തരമായി ചെയ്ത പ്രാർത്ഥന— നിഷ്ഫലമാക്കുന്നതു കണ്ടു തള്ളിക്കളഞ്ഞു! ''ഇതെന്തൊരു കരുണയില്ലാത്ത ദുഷ്ടദൈവം, എന്നു പറഞ്ഞു ജർമ്മൻകാരും കക്ഷികളും ഇന്നും ദൈവത്തെ ശപിക്കുന്നില്ലെങ്കിൽ അതാണത്ഭുതം.

പ്രാർത്ഥനകൾക്കായി ഉപയോഗിക്കുന്ന ഗീതങ്ങളും വിശിഷ്ടങ്ങളാണു്. മറ്റാർക്കും മനസിലാകാത്ത ഭാഷയിൽ പ്രാർത്ഥിച്ചാൽ പ്രയോജനമുണ്ടെന്നാണു് വയ്പു്. തന്മൂലം, പറയുന്ന ആൾക്കു തന്നെ അർത്ഥബോധജനകമല്ലാത്ത വല്ലതും ഉരുവിടുകയാണു് സാധാരണ പതിവു്. ഹിന്ദുക്കളുടെ പ്രാർത്ഥനപോലെ ഇത്ര ആഭാസത്തരങ്ങൾ മറ്റു് അധികം മതക്കാരുടെ പ്രാർത്ഥനകളിൽ അടങ്ങിയിട്ടില്ല. ഹിന്ദുവീടുകളിൽ സന്ധ്യക്കു കൂട്ടികളും, വെളുപ്പിനു വൃദ്ധന്മാരും ഉൽബോധനം ചെയ്യുന്ന പ്രാർത്ഥനാവലി എത്രയോ നിരർത്ഥകങ്ങളും, അശ്ലീലങ്ങളും ആയിരിക്കുന്നു. ''പാലാഴിമഥനത്തിൽ കൊങ്കപൂണുന്ന—കോലമെന്നുള്ളത്തിൽ കാണുമാറാകണം'' ഇതാണു മാതാപിതാക്കന്മാരും സഹോദര സഹോദരിമാരും കൂടിയിരിക്കുമ്പോഴും സന്ധ്യാസമയത്തു വിളക്കത്തി

തുന്ന ഭക്തിപൂരസ്സരം കണ്ണുമടച്ചു പരമാനന്ദത്തിൽ ലയിച്ചു കൊണ്ടു ഉരുവിടുന്ന പരിപാവനമായ ഒരു സ്തോത്രം! വിഷ്ണുവിനെക്കാണുന്ന കോലം എത്ര കേമമായിരിക്കുന്നു!

''ഗോപസ്ത്രീകളും തൻചേലവാരിക്കൊണ്ടരയാലിൻ കൊമ്പത്തിരുന്നോരോ,
ശീലക്കേടുകളും പറഞ്ഞും ... ."
ഇതും മറെറാരുകോലം കാണുവുതന്നെ.

പ്രാർത്ഥനകളും മറ്റുള്ളവരെക്കൊണ്ടു കുലിക്കു ചൊല്ലിക്കുന്ന പതിവു് എല്ലാമതക്കാരുടെ ഇടയിലുമുണ്ടു്. അല്ല; അതാണധികം. നേർച്ചകളും അല്ലെങ്കിൽ വഴിപാടുകളും എല്ലാമതക്കാരിലുമുണ്ടു്. ഇതും ഒരുവക പ്രാർത്ഥനയോടുകൂടിയ ഒരു കർമ്മമാകുന്നു. കാര്യം കാണുവാൻ ദൈവത്തിനെ കൈക്കുലികൊടുക്കുന്നു എന്നേ ഇതിനർത്ഥമുള്ളു. മനുഷ്യരെപ്പോലെ ദൈവവും കൈക്കുലിയും, ശിപാർശയുമായി കഴിഞ്ഞുകൂടുന്നവനാണെന്നു സാധുക്കളായ മനുഷ്യരെ പുരോഹിതന്മാർ വിശ്വസിപ്പിച്ചിട്ടുണ്ടു്. ജനങ്ങളെ ചൂഷണം ചെയ്യുവാൻ പുരോഹിതർ കണ്ടുപിടിച്ചിട്ടുള്ള മറെറാരു കൗശലമാണിതു്. സുഖക്കേടു പിടിപെടുമ്പോഴും ദേവാലയങ്ങളിൽ വഴിപാടുകൾക്കായിട്ടാണു് വിശ്വസികൾ ആദ്യം ഓടുന്നതു്. ദിനം മാറിയാൽ ദൈവം ചെയ്ത ഉപകാരത്തിനുവേണ്ടി വഴിപാടു കഴിക്കണം. മാറിയില്ലെങ്കിൽ ദൈവകോപം ഉണ്ടാകാതിരിക്കാൻ വേണ്ടി വഴിപാടുകഴിക്കണം. കാര്യസാദ്ധ്യത്തിനുമുമ്പു തന്നെ നേർച്ച കഴിക്കണമെന്നും നിർബന്ധമുണ്ടു്. എങ്ങനെയും ''ചാത്തനൂണിനു ഞാൻ തന്നെ പോകണ''മെന്നാണു്, പുരോഹിതന്റെ നിയമം. ഇതു കൂടാതെ പാപനിവാരണാർത്ഥം വഴിപാടു കഴിക്കുന്നതും സാധാരണമാണു്. ഇല്ലായ്മ വഴിയായുള്ള മറെറാരു വിധം പ്രാർത്ഥന കുത്തോലിക്കരുടെ

ഇടയിൽ നടപ്പുണ്ട്. കത്തനാർക്ക് പണം കൊടുത്തു, അതുവരെ ചെയ്തിട്ടുള്ള കുറ്റങ്ങളും കത്തനാരോട് ഏറ്റു പറയുക. കത്തനാർ കർത്താവിനോട് ഏറ്റുപറഞ്ഞു പാപമോചനത്തിനായി പ്രാർത്ഥിക്കുക, ഇതാണു ഈ മുറ. ഒരുവൻ സകല പാപങ്ങളും ഏറ്റുപറഞ്ഞു അതിനുള്ള ഫീസും അടച്ചാൽ അവൻ അതുവരെ ചെയ്തിട്ടുള്ള പാപം തീരുമത്രേ! ഒരിക്കൽ ഒരു രസികൻ കമ്പസാരിച്ച കഥ പ്രസിദ്ധനായ മിസ്റ്റർ ഇ. വി. രാമസ്വാമിനായ്ക്കർ ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിക്കയുണ്ടായി. ഈ രസികൻ അന്നുവരെ ചെയ്ത കുറ്റത്തിനു പണം കൊടുത്തതിനുശേഷം ഇനി ചെയ്യാനുള്ള കുറ്റത്തിനും കൂടി ഫീസ് എന്തെന്നു ചോദിച്ചു മനസിലാക്കി, ആയതും കൊക്കം അടച്ചുതീർത്തു. തദനന്തരം അവൻ വഴിമദ്ധ്യേ ചെന്നു നില്പായി. കത്തനാർ പള്ളിക്കാര്യങ്ങളും എല്ലാം തീർത്തിട്ട് വീട്ടിലേക്ക് മടങ്ങുകയായിരുന്നു. നമ്മുടെ വിദ്വാൻ കത്തനാരുടെ രണ്ടു ചെള്ളയും ഉറക്കനെയുള്ള ഓരോ അടി കൊടുത്തു. ഇതു കൈപ്പറ്റിയ കത്തനാർ, തന്നെ അടിച്ച കുറ്റത്തിനും ഉടനെ കമ്പസാരപ്പണം ആവശ്യപ്പെട്ടു. ഇതുവരെ ചെയ്തതിനും, അടി ഉറപ്പായതുകൊണ്ട്, ചെയ്യാനുള്ള കുറ്റത്തിനും താൻ പള്ളിയിൽ വച്ച പണം അടച്ചു പോയി എന്നു പറഞ്ഞപ്പോഴാണ്, കമ്പസാരത്തിന്റെ കഴമ്പില്ലായ്മ അടിച്ചവനും മനസിലാക്കിട്ടുണ്ടെന്നു കത്തനാർ ധരിച്ചതു്.

പ്രാർത്ഥന, നേർച്ച, കാണിക്ക, കമ്പസ്സാരം, കർബാന ആദിയായതായി മതവിശ്വാസികളും ചെയ്തുപോരുന്ന നിരർത്ഥകകർമ്മങ്ങളുടെ ബുദ്ധിമുട്ടും അവസ്ഥയും ചിലവിടുന്ന പണത്തിന്റെ പെരുമയും കണ്ടാൽ ദൈവം ഒരു നീതിജ്ഞനും, ദയാലുവുമായിരുന്നെങ്കിൽ കണിശമായും, ഈ പാഴ്പണികളും നിറുത്തിക്കളയുവാൻ കല്പനയിടുമായിരുന്നു. ഇത്രയധി

കം മുഖസ്തുതികൊ കേട്ടിട്ടും വെറുപ്പും, അലംഭാവവും തോന്നാത്ത ദുരഭിമാനിയൊ ദൈവം? നോൻപുകൊണ്ടും, പ്രാർത്ഥനകൊണ്ടും, നേർച്ചകൊകൊണ്ടും, തീർത്ഥാടനംകൊണ്ടും ഒരു ഒറക്കാര്യമെങ്കിലും ഇതുവരെ ലോകത്തിൽ സാധിച്ചതായി തെളിഞ്ഞിട്ടില്ലെന്നുള്ള വസ്തുത അനുഭവമായിരുന്നിട്ടും, മനുഷ്യർ ഈ നിരർത്ഥകമായ വേലകൊകൊണ്ടുവേണ്ടി പണവും ആയുസ്സും ബലി കഴിക്കുന്നതോർത്താൽ മൂക്കത്തു വിരൽവച്ചു കഷ്ടം പൊല്ലാതിരിക്കുവാൻ ആർക്കു സാധിക്കും?

മതവും മൈത്രിയും

മതം ചെയ്യുന്ന മറൊരു നാശം അതു് മനുഷ്യ സാഹോദര്യത്തെയും മൈത്രിയേയും ഭഞ്ജിച്ചു വർഗ്ഗീയ കലഹങ്ങളും പരസ്പര വൈരങ്ങളും വർദ്ധിപ്പിക്കുന്നു എന്നുള്ളതാണു്. മതം നിലനില്ക്കുന്നിടത്തോളം കാലം സമുദായം ഒരിതാ യുഖണ്ഡത്തിൽതന്നെ നിൽക്കുകയും, പരസ്പരം പൊരുതു നശിക്കുകയും ചെയ്യുമെന്നുള്ളതിനു് സംശയമില്ല. ഇന്ത്യയിലെന്നല്ല കേരളത്തിലും മതം ഉണ്ടാക്കിട്ടുള്ളതും, ഉണ്ടാക്കുന്നതുമായ വർഗ്ഗീയലഹളകൊ അനവധിയാണു്. നാട്ടിൽ സൈരമായി കഴിഞ്ഞുകൂട്ടുന്ന സമുദായങ്ങളെ തമ്മിലടിപ്പിക്കുവാൻ മതം പലപ്പോഴും പ്രേരകമായിത്തീരുന്നു.

പള്ളികളും അമ്പലങ്ങളും കലഹങ്ങളുടേയും വിദ്വേഷങ്ങളുടേയും മറ്റും സങ്കേതമാണു്. അവർണ്ണർ ജാതി ഹിന്ദുക്ഷേത്രങ്ങളോടടുത്തുപോയാൽ അവിടെ ഒരു സവർണ്ണാവർണ്ണയുദ്ധം നട

ന്നുകഴിഞ്ഞു! ഇഴവക്ഷേത്രങ്ങൾക്കെടുത്തു് പുലയരാദി സഹോ
ദരങ്ങൾ ചെന്നാൽ അവിടെയും ബഹളമായി, ഈഴവരുടേ
യോ, മറ്റു അവർണ്ണസമുദായങ്ങളുടേയോ, ദേവന്മാരേയും
കൊണ്ടു് ക്രൈസ്തവമുസ്ലീം പള്ളികളുടെ മുൻവശത്തുകൂടി ഘോ
ഷയാത്ര പോയാൽ പള്ളിയിൽ കുടികൊള്ളുന്ന ദൈവത്തി
നുപൊറുതികേടായി. ഉടനെ പള്ളിമതക്കാർക്കു് ഹാലിളകി
ലഹളകൂടുന്നു. ചെകിടുപൊടിയുന്ന വെടിപട
ഹാദികളും പൊടിപൂരമായി നടന്നാലും സഹിക്കുവാനുള്ള
സന്മനോഭാവത്തോടുകൂടിയ പള്ളിയിലെ മാലാഖമാർക്കും പുണ്യവാളൻമാർ
ക്കും ഉണ്ടു്. അന്യസമുദായക്കാരുടെ ആഘോഷങ്ങളിലെ വാ
ദ്യമേളങ്ങളും കേൾക്കുവാൻ മാത്രം പാടില്ലപോലും! അഥവാ
കേട്ടുപോയാൽപ്പിന്നെ നടക്കുവോനിടയുള്ള മേളങ്ങളും ഒന്നു വേ
റേതെന്നയായിരിക്കും. വിസിൽ വിളിച്ചു ഭ്രമി ഇളക്കിമറിച്ചു
കൊണ്ടു പാഞ്ഞുപോകുന്ന തീവണ്ടിയുടെ സംഭ്രമജനകമായ
ആരവങ്ങളേയും എണ്ണമില്ലാത്തവണ്ണം പ്രതിനിമിഷം ഘോ
രൻവിളിച്ചുകൊണ്ടു് ഓടിപ്പോകുന്ന കാറുകളുടെ ചീറലുക
ളേയും മൗനമായി കേട്ടു സഹിക്കുന്ന മുസ്ലീം പള്ളികൾക്കു്
ഹിന്ദുവിന്റെ വാദ്യമേളങ്ങളോടുകൂടിയ ഘോഷയാത്ര ശ്രവി
ക്കുവാനും, സഹിക്കുവാനും കഴിയുന്നതല്ല. തന്മൂലം ഒരു ഭയ
ങ്കര ഹിന്ദുമുസ്ലീം ലഹളതന്നെ അവിടെ നടക്കുകയായി.
ഇതുപോലെ, കശാപ്പുശാലകളിലും പട്ടാളക്യാമ്പുകളിലും പ്രതി
ദിനം കൊന്നൊടുക്കുന്ന പശുക്കളെപ്പറ്റി ഹിന്ദുവിനു ചോ
ദ്യമില്ല. എന്നാൽ മതകർമ്മത്തിനു കൊല്ലുവാൻ വേണ്ടി ഒരു
മുസ്ലീം സഹോദരൻ കൊണ്ടുപോകുന്ന പശുവിന്റെ പേരിൽ
ഹിന്ദുമുസ്ലീംലഹള ഒന്നുമുണ്ടാക്കാതിരിക്കയില്ല. ഈ വി
ധം അർത്ഥമില്ലാത്ത മതാന്ധ്യം മൂലം ഇന്ത്യയിൽ പ്രതിവർ
ഷം നടക്കുന്ന ഹിന്ദുമുസ്ലീം ലഹളകളും അതിൽ പെട്ടു മരി
ക്കുകയും പരുക്കേൽക്കുകയും ചെയ്യുന്ന സഹോദരന്മാ
രുടെ സംഖ്യയും ചില്ലറയല്ല.

ഇവയെക്കൂടാതെ മറ്റൊരു മാതിരി വഴക്കും മതമുണ്ടാക്കുന്നുണ്ട്. അതു മതപരിവർത്തനപരമായുള്ളതാണ്. പുലയർ, പറയർ, മുതലായ സാധുജനതയെ ആരെല്ലാം പങ്കുവച്ചു വലിച്ചുകൊണ്ടുപോയാലും സനാതനികൾക്കു വലിയ വഴക്കില്ല. ഒരു സ്ഥലത്തു നിന്നും ഒന്നായി കുറേപേർ മതം മാറി തൊപ്പി ഇടുകയോ, ബെന്തിങ്ങ കെട്ടുകയോ ചെയ്താൽ ഉടനെ സനാതനയോഗങ്ങൾ കൂടി സൊള്ളകൂം നിറഞ്ഞ കുറെ പ്രസംഗങ്ങൾ ആകാശമണ്ഡലത്തിൽ ലയിപ്പിച്ചു എന്നു വരാം. എന്നാൽ നായരിൽ നിന്നോ, ഈഴവരിൽ നിന്നോ, വല്ലവരേയും മതപരിവർത്തനം ചെയ്യിച്ചാൽ അവിടെ ഒരു ലഹളക്കു വിഷമമില്ല. ഏതെങ്കിലും ഗണനീയമായ നിലയിലുള്ള ഒരു വ്യക്തിയെ മതം മാറ്റിയാൽ കുറെ നാളത്തേക്കു് ഈ പേരും പറഞ്ഞു സമുദായവഴക്കുകൾ പലയിടങ്ങളിലും നടക്കുക പതിവാണ്. ഒരു ക്രിസ്ത്യനേയോ, മുസ്ലീമിനേയോ, ഹിന്ദുവാക്കിയാൽ കാര്യം ആകപ്പാടെ കുഴഞ്ഞു. തങ്ങളുടെ മതത്തിലേക്കു ചേർക്കുകയല്ലാതെ, ഇതര മതത്തിലേക്കു ചേർന്നുപോകുന്ന അനുഭവം ചുരുക്കമായാൽ ഈ സംഭവം ക്രൈസ്തവനോ, മാഹമ്മദനോ സഹ്യമല്ല തന്നെ. തന്മൂലം പാതിരിയും, പട്ടക്കാരനും, മെത്രാനും, മുസലിയാരും, മൗലവിയും, തങ്ങളും, എല്ലാം ഓടി എത്തി, ആകപ്പാടെ ഒരു കമ്പള്ളടിനു തീപിടിച്ചുമട്ടു കാട്ടുകയായി. അവരവരുടെ മതത്തിലേക്കുള്ള ആംപിടുത്തം. കേവുവള്ളക്കടവിലെആംപിടുത്തത്തേക്കാൾ കലശലുതന്നെ.

യുദ്ധത്തിലേർപ്പെട്ടു് അന്യരാജ്യം കരസ്ഥമാക്കുവാനുള്ള ലോഭം പെരുത്ത രാജാക്കന്മാർക്കു മതപരിവർത്തനം പ്രധാനമായിരുന്നു എന്നുള്ളതിനു് ഇന്ത്യയിലേയും, കേരളത്തിലേയും ചരിത്രം സാക്ഷ്യം വഹിക്കുന്നതാണു്. ഭരണാധിപന്മാരായ

രാജാക്കന്മാരും, ചക്രവർത്തിമാരും ഇന്ത്യയിൽ മതപരിവർത്തനത്തിനും ഇതര മതാവലംബികളെ ഞെരുക്കുന്നതിനും അവരുടെ ശക്തിയും സമയവും എത്രമാത്രം പാഴാക്കിയിരിക്കുന്നു! ഇന്നും ഈ സമ്പ്രദായത്തിന് ഇന്ത്യയിലെ പല രാജാക്കന്മാരും ദൃഷ്ടാന്തമല്ലെ? ഇങ്ങനെ നാനാതരത്തിലുമുള്ള ലഹളകൾക്കും അസ്സമാധാനങ്ങൾക്കും അസമത്വങ്ങൾക്കും മതമല്ലേ കാരണമായിരിക്കുന്നത്. സമുദായങ്ങളും തമ്മിലൊ, മതങ്ങളും തമ്മിലൊ, കലാപങ്ങളും കൊലകളും നടക്കുമ്പോഴും നേതാക്കളും ഓടി എത്തി അപ്രായോഗിക വേദാന്തങ്ങളും ചൊരിഞ്ഞു പോകുക പതിവാണ്. വലിയ ഹിന്ദുമുസ്ലീം ലഹള നടന്നാൽ മാളവ്യമാരും മൗലാനമാരും ചുറ്റി നടന്നു പ്രസംഗിക്കും; വേണ്ടിവന്നാൽ ഗാന്ധികുറേ ദിവസത്തേക്ക പട്ടിണിയും കിടക്കും. ഈ ബാഹ്യപ്രകടനങ്ങൾകൊണ്ടു ലഹളകൾക്കും പരസ്പര മർദ്ദനങ്ങൾക്കും വല്ല കുറവും ഉണ്ടാകുന്നുണ്ടോ? ഹിന്ദുമുസ്ലീം ഐക്യത്തിനുവേണ്ടി ഗാന്ധിമുഖ്യന്മാർ എത്ര പരിശ്രമിക്കുന്നുണ്ട്. എന്തു സാധിച്ചു? ഹിന്ദുമുസ്ലീം ലഹളകൾ അടിക്കടി വർദ്ധിക്കുകയല്ലേ ചെയ്യുന്നത്. ഒരു ഹിന്ദു ഹിന്ദുവായും, മുസ്ലീം മുസ്ലീമായും ഇരിക്കുമ്പോൾ ഈ ലഹളകൾ എങ്ങനെ അവസാനിക്കും?

ഓരോരുത്തരുടേയും മതവിശ്വാസം ഈ നീചകൃത്യത്തിനു പ്രേരിപ്പിച്ചുയക്കുന്നു. ദോഷഭൂയിഷ്ഠമായ ഈ വിശ്വാസം ഉഭയകക്ഷികൾക്കും ഇല്ലാതായാൽ ലഹളകൾ തനിയെ നിൽക്കും. അതിനുള്ള വേലയാണു ഗാന്ധിയും അനുയായികളും ചെയ്യേണ്ടത്. ലഹളകൾക്കു മൂലകാരണമായ മതവിശ്വാസം ജനഹൃദയങ്ങളിൽ നിന്നും നിർമ്മാർജ്ജനം ചെയ്യുവാൻ യത്നിക്കാതെ ഹിന്ദുമുസ്ലീംലഹളയുണ്ടാകുമ്പോൾ മുതലക്കണ്ണുനീർ ചാടിച്ചതുകൊണ്ട് എന്തുപ്രയോജനം? തീകൊട്ടിക്ക

ത്തിച്ചുകൊണ്ടു്, പൊള്ളത്തരം എന്നു പറഞ്ഞുകൊണ്ടാകുമോ? പൊള്ളത്തരിരിക്കണമെങ്കിൽ തീ നശിക്കണം. തീ ആളിക്കത്തുവാനുള്ള വിറകു കൂട്ടിക്കൊടുത്തുകൊണ്ടിരുന്നാൽ പൊള്ളൽ അധികമാകുകയെ ഉള്ളു. ഗാന്ധി, മതമഹാത്മ്യങ്ങളെ അറിഞ്ഞോ, അറിയാതേയോ പാടിനടന്നു് അന്ധവിശ്വാസികളായ ബഹുലക്ഷം ജനങ്ങളെയും തീയിൽ ചാടിച്ചു പൊള്ളിക്കുകയാണു്. ഈ തീ കെടുത്തിയാൽ ലഹളകളും ശമിച്ചു. ഹിന്ദുമുസ്ലീംമൈത്രി ഇന്ത്യയിൽ സുസ്ഥാപിതമായി. അന്നു് സ്വതന്ത്രഭാരതം കരഗതമാകുകയും ചെയ്യും. മതവും മൈത്രിയുമായി പൊരുത്തമില്ലെന്നും, മതം മൈത്രിയേയല്ല വിദ്വേഷത്തേയും വിനാശത്തേയുമാണു് ഉണ്ടാക്കുന്നതെന്നും ഗ്രഹിക്കുവാൻ ഇനിയും അധികം വിവരണങ്ങളും ആവശ്യമില്ലല്ലൊ. ലോകത്തിൽ ശാശ്വതമായ മൈത്രിയും പരസ്പരസ്നേഹവും ഉളവാകണമെങ്കിൽ മതങ്ങളും ഒട്ടാകെ നശിച്ചു മണ്ണടിയുക തന്നെ വേണം.

മതവും സൻമാർഗവും

മതം വേണ്ടെന്നുവച്ചാൽ സന്മാർഗം നശിച്ചു, മനുഷ്യസമുദായം തുലഞ്ഞു പോകുമെന്നു ചിലർ അമ്പരക്കുന്നു. സന്മാർഗത്തെ നിലനിറുത്തുവാനാണത്രേ മതം വേണമെന്നു പറയുന്നതു്. സന്മാർഗം എന്നാൽ തന്നെ എന്തു്? ഒരു കാലത്തെ സദാചാരം, മറ്റൊരുകാലത്തു ദുരാചാരമാകാം. ഒരു സമുദായത്തിന്റെ സദാചാരം മറ്റു സമുദായത്തിനു് ദുരാചാരമെന്നും വരാം. ഒരു ദേശക്കാരുടെ സദാചാരം മറ്റു ദേശക്കാക്കു ദുരാചാരമായിരിക്കാം. സദാചാരം ഇന്നതെന്നു

ഖണ്ഡിതമായി ഒരു നിർവചനം ചെയ്യുവാൻ സാധ്യമല്ല. പന്നിമാംസം തിന്നുന്നതു് മുസ്ലീമിനു് അസന്മാർഗികം. അതു ഹിന്ദുവിനു് ക്രിസ്ത്യനും അസന്മാർഗിക ദോഷമില്ലാത്ത പഥ്യാഹാരം! പശു മാംസം തിന്നൽ ഹിന്ദുവിനു മഹാപാപമായി. അതിനെ മുസ്ലീമാകട്ടെ സസന്തോഷം അടുത്തു തിന്നുന്നു. സന്മാർഗത്തിനും മതത്തിനുമായി യാതൊരു ബന്ധവും ഇല്ലെന്നുള്ള ഇതുകൊണ്ടെല്ലാം നാം മനസിലാക്കേണ്ടതുണ്ടു്. സന്മാർഗവും മതവുമായി ബന്ധിപ്പിക്കേണ്ട ആവശ്യമെന്തു്? ആക്ഷം ഒരു നാളം ദുരാചാരമായി തോന്നാത്ത ചില സന്മാർഗിക നടപടികളും ഉണ്ടു്. ആ സനാതന നടപടികളും നിലനിറുത്തുവാൻ ഒരു മതവും ആവശ്യമില്ല. സത്യം, അഹിംസ, പരോപകാരം, ആദിയായ സൽഗുണങ്ങളും ഏതു മനുഷ്യരിലും എക്കാലത്തും ആവശ്യമാണു്. ഇന്നു കാണുന്ന മതങ്ങളൊന്നും ഇല്ലാതിരുന്ന കാലത്തുപോലും ഈ വക സന്മാർഗികതത്വങ്ങളും ഏറെക്കുറെ മനുഷ്യരുടെ ഇടയിൽ ഉണ്ടായിരുന്നവ തന്നെയാണു്. ലോകോത്തരങ്ങളായ ഈ സന്മാർഗികാദർശങ്ങളും തത്വോപദേശങ്ങളും അവരുടെ ചിന്തയിൽ നിന്നും ഉയർത്തിക്കൊണ്ടുവന്നവയല്ല. മതസ്ഥാപകന്മാർ ഈ ധർമ്മങ്ങൾക്കു കൂടുതൽ പ്രചാരവും സ്ഥിരതയും ഉണ്ടാക്കിയിരിക്കാമെന്നേയുള്ളൂ. വൈദികകാലത്തെ യാഗമൂറകളാലും ഹിംസകളാലും അഹിംസാധർമ്മത്തിനു് വിലയം പ്രാപിച്ചിരുന്നതിനാൽ ഭ്രഷ്ടയാപയോധിയായിരുന്ന ബുദ്ധൻ അഹിംസക്കു സർവപ്രാധാന്യം കൊടുത്തു് അതിനെ തനിക്കു കഴിയാവുന്നിടത്തോളം പ്രചരിപ്പിച്ചു. പരസ്പരം കലഹിച്ചും സംപർദ്ധിച്ചും കഴിഞ്ഞിരുന്ന യഹൂദന്മാരുടെ ഇടയിൽ സ്നേഹത്തിനു് ഭംഗം നേരിട്ടിരുന്നതിനാൽ സ്നേഹമൂർത്തിയായ ക്രിസ്തു സ്നേഹത്തിനു് സർവതോന്മുഖമായ പ്രാധാന്യം കൊടുത്തു. അതുപോലെ അറേബ്യ

യിൽ ബഹുദൈവവിശ്വാസവും വിഗ്രഹാരാധനയും മദ്യപാനവും കലശലായിരുന്നതിനാൽ ധീരനായ മുഹമ്മദുനബി ഇതിനെയെല്ലാം എതിർത്തു് ഏകദൈവവിശ്വാസവും മദ്യപാനനിരോധനവും മറ്റും ഏർപ്പെടുത്തി. ഇതല്ലാതെ, ഇവർ ലോകത്തിൽ പുതുതായി അഹിംസയും സ്നേഹവും സാഹോദര്യവും മറ്റും സ്ഥാപിച്ചു എന്നു പറഞ്ഞാൽ അതു ശരിയായിരിക്കുമോ? ഈ സനാതനധർമ്മങ്ങളും സമുദായത്തിന്റെ വളർച്ചക്കും സുസ്ഥിരതക്കും ആവശ്യമായിത്തീർന്നതിനാൽ സ്വയം പരിണമിച്ചുണ്ടായവയാകുന്നു.

മനുഷ്യനു മർയ്യാദക്കാരനായി കഴിഞ്ഞുകൂടുന്നതിനു് ആവശ്യമായ ആദർശങ്ങളും അനുഷ്ഠിക്കുവാൻ മത ബോധം തീർത്തും ആവശ്യമില്ല. ഈ സാന്മാർഗ്ഗിക നിയമങ്ങളും എല്ലാം ഏറെക്കുറെയെങ്കിലും മനുഷ്യൻ അനുഷ്ഠിക്കുന്നതു മതവിശ്വാസംകൊണ്ടോ, ദൈവഭയംകൊണ്ടോ അല്ല. പ്രധാനമായി ഒന്നു രണ്ടു കാരണങ്ങളും അതിനടിസ്ഥാനമായിരിക്കുന്നു. ഒന്നാമത്തെ കാരണം മനുഷ്യന്റെ സ്വാർത്ഥപരമായ ജീവിതാശതന്നെ. മനുഷ്യൻ ഒരു സമുദായജീവിയാണു്. ഏകനായി ജീവിക്കുവാൻ ഒരുവനും ഇഷ്ടപ്പെടുന്നില്ല. ഒരു സമൂഹത്തിൽപെട്ട മാനിയായും മർയ്യാക്കാരനായും കഴിയുവാൻ ആരും കൊതിക്കുന്നു. മറുള്ളവരുടെ ഇടയിൽ നല്ലവനായിത്തീരുന്നതിനു് പര്യാപ്തമായ സദാചാരങ്ങളോടുകൂടി ജീവിക്കുവാൻ അവന്റെ ജീവിതാശ അവനെ പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നു. മദ്യപിച്ചും, പിടിച്ചുപറിച്ചും, വ്യഭിചരിച്ചും, മോഷ്ടിച്ചും, കൊലചെയ്തും കഴിയുന്നവന്റെ ജീവിതം അസുഖകരമായും, ദുർഘടതരമായും തീരുന്നു. അല്ലാതുള്ള ജീവിതം സുഖപ്രദവും ശ്രേഷ്ഠർക്കുവും ആയിരിക്കുകയും ചെയ്യുന്നു. ഈ ഒരു സ്ഥിതിയാണു് മനുഷ്യനെ സന്മാർഗ്ഗിയാക്കിവിടുന്നതു്. വിഷം മനുഷ്യനെ നശിപ്പിക്കുന്നതുപോ

ലെ കൊല, കളവ്, ചതി, മുതലായ ദുർഗ്ഗുണങ്ങളും കാലാന്തരത്തിൽ മനുഷ്യസമുദായത്തെത്തന്നെയും നശിപ്പിച്ചു കളയും, ഇതറിയുവാൻ കഴിവുള്ള മനുഷ്യർ ദുർമാർഗ്ഗങ്ങളിൽ നിന്നും ഒഴിഞ്ഞുമാറിനിൽക്കുന്നു. ഇങ്ങനെ മനുഷ്യരുടെ സാമൂഹ്യജീവിതം അവരെ ദുഷ്കൃത്യങ്ങളിൽ നിന്നും വിമുക്തരാക്കി സന്മാർഗ്ഗനിരതരാക്കുന്നു.

സാന്മാർഗ്ഗിക ജീവിതത്തിനാധാരമായ മറ്റൊരു കാരണം, ഗവണ്മെൻറിന്റെ ദണ്ഡനപരിപാടികളോടുള്ള മനുഷ്യന്റെ ഭയമാകുന്നു. ഇന്നത്തെ പോലീസും പീനൽക്കോടും കുറേ നാളത്തേയ്ക്ക് വേണ്ടെന്നു് ഒരു നിയമം വന്നാൽ ലോകത്തിൽ നടക്കുന്ന കൊള്ളകൊടുക്കും അക്രമങ്ങൾക്കും ഭയങ്കരകലഹങ്ങൾക്കും അതിരുണ്ടായിരിക്കുമോ? അങ്ങനെയുള്ള ഒരു കാലത്തിൽ സംഭവിക്കാവുന്ന ഭയാനക സംഭവങ്ങളെപ്പറ്റി ഓർക്കുവാൻ കഴിയുന്നതാണോ? ചട്ടങ്ങൾക്കും പതിവുകൾക്കും ഇന്നത്തെപ്പോലെ പ്രാബല്യവും പ്രാമാണ്യവും ഇല്ലാതിരുന്ന ഒരു ഭൂതകാലത്തെ ചരിത്രസംഭവങ്ങളെപ്പറ്റി നാം എന്താണ് അറിഞ്ഞിട്ടുള്ളതു്. അന്നു് എത്ര അക്രമങ്ങളും അഴിമതികളും അരുകൊലകളും നടന്നിരിക്കുന്നു? അന്നും മതങ്ങളും പുരോഹിതന്മാരും ദേവന്മാരും ഉണ്ടായിരുന്നില്ലേ? മതവും മതാനുഷ്ഠാനങ്ങളും ഉപാസനകളും ദൈവചിന്തയും ഇല്ലാത്ത മൃഗങ്ങൾ പരസ്പരം സ്നേഹിച്ചും കലഹിക്കാതെയും കഴിഞ്ഞുകൂടുന്നതു വിവേകബുദ്ധികളും ദൈവവിശ്വാസികളുമായ മനുഷ്യർ കാണുന്നില്ലേ? ചില ജന്തുക്കൾ മനുഷ്യരോടതന്നെ എത്ര സ്നേഹമായി വർത്തിക്കുന്നു! മതവും ദൈവവും ഇല്ലാഞ്ഞിട്ടും ഇവ എങ്ങനെ, സ്നേഹത്തിലും മൈത്രിയിലും ഇണങ്ങിക്കഴിയുന്നു? മനുഷ്യനുമാത്രം മതമില്ലെങ്കിൽ അവന്റെ സന്മാർഗ്ഗം മണ്ണുണ്ടുപോകുമെന്നും, ജീവിതം താറുമാറായിത്തീരുമെന്നും, വിധിയെഴുതുവാൻ എത്ര

യുക്തിയാണുള്ളതു്? മതപ്രബോധനങ്ങളും ദൈവഭയവും കൊണ്ടാണു മനുഷ്യർ ഇത്ര സദാചാരനിരതരായിരിക്കുന്നതെന്നു പറയുന്നവർ, ലോകാവലോകന ശക്തിയും ദീർഘചിന്തയും ഇല്ലാത്തവരെന്നല്ലാതെ അവരെപ്പറ്റി മറ്റെന്താണു് പറയേണ്ടതു്? പോകട്ടെ, സദാചാരങ്ങൾക്കെല്ലാം അധിഷ്ഠാനമായ മതാചാരങ്ങൾ സന്മാർഗ്ഗത്തിനു യോജിച്ചവതന്നെയാണോ? നൂറിനു് എൺപത്തിഏഴുപേരും ഏതെങ്കിലും മതവിശ്വാസികളാൽ നിറയപ്പെട്ടിരിക്കുന്ന അമേരിക്കയിലെ ഐക്യനാടുകളിൽ $3\frac{1}{2}$ലക്ഷം വ്യഭിചാരിണികളുണ്ടെന്നു് 1911-നും 13-നും മദ്ധ്യേ എടുത്ത ഒരു കണക്കിൽ കാണുന്നു. ഇവിടെ പ്രതിവർഷം 2 ലക്ഷത്തി 25,000 കുട്ടികൾ വ്യഭിചാരത്തിൽനിന്നും ഉണ്ടാകുന്നതായും കണക്കാക്കിയിട്ടുണ്ടു്. ഈ കണക്കുകൾ ലോകത്തിൽ എവിടേയും നടന്നുകൊണ്ടിരിക്കുന്ന അസന്മാർഗ്ഗിക ജീവിതത്തിനു് ഒരു തെളിവുമാത്രമായിരിക്കും. ആശ്രമങ്ങളിലും വിഹാരങ്ങളിലും മഠങ്ങളിലുമായി എത്രയോലക്ഷം ജീവാങ്കുരങ്ങൾ പ്രതിവർഷം നശിച്ചുപോകുന്നുണ്ടായിരിക്കണം?

റോമിലെ പരിശുദ്ധസിംഹാസനത്തിൽ പരിശുദ്ധാത്മാവിന്റെ വിശിഷ്ടപുണ്യ പ്രവർത്തകന്മാരായി പരിലസിച്ചിരുന്ന ചില പോപ്പുമാരുടെ അസന്മാർഗിക നടപടികളേയും അനീതികളേയും പറഞ്ഞു കൂടി അല്പം അറിഞ്ഞിരിക്കുന്നതു് രസാവഹമായിരിക്കും. ഇവർ സ്ഥാനാരോഹണത്തിനായിചെയ്തിട്ടുള്ള അഴിമതികളും ചതികളും തന്നെ ഏതു സാഹസികനേയും ലജ്ജിപ്പിക്കാതിരിക്കയില്ല. പരസ്പരം കലഹിച്ചും കഴുത്തറുത്തും, ഒരാൾ സിംഹാസനത്തിൽ കയറിപ്പറ്റുകയും അവനെ ഒടനിന്നും അദ്ദേഹത്തെ ഓടിച്ചിറക്കി മറ്റൊരുത്തൻ ആ സിംഹാസനത്തെ കരസ്ഥമാക്കുകയും മറ്റുമായി, തൽസ്ഥാനലബ്ധിക്കുവേണ്ടി ചെയ്തിട്ടുള്ള സാഹസങ്ങളും വാചാ

മഗോചരങ്ങളാണ്. 965-ൽ പോപ്പു ജോൺ പതിമൂന്നാമന്റെ വാഴ്ച മുതൽ 1013-ാമാണ്ടു പോപ്പ് ജോൺ പതിനാറാമന്റെ കാലംവരേയും ഉള്ള അൻപതറാണ്ടു കാലത്തു് പരിശുദ്ധ സിംഹാസനത്തെ ഭരിച്ച എട്ടു പോപ്പുമാരുടെ വാഴ്ചക്കാലം അനീതികളുടേയും അക്രമങ്ങളുടേയും വിളയാട്ടം തന്നെ ആയിരുന്നു എന്നു് കാത്തലിക്ക് എൻസൈക്ലോപീഡിയ നോക്കുന്നേ ആരും സമ്മതിക്കും. 935-മുതൽ 964-വരെ തിരുസഭയെ ഭരിച്ച പോപ്പ് ജാൺ പന്ത്രണ്ടാമന്റെ അസന്മാർഗികജീവിതത്തിനു് സാക്ഷ്യമായി കാത്തലിക്ക് എൻസൈക്ലോപ്പീഡിയ എട്ടാം വാല്യം 426-ാം പുറത്തു പറഞ്ഞിരിക്കുന്നതു്, ''ഇദ്ദേഹത്തിന്റെ ഹീനതയും, അസന്മാർഗികതയുംനിമിത്തം പോപ്പിന്റെ അരമന ഒരു വേശ്യാഗൃഹം എന്നു പറയപ്പെടുകയും, റോമിലെ വിഷയലമ്പടത്വം പരനിന്ദ്യപാത്രമായിത്തീരുകയും ചെയ്തു'' എന്നാണ്. ജോവാൻ എന്ന ഒരു അദ്ധ്യാപിക പുരുഷവേഷം ധരിച്ചു് 855-ൽ അന്തരിച്ച പോപ്പ് ലീയോ നാലാമന്റെ പിൻഗാമിയായി പോപ്പ് ജാൺ എന്ന പേരാട്ടുകൂടി രണ്ടുകൊല്ലം ഏഴുമാസം നാലു ദിവസം പരിശുദ്ധ സിംഹാസനത്തിൽ വാഴുകയുണ്ടായി. ഒരു ശിശുസ്ഖലനത്തിൻ മൂലം ഗർഭിണിയായിത്തീർന്ന ഇവർ ലാറ്ററൻ പള്ളിയിലേക്കുള്ള ഘോഷയാത്രാ മദ്ധ്യേ പ്രസവിക്കുകയും, ഉടനെ അവിടെത്തന്നെ വച്ചു് മരണം പ്രാപിക്കുകയും ചെയ്ത വിവരത്തിനും കാത്തലിക്ക് എൻസൈക്ലോപ്പീഡിയാ സാക്ഷ്യം വഹിക്കുന്നുണ്ട്. ആയിരക്കണക്കിനു മുറികളും മറ്റുമുള്ള വിസ്തൃതമായ വത്തിക്കാൻ അരമനയിൽ രഹസ്യവിഹരത്തിനും പ്രച്ഛന്നജീവിതത്തിനും വിഷമമുണ്ടായിരിക്കയില്ലല്ലോ. മതം നശിച്ചാൽ സന്മാർഗം പൊയ്പോകുമെന്നു് ഭീഷണിപ്പെടുത്തി ആളുകളെ അന്ധതയിൽ ആഴ്ത്തുന്നതിനു് ഇറങ്ങിയിട്ടുള്ള മതസ്ഥാപകരിൽ

പ്രമുഖരായ കത്തോലിക്കസഭാനേതാക്കന്മാരുടെ പരിശുദ്ധജീവിതത്തെപ്പറ്റിയാണ്; അവരുടെ തന്നെ അധികൃതഗ്രന്ഥമായ എൻസൈക്ലോപ്പീഡിയായിൽ നിന്നും ശേഖരിച്ചിട്ടുള്ള ഈ വിവരങ്ങൾ എന്നെ കൂടി ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ.

"ദൈവം സ്നേഹമാകുന്നു" എന്നു പറയുന്ന ക്രിസ്തുമതം അനേകം നൂറ്റാണ്ടുകളോളം ഭരിച്ചിട്ടും അടിമവ്യാപാരത്തിനെ യാതൊരു കല്ലുകടിയും ഉണ്ടായിട്ടില്ല. 1833 വരെ ബ്രിട്ടീഷ് കോളനികളിലും 1864-വരെ അമേരിക്കൻ ഐക്യനാടുകളിലും ഈ വ്യാപാരം നടന്നിരുന്നു. ഇതു നടത്തിവന്നതു തന്നെ ക്രിസ്ത്യാനികളും പുരോഹിതന്മാരുമായിരുന്നു. അമേരിക്കയിലേക്ക് ഈ ദുഷിച്ച ഏർപ്പാടു വ്യാപിപ്പിച്ചതു് ക്രൈസ്തവരാജനായ 'ചാറൽസ്' അഞ്ചാമനാണ്. അമേരിക്കയിൽ ഇന്നും ലിഞ്ചിംഗ്—മനുഷ്യരെ ജീവനോടെ നിറുത്തി തോല്പുരിക്കുക—വണ്ടിയിൽ കെട്ടി ഓടിക്കുക, ജീവനോടെ തീയിലിട്ടു പൊരിക്കുക, ആദിയായ ക്രൂരനടപടികളും നടത്തുന്നതു് മതം അവിടെ ഇല്ലാഞ്ഞിട്ടാണോ?

കർബാനവീഞ്ഞിന്റെ കൂടെ വ്യാജമദ്യം വരുത്തി മറ്റു പുരോഹിതരുടെ സഹായത്തോടുകൂടി ചിലവാക്കി പ്രതിവർഷം 1,20,000 രൂപയോളം സമ്പാദിച്ചുവന്ന 'ചാറൽസ്പ്രിസ്റ്റാ' എന്ന അമേരിക്കൻ കത്തോലിക്കമെത്രാനെ ഗവർമ്മെന്റു കണ്ടുപിടിച്ചു ഒരുകൊല്ലത്തെ തടവുശിക്ഷയ്ക്കു വിധിച്ച വിവരം പത്രങ്ങളിൽ കാണുകയുണ്ടായി. പുരോഹിതരുടെ കപടജീവിതത്തിനും മദ്യത്തോടുള്ള ഇടച്ചിലിനും ഇതൊരു ദൃഷ്ടാന്തമാണ്.

ഹിന്ദുക്കളുടെ യതീശ്വരന്മാർ മാത്രമല്ല, ദേവന്മാർക്കുടി മുക്കുടിയന്മാരായിരുന്നു, എന്നു പറഞ്ഞിട്ടുണ്ടല്ലോ. ഇന്നും ഹിന്ദു സന്യാസിമാരിലധികവും രഹസ്യമായ കുടിയും, പരസ്യമായ കഞ്ചാവുസേവയും ഉള്ളവരാകുന്നു.

മതവിശ്വാസപ്പുടികളിൽനിന്നും ഇറങ്ങിവരുന്തോറും മനുഷ്യൻ സന്മാർഗപ്പടികളിൽ ഉയർന്നവരുന്നു എന്നു കാണിക്കുവാൻ വിഷമമില്ല. ശുദ്ധ മത വാഴ്ചക്കാലമായിരുന്ന വിപ്ലവകാലത്തിനു മുൻപു റഷ്യയുടെ തലസ്ഥാനമായ 'മോസ്കോ' നഗരത്തിലെ ജനസംഖ്യ 18 ലക്ഷമായിരുന്നെങ്കിലും വേശ്യാവൃത്തിയ്ക്കു രജിസ്റ്റർചെയ്ത ലൈസൻസെടുത്ത സ്ത്രീകളുടെ എണ്ണം 20,000 ആയിരുന്നു. എന്നാൽ "മതം കുറപ്പെ"ന്നു പ്രഖ്യാപനം ചെയ്ത കാലമായ വിപ്ലവത്തിനുശേഷം, 1923-ൽ ജനസംഖ്യ 25 ലക്ഷമായി വർദ്ധിച്ചിട്ടും വേശ്യകളുടെ എണ്ണം 3,000 ആയികുറയുകയാണുണ്ടായതു". പത്തുകൊല്ലത്തിനുള്ളിൽ മോസ്കോപട്ടണത്തിൽ, വേശ്യകളാകട്ടെ വെറും 500 മാത്രമാകുന്നു. മതകാലത്തെ സദാചാരതല്പരതയും മതം ഇല്ലാത്ത ഇന്നത്തെ സദാചാരതല്പരതയും എത്ര വ്യത്യാസമെന്നു നോക്കുക!

മതവിശ്വാസികൾക്കോ, അവിശ്വാസികൾക്കോ ആർക്കാണധികം സന്മാർഗ്ഗനിഷ്ഠയെന്നറിയുവാൻ ക്രിമിനൽ ജയിലുകളിലെ ചില കണക്കുകൾകൂടി നോക്കാം. അമേരിക്കയിൽ ന്യൂയോർക്ക് പട്ടണത്തിലെ ഒരു ജയിലിൽ കിടന്ന പുള്ളികളുടെ പട്ടിക "ട്രൂത്ത് സീക്കർ" (Truth seeker) എന്നൊരു കത്തോലിക്കപത്രത്തിൽ ചേർത്തുകാണുകയുണ്ടായി. അതിൻപ്രകാരം ജയിലുപുള്ളികളിൽ കത്തോലിക്കർ 855-ും പ്രോട്ടസ്റ്റന്റുകാർ 518-ും മതമില്ലാത്തവർ 8-ും ആണ്

ആകെ ജയിലിലുള്ള 1581 പേരിൽ 855-ം മതനിഷ്ഠയുള്ള കത്തോലിക്കരാകുന്നു. ജയിലധ്യത്തിയിൽ 100-നു 25 വീതമേ കത്തോലിക്കരുള്ളു എന്നു കൂടി പത്രാധിപർ പറയുന്നു! ജനസംഖ്യ 100-നു 25. ജയിൽപുള്ളികളം 100-നു 50-ൽപരം!! "പ്രഫസ്സർ ഹെർസ്റ്റോഗ്" എന്ന വെള്ളക്കാരൻ ഓരോവകുപ്പിൽ നിന്നും ഓരോലക്ഷം ആളുകളെ സർവേചെയ്തതിൽ താരതമ്യേന കത്തോലിക്കരിൽ 4165-ം, പ്രോട്ടസ്റ്റൻറുകാരിൽ 308.6-ം യഹൂദരിൽ 212.7-ം മതമില്ലാത്തവരിൽ 84.2-ം വീതം കുറക്കാരായി കണ്ടുവിവരം അദ്ദേഹം 1931-ൽ പ്രസിദ്ധം ചെയ്ത 'വൈദ്യനിയമസംഹിത'യിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ കണക്കുകളിൽ നിന്നും കുറക്കാർ ഏറ്റവും കുറഞ്ഞുകാണുന്നതു് മതവിശ്വാസമില്ലാത്തവരിലും, ഏറ്റവും കൂടിക്കാണുന്നതു് മതവിശ്വാസികളിലും ആണെന്നു വ്യക്തമാണല്ലൊ. ഇതുകൊണ്ടു് മതം നശിച്ചാൽ ലോകം ദുർമ്മാർഗ്ഗങ്ങളിൽ ആണ്ടുപോകുമെന്നു ഭയപ്പെടുന്നവരുടെ വാദത്തിൻറെ കഥയില്ലായ്മ എത്രമാത്രമെന്നറിയരുതോ? യഥാർത്ഥത്തിൽ സന്മാർഗ്ഗവും, സദാചാരജീവിതവും കാംക്ഷിക്കുന്നവർ മതസ്ഥാപനക്കല്ലുമതനശീകരണത്തിനാണു് ഇറങ്ങേണ്ടതെന്നുകൂടി ഈ കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നില്ലേ? ലോകം നന്മയിലും, ക്ഷേമത്തിലും, സദാചാരത്തിലും കഴിഞ്ഞുകൂടണമെങ്കിൽ മതങ്ങളെല്ലാം നശിക്കുകതന്നെ വേണം.

ആത്മീയ ഭാരതം.

ഇൻഡ്യയെപ്പോലെ മതനിഷ്ഠയുള്ള ഒരു രാജ്യമില്ല. മറ്റു രാജ്യക്കാർ ആത്മീയത്തേക്കാൾ ഭൗതികത്തിനു പ്രധാന്യം

കൊടുത്തു പരിശ്രമിക്കുമ്പോൾ ഇന്ത്യാക്കാർ ആത്മീയലോകത്തിലേയ്ക്കുള്ള ഒരുക്കം മാത്രമാണിവിടെചെയ്യുന്നതു്. ഇത്ര ആഴമേറിയ മതഭേദവിശ്വാസങ്ങളുണ്ടായിട്ടും ഭാരതീയർ ആയുസ്സിലും, ആരോഗ്യത്തിലും, വിദ്യയിലും, വിത്തത്തിലും എല്ലാം മറ്റുള്ള ഭൗതികസാമ്രാജ്യങ്ങളിലെ ജനങ്ങളേക്കാൾ ഉയർന്നവരായിരിക്കുന്നുണ്ടോ? ഇന്ത്യ ഈവക കാര്യങ്ങളിൽ ഇത്ര അധഃപതിച്ചുകാണുന്നതു് ആത്മീയബോധം കുറഞ്ഞുപോയതുകൊണ്ടാണെന്നാണു് മതാന്ധന്മാരായ ഇൻഡ്യയിലെ പഠിപ്പു മടയന്മാർ കൂടിയും മുറവിളികൂട്ടുന്നതു്. ആത്മീയബോധക്കുറവുകൊണ്ടല്ല, പ്രത്യുത അതിന്റെ ആധിക്യംകൊണ്ടു മാത്രമാകുന്നു, ഇന്ത്യ ഇന്നും പരാധീനയും പരവശയും ആയിക്കഴിയുന്നതു്. പരബ്രഹ്മം തൊട്ടു പരൽമീൻവരെ ഉള്ള സകലതും ഹിന്ദുവിനു ദൈവങ്ങളാകുന്നു.

"യാതൊന്നുകാൺമതതു നാരായണ പ്രതിമ
യാതൊന്നു കേൾപ്പതതു നാരായണശ്രുതികം"

എന്നാണു് ഓരോ ഹിന്ദുവും പ്രാർത്ഥിക്കുന്നതു്. ഇങ്ങനെ കാണുന്നതൊക്കെ നാരായണപ്രതിമയായി സങ്കല്പിച്ചാരാധിക്കുകയും, അവയുടെ പേരിൽ പ്രതിവർഷം കോടിക്കണക്കിനു പവൻ ചിലവാക്കുകയും ചെയ്യുന്ന ഇന്ത്യാക്കാരിൽ ഇനിയും ആത്മീയം കുത്തിച്ചെലുത്തുവാൻനോക്കിയാൽ കഥഎന്തായിരിക്കും? ഇന്ത്യയിൽ എണ്ണമില്ലാതെ കാണുന്ന ബലിക്കപ്പുര കളും, 'കോവിൽ'കളും ആകെ പൊളിച്ചടുക്കി നിർമ്മതത്വവും നിരീശ്വരത്വവും പ്രചരിപ്പിക്കുവാനുള്ള വേലയാണു് ഇന്നാവശ്യമായിട്ടുള്ളതു്. ഇൻഡ്യയിലെ മതഭ്രാന്തുകണ്ടു സഹതപിച്ചതന്നിയ ചിന്തകനായ ഒരിംഗ്ലീഷുകാരൻ പറഞ്ഞതു്, "താൻ ഒരു കോടീശ്വരനായിരുന്നെങ്കിൽതന്റെ സമ്പത്തുമുഴുവനും ഇന്ത്യയിൽ നിരീശ്വരത്വം പരത്തുവാൻ വിനിയോഗിക്കുമായി

രുന്നു'' എന്നാണു്. മതത്തിന്റെ പേരിൽ ഇന്ത്യാക്കാർ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും, മൗഢ്യങ്ങളും, അവസ്ഥവേണ്ടി വെള്ളം പോലെ ഒഴുക്കുന്ന ഭീമമായസംഖ്യയും പരിഗണിച്ചാൽ ഈ ഇംഗ്ലീഷുകാരന്റെ അഭിപ്രായം ശരിയാണെന്നു് മതമയക്കംകൂടാത്ത ആരും തലകുലുക്കി സമ്മതിക്കുമെന്നു ചെയ്യും. ഇതു മതാസക്തിയുള്ള ഇന്ത്യയിലേയും, മതമില്ലാത്തു് ഇതുകൊണ്ടു ബാധിച്ചിട്ടില്ലാത്ത പാശ്ചാത്യനാടുകളിലേയും സ്ഥിതിഗതികളെ പരാമർശിച്ചുള്ള ഒരു താരതമ്യവിവേചനം ഈ ഘട്ടത്തിൽ അസ്ഥാനത്താകയില്ലല്ലൊ.

ഇൻഡ്യയിലെ ഭൂരിപക്ഷം ആളുകളും ഐശ്വര്യദേവതയും അന്നപൂർണ്ണേശ്വരിയുമായ ലക്ഷ്മീദേവിയെ (ധനദേവത) സമാരാധിക്കുന്നവരാണു്. ഓരോ ഹിന്ദുവിന്റേയും വീട്ടിലും ഇരിപ്പിടത്തും സന്ധ്യാകാലങ്ങളിൽ നിലവിളക്കു കത്തിച്ചുവച്ചു ലക്ഷ്മിയെ ആരാധിച്ചു വരുന്നു. പ്രകാശമേറിയ ഗ്യാസ്‌ലൈറ്റുകളും ജാജ്വല്യമാനമായ വെളിച്ചം നാലുപാടും ചിതറിയാലും ഒരു നിലവിളക്കുകൂടി കത്തിച്ചുവയ്ക്കാതെകച്ച വടപീടികയിലും വീട്ടിലും ഹിന്ദുവിനു് ഇരുപ്പുറയ്ക്കയില്ല. വേനൽക്കാലത്തെ നട്ടുച്ചനേരത്തും വിളക്കുവയ്ക്കാതെ യാതൊരു കർമ്മവും ഹിന്ദുചെയ്യുന്നതല്ല കിടാവിളക്കുരാപകൽഭേദമെന്യേ തെളിച്ചു വയ്ക്കുന്ന ബ്രാഹ്മൻ സമ്പ്രദായവും ഹിന്ദുക്കൾ ആചരിക്കാതിരിക്കുന്നില്ല. ധനദേവതയെ ഇത്രമാത്രം പ്രത്യക്ഷത്തിലാക്കി ആരാധിക്കുന്ന ഇന്ത്യയിൽ എത്രയോ കോടി ജനങ്ങൾ വെറും അർദ്ധനഗ്നരായും, അർദ്ധപട്ടിണിക്കാരായും കഴിഞ്ഞുകൂടുന്നു! ''ഇന്ത്യയിലെ കർഷകൻമാരിൽ 50½%വും, അവരുടെ ജീവിതകാലത്തിൽ ഒരു തവണയെങ്കിലും വയറുനിറയെ ആഹാരം കഴിക്കാത്തവരാണെ''ന്നു്, ഇൻഡ്യയിൽ വളരെക്കാലം ഉദ്യോഗസ്ഥനായിരുന്ന, സർ. വില്യം ഡിഗ്ബി, അഭിപ്രായപ്പെട്ടിട്ടുണ്ടു്. ബങ്കായം ഗവർണ്ണരായി

ങ്ങുന്ന, ചാർൽസ"ഇല്ലൊറ്റ്", പറയുന്നതു", ഇന്ത്യക്കാരിൽ 4കോടി ആളുകളും ദിവസത്തിൽ ഒരുനേരം മാത്രം ആഹാരം കഴിച്ചു ജീവിക്കുന്നവരാണെന്നാണ". 6കോടിക്കും 7കോടിക്കും മദ്ധ്യേആളുകളെ കൊല്ലത്തിൽ ഒരു പ്രാവശ്യമെങ്കിലും വിശപ്പിനെ തൃപ്തിപ്പെടുത്തുവാൻ കഴിയാത്തവരാണെന്നു പരേതനായ ഗോപാലകൃഷ്ണഗോഖലെയും പറഞ്ഞിരിക്കുന്നു. ഒരു ഇന്ത്യക്കാരന്റെ ശരാശരിവരവു് ഒരു കൊല്ലത്തിൽ 30 രൂപ—ഒരു ദിവസം 1-ണ4പൈസ ആയിരിക്കുമ്പോൾ ഇന്ത്യക്കാരന്റെ ലക്ഷ്മീദേവിയെക്കിട്ടിയാൽ മുറമടിക്കാനാകുമോ? മടിക്കാത്ത പാശ്ചാത്യന്റെ ശരാശരിവരവോ? ലോകമഹായുദ്ധത്തിനുമുൻപു്. അമേരിക്കക്കാരനു് ഒരു കൊല്ലത്തിൽ1050 രൂപ—ഒരുദിവസം 2രൂപ 14—ണയും, ഒരു ബ്രിട്ടീഷുകാരനു് ഒരുകൊല്ലത്തിൽ 750 രൂപ—ഒരു ദിവസം 2 രൂപ 1ണ—യും ആകുന്നു. 1921-ലെ സെൻസസ്സിൻപടി ഉണ്ണാനും, ഉടുക്കാനും, കിടക്കാനും മാർഗ്ഗമില്ലാതെ അലഞ്ഞുതിരിയുന്ന തെണ്ടികളും 'ലക്ഷ്മീദേവിയുടെ വിളയാട്ടമുള്ള ഈ ഭാരതഭൂമിയിൽ 58 ലക്ഷമാണുള്ളതു"! അതേ; ആദ്ധ്യാത്മികവും, ആർഷധർമ്മവും പൊരിയുന്ന ഈ 'പുണ്യ' ഭൂമിയിൽ കൊച്ചിരാജ്യത്തിലെ ആകെ ജനസംഖ്യയുടെ ഏകദേശം അഞ്ചിരട്ടി ഇരുപ്പാളികളും ആണുള്ളതു". ഒരു കയ്യിൽ ചട്ടകവും മറെറാരു കൈയ്യിൽ ചോറുപാത്രവുമായി നെടുനീളെ വിളമ്പി നടക്കുന്ന അന്നപൂർണ്ണേശ്വരിയുടെ നാട്ടിൽ, 1770 മുതൽ 1900 വരെയുള്ള 130 കൊല്ലങ്ങൾക്കിടയിൽ 22പ്രാവശ്യം ഭയങ്കരമായ ക്ഷാമം പിടിപെട്ടിട്ടുണ്ടെന്നു" ബ്രിട്ടീഷ്ഗവണ്മെൻറിൽ നിന്നും 1880-ൽ ഏർപ്പെടുത്തിയ ക്ഷാമനിവാരണക്കമ്മറിക്കാർ റിപ്പോർട്ടുചെയ്തിരിക്കുന്നു! ഈ 22 തവണകളിലായി ഐശ്വര്യദേവതയുടെ ആവാസഭൂവിൽനിന്നും ക്ഷാമദേവത കയറി കൊള്ളചെയ്തു"

എത്രയോകോടി ജനങ്ങളെ കൊന്നതിന്നിരിക്കണം? 1631-ൽ ഇന്ത്യയിൽ ഉണ്ടായ ഒരു ക്ഷാമം മൂലം 10 ലക്ഷത്തിൽപരം ആളുകൾ അകാലചരമം പ്രാപിച്ചതായി, ഓരോ ഉറുപ്പിക വച്ചു കൂട്ടികളെപ്പോലും വിറ്റതായും, മനുഷ്യർ മനുഷ്യരെ കൊന്നു തിന്നതായും മറും മിസ്സ് മേയോ തന്റെ 'മദർ ഇന്ത്യ'യിൽ എഴുതിയിട്ടുണ്ട്. മനുഷ്യർ വിശന്നുവയറുപൊരിഞ്ഞു മനുഷ്യരെ കൊന്നതിന്നുകപോലും ചെയ്യുന്ന അതിദാരുണമായ സംഭവത്തെ, ഹിന്ദുക്കളുടെ മുപ്പത്തിമുക്കോടിദൈവങ്ങളും മിഴിച്ചുനോക്കിയിരുന്ന കണ്ടതല്ലാതെ, അന്നപൂർണ്ണേശ്വരിയായ ലക്ഷ്മിയാകട്ടെ, അക്ഷയപാത്രക്കാരിയായ പാഞ്ചാലിയാകട്ടെ, ലോകസംരക്ഷണാധികാരിയായ വിഷ്ണുവാകട്ടെ അനങ്ങിയതുപോലുമില്ല. എന്നിട്ടും ഈ 'ആദ്ധ്യാത്മിക മനുഷ്യർ' വിളക്കുവയ്പും, പൂജയുംനൊയ്വുതന്നെ. അന്നപൂർണ്ണേശ്വരിയേയോ അക്ഷയപാത്രക്കാരിയേയോ സ്മരിക്കകൂടി ചെയ്തിട്ടില്ലാത്ത വിദേശങ്ങളിലെങ്ങും ഇത്രഭയങ്കരമായ ക്ഷാമങ്ങളും ഒരു നാളും പിടിപെട്ടിട്ടേയില്ല. ഐശ്വര്യദേവതയുടേയും മറും വാഴ്ചയും വേഴ്ചയുംകൊണ്ട് ആർക്കെന്തു പ്രയോജനം?

ഇനി ആത്മീയജ്ഞാനവിചക്ഷണയെന്ന പ്രഖ്യാതയായ ഇന്ത്യയുടെ വിദ്യാഭ്യാസസ്ഥിതി നോക്കാം. വിദ്യാഭ്യാസമേലദ്ധ്യക്ഷയായും ഇന്ത്യാക്കാർക്കൊരു ദേവിയുണ്ട്. അക്ഷരങ്ങളത്രയും ആ ദേവിയുടെ ആവാസമാണെന്നാണ് വയ്പ്. ഏതെങ്കിലും അക്ഷരങ്ങൾ പതിഞ്ഞിട്ടുള്ള കടലാസുകഷ്ണം വഴിയിൽ കിടന്നു ചവുട്ടിയാൽകൂടി, തൊട്ടു നെറുകയിൽ വയ്ക്കണമെന്നാണ് ഹിന്ദു പഠിപ്പിക്കുന്നതു്. ഇത്രകാര്യമായി സരസ്വതിയെ ആരാധിക്കുന്ന ഭാരതത്തിൽ 100 പേരിൽ 92 പേരും, വെറും നിരക്ഷരകുക്ഷികളാകുന്നു. ഇന്ത്യാക്കാർ ഭക്തിപൂർവ്വം ശിരസ്സിൽ അർപ്പിക്കുന്നതും സരസ്വതി

ദേവി കടി ഇരിപ്പുള്ളതുമായ കടലാസുതുണ്ടുകളും കക്കൂസിലെ ആവശ്യത്തിനാണ് പാശ്ചാത്യർ ഉപയോഗിക്കുന്നതു്. സരസ്വതീദേവിയെ ഇത്രയ്ക്കു അഗണ്യകോടിയിൽ തള്ളിയിട്ടിരിക്കുന്ന അമേരിക്കയിൽ 100 നു് 95–ം, ജപ്പാനിൽ 100നു് 98–ം, ഇംഗ്ലണ്ടിൽ 100 നു് 93ം, പേർ വീതം എഴുത്തും വായനയും അറിയാവുന്നവരാണ്. അടിമവ്യാപാരം നിറുത്തൽചെയ്ത 1865 വരെ കാപ്പിരികളുടെ ഇടയിൽ വിദ്യാഭ്യാസം തൊട്ടുതെറിച്ചിട്ടുപോലുമില്ലായിരുന്നു. എങ്കിലും വെറും കാട്ടാളപ്പരിഷകളെന്നു, ഗണിച്ചു വരുന്ന ഈ കാപ്പിരികളുടെ ഇന്നത്തെ വിദ്യാഭ്യാസത്തോതു് നൂറുക്കു് 84 ആകുന്നു. കേവലം പത്തെഴുപതു കൊല്ലം കൊണ്ടു് കാപ്പിരികൾ വിദ്യാഭ്യസത്തിൽ എത്ര ഉയർന്നിരിക്കുന്നു എന്നു നോക്കുക. പുരാതന സംസ്ക്കാരത്തിന്റേയും, മതങ്ങളുടേയും, അദ്ധ്യാത്മചിന്തകളുടേയും ഉത്ഭവസ്ഥനമെന്നു പറയുന്ന ഇന്ത്യ, വിദ്യാഭ്യാസവിഷയത്തിൽ കാപ്പിരികളോടൊപ്പം എത്തണമെങ്കിൽത്തന്നെ ഇനി എത്ര തലമുറകൾകൂടി തള്ളിവിടണം? ഇന്ത്യയുടെ ആത്മീയബോധവും സരസ്വതി പൂജയും കൊണ്ടെന്തു പ്രയോജനം സിദ്ധിച്ചു?

ആയുസ്സും, ആരോഗ്യവും നീണ്ടുകിട്ടുവാൻ വേണ്ടി മൃത്യുഞ്ജയസേവയും, ഹോമവും, കൊണ്ടു പരിപൂതമാക്കപ്പെട്ട, ഇന്ത്യയിലെ ആരോഗ്യസ്ഥിതിയെപ്പറ്റിയും ആയുസ്സിന്റെ ദൈർഘ്യത്തെപ്പറ്റിയും ഇനി ചിന്തിക്കാം. മനുഷ്യരുടെ ആയുസ്സിന്റെ കുത്തക പിടിച്ചിരിക്കുന്ന സംഹാരമൂർത്തിയായ മൃത്യുഞ്ജയനെ ക്ഷേത്രാദരപുരസ്സരം നിത്യം പ്രാർത്ഥിച്ചു വരുന്ന ഭാരതീയരുടെ ശരാശരി വയസ്സ് ഇപ്പോൾ 22 ആകുന്നു. എന്നാൽ മൃത്യുഞ്ജയനെ കാണുന്ന മാത്രയിൽ വികൃത വേഷക്കാ

രനും സംഹാരകാരകനുമായിക്കരുതി മുക്കാലിയിൽ കെട്ടി അടിക്കുന്ന ബ്രീട്ടിഷ്കാരന്റെ ശരാശരി വയസ്സ് 48 വരെ നീണ്ടുപോകുന്നു. എന്തൊരു വ്യത്യാസം! മൃത്യുഞ്ജയസേവയും, ഹോമവും, മന്ത്രവും, എല്ലാം ഉണ്ടായിട്ടും ഇന്ത്യക്കാർ ഇളംപ്രായത്തിൽ തന്നെ തട്ടിപ്പോകുന്നു!!

ശിശുമരണം ഇന്ത്യയിലെപ്പോലെ ഭ്രമുഖത്തു് മറ്റൊരിടത്തും ഇത്ര അധികമില്ല. 1930-ലെ ജനനമരണക്കണക്കിൻ പ്രകാരം മരിച്ചവരിൽ 43 ശതമാനവും 5 വയസ്സിനു താഴെയുള്ളവരാണു്. 1921-ലെ സെൻസസ്സിൽ, ജീവനോട്ടക്കുടി പിറക്കുന്ന കുട്ടികളിൽത്തന്നെ 20 ലക്ഷം വീതം പ്രതിവർഷം മൃതിയടയുന്നതായി കാണിച്ചിരിക്കുന്നു. ഇതിൽ 40 ശതമാനം ജനിച്ച ആഴ്ചയിൽ തന്നെയും 60 ശതമാനം ആദ്യമാസത്തിൽതന്നെയും ചാകുന്നതായും കണ്ടിരിക്കുന്നു. മരിച്ചു ജനിക്കുന്ന കുട്ടികളും ഇതിലുംകൂട്ടുതലാണു്. ബോംബെയിൽ ശിശുമരണം 1000-ത്തിനു 419 വീതമാകുന്നു. ഇവിടത്തെന്നെ തൊഴിലാളികളുടെ ഇടയിൽ ഒരു വയസ്സുതികയാതെ ചാകുന്ന കുട്ടികളും 1000-നു് 600 മുതൽ 830 വരെ ആണെന്നും കണക്കാക്കിയിരിക്കുന്നു. എന്നാൽ യൂറോപ്യന്മാരുടെ ഇടയിലാകട്ടെ, ബാലമരണം 1000-ത്തിനു് 70 കണ്ടുമാത്രമാണുണ്ടാകുന്നതു്. കാശിക്കുട്ടത്തുള്ള വെള്ളക്കാരുടെ സങ്കേതത്തിൽ യൂറോപ്യന്മാർ 1000-ത്തിനു് 12 മാത്രം മരിക്കുമ്പോൾ, ഇന്ത്യാക്കാർ 1000-ത്തിനു് 46 വീതം മരണമടയുന്നു! മൃത്യുഞ്ജയഹോമത്തിന്റെയും മറ്റും പ്രത്യക്ഷഫലം കാണുക!

ഭൗതികകാര്യങ്ങളെ തുണവൽഗണിച്ചു്, ആദ്ധ്യാത്മികവിഷയങ്ങളിൽ കൂടുതൽ ശ്രദ്ധവയ്ക്കുന്ന ഭാരതത്തിലെ പകർച്ചവ്യാധികളുടേയും, ക്ഷയം, കുഷ്ഠം, പ്രമേഹം ആദിയായ തീര

വ്യാധികളുടേയും, കണക്കും ആരേയും പരിഭ്രാന്തചിത്തരാക്കാതിരിക്കയില്ല. 10 ലക്ഷം പേർ മലംപനിമൂലവും ക്ഷയംപിടിച്ച് ഏകദേശം 10 ലക്ഷംപേരും ഇന്ത്യയിൽ പ്രതിവർഷം ചാകുന്നുണ്ട്. 5 കോടിയോളം ജനങ്ങളെ മലംപനിയാലും $4\frac{1}{2}$ കോടി ജനങ്ങളെ കൊക്കപ്പുഴുരോഗത്താലും വലയുന്നവരാണെന്നും കണക്കാക്കിയിരിക്കുന്നു. 1918-ൽ പിടിപെട്ട ഇൻഫ്ളുവെൻസാവ്യാധിമൂലംതന്നെ 6 ലക്ഷം ജനങ്ങൾ മരിച്ചിട്ടുള്ളതായിക്കാണുന്നു. മസൂരി, കാളറ, പ്ലേഗ്, കുഷ്ഠം ആദിയായ രോഗങ്ങളെ സംബന്ധിച്ചും ഇതുപോലെ ഭീമമായ കണക്കുകൾ കാണിക്കുവാൻ കഴിയും. ഭയങ്കരമായ നിലയിൽ പകർച്ചവ്യാധികളും മറ്റും പിടിപെടുന്നതു് 'അമ്മവിളയാട്ടം' അല്ലെങ്കിൽ ദൈവകോപം എന്നുകരുതി ഇന്ത്യാക്കാർ സമാശ്വസിപ്പിക്കുകമാത്രമാണു ചെയ്യുന്നതു്.

ഇങ്ങനെ കണക്കില്ലാതെ ദൈവങ്ങളെ വച്ചാരാധിക്കുകയും മതവിശ്വാസത്തിൽ അതിരറ്റ ആസക്തി പ്രദർശിപ്പിക്കുകയും ചെയ്യുന്ന ഇന്ത്യയുടെ ഏതു ഭാഗത്തും മെലിഞ്ഞുവരണ്ടു വളർച്ചയെത്താത്ത ശരീരത്തിൽ നാണം മറയ്ക്കുവാൻകൂടി പോരാത്ത കീറത്തുണി ചുറ്റി, ദാരിദ്ര്യത്തിന്റെയും, നിരാശയുടെയും, ക്ലേശങ്ങളുടേയും തനിരൂപം ധരിച്ച സാധുക്കളേയും; പഴകി ജീർണ്ണിച്ചും, വൃത്തികേടിന്റെ നൃത്തരംഗമായും ഉള്ള പൊട്ടക്കുടിലുകളേയും കാണാം. "കക്ഷിയിൽ കൊണ്ടു കരിക്കാടിയില്ലാതെ നിക്ഷേപമായി" ഒന്നുമില്ലാത്തവരും, താരുണ്യത്തിൽ "കീറക്കരിത്തുണിച്ചീന്തൽ ചാർത്തി നാണം മറയ്ക്കു"ന്നവരും "നിജായുസ്സൊരു കോണകം കൊണ്ടു കഴിച്ചു കൂട്ടു" ന്നവരും ആയി ഇന്ത്യയിൽ ഏഴെട്ടു കോടിൽ അധികം ജനങ്ങളുണ്ടു്. ചുരുക്കത്തിൽ ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളും—ഏകദേശം

ദേശം 88 ശതമാനം ആളുകളും—ദുർവഹമായ ദാരിദ്ര്യത്തിലും ദുസ്സഹമായ പട്ടിണിയിലും. അതിലും ഭയങ്കരമായ അജ്ഞത യിലും പെട്ടഴലുന്നവരാണ്. ആദ്ധ്യാത്മിക സമ്പത്തിനെ കീർത്തിക്കുകയും ഭൗതികസ്വാതന്ത്ര്യത്തെ പഴിക്കുകയും ചെ യ്യുന്ന മതഭ്രാന്തന്മാർ ഇന്ത്യയുടെ ഈ അപാരമായ അപകർഷ ത്തിനും അപായനിലക്കും എന്തു സമാധാനമാണ് തരുന്നതെന്ന റിയേണ്ടിയിരിക്കുന്നു. വെറും കാട്ടാളപ്പരിഷകളായി വനാന്തര ങ്ങളിൽ അലഞ്ഞു നടന്നിരുന്ന 'ആഗ്ലോസാക്സൺ' വർഗക്കാർ ഏറ്റവും പുരോഗമിച്ച കാലം കൊണ്ട് ആത്മീയഭാ രതത്തെ ഭരിക്കുവാനും, ശ്രുതിയും സ്മൃതിയും ജപിച്ചു നടക്കു ന്ന ഹിന്ദുവിന്റെ മുഷ്കുപിടിച്ച നിലത്തുരച്ച് ഹരി: ശ്രീ എഴു തിക്കുവാനും തക്കവിധം ബുദ്ധിയിലും ശക്തിയിലും പരിഷ് ക്കാരത്തിലും ഉയർന്നു വന്നതു് ഈ വേണ്ടാതനദൈവങ്ങ ളുടെ അനുഗ്രഹം കൊണ്ടൊന്നുമല്ലെന്നുള്ള വസ്തുത ഇനിയെ ങ്കിലും ഇന്ത്യാക്കാർ — വിശേഷിച്ചും ഹിന്ദുക്കൾ—അറിഞ്ഞു പെരുമാറിയാൽ അതവരുടെ "ഭാവിശ്രേയഃപിശ്രുനശകുനം തന്നെ"യായിരിക്കും!

മതത്തിന്റെ അസ്തിവാരം തകരുന്നു

ജ്ഞാനാഭിവൃദ്ധിയാലൊ, യുക്തിവാദ മനസ്ഥിതിയാ ലോ, പുരോഹിതരുടെ മർദ്ദനഭരത്താലൊ നിർമ്മതത്വവും നിരീശരത്വവും ലോകത്തിലെവിടെയും ഇന്നു ശീഘ്രതരമായി പടർന്നുപിടിച്ചു വരുന്നു. വിത്തവും വിദ്യയും പരിഷ്ക്കാര വും മുന്നിട്ടു നിൽക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ മതം മിക്കവാ

റും പള്ളിയിലും പട്ടക്കാരിലുംമാത്രമായിശേഷിച്ചിരിക്കുന്നു. അമേരിക്കയിലെ പള്ളികളിൽ മതകാര്യങ്ങൾക്കും,'സാന്മാർഗികതയ്ക്കും ഉള്ളതിനേക്കാൾ പ്രാധാന്യം മതവ്യാപാരത്തിനാണ്. 1927-ലെ ഒരു കണക്കിൻ പ്രകാരം അമേരിക്കക്കാരിൽ ക്രിസ്തുവിലും ബൈബിളിലും വിശ്വാസമുള്ളവർ 85% വും, പള്ളിയിൽ പോകുന്നവർ 77 ശതമാനവും, ഈശ്വരവിശ്വാസികൾ 91 ശതമാനവുമാകുന്നു.* അമേരിക്കക്കാർക്ക മതം വെറും ഒരു ഉപചാരപ്പൂ മാത്രമാണ്. ഡാളറിനു് (അമേരിക്കൻ നാണയം) ദൈവത്തെ കൂടാതെയും കഴിഞ്ഞുകൂടാം; അഥവാ സർവശക്തനായ ഡാളർ ആണു് ദൈവം; എന്നാണ അമേരിക്കരുടെ അഭിപ്രായം. ഐക്യസംസ്ഥാനത്തെ 'ഉത്തരകരോളിന' എന്ന സ്ഥലത്തുള്ള 3 ലക്ഷം ആളുകളിൽ അർദ്ധാംശവും യാതൊരു മതവുമില്ലാത്തവരും, മതസഭകളിൽ പെട്ടവരിൽതന്നെ നാലിൽ ഒരുഭാഗം ജനങ്ങളും യാതൊരു മതാചാരങ്ങളും അനുഷ്ഠിക്കാത്തവരുമാണെന്നു് ,ഗ്രേസ്, എന്നൊരു കത്തോലിക്ക മിഷ്യനറി 1929 ജൂൺ മാസത്തിലെ 'ജസ്റ്റ്' മിഷൻസ്' എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെ ഈ രാജ്യത്തിലെ മുക്കാൽഭാഗം ആളുകളും മതമില്ലാത്തവരായും, നാലിൽ ഒരുഭാഗം ഏതെങ്കിലും ഒരു മതവകുപ്പിൽ പെട്ടു്, നാമമാത്രമായെങ്കിലും അതിനെ വിശ്വസിക്കുന്നവരായും തീർന്നിരിക്കുന്നു. മെക്സിക്കോയിൽ നിന്നും കത്തോലിക്ക പുരോഹിതന്മാരെ നാടുകടത്തിയതും, അവരെ നാനാപ്രകാരത്തിലും ഉപദ്രവിച്ചതും, അവിടത്തെ ജനങ്ങളിൽ മതാസക്തിയും പുരോഹിതഭക്തിയും കുറഞ്ഞുപോയി എന്നുള്ളതിനെയല്ലേ പ്രത്യക്ഷീകരിക്കുന്നതു്?

ഇംഗ്ലണ്ടിൽ പള്ളിയിൽ പോകുന്നവരുടെ സംഖ്യ വളരെ വളരെ കുറുങ്ങിയിരിക്കുന്നു. പള്ളിയിൽ പോയികഴി

---

* ഈ കണക്കു് അങ്കിൾഷാം (Uncle Sham) എന്ന പുസ്തകത്തിൽ നിന്നാകുന്നു.

ക്കണമെന്ന നിർബന്ധമുള്ളസാമൂഹ്യചടങ്ങുകൾപോലും പള്ളിക്ക പുറത്തുവച്ച നടത്തുന്നതിന യൂറോപ്യന്മാക്ക സങ്കോചമില്ലാതായിട്ടുണ്ട്. 1932 ജനുവരിയിൽ 9 ദിവസംകൊണ്ട് 4500 ക്രിസ്ത്യൻ വിവാഹങ്ങൾ ലണ്ടനിൽ നടക്കുകയുണ്ടായതിൽ 2500 വിവാഹങ്ങളും പള്ളിയിൽ പോകാതെയും, ക്ലർജികളൊന്നും കൂടാതെയും ആണ നടത്തിയതു്. പള്ളിയിൽ ചെന്ന പട്ടക്കാരന്റെ മുൻപിൽ വച്ച ദൈവം സാക്ഷിയായി ചെയ്യേണ്ട വൈവാഹികർമ്മങ്ങൾ രജിസ്റ്റർ ആഫീസിൽവച്ച നിസ്സങ്കോചം രേഖപ്പെടുത്തിക്കൊണ്ട് നിറവേറ്റുന്നതിനാണ് ഈ 2500 വിവാഹങ്ങളിലേയും വധൂവരന്മാക്ക തോന്നിയതു്. സ്പെയിനിലെ പുരോഹിതമർദ്ദനവും മതമില്ലാത്ത അവസ്ഥിതിയെത്തന്നെ ദൃഷ്ടാന്തീകരിക്കുന്നു. നവീനാദർശങ്ങൾക്കും പരിഷ്ക്കാരങ്ങൾക്കും ഇന്നു കീർത്തിപ്പെട്ടിരിക്കുന്നടർക്കിയിലെ മതം എവിടെയെത്തിയിരിക്കുന്നു എന്നും നോക്കുക. ഉല്പതിഷ്ണുവും ധീരോദാത്തനുമായ 'മുസ്തഫാകെമാൽപാഷ' മത സാമ്രാട്ടായ ,കാലിഫി, നെ പിടിച്ചു നാടുകടത്തുകയും മറും ചെയ്തതു മതത്തിന്റെ അസ്തിവാരം അവിടെയും തകർന്നുതുടങ്ങിയിരിക്കുന്നു, എന്നുള്ളതിനു ദൃഷ്ടാന്തമല്ലേ? മതത്തോടും പുരോഹിതമേധാവിത്വത്തോടും പടവെട്ടി മിക്കവാറും ജയം നേടിയ ഒരു രാജ്യമാകുന്നു റഷ്യ. അവിടത്തെ സ്കൂളുകളിൽ മതം പഠിപ്പിക്കുന്നില്ലെന്നു മാത്രമല്ല, നിരീശ്വരത്വം പ്രധാനവിഷയമായി പഠിപ്പിക്കുകയും ചെയ്യുവരുന്നു. പുരോഹിതന്മാക്കിവിടെ രാഷ്ട്രീയമായി യാതൊരു കാര്യവുമില്ല. അവർക്ക വോട്ടവകാശം പോലുമില്ല. മതത്തിനനുകൂലമായി പള്ളിക്കുപുറമെ ശബ്ദിച്ചുകൂടാ. അപൂർവം ചില പള്ളികൾക്കുള്ളിലല്ലാതെ മതം റഷ്യയിൽ ഇല്ലാതായിരിക്കുന്നു. റഷ്യയുടെ ഈ മനസ്ഥിതിയിൽ അനുശോചിച്ച് റഷ്യയെപ്പറ്റി പൊതുപ്രാർത്ഥന നടത്തുവാൻ ,മാർപ്പാപ്പ,,

ഇട്ട ഉത്തരവിനെ പ്രതിഷേധിച്ച് മോസ്ക്കോപട്ടണത്തിൽ 7 ലക്ഷം ജനങ്ങൾകൂടി അവഹേളനം പ്രകടിപ്പിക്കയാണുണ്ടായത്. ക്രിസ്തു മതത്തോടും ബൈബിളിനോടും ഉള്ള അതിരറ്റ വെറുപ്പിനെ പ്രത്യക്ഷമാക്കുവാൻ റഷ്യയിൽ അടുത്ത കാലത്തു് ഒരു ബൈബിൾ ദഹനവും നടത്തുകയുണ്ടായി. ഇതെല്ലാം മതത്തോടും, വേദപുസ്തകങ്ങളോടും, പള്ളികളോടും മതോപദേഷ്ടാക്കളോടും എത്ര പുഛവും, വിരക്തിയുമാണ് റഷ്യാക്കാക്കുള്ളതെന്നുള്ളതിനു സാക്ഷ്യങ്ങളല്ലേ? ഇതുപോലെ തന്നെ ,,പോപ്പുനശിക്കട്ടെ,, എന്നുച്ചത്തിൽ ആർത്തുവിളിച്ചതും റോമിലെ പ്രസിദ്ധമായ പരിശുദ്ധ പത്രോസിന്റെ പള്ളി നശിപ്പിക്കുവാൻ ബോംബു നിക്ഷേപിച്ചതും മറ്റും രണ്ടുമൂന്നു കൊല്ലം മൻപേ ഇറാലിയിൽ നടന്ന സംഭവങ്ങളാണ്.

മഹാന്മാരെല്ലാം മതത്തിന്നനുകൂലികളാണെന്നു് പറയുന്ന മതവാദികളുടെ പ്രത്യേകശ്രദ്ധയ്ക്കായി ചില വിവരങ്ങൾകൂടി ഇനി കാണിക്കാം. ഫൈനയിലെ ഒരു പ്രസിദ്ധപത്രം അതിന്റെ വരിക്കാരിൽ വിദ്വാന്മാരായ 500 പേരെക്കൊണ്ടു് ഇന്നു ജീവിക്കുന്ന 8 മഹാന്മാരുടെ ഒരു ലിസ്റ്റ് എഴുതിയുണ്ടാക്കി. കൂട്ടത്തിൽ വോട്ടലഭിച്ച മഹാന്മാർ യഥാക്രമം, മഹാത്മാഗാന്ധി, മുസോളിനി, ഐയിൻസ്റ്റൈൻ, സ്റ്റാലിൻ, കെമാൽപാഷ, ബെർണാഡ്ഷാ, ടോസ്റ്റി, ബർട്രാണ്ടറസ്സൽ എന്നിവരാകുന്നു. ഇതിൽ മഹാത്മാഗാന്ധി, സത്യം ദൈവമാണെന്നു പറഞ്ഞു് ആയം ദൈവത്തെ അവഹേളിക്കുന്ന ആളും, മറ്റേഴുപേരും സംഘടിതമതങ്ങളേയും, മതാധിപന്മാരേയും മതാചാരങ്ങളേയും ഒരുപോലെ വെറുക്കുകയും മതം നശിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും ചെയ്യുന്നവരാണു്. ബുദ്ധിവികാസവും സ്വതന്ത്രചിന്താശീലവുമുള്ള പണ്ഡിതന്മാരിൽ അധികം പേരും ഈ വിധം മതവിശ്വാസം ഇല്ലാത്തവരാകുന്നു. ''പഞ്ചാ

ബിലെ സിംഹം'' എന്ന അപരാഭിധാനത്താൽ പ്രഖ്യാതനും വിശ്രുതനുമായിരുന്ന ലാലാലജപതറായി, തന്റെ ജീവിതാവസാനകാലത്ത് പ്രസിദ്ധനായ മി: ജി. ഡി. ബർളയ്ക്ക് അയച്ച ഒരു കത്തിൽ, തനിയ്ക്ക് ദൈവത്തിലും മതത്തിലും തീരെ വിശ്വാസമില്ലെന്ന തുറന്ന പ്രസ്താവിച്ചിട്ടുണ്ട്. ''എനിക്ക് ദൈവത്തിലൊ മതത്തിലൊ തീരെ വിശ്വാസമില്ലാതായിരിക്കുന്നു,, എന്നും ''മെല്ലെ മെല്ലെ ക്രമമായി, എന്നാൽ എത്തുയും തീർച്ചയായി ആ വിശ്വാസം തീരെ പോയിരിക്കുന്നു'' എന്നും ആണ് ധീരനും ഇന്ത്യൻ രാഷ്ട്രീയനഭോമണ്ഡലത്തിലെ ഉജ്വലതാരവുമായിരുന്ന ആ മഹാൻ പറഞ്ഞിട്ടുള്ളതു്. ഇന്ത്യയിലെ ഇന്നത്തെ യുവലോകചക്രവർത്തിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിനേയും രാജ്യാഭിമാനത്തിന്റെ മൂർത്തീകരണമായ സുബാഷ്ചന്ദ്രബോസിനേയും മതപ്രതിപത്തി ഇല്ലാത്തവരായിട്ടാണല്ലോ നാം അറിയുന്നതു്.

ദക്ഷിണഇന്ത്യയിൽ തമിഴ്നാട്ടിൽ വീരശ്രീ ഇ.വി. രാമസ്വാമിനായ്ക്കരവർകളുടെ നേതൃത്വത്തിൽ തുടങ്ങിയിട്ടുള്ള സ്വാഭിമാനപ്രസ്ഥാനം യഥാർത്ഥത്തിൽ നിർമ്മത പ്രസ്ഥാനമല്ലാതെ മറെറാന്നുമല്ല. തമിഴരെ ആകമാനം മതമയക്കത്തിൽനിന്നും ഉണർത്തി, ഉശിരും, ഉയർച്ചയും നഷ്ടപ്പെടുത്തി അതിശക്തിപൂർവ്വം കുതിച്ചുപായുന്ന ഒരു മഹാനിർമ്മിത പ്രവാഹംതന്നെയാണവിടെയുള്ളതു്. ഇതിന്റെ ശാഖകളും കൈവഴികളും തമിഴ്നാട്ടിന്റെ എല്ലാ ഭാഗങ്ങളിലും വ്യാപിച്ച മറുനാട്ടുകളിലേയ്ക്കും ആഞ്ഞുനീട്ടിത്തുടങ്ങിയിരിക്കുന്നു.

നമ്മുടെ കേരളത്തിലും, മതത്തിനും മതസ്ഥാപനങ്ങൾക്കും ദൈവത്തിനുംകൂടി എതിരായുള്ള ഒരടിയൊഴുക്ക് അതി വ്യാപ്തിയിലല്ലെങ്കിലും ശക്തിമത്തായി പായുന്നുണ്ടെന്നുള്ള പരമാർത്ഥം

വിസ്മരിക്കുന്നതല്ല. മതവിശ്വാസം തീരെ ഇല്ലാത്തവരും മതങ്ങളാകെ തുലയുവാൻ കൊതിക്കുന്നവരും ആയ അനേകസഹസ്രം ആളുകളും കേരളത്തിലുണ്ട്. നായന്മാരും, നമ്പൂരിമാരും, ക്ഷത്രിയരും, കത്തോലിക്കരും, തീയ്യരും, മുഹമ്മദീയരും എല്ലാവരും ഈ ഗണത്തിൽ പെട്ടിട്ടുമുണ്ട്. മതത്തോടും, പുരോഹിതമേധാവിത്വത്തോടും എതിർക്കുവാനുള്ള ഒരു വാസനയും ധൈര്യവും കേരളത്തിൽ ഏതു ഭാഗത്തും ഇന്നു കാണുന്നുണ്ട്. കൃത്യമായി കണക്കെടുത്താൽ പതിവായി പള്ളിയിൽ പോകാത്തവരാണ് കേരളത്തിലെ ക്രിസ്ത്യാനികളിലധികവും എന്നു കാണുവാൻ കഴിയും. പട്ടക്കാരോടുള്ള ഭക്ത്യാദരങ്ങളൊക്കെ മുൻപത്തേക്കാൾ ശൈഥില്യം വന്നിട്ടുണ്ടെന്നു സമ്മതിച്ചേ മതിയാകൂ. ''പട്ടക്കാരനുള്ള അധികാരം പള്ളിയിൽ'' എന്നത്രേ ഇന്നത്തെ ക്രിസ്തീയ യുവാക്കന്മാരിൽ അധികം പേരും അഭിപ്രായപ്പെടുന്നത്. കേരളീയ ഹിന്ദുക്കളുടെ മതവിശ്വാസം എന്തെന്നും, എത്രയ്ക്കുണ്ടെന്നും പറയേണ്ട ആവശ്യമില്ല. അതു കുഞ്ഞിഞ്ഞും പിശകിക്കുഞ്ഞും കിടക്കുന്ന പുസ്സുകം പോലെ, ഒന്നിനും നിജമില്ലാതെ അവരവർക്കു ഹിതമായുള്ള ഒരു ജീവിതം തന്നെയാണ്. ഹിന്ദുമതത്തിലെ ഏറ്റവും മതനിഷ്ഠയുള്ളവരെന്നും, മതാധിപന്മാരെന്നും കരുതിവരുന്ന കേരളബ്രാഹ്മണ സമുദായത്തിലെ 'ഉണ്ണിനമ്പൂതിരി'മാരുടെ വിപ്ലവപരമായ സമുദായ പരിഷ്കരണശ്രമങ്ങളും, മാമൂൽലംഘനങ്ങളും മറ്റും ഹിന്ദുമതത്തിന്റെ സന്ധിബന്ധങ്ങളും ചട്ടക്കൂടുകളുമെല്ലാം തകരുന്നു എന്നതിനെ വിളിച്ചറിക്കുകയല്ലേ ചെയ്യുന്നത്. ഇവിടെ നിന്നും ശുദ്ധനിർമ്മിത പ്രസ്ഥാനത്തിലേക്കു കാലുകുത്തുവാൻ ഹിന്ദുക്കൾക്കു് അധികം വിഷമമുണ്ടായിരിക്കയില്ലല്ലോ. മതകാര്യത്തിൽ തീവ്രനിഷ്ഠയുള്ളവരാണു മുഹമ്മദീയരെങ്കിലും മതം തീരെ ഇല്ലാത്തവരും, മതം

തുലയുവാൻ മോഹിക്കുന്നവരും അവരിൽ ഇല്ലാതില്ലെന്നുള്ള വിവരവും പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ തീയർ—തീയയുവാക്കൾ—മതത്തിന്റെ രസംപോലും ഊറാത്ത ഒരു നവയുഗം തന്നെ സൃഷ്ടിക്കുവാനുള്ള സംരംഭമാണ് ഇപ്പോൾ സമാരംഭിച്ചിരിക്കുന്നത്. 'സ്വതന്ത്രസമുദായ' പ്രസ്ഥാനം അതിന്റെ വ്യാപകമായ അർത്ഥത്തിലും, ഉദ്ദേശത്തിലും നിർമ്മിതപ്രസ്ഥാനം തന്നെയാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. 'അഖിലകേരള തീയ യുവജനസംഘ'ത്തിന്റെ നേതൃത്വത്തിൽ തുടങ്ങിയിട്ടുള്ള ഈ പ്രസ്ഥാനത്തെക്കാളും സമുദായത്തിന്റെ ഒന്നടങ്കമുള്ള ശ്രദ്ധയെ ആകർഷിക്കുവാൻ പര്യാപ്തമായ ഒരു പ്രസ്ഥാനം ഇതുവരെ സമുദായം ഏറ്റെടുത്തിട്ടില്ല. ഈഴവരുടെ മാത്രമല്ല, ഇതരസമുദായങ്ങളുടേയും ഗാഢമായ ശ്രദ്ധയെ ത്വരിപ്പിക്കുവാൻ ഈ പ്രസ്ഥാനത്തിനു് ഇതുയും കുറഞ്ഞകാലം കൊണ്ടുതന്നെ കഴിഞ്ഞിട്ടുണ്ടു്. ഈഴവനേതാക്കന്മാരിൽ മിക്കവാറും എല്ലാവരും തന്നെയും, ഈഴവയുവാക്കളിൽ ഭൂരിഭാഗവും നിർമ്മിതപ്രസ്ഥാനം തന്നെയായ സ്വതന്ത്രസമുദായവാദികളായിത്തീർന്നിരിക്കുന്നു. സമുദായനേതാവായ എസ്. എൻ. ഡി. പി. യോഗം പ്രസിഡൻറ് ശ്രീമാൻ സി. കൃഷ്ണൻ അവർകളും ബി. ഏ., ബി. എൽ., എം. എൽ. സി. (മദ്രാസ്) സ്വതന്ത്ര സമുദായവാദത്തിന്റെ ജനയിതാവാകുന്നു. വലിയ പ്രക്ഷോഭകാരിയും ധീരോദാത്തനുമായ എസ്. എൻ. ഡി. പി. യോഗം ജനറൽ സിക്രട്ടറി ശ്രീമാൻ സി. കേശൻ അവർകളും ബി. ഏ. ബി. എൽ. സ്വതന്ത്രസമുദായവാദത്തിനു് നിദാനമായ 'അഖിലകേരളതീയയുവജനസംഘം' പ്രസിഡൻറാണു്. പ്രസിദ്ധനും ആദർശതനുവുമായ 'സഹോദരൻ' പത്രാധിപർ ശ്രീമാൻ കെ. അയ്യ

സ്പൻ അവർകളും ബി. എ. എം. എൽ. സി. (കൊച്ചി) നിർമ്മിതപ്രസ്ഥാന പ്രവാചകനുമാകുന്നു. ഈ സേനാധിപന്മാരുടെ കീഴിൽ കേരളീയ തീയയുവാക്കളും, മതരാക്ഷസിയിൽ നിന്നും അവരും അവരുടെ പൂർവ്വപിതാക്കന്മാരും സഹിച്ച മർദ്ദനത്തിനു് പ്രതികാരമായി, ആ ഭയങ്കരിയെ കീഴടക്കിക്കളച്ചിക്കെട്ടി അറേബ്യൻ കടലിൽ എറിയുവാൻ തന്നെ സന്നദ്ധരായിക്കഴിഞ്ഞിരിക്കുന്നു.

റോമിലെ കത്തോലിക്കാ വിശ്വാസവർഷസെൻടൽ കമ്മറ്റിക്കാർ ഈ അടുത്തഅവസരത്തിൽ പുറപ്പെടുവിച്ച ഒരു കണക്കിൻപ്രകാരം ലോകത്തിൽ നാലുശതമാനം ആളുകൾ കേവലം നാസ്തികന്മാരാണു്. ഇതു് മതപ്രചരണവിഷയത്തിൽ മുന്നിട്ടുനിൽക്കുന്ന കത്തോലിക്കരുടെ കണക്കായതുകൊണ്ടു് നാസ്തികന്മാരുടെ സംഖ്യ 4 ശതമാനത്തിൽ ഒട്ടും തന്നെ കുറവായിരിക്കുവാൻ തരമില്ല. കത്തോലിക്കർ 19 ശതമാനമാണെന്നും ഈ കമ്മറ്റിക്കാർ പ്രഖ്യാപനം ചെയ്തിരിക്കുന്നു. 19 കത്തോലിക്കർക്കു 4 നാസ്തികന്മാർ വീതം ലോകത്തുണ്ടെന്നല്ലേ ഈ കണക്കുകൊണ്ടിവർ സമ്മതിച്ചുതന്നിരിക്കുന്നതു്. ഏതാണ്ടു 2000 കൊല്ലകാലത്തോളം അതിതീവ്രമായ മതപ്രചരണം നടത്തിയിട്ടും— അതേ, മതപ്രചരണത്തിനായി രാജശക്തിയും, ധനശക്തിയും, മന്ത്രശക്തിയും, പുരോഹിതപ്രഭാവവും, വാളും, തോക്കും ഉപയോഗിച്ചു നിരന്തരം പരിശ്രമിച്ചിട്ടും— കത്തോലിക്കർ നൂറിനു 19 മാത്രം! നേരെമറിച്ചു യാതൊരു ശക്തിയുടേയും സഹായവും സഹകരണവും കൂടാതെയും, മേൽപറഞ്ഞ മഹാശക്തികളുടെ പ്രതിരോധങ്ങളെ തരണം ചെയ്തും, ഏറിയാൽ കാൽ നൂറ്റാണ്ടുകാലത്തെ അതിപ്രശാന്തവും ജ്ഞാനദീപ്തവുമായ മാനസാന്തരീകരണംകൊണ്ടുതന്നെ ലോകത്തിൽ നൂറിനു 4 പേരും നി

ദീശ്വരന്മാരായിത്തീർന്നിരിക്കുന്നു! ഈ നിലക്കു് മുന്നോട്ടുപോയാൽ ലോകം മുഴുവനും നാസ്തികരേക്കൊണ്ടു നിറയുവാൻ ഏറക്കാലത്താമസം വേണ്ടെന്നു് ആർക്കും ബോദ്ധ്യമാകുന്നതാണല്ലോ. വിശ്വാസവർഷക്കമ്മറ്റിക്കാരുടെ കണക്കുതന്നെ നാസ്തികത്വം പരസ്യമായി സമ്മതിക്കുന്നവരെ മാത്രം ചേർത്തുള്ള കണക്കാണു്. ഇതു കേരളത്തിലെ നിർമ്മിതപ്രസ്ഥാനക്കാരെയും മറ്റും പോലുള്ള ലക്ഷോപലക്ഷം ആളുകളെക്കൂടി കൂട്ടിച്ചേർത്തിട്ടുള്ള കണക്കും അല്ല. ജീവിതരീതികൊണ്ടു നിരീശ്വരന്മാരും, എന്നാൽ കീഴ്പതിവും റിക്കാർഡും കൊണ്ടു മാത്രം മതാവലംബികളുമായിക്കഴിയുന്ന ഇന്ത്യയിലേയും മറ്റു രാജ്യങ്ങളിലേയും യുക്തിവാദികളെക്കൂടി കൂട്ടിയാൽ ഇന്നു ലോകത്തിൽ നാസ്തികന്മാരുടെ സംഖ്യ 4 ശതമാനത്തിനുപകരം 40 ശതമാനമെങ്കിലുമായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഇങ്ങനെ മതംമാത്രമല്ല, ദൈവവുംകൂടി വേണ്ടെന്നു തീർച്ച ചെയ്തിട്ടുള്ളവർക്കു മറ്റുള്ളവരേക്കാൾ യാതൊരു പ്രകാരത്തിലും താഴ്ചയുള്ളതായി അറിവില്ല. ഇതിനും 'ബോൾഷെവിക്കു'; റഷ്യ ഒരു മാനദണ്ഡമാകുന്നു. ഭൂമിയുടെ ആകെ വിസ്തീർണ്ണത്തിൽ ഏഴിലൊരു ഭാഗമുള്ളതും, 1500 ലക്ഷം ജനങ്ങളം അധിവസിക്കുന്നതുമായ റഷ്യ ഇന്നു് എത്ര സന്തുഷ്ടിയോടെ ജീവിതനിർവഹണം ചെയ്യുന്നു! ഉണ്ണാനും ഉടുക്കാനുമില്ലാതെയും, വേലയും കൂലിയും കിട്ടാതെയും മനുഷ്യർ കഷ്ടപ്പെട്ട വലയുമ്പോഴും റഷ്യാക്കാർ സുഖമായി ഉണ്ണുന്നു; സൈര്യമായി കഴിയുന്നു. അവിടെ തൊഴിലില്ലായ്മ തീണ്ടുന്നുമില്ല. നീചമായ മുതലാളി തൊഴിലാളി വ്യത്യാസവും, ദുഷിച്ച ഉൽകൃഷ്ടാപകൃഷ്ട ചിന്തയും അവിടെയില്ല. അവിടെ ഏവരും ഏക

യോഗക്ഷേമമായും സംതൃപ്തരായും ജീവിക്കുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും തമ്മിൽ അസമത്വങ്ങളും അവിടെയില്ല. വിദ്യാഭ്യാസം 100-നു് 90 ആയിരിക്കുന്നു. എവിടെയും സുഖം; എവിടെയും സമാധാനം; എവിടെയും സന്തോഷമയം. ഇതിൽപരം മനുഷ്യനു മറ്റെന്തു വേണം? മതങ്ങളും ദൈവങ്ങളുംകൂടി ഇതുവരെ പരിശ്രമിച്ചിട്ടും കണ്ടുകിട്ടാത്ത ഈ പരമാനന്ദം—അതേ; ഭൂമിയിൽ നാകംചമച്ചു വസിക്കുന്ന പരമാനന്ദം—പുരോഹിതന്മാരേയും, ദൈവങ്ങളേയും വേണ്ടെന്നു വച്ച റഷ്യ വെറും പത്തുപതിനേഴു കൊല്ലംകൊണ്ടു സ്വായത്തമാക്കിയിരിക്കുന്നു. നേരേമറിച്ചു മതത്തിനേറെയും പുരോഹിതരുടേയും വാഴ്ചക്കാലമെന്നു തികച്ചും പറയാമായിരുന്ന സാർ ചക്രവർത്തിയുടെ ഭരണകാലത്തു്, റഷ്യക്കാർ അനുഭവിച്ചിരുന്ന ദുരന്ത ദുരിതങ്ങളെപ്പറ്റി പറയാതിരിക്കുകയാണു ഭേദം. വിസ്തരിക്കാതെയും അവധി നിർണ്ണയിക്കാതെയും തടവിലിടുക, നാടു കടത്തുക, വെറും ശങ്കാവേശത്താൽ ബന്ധനസ്ഥരാക്കുക, രാജ്യകാര്യങ്ങളെ ആസ്പദമാക്കി നിഷ്ക്കരുണം വധിക്കുക മുതലായ ക്രൂരകൃത്യങ്ങൾപോലും ഒരുവകതമാശയായിട്ടെന്നവണ്ണമാണു് റഷ്യയിൽ ഒരു കാൽനൂറ്റാണ്ടിനു മുൻപുവരെ നടന്നിരുന്നതു്. ഒരു കൊല്ലത്തിൽ ശരാശരി 18,000 ആളുകളെവീതം നാടുകടത്തിക്കൊണ്ടിരുന്നു എന്നു പറഞ്ഞാൽ ആ ഭരണം എത്ര മർദ്ദനപരമായിരിക്കണം? മതമത്തനായ സാറിന്റെ ഭരണരീതിയെ തെളിയിക്കുവാനും, മതവാഴ്ചക്കാലത്തു റഷ്യൻജനത അനുഭവിച്ച ദുരിതങ്ങൾ ഗ്രഹിക്കുവാനും ഈ ദൃഷ്ടാന്തങ്ങൾ മതിയാകുമല്ലോ. മഹാചിന്തകനും പ്രസിദ്ധഗ്രന്ഥകാരനുമായ ബർണ്ണാഡ്ഷാ റഷ്യയെപ്പറ്റി പറഞ്ഞിട്ടുള്ളതുകൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. "നിന്ദ്യമായ സാറിന്റെ ഭരണകാലത്തു് മടിപിടിച്ചും, മദ്യ

പിച്ചും, വൃത്തികെട്ടും, അന്ധവിശ്വാസത്തിൽപെട്ടും അടിമ ബുദ്ധിയായും കെട്ടുകിടന്ന ദൃശ്യം, ഇപ്പോഴും ഉണർന്നു പ്രസരിപ്പും സ്വബോധവും വൃത്തിയും നവീനവിജ്ഞാനവും സ്വാതന്ത്ര്യ ബുദ്ധിയും പ്രത്യാശയും തികഞ്ഞ നിസ്വാർത്ഥകർമ്മണിസ്റ്റ് രാജ്യമായിരിക്കുന്നു.'' മതത്തിന്റെ അസ്തിവാരം ഉടഞ്ഞു ഞെരിഞ്ഞു തകർന്നുവരുന്നു എന്നുള്ളതിനേയും, ഏതാനും പുരോഹിതന്മാർക്കുവേണ്ടി മാത്രമാണു് അതിനു നിലനില്പുള്ള തെന്നുള്ളതിനേയും ഇതുവരെ വിവരിച്ചിട്ടുള്ള സംഗതികളും വെളിവാക്കുന്നുണ്ടല്ലോ.

മതവും ദൈവവും ഭരിച്ച ലോകം.

മതങ്ങളും ദൈവങ്ങളും പുരോഹിതവൃന്ദങ്ങളും കൂടി ഭരണം നടത്തിയ ഈ ലോകസ്ഥിതി എങ്ങിനെയിരിക്കുന്നു എന്നു നോക്കുവാനാണു് ഇനി ഞാൻ എന്റെ വായനക്കാരെ ക്ഷണിക്കുന്നതു്. സുഖമായ ജീവിതം എല്ലാ മനുഷ്യരും കാംക്ഷിക്കുന്ന ഒന്നാണു്. എന്നാൽ ഈ ലോകമോ സുഖത്തിനു പകരം ദുഃഖം കൊണ്ടുനിറഞ്ഞിരിക്കുന്നു. എവിടെയും അസ്വസ്ഥത, അസംതൃപ്തി, അസമാധാനം, അനീതി, അക്രമം, അപഹരണം ഇവയല്ലാതെ നാം കാണുന്നില്ല. ദാരിദ്ര്യവും, പട്ടിണിയും, രോഗവ്യാധിയും, അജ്ഞതയും, വിദ്വേഷവും മറ്റുമാകുന്ന ഘോരദുരിതങ്ങളിൽ പെട്ടു് നരലോകം കഷ്ടപ്പെട്ടുകൊണ്ടേയിരിക്കുന്നു. ദൈവത്തേയും മതത്തേയും പറ്റി കേൾക്കുവാൻ തുടങ്ങിയകാലം മുതൽതന്നെ മനുഷ്യർ ഈ ദുരി

തങ്ങൾക്കു വശഗരായി കഴിഞ്ഞുകൂടുന്നു. 6000-ത്തിലുമധി കം കൊല്ലം മതങ്ങളും ദൈവങ്ങളും കൂടി ഭരണം നടത്തിയി ട്ടും മനുഷ്യരുടെ ബുദ്ധപ്പാടുകളും ഞെരുക്കങ്ങളും ഒന്നിനൊന്നു കൂടിക്കൂടി വരുന്നതല്ലാതെ കുറഞ്ഞു കാണുന്നില്ല. വളരെ അർവാചീനമായ മഹാഭാരതകാലത്തും, അതിനുമപ്പുറം വൈ ദികകാലത്തും, പട്ടിണിയും ദാരിദ്ര്യതയും ഉണ്ടായിരുന്നതായി നമുക്കറിയുവാൻ കഴിഞ്ഞിട്ടുണ്ട്. ഏഴു കൊല്ലക്കാലം തുടർച്ച യായി ഭാരതഭൂമിയിൽ ക്ഷാമമുണ്ടായെന്നു മഹാഭാരതത്തിൽ വിവരിച്ചിട്ടുണ്ടല്ലോ? അക്കാലങ്ങളിലെ ക്ഷാമത്തിൽപെട്ട് രാജാക്കന്മാർപോലും ''താളംതകരയും അശന''മാക്കിയതായി കുഞ്ചൻനമ്പ്യാർ വർണ്ണിച്ചിട്ടില്ലേ? ഇന്നത്തെ സ്ഥിതിയാക ട്ടെ, ഇതിലും എത്രയോ ഭയങ്കരമായിരിക്കുന്നു! ഇന്ത്യയിൽ ഏഴെഴുപ്പകോടി മനുഷ്യജീവികളും, ലോകത്തുള്ള ആകെ ജന സംഖ്യയിൽ നാലിൽ ഒന്നും ഉണ്ണാനും ഉടുക്കാനും കിടക്കാന മില്ലാതെ വലയുന്ന വെറും പട്ടിണിപ്പാവങ്ങളാണ്. പൊതു വിൽ 90 ശതമാനം ആളുകളും ഒരുപ്രകാരത്തിലല്ലെങ്കിൽ മറെറാരു പ്രകാരത്തിൽ കഷ്ടപ്പെടുന്നവരായിട്ടാണ് ഇന്നു ലോകത്തിൽ കാണുന്നതു്.

ഈയിടെ ജർമ്മനിയിൽ വിവാഹത്തിനും സന്തതൃല്പാ ദനത്തിനും അപ്രാപ്തരായ 4ലക്ഷം ആളുകളുടെ ബീജവധം ചെയ്യുകയുണ്ടായി. ഇത്ര അനാരോഗ്യരായ ലക്ഷംപേർ ജർ മ്മനിയിൽ ഉണ്ടെങ്കിൽ ഇങ്ങനെ ബീജനാശം ചെയ്യപ്പെടേ ണ്ടവരായി എത്രയോ ലക്ഷം ജനം ലോകത്തുണ്ടായിരിക്കു ണം?

പഴുത്തും, പൊട്ടിയും, ഒലിച്ചും, പുഴുത്തുനാറുന്ന വ്രണ ങ്ങളോടുകൂടിയ കുഷ്ഠരോഗികളെക്കൊണ്ടു നിറഞ്ഞ ''ലപ്പർ അസ്സൈല''ങ്ങൾ (കുഷ്ഠരോഗാശുപത്രി) ലോകത്തിൽ എത്ര?

കണ്ണുകഴിഞ്ഞും കവിളൊട്ടിയും, നെഞ്ചുന്തിയും എന്നുവേണ്ട, തീരെനേരിയ തോലാൽ പൊതിഞ്ഞു്, അസ്ഥിമാത്രശരീരികളായി, ചുമയും കൊരയുംകൊണ്ടു് ഏങ്ങിവലിഞ്ഞു വെറും മനുഷ്യപ്രേതം പോലെ കഴിച്ചുകൂട്ടുന്ന ക്ഷയരോഗികളും നിറഞ്ഞ ആസ്പത്രികളും എത്ര? നാനാവിധത്തിലുള്ള മഹാരോഗങ്ങളാൽ അവശരായി അശരണരായി കഷ്ടപ്പെട്ട നരകിച്ചു്, വാവിട്ടുകേഴുന്ന രോഗികളാലും, പ്രസവവേദനയാൽ വശംകെട്ട തളർന്നുവീണുഴലുന്ന ആസന്നപ്രസൂതികളാലും; സഹിക്കവയ്യാത്ത വേദനയുള്ള വ്യാധികളാൽ തകിടം മറിഞ്ഞു കരയുന്ന പിഞ്ചുകിടാങ്ങളാലും നിറയപ്പെട്ട ആതുരശാലകളും എത്ര? കഷ്ടതകളുടേയും ദുഃഖങ്ങളുടേയും മലിനതകളുടേയും പ്രദർശനശാലയെന്നുപറയാവുന്ന ഈ ദുരിതനികേതനങ്ങളും സന്ദർശിക്കുന്ന ഒരാൾക്കു് മതവാഴ്ചയും, ദൈവഭരണത്തേയും പറ്റി എന്തഭിപ്രായമാണുപറയുവാൻ തോന്നുന്നതു്? ഈ മഹാദുരിതങ്ങളും എല്ലാം ഇവറ്റകളും ചെയ്തപാപഫലമാണെന്നും, അതെല്ലാം അനുഭവിച്ചുതീരുന്നതു് പാപത്തിന്റെ ശുദ്ധീകരണമാണെന്നും ഉള്ള നാണമില്ലാത്ത ബൈബിൾ വാദംതന്നെ ഇവിടെയും പറയുമോ? അങ്ങനെ പറഞ്ഞാൽ അവൻ, മനുഷ്യരുടെ ദുരിതാന്ത ദുരിതങ്ങളും അത്രയും കണ്ടിട്ടും കണ്ണടച്ചു മിണ്ടാതിരിക്കുന്ന പൊണ്ണനായ ദൈവത്തേപ്പോലെ, പരമദുഷ്ടനും മഹാക്രൂരനും ആയിരിക്കണം. മാത്രമല്ല, ഈ ബൈബിൾവാദം സ്വീകരിക്കുന്ന പക്ഷം ഇന്നത്തെ ആസ്പത്രികളും അസ്സൈലങ്ങളും മറ്റും സ്ഥാപിച്ചു രോഗശുശ്രൂഷ ചെയ്യുന്നതു് ദൈവഹിതത്തിനുവിപരീതവും, തന്മൂലം അതുതന്നെ പാപവുമായിത്തീരുകയില്ലേ?

ഇങ്ങനെ നാനാവിധത്തിലും ഉള്ള കഷ്ടപ്പാടുകളും ഞെരുക്കങ്ങളും പീഡനങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്നതാണു ലോകസ്ഥിതി. എങ്കിൽ മനുഷ്യരുടെ ദുരിതനിവാരണത്തിനായി മതം എന്തു ചെയ്തിട്ടുണ്ടു് എന്നു ചോദിക്കുവാൻ നമുക്കവകാശമില്ലേ? വിശന്നു പൊരിയുന്ന ഒരുവനെങ്കിലും മതം ഊട്ടിയിട്ടുണ്ടോ? ഒരൊറ്റ അസ്വതന്ത്രനെയെങ്കിലും സ്വതന്ത്രനാക്കിയിട്ടുണ്ടോ? ഒരു രോഗിയെ എങ്കിലും ആശ്വസിപ്പിച്ചിട്ടുണ്ടോ? ഒരു മഹാമാരിയെങ്കിലും തടഞ്ഞിട്ടുണ്ടോ? മനുഷ്യരുടെ ദാരിദ്ര്യം, ക്ഷാമം, ആധി, വ്യാധി ആദിയായുള്ള മാരണങ്ങളെ മാറ്റുവൻ മതം എന്തു ചെയ്തിട്ടുണ്ടു്. കുഷ്ഠം, കാൻസർ, പണ്ടു്, പ്രമേഹം, ക്ഷയം, മന്തു് മുതലായ മഹാരോഗങ്ങളുടെ നിവാരണത്തിനായി വല്ലതും ചെയ്യുവാൻ മതത്തിനു കഴിഞ്ഞിട്ടുണ്ടോ? ജന്തുബലി മാത്രമല്ല നരബലി കൂടിയും മതങ്ങളുടെ അപരിത്യാജ്യമായ പുണ്യകർമ്മമായി കരുതി, ആ നിലയ്ക്കു മനുഷ്യരെ കൊന്നൊടുക്കിയിരുന്നതല്ലാതെ, അവരെ തമ്മിൽ തല്ലിച്ചു വംശഛേദം വരുത്തുന്ന അതിഭയങ്കരയുദ്ധങ്ങളിൽ ഒന്നിനെയെങ്കിലും തടയുവാൻ മതത്തിനു സാധിച്ചിട്ടുണ്ടോ? മതം നമ്മുടെ സഞ്ചാരത്തിനും ഉപയോഗത്തിനും മാറും ഉതകുന്ന ഏതെങ്കിലും ഒരു വസ്തു മനുഷ്യസമുദായത്തിനായി പ്രദാനം ചെയ്തിട്ടുണ്ടോ? കപ്പൽ, തീവണ്ടി, മോട്ടാർ, വിമാനം, കമ്പിത്തപാൽ വൈദ്യുതയന്ത്രങ്ങൾ ആദിയായി മനുഷ്യോപയോഗയോഗ്യങ്ങളായ സാധനങ്ങളിൽ ഒന്നുംതന്നെ മതം ലോകത്തിനു നൽകീട്ടില്ല. നേരേമറിച്ചു് ഇവയുടെ എല്ലാം പ്രചാരത്തേയും വിനിയോഗത്തേയും തടയുക മാത്രമാണു ചെയ്തിട്ടുള്ളതു്. മനുഷ്യനു സുഖവും സൗകര്യവും പ്രദാനം ചെയ്യുന്ന ഈവക സാമഗ്രികളെ ലോകത്തിനു സംഭാവനചെയ്തിട്ടുള്ളതു

സയൻസാകുന്നു. സയൻസു നമുക്കു തിന്നുവാൻ ആഹാരവും നമുക്കുടുക്കുവാൻ വസ്ത്രവും, നമുക്കു കിടക്കുവാൻ വീടും തന്നു. സയൻസു നമുക്കു വെള്ളത്തിനുള്ളിലും, വെള്ളത്തിനു മീതേയും, കരയിലും, ആകാശത്തിലും സഞ്ചരിക്കുവാൻ വാഹനങ്ങളും തന്നു. എന്നുവേണ്ട നമുക്കു് ജീവിതാനന്ദത്തിനും, ജീവിത സൗകര്യത്തിനും എല്ലാറ്റിനും ഉപയുക്തമായ ഉപകരണങ്ങളും തന്നിട്ടുള്ളതും സയൻസ്സാകുന്നു. സയൻസ്സിന്റെ വകയല്ലാതെ മതത്തിന്റെയോ ദൈവത്തിന്റെയോ വകയായി ഒന്നും ഈ ലോകത്തിനു കിട്ടിയിട്ടില്ല. ഇതാണു് വിശ്വവിശ്രുതനായ സർ. സി. വി. രാമൻ സയൻസ്സെഴുച്ചുള്ളതത്രയും പുട്ടു് പാമ്പലാക്കുവാൻ ഉൽബോധിപ്പിക്കുന്നതു്.

ആകട്ടെ, ഇനി നമുക്കു് ദൈവസന്നിധിയിലേക്കു ചെല്ലാം. ദൈവത്തിനുണ്ടെന്നു വിശ്വാസികളും പറയുന്ന ഗുണങ്ങളും കണ്ടെത്തുകയാണു് ഇനി നമുക്കു ചെയ്യുവാനുള്ളതു്. ഈ ലോകത്തെ ഭരിക്കുന്നതെന്നും, മനുഷ്യനു വല്ല ഗുണവും ദൈവത്തെക്കൊണ്ടു സാദ്ധിക്കുന്നുണ്ടോ എന്നും നമുക്കു നോക്കാം. ദൈവം ഉണ്ടോ ഇല്ലയോ എന്നല്ല, ദൈവത്തിന്റെ 'കൈ' ഈ വിശ്വത്തിൽ എങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു മാത്രമാണു് നമുക്കറിയുവാനുള്ളതു്. ഈ ജഗത്തിലെ നന്മതിന്മകൾക്കും നിലനില്പിനും ദൈവം എത്രമാത്രം ഉത്തരവാദിയായിട്ടുണ്ടു്? ഇക്കാണുന്ന സകല ചരാചരങ്ങളുടേയും സൃഷ്ടികർത്താവു് ദൈവം തന്നെയെന്നല്ലെ മതം പറയുന്നതു്. ശരി എങ്കിൽ; എന്തിനു വേണ്ടി ദൈവം ഈ ദുരിതപൂർണ്ണമായ ലോകത്തെ—ഈ നരകത്തെ—സൃഷ്ടിച്ചു? എന്നാണു്, ഒന്നാമതായി നമുക്കറിയേണ്ടതു്. ജീവികൾക്കു സുഖം നൽകുവാൻവേണ്ടിയാണീലോകത്തെ സൃഷ്ടിച്ചതു് എന്നാണു മറുപടിയെങ്കിൽ, ജീവികളെല്ലാം എവിടെയും എപ്പോഴും സുഖത്തിലും സന്തുഷ്ടിയിലും കഴിഞ്ഞു

ക്കുടണ്ടേ? എന്നാൽ ഇതാണോ നമ്മുടെ അനുഭവം? ദൈവം വെറുതെ അങ്ങനെ സൃഷ്ടി നടത്തി എന്നാണെങ്കിൽ, അദ്ദേഹം ഒന്നുകിൽ ഒരു വിചാരശൂന്യനോ, അല്ലെങ്കിൽ വെറും ഒരു തമാശക്കാരനോ ആയിരിക്കണം. അറിയാപ്പൈതൽ തീകൊണ്ടു കളിച്ചപകടം ഉണ്ടാക്കും പോലെ ദൈവം എന്തിനുവേണ്ടി അപകടപ്പുമായ ഈ സൃഷ്ടിക്കളിക്കൊരുങ്ങി? സൃഷ്ടി, ദൈവത്തിന്റെ പതിവും നിയമവും ആകുന്നു എന്നു പറയുന്ന പക്ഷം സർവ്വശക്തനായ ദൈവം അദ്ദേഹത്തിന്റെ തന്നെ നിയമത്താലും പതിവിനാലും ബന്ധിതനായ ഒരു അടിമയാണോ എന്നു ചോദിക്കേണ്ടിവരും. അപ്പോഴും ദൈവവാദികും വിഷമിക്കും. ദൈവത്തിന്റെ തന്നെ സുഖത്തിനുവേണ്ടി ഈ ലോകസൃഷ്ടി ചെയ്തു എന്നായിരിക്കും ഇനി പറയുന്നതു്. എങ്കിൽ സൃഷ്ടിക്കു മുൻപു് ദൈവത്തിനു് അസുഖം എന്തായിരുന്നു എന്നു ബോദ്ധ്യപ്പെടുത്തണം. അതുമല്ല നിത്യനൂതനം സദാനന്ദനമായ അദ്ദേഹത്തിനു് എപ്പോഴെങ്കിലും അസുഖത്തിനു വഴിയുണ്ടാകുന്നതുമാണോ? ദൈവത്തിന്റെ ഒരാളുടെ സുഖത്തിനായി വിദ്വേഷവും ദുഃഖവും ദാരിദ്ര്യവും പട്ടിണിയും രോഗങ്ങളും കൊണ്ടു നിറഞ്ഞ ഈ ലോകത്തെ സൃഷ്ടിച്ചു എന്നു പറഞ്ഞാൽ ദൈവം ഇത്ര നീചനായ സ്വാർത്ഥതല്പരനോ എന്നായിരിക്കും ചോദിക്കുന്നതു്.

സൃഷ്ടിയുടെ ഉദ്ദേശം എന്തുതന്നെയുമാകട്ടെ, എന്നു വാദത്തിനു വണ്ടി സമ്മതിച്ചുകൊടുത്താലും മറ്റുചില സംശയങ്ങൾക്കു സമാധാനം പറയേണ്ട ബാദ്ധ്യത ദൈവവാദികളിൽ വീണ്ടും ശേഷിക്കുന്നുണ്ടു്. ഒന്നാമതു് സൃഷ്ടിക്കുമുൻപുള്ള അവസ്ഥ എന്തായിരിക്കണം? അതുകേവലം ശൂന്യം തന്നെ എന്നല്ലാതെ ഉത്തരം കിട്ടുവാൻ നിവൃത്തിയില്ല. അങ്ങനെയാണെങ്കിൽ ഈ ശൂന്യാവസ്ഥയിൽനിന്നും ഇക്കാണാവുന്ന

സചേതനാചേതന വസ്തുജാലങ്ങളെയും നിറഞ്ഞ ഈ ബ്രഹ്മാണ്ഡകടാഹത്തെ സൃഷ്ടിക്കുവാനുള്ള ഉപകരണവിധാനങ്ങളും ദൈവം എവിടെനിന്നും ഉണ്ടാക്കി എന്ന ചോദ്യത്തിനും ഉത്തരം പറഞ്ഞുതരണം. ഇല്ലായ്മയിൽ നിന്നും ദൈവമാകുന്ന ശില്പി ഈ പ്രപഞ്ചം ചമച്ചെടുത്തെന്നു തന്നെ അന്ധമായി നാം വിശ്വസിച്ചാലും, പ്രപഞ്ചശില്പിയായ ദൈവത്തെ ആരു സൃഷ്ടിച്ചു, അല്ലെങ്കിൽ എങ്ങനെ എന്തു കാരണത്താൽ ഉണ്ടായി എന്നുള്ള ചോദ്യം ശേഷിക്കുന്നില്ലേ?

പോകട്ടെ; ഇനി നമുക്കു ദൈവത്തിന്റെ നീതിശക്തി സ്നേഹം ആദിയായ ഗുണവിശേഷങ്ങളെപ്പറ്റി ചിന്തിച്ചു നോക്കാം. "ദൈവം നന്മനിറഞ്ഞവനാകുന്നു" എന്നു ദൈവാദികം പറയുന്നു. എന്നാൽ, ബുദ്ധിയും കായബലവും കുറഞ്ഞ ജീവികളെ, കരുത്തും കൗശലവുമേറിയ ജീവികളും കൊന്നുതിന്നുന്നതു് ആരുടെ നന്മയ്ക്കുവേണ്ടിയായിരിക്കും? അമ്മയുടെ നെഞ്ചുരുമ്പിൽ ഊറുന്ന അമൃതരസം നുകർന്നു സുഖിച്ചിരിക്കെ കൈക്കുഞ്ഞുങ്ങൾ മരണമടയുന്നതുകണ്ടു കരളുപൊട്ടുന്ന അമ്മമാർ സർവ്വേശ്വരന്റെ നന്മയെപ്പറ്റി എന്തു പറയും? നാക്കുണ്ടെങ്കിലും സംസാരിപ്പാൻ കഴിയാത്തവനും, ചെവിയുണ്ടെങ്കിലും കേൾവിയില്ലാത്തവനും, കണ്ണുണ്ടെങ്കിലും കാഴ്ചയില്ലാത്തവനും, കാലുണ്ടെങ്കിലും നടക്കുവാൻ പാടില്ലാത്തവനും ദൈവത്തിന്റെ നന്മയെപ്പറ്റി വാഴ്ത്തിസ്തുതിക്കുമോ?

"ദൈവസൃഷ്ടിയ്ക്കു് പ്രത്യേക കരുതലും ഉദ്ദേശവും ഉണ്ടെ"ന്നു പറയാറുണ്ടു്. വേലയെടുക്കാത്ത മടിയൻ ഉണ്ടുസുഖിക്കുകയും, എല്ലുമുറിയെ പണിയെടുക്കുന്ന പരിശ്രമി പട്ടിണി കിടന്നു കഷ്ടപ്പെടുകയും ചെയ്യത്തക്കവിധമുള്ള സാമൂഹ്യഘടനയും, സാമ്പത്തികസ്ഥിതിയും, ഏർപ്പെടുത്തിയതിന്റെ ഉദ്ദേശമെന്തായിരിക്കും? ഊഹാതീതമായ ഗതിവേഗത്തിൽ പാഞ്ഞുകൊണ്ടിരിക്കുന്ന നക്ഷത്രസമൂഹങ്ങൾ അന്യോന്യം കൂട്ടിമുട്ടി

ക്ഷിണനിന്നുമാകുകയും, നശിക്കുകയും, ഉണ്ടാകുകയും, ചെയ്യുകൊണ്ടിരിക്കുമ്പോഴും ദൈവത്തിന്റെ ഏകനായകഭരണത്തെയും സൃഷ്ടിയുടെ ഉദ്ദേശത്തേയും കുറിച്ചു നിനയും പറഞ്ഞു ചോദ്യം ചെയ്യുന്നവരുണ്ടല്ലോ. ഇതുപോലെ, ദർശനസുഖം തരുന്ന മനോഹരവസ്തുക്കളേയും, സ്പർശനസുഖം തരുന്ന സുകുമാരസാധങ്ങളേയും, ശ്രവണസുഖം തരുന്ന സ്വരമാധുര്യങ്ങളേയും, ആസ്വാദ്യതരങ്ങളായ മധുര മനോഹരവസ്തുക്കളേയും സൃഷ്ടിച്ച ദൈവംതന്നെ; കണ്ടാൽ കണ്ണടച്ചുകളയുമാറു വൃത്തികെട്ട പദാർത്ഥങ്ങളേയും, സ്പർശനസുഖംതരാത്ത പരുപരുപ്പൻവസ്തുക്കളേയും, കണ്ണുകടോരങ്ങളായ ശബ്ദകോലാഹങ്ങളേയും, തിന്നാനമാത്രയിൽതന്നെ മുതിപെടുന്ന വിഷമയവസ്തുക്കളേയും സൃഷ്ടിച്ചു, ഈ ലോകത്തെ വഷളാക്കിയിരിക്കുന്നതിന്റെ ഉദ്ദേശവും മനസ്സിലാകുന്നില്ല. സൃഷ്ടിയിൽ ശ്രേഷ്ടരായി, മനുഷ്യരെ നിർമ്മിച്ച ദൈവം അവരെ ആസകലം നശിപ്പിച്ചുകളയുന്നതുപോലെ രോഗാണുക്കളേക്കൂടി സൃഷ്ടിച്ചു വിട്ടിരിക്കുന്നു! ഒരു കുട്ടിയുടെ ജനനത്തിനു് ഉദ്ദേശംകാണുന്ന ദൈവം, അതേ കുട്ടിയുടെ ഉദരത്തിൽതന്നെ കുട്ടിയെ കരണ്ടുകൊല്ലുവാൻ മതിയായ കൃമികീടങ്ങളേയും സൃഷ്ടിച്ചിരിക്കുന്നു! ഈ മായത്തരങ്ങളെ വാഴ്ത്തുവാൻ ബുദ്ധിയുള്ള മനുഷ്യനു സാദ്ധ്യമാണോ?

ദൈവം സർവലോകനിയന്താവും, നീതിനിഷ്ഠനും നിഷ്പക്ഷപാതിയുമാണെന്നു ദൈവവാദികളും പറയുന്നു. ഈ ലോകത്തിലെ സുഖദുഃഖ മിശ്രമായ നിലയെപ്പറ്റി ശരിയായി ചിന്തിച്ചഭിപ്രായം പറയുന്ന ഒരു നല്ല മനുഷ്യനു് തീർച്ചയായും ദൈവത്തിന്റെ നീതിയേയും നിഷ്പക്ഷപാതിത്വത്തേയും പറ്റി അശേഷം ബഹുമാനം തോന്നുകയില്ല. നോക്കുക, ഒരുവൻ മണിമേടയിൽ വസിച്ചു മൃഷ്ടാന്നഭോജനം കഴിച്ചു സുഖിക്കുമ്പോൾ, അയൽപക്കക്കാരനൊരുത്തൻ

വെറും ചെറ്റക്കുടിലിൽ കിടന്ന കഞ്ഞിവെള്ളത്തിനു വകയില്ലാത്ത പൊരിയുന്ന പട്ടിണിപ്പാവങ്ങളും സ്വർണ്ണാഭരണങ്ങളാലും അലംകൃതനായി സാഡംബരം യാത്രചെയ്യുന്ന അരോഗദൃഢഗാത്രനായ ഒരുവന്റെ അടുക്കൽ ചീഞ്ഞളിഞ്ഞു പുഴുവിച്ചുന്ന കുഷ്ഠരോഗിയായ ഒരു പാവം ഭിക്ഷയ്ക്കുവേണ്ടി തന്റെ മുരടിച്ച കൈ നീട്ടുന്നു! ദൈവം എന്തിനിങ്ങനെ കുറേപ്പേരെ മാത്രം പണക്കാരാക്കി മണിമേടകളിൽ വസിപ്പിക്കുകയും ബഹുലക്ഷം പേരെ ദരിദ്രരാക്കി ചെറ്റക്കുടിലുകളിൽ "നിലം പൊത്തി" ക്കുകയും, ചേറുപാടത്തെക്കോളകത്തിക്കുകയും ചെയ്യുന്നു? എന്തിനു കുറേപ്പേരെ മാത്രം ദേഹസുഖവും മനഃസുഖവും ഉള്ളവരാക്കുമ്പോഴും, ബഹുഭൂരിഭാഗം പേരേയും രോഗികളും അസന്തുഷ്ടരും ആക്കിത്തീർക്കുന്നു! ഒരുണ്ണിയുണ്ടായിക്കണ്ടുകൺകുളിർക്കുവാൻ ജീവിതകാലം മുഴുവൻ കൊതിപൂണ്ടുതുള്ളുന്ന ദമ്പതിമാർ ഉണ്ടായിരിക്കെ, എന്തിനു കണക്കിലേറെ മക്കളെ കൊടുത്തു കുറേപ്പേരെക്കൊണ്ടു ദൈവം സന്താനഭാരം ചുമപ്പിക്കുന്നു! പുരുഷായുസ്സു നൂറിരുപതെന്നു പ്രമാണമുണ്ടെങ്കിലും ഒറ്റ ഒരുത്തനെയെങ്കിലും അതുവരെയിരിക്കുവാൻ ദൈവം സമ്മതിക്കുന്നുണ്ടോ? അതിരിക്കട്ടെ; വെള്ളക്കാരുടെ ജീവിതം 48 വയസ്സുവരെ കൊടുത്ത ദൈവം ഇന്ത്യാക്കാരുടെ ഏറിയാൽ 22 വരെ മാത്രം കൊടുത്തിരിക്കുന്നതു വെറും പക്ഷപാതബുദ്ധികൊണ്ടല്ലേ? ഒരു ദിവസം ശരാശരി രണ്ടും മൂന്നും രൂപ യൂറോപ്യന്മാർക്കു സമ്പാദ്യം കൊടുക്കുമ്പോഴും ദിനസരി ഒന്നരയണപോലും തികച്ചുകൊടുക്കാതെ ഇന്ത്യാക്കാരെ പട്ടിണിക്കിട്ടു കഷ്ണിപ്പിക്കുന്നതും പക്ഷപാതബുദ്ധിയല്ലേ? സായ്പന്മാർക്കു് ചുണ്ണാമ്പിൻനിറമൊത്ത വെള്ളനിറം കൊടുത്തപ്പോഴും, ഇന്ത്യാക്കാരെ കറുത്തമനുഷ്യരാക്കിതരം താഴ്ത്തിയതും, മഞ്ഞനിറം മംഗോളിയക്കാരിൽ നീക്കിവച്ചതും നീതിയായിരിക്കുന്നുണ്ടോ? ഇപ്രകാരം, ചീനരാജ്യ

ക്കാരെ പതിമൂക്കന്മാരായും ജപ്പാൻകാരെ കുറുമൂക്കന്മാരായും, ഇന്ത്യാക്കാരെ ഏറക്കുറെ ദീർഘമൂക്കന്മാരായും വകതിരിച്ചിരിക്കുന്നതിനും വല്ല പ്രത്യേക ഉദ്ദേശവും ഉണ്ടായിരിക്കുമോ? വേമ്പനാട്ടുകായലിന്നു കിഴക്കുവശത്തുള്ളവർക്കു സാധാരണ കാലുകൊട്ടത്തിരിക്കുമ്പോഴും, കായലിന്നു പടിഞ്ഞാറുള്ള 'കരപ്പുറം' കാരെക്കൊണ്ടു് ആനക്കാൽ (മന്തു്) ചുമപ്പിക്കുവാൻ തക്ക വിധം, അവർ എന്തുകുറ്റം ചെയ്തിരിക്കണം? ദൈവം സൃഷ്ടികർത്താവും, നീതിജ്ഞനും, നിഷ്പക്ഷപാതിയുമായിരുന്നിട്ടും, മനുഷ്യരെ ഇങ്ങനെ രൂപഭേദത്തോടും, സ്ഥിതിവ്യത്യാസത്തോടുംകൂടി നിർമ്മിക്കുവാനുണ്ടായ കാരണം തീർത്തും മനസ്സിലാകുന്നില്ല. എല്ലാവരേയും ആരോഗ്യത്തിലും ആയുസ്സിലും ആനന്ദത്തിലും ആറാടിക്കത്തക്കവിധം സൃഷ്ടിച്ചാൽ ദൈവത്തിനു വല്ല നഷ്ടവും വന്നുചേരുവാനുണ്ടോ? അഥവാ, സാധനസാമഗ്രികൾക്കുള്ള ക്ഷാമം വല്ലതും ദൈവത്തിനും നേരിട്ടിരിക്കുമോ? ഹേയ്! അതൊന്നുമില്ല. 'എല്ലാം ശുഭമായി ഭവിക്കട്ടെ,' എന്നു ദൈവം ഒന്നു വിചാരിച്ചാൽ അപ്പോഴേതന്നെ ആകാശവും, ഭൂമിയും, വെള്ളവും, തീയും എല്ലാം ഉണ്ടായിക്കഴിഞ്ഞു! ഹാ! എന്നിട്ടും വേണ്ടതു ചെയ്യാത്ത ദൈവം നിഷ്പക്ഷപാതിയെന്നോ?

ദൈവം സ്നേഹസ്വരൂപനും പരമകാരുണികനും, ആണെന്നുള്ള വാദത്തേയും പരിശോധിച്ചുനോക്കാം. മഹായുദ്ധങ്ങളും, മഹാമാരികളും ക്ഷാമങ്ങളും, അഗ്നിബാധകളും. വെള്ളപ്പൊക്കം, ഭൂകമ്പം, അഗ്നിപർവ്വതം പൊട്ടൽ, കപ്പലപകടം ആദിയായവകളാൽ ഈ ലോകത്തിൽ എത്രയെത്ര നാശങ്ങളാണു് ഇതിനകം സംഭവിച്ചിട്ടില്ലേ? ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നില്ലേ? ഈ വ്യാധത്തിലും അല്ലാതെയും ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കോടാനുകോടി ജീവനാശങ്ങളേയും, ക്ലേശിച്ചും ഞെരുങ്ങിയുമായുള്ള ജീവിതഭാര

ങ്ങളേയും ദൈവം എപ്പോഴും നോക്കിക്കാണുകയും, അറിയുകയും ചെയ്തിട്ടും ഇതിനൊരു പ്രതിവിധി കാണുന്നില്ല. എന്നിട്ടും ദൈവം സ്നേഹസ്വരൂപൻ തന്നെ! ഒരുവന്റെ പേരിൽ മനുഷ്യർ അന്യോന്യം കണ്ണുനീരും ചോരയും ഒഴുക്കിയിരിക്കുന്നു? തന്റെ പേരിൽ തന്റെ മക്കൾതമ്മിൽതല്ലിച്ചാകുന്നതു തടയുവാനെല്ലിലും ദൈവത്തിനു കാരുണ്യമുണ്ടാകുന്നില്ല. എന്നിട്ടും ദൈവം പരമകാരുണികനാണത്രെ! ഒരൊറ്റ മനുഷ്യന്റെ—പോകട്ടെ; ജീവിയുടെ—കഷ്ടപ്പാടും വ്യസനവും കാണുവാൻ നമുക്കു കരളുറപ്പുണ്ടാകുമോ? വയറുപൊരിഞ്ഞു ചാകുവാൻ പോകുന്ന ഒരു സഹോദരനെകണ്ടാൽ നമുക്കുസഹിക്കുമോ? മുങ്ങിച്ചാകുവാൻ പോകുന്നതുകണ്ടുകൊണ്ടു ചാടിയില്ലെങ്കിലും കരയാതെ കരയ്ക്കുനിൽക്കുവാൻ നമ്മാലാകുമോ? ഇല്ലേ ഇല്ല. നാം അത്രയ്ക്കു ഹൃദയമില്ലാത്തവരല്ല. അത്രയ്ക്കു കരുണയില്ലാത്തവരുമല്ല. ഈ സ്ഥിതിയ്ക്കു് സർവ്വവ്യാപിയായ ദൈവം—സർവജ്ഞനായ ദൈവം—സർവ്വശക്തനായ ദൈവം—സർവോപരി, പരമകാരുണികനായ ദൈവം—എങ്ങനെ ലോകത്തിൽ അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന ദുരിതങ്ങളും ഒന്നൊഴിയാതെ കണ്ടുകൊണ്ടിരിക്കുന്നു? ഈ ദൈവം പരമകാരുണികനാണെന്നു് എങ്ങനെ പറയും?

,,ദൈവം സർവശക്തനാകുന്നു.,, എങ്ങനെ? ദൈവാസ്തിക്യത്തെ എതിർക്കുന്ന നിരീശ്വരമനസ്ഥിതി മനുഷ്യരിൽ ഉളവാക്കാതിരിക്കുവാനെങ്കിലും കഴിയാത്ത ദൈവം സർവ്വശക്തനാകുന്നതെങ്ങനെ? ജീവികളുടെ സുഖത്തിനുവേണ്ടി നല്ല ഉദ്ദേശത്തോടും, നല്ല കരുതലോടും കൂടി ഈ ലോകത്തെ സൃഷ്ടിച്ചപ്പോൾ നന്മയോടൊപ്പം തിന്മയേയും, അല്ല; നന്മയേക്കാളധികം തിന്മയേയും സൃഷ്ടിച്ചതിന്റെ ഉദ്ദേശം എന്താണാവോ?

അതറിയാതെ പിണഞ്ഞുപോയ ഒരബദ്ധമാണെന്നു പറയുമോ? ഛേ! അങ്ങനെ പറയാവുന്നതല്ല. ദൈവം സർവജ്ഞനല്ലേ? സൃഷ്ടിയിൽ നിന്നും ഇന്നിന്നഗ്രഹണദോഷങ്ങളും ഉണ്ടാകുമെന്നു മുൻകൂട്ടിത്തന്നെ കാണുവാൻ ശക്തനും ത്രികാലവേദിയും അല്ലേ? എല്ലാം മുൻകൂട്ടി കാണുകയും അറിയുകയും ചെയ്തിട്ടും ഈ കൊടും പാതകത്തെ, പോരാ; ജീവജാലത്തെ ദ്രോഹിക്കേണ്ടിയിരുന്നുവോ? തിന്മയെ സൃഷ്ടിച്ചതു തെറ്റിപ്പോയെങ്കിൽ എന്തുകൊണ്ട് അവയെ ഒഴിവാക്കിക്കൂടാ. താനുണ്ടാക്കിയ തിന്മയെ വീണ്ടെടുക്കുന്നതിനു തനിയ്ക്കു സാധ്യമല്ലെന്നുവന്നാൽ അതു ദൈവത്തിന്റെ സർവശക്തിത്വത്തിനു പോരായ്മയല്ലേ? ഓ! ഈ തിന്മകളെല്ലാം സാത്താൻ — പിശാച് — ഉണ്ടാക്കുന്നതാണെന്നാണല്ലോ മതവിശ്വാസികളിൽ ചിലർ പറയുന്നതു്. ദൈവത്തിനു തിന്മയിൽ പങ്കില്ലത്രേ. ശരി. സാത്താനെ സൃഷ്ടിച്ചതാരു്? അതും ദൈവമല്ലേ? പിന്നെന്തുകൊണ്ടു തിന്മയെ ഒഴിവാക്കുവാൻവേണ്ടി ദ്രോഹിയായ ഈ സാത്താനെ അമർച്ചവരുത്തുന്നില്ല? അതിനു തനിക്കു ശക്തിയില്ലെങ്കിൽ ആയതും ദൈവത്തിന്റെ സർവശക്തിത്വത്തിനു ചേരുന്നതാണോ? ദൈവസങ്കല്പത്തിനു വിപരീതമായി, സാത്താൻ തിന്മയെ ഉണ്ടാക്കുന്നെങ്കിൽ ദൈവത്തേക്കാളും ശക്തൻ സാത്താനാണെന്നല്ലേ വന്നുകൂടുന്നതു"? ഇതു ദൈവത്തിനുതന്നെയും ദൈവവാദികൾക്കും ഇഷ്ടപ്പെടുമോ?

മുജ്ജന്മത്തെ പാപഫലമാണ് ഇന്നനുഭവിക്കുന്നതു ദുരിതങ്ങളെന്നു സാധാരണ പറയാറുണ്ടു്. ഈ പാപികൾ മുജ്ജന്മത്തിൽ പാപം ചെയ്യുവാൻ മുതിരുന്നതു സർവ്വാന്തര്യാമിയായ ദൈവം കണ്ടിട്ടും, അതേ എന്നു വിലക്കാതിരുന്നതെന്തുകൊണ്ടു"? അന്നദ്ദേഹം പാപത്തെ വിലക്കിയിരുന്നെങ്കിൽ

അവർ മുജ്ജന്മത്തിൽ പാപം ചെയ്യുവാനും, ഇന്ന 'ദുരിത വാരിധി നടുവിൽ' പെട്ടഴലുവാനും ഇടയാകുമായിരുന്നോ? മുജ്ജന്മത്തിൽ പാപംചെയ്യുവാൻ തോന്നിയതു് അതിനു മുൻ ജന്മത്തെ പാപഫലമെന്നു പറഞ്ഞാൽ ആ ജന്മത്തിൽ പാപം ചെയ്തതു് ഏതുജന്മത്തെ പാപഫലം എന്ന ചോദ്യം ഉടനേ ഉണ്ടാകും. ഇങ്ങനെ മുന്നോട്ടു മുന്നോട്ടു പോയാൽ ഏതുജന്മത്തിൽ ചെന്നവസാനിയ്ക്കും? പാപംചെയ്യാത്ത ഒരു ജന്മമെങ്കിലും കാണിക്കുവാൻ കഴിയുമോ? അതും പോകട്ടെ. ദുഷ്ക്കർമ്മവാസന ജീവികളിൽ ആരുണ്ടാക്കി? അതും സൃഷ്ടികർത്താവായ ദൈവം തന്നെയല്ലേ. മനുഷ്യർ പരസ്പരം ദ്വേഹിച്ചും ചൂഷണം ചെയ്തും ചതിച്ചും ദ്രോഹിച്ചും കഴിയുന്നതിനുത്തരവാദിത്വം ഈ ദുശ്ശീലങ്ങളെ സൃഷ്ടിച്ചുകൊടുത്ത ദൈവം തന്നെ വഹിക്കേണ്ടതല്ലേ? മനുഷ്യരിൽ ആയോധനാസക്തിയും, വിദ്വേഷബുദ്ധിയും, രാജ്യസമ്പാദനതൃഷ്ണയും ഉളവാക്കാതിരുന്നെങ്കിൽ 'മധുകൈടഭ' യുദ്ധം, 'രാമരാവണ'യുദ്ധം, 'കുരുപാണ്ഡവ'യുദ്ധം, ആദിയായി പുരാണേതിഹാസാദികാലങ്ങളിൽ നടന്നിട്ടുള്ളതായി പറയുന്ന ഘോരയുദ്ധങ്ങളും, ചരിത്രകാലങ്ങളിൽ ഉണ്ടായിട്ടുള്ള അനേകശതം യുദ്ധങ്ങളും, ഇക്കഴിഞ്ഞ ലോകമഹായുദ്ധവും ഉണ്ടാകുമായിരുന്നോ? ഈ ദുഷ്ക്കർമ്മവാസനകളെ ജീവികളിലുണ്ടാക്കുവച്ച ദൈവത്തിന്റെ മഹിമയെ വാഴ്ത്തുവാൻ ബുദ്ധിയുള്ളവർക്കു കഴിയുന്നതാണോ?

വെറും ആറേ ആറുദിവസം കൊണ്ടു് ദൈവം തിട്ടക്കത്തിൽ ഈ ലോകത്തെ സൃഷ്ടിച്ചു കുറേ ആളുകൾക്കായി കൊടുത്തിട്ടു് എല്ലാം 'ശരിയായിരിക്കുന്നു.', എന്നല്ലേ പറഞ്ഞതു്? അദ്ദേഹത്തേ സ്വർഗ്ഗത്തുനിന്നും വിളിച്ചിറക്കി ഈ ലോകം കാണിച്ചു കൊടുത്താൽ എല്ലാം ശരിയായിരിക്കുന്നു.

എന്നു് ഇപ്പോഴും പറയുമോ? ''പാപങ്ങളെ തൻ പ്രാണനാ
ൽത്തുകൊണ്ടു പാപപ്പൂക്കളെ പങ്കവീശു''ന്നതിനേയും; മുത
ലാളിയുടെ ചൂഷണത്തിനുശേഷമുള്ള ജീവരക്തം പുരോഹി
തൻ ഊറ്റിയെടുത്തു സാധുക്കളെ വറ്റടുന്നതിനേയും; ചെറുതി
നെ വലുതും, വലുതിനെ അതിലും വലുതും ഞെക്കി ഞെ
രുക്കിയും, കൃത്രിക്കവർന്നും, കൊന്നതിന്നും കഴിയുന്നതി
നേയും മറ്റും കണ്ടിട്ടു് എല്ലാം ശരിയായിരിക്കുന്നു എന്നു
പറയുവാൻ ദൈവത്തിനു ഇപ്പോഴും ധൈര്യമുണ്ടാകുമോ?

മതവും ദൈവവും ഭരിച്ചലോകം ഏതാണ്ടു നാം
ഇപ്പോഴേ കണ്ടുകഴിഞ്ഞു. ഇനിയും ഈ നരകാവസ്ഥകളെ—
ദൈവത്തിന്റെയും മതത്തിന്റെയും ഭരണനൈപുണ്യങ്ങളെ—
അധികമായിക്കണ്ടാൽ തലകറങ്ങി താഴെ വീഴും. നമുക്കു
പിൻതിരിയാം. ഇവിടെ നാം ഒന്നു തീർച്ചചെയ്യേണ്ടിവ
നിരിക്കുന്നു. ഒന്നുകിൽ; ദൈവം സൃഷ്ടികർത്താവെന്നു
സമ്മതിക്കണം. അങ്ങനെയാണെങ്കിൽ, ഈ ലോകത്തിൽ
ബഹുമുഖങ്ങളായി നടന്നു കൊണ്ടിരിക്കുന്ന അന്തമറ്റദുരി
തങ്ങളെക്കെല്ലാം കാരണഭൂതൻ ദൈവം തന്നെയാണെന്നും സമ്മ
തിക്കണം. ഇങ്ങനെ സമ്മതിക്കുമ്പോഴും ദൈവം ലോകനി
യന്താവല്ല; സർവ്വജ്ഞനല്ല; സർവ്വശക്തനല്ല; നന്മനിറ
ഞ്ഞവനല്ല; സ്നേഹസ്വരൂപനുമല്ല; ആരുമല്ല എന്നതു
സമ്മതിച്ചേ മതിയാകൂ. ദൈവം സൃഷ്ടികർത്താവെന്നു സമ്മ
തിക്കാത്തപക്ഷം— സൃഷ്ടികർത്താവല്ലാത്തപക്ഷം— ലോക
ത്തിൽ നടക്കുന്ന നന്മതിന്മകളെക്കൊന്നിനും ദൈവം ഉത്തര
വാദിയല്ല. ഒന്നിലും ദൈവത്തിനു പങ്കില്ല. ഒന്നും ദൈവ
മറിയുന്നില്ല. ദൈവമെന്ന പദത്തിന്നാധാരമായ ഒരു വ്യക്തി
യെക്കൊണ്ടു— ശക്തിയെക്കൊണ്ടു— ലോകത്തിനെയാ
തൊരു പ്രയോജനവുമില്ല. ഇവ രണ്ടിൽ ഏതെങ്കിലും ഒന്നു

സമ്മതിക്കാതെ തരമുണ്ടോ? ഏതു സമ്മതിച്ചാലും ദൈവത്തിനസ്ഥാനമില്ലാതായിത്തീരുന്നു. ഇങ്ങനെ സങ്കല്പമാത്രമായ ഒരു ദൈവത്തെ മനുഷ്യർ എന്തിനു സൃഷ്ടിക്കണം? എന്തിനുനമിക്കണം? എന്തിനു ദൈവത്തിനുവേണ്ടി ജീവിക്കണം? അതേ; ഈ പൊട്ടൻ കളികളെല്ലാം ചതിയനായ പുരോഹിതന്റെ തട്ടിപ്പുകൾ മൂലം ഉളവായതുതന്നെ. അജ്ഞരായ മനുഷ്യരെ ഇവർ മതമെന്നും, ദൈവമെന്നും 'ഉമ്മാക്കി'കൾ' പറഞ്ഞു കബളിപ്പിച്ചു. മനുഷ്യലോകം കബളിതരായി. തലമുറതലമുറയായി മനുഷ്യർ ഈ വഞ്ചനയിൽ കുടുങ്ങിക്കിടക്കുന്നു.

യഥാർത്ഥജ്ഞാനവും, സ്വതന്ത്രചിന്താശീലവും, ബുദ്ധിവികാസവും സാർവ്വത്രികമായിത്തീരുമ്പോൾ മനുഷ്യൻ ഈ പൊട്ടൻകളി മതിയാക്കും. ദൈവത്തെ സ്വയം മറക്കും. ലോകത്തിലെ ദുരിതങ്ങളും മാറ്റുവാൻ മനുഷ്യനെക്കൊണ്ടുതന്നെയല്ലാതെ കഴിയുന്നതല്ലെന്നും, അവൻ ഏതിനും പോരുന്ന ശേഷിമാനാണെന്നും ഉള്ള ആത്മാഭിമാനബോധവും അങ്കുരിക്കും. അതിനുവേണ്ടി പരിശ്രമിക്കും. ഭൂമിയെ സ്വർഗ്ഗമാക്കുവാൻ വേല ചെയ്യും. ലോകം മിഥ്യയെന്നും, ജീവിതം നിസ്സാരമെന്നും പറയുന്ന വേദാന്തത്തട്ടിപ്പുകൾ നിശ്ശേഷം മാറും. ലോകത്തെ ആറു ദിവസം കൊണ്ടല്ലേ ഒരു ദിവസംകൊണ്ടും, ദൈവം സൃഷ്ടിച്ചതല്ലെന്നുള്ള ബോധവും യഥാർത്ഥ ജ്ഞാനമുണ്ടാകുമ്പോൾ ഉളവാകും. ലോകം പരിണാമ ഫലമാണെന്നുള്ള ശാസ്ത്രീയ ബോധം എല്ലാവരിലും ഉണ്ടായി സൃഷ്ടിവാദങ്ങളാകുന്ന കടംകഥകളെല്ലാം തീരെ നശിക്കും. വയറു പിഴപ്പിനുവേണ്ടി മതമെന്നും, ആത്മാവെന്നും, മോക്ഷമെന്നും, ദൈവമെന്നും മറ്റും പറഞ്ഞു നടക്കുന്ന പുരോഹിതൻ, ശാന്തി, തന്ത്രി, സന്യാസി ആദിയായവരെ ലോകം അനുസരിക്കാതാകും. ലോകത്തിൽ സത്യധർമ്മാദികളാകുന്ന സന്മാർഗിക നടപടി

കും സ്ഥായിയായി തീരുവാൻ മതവും ദൈവവും തീർത്തും വേണ്ടെന്നാകും. മനുഷ്യസമുദായത്തിന്റെ സാമൂഹ്യ ജീവിതത്തിനും ക്ഷേമത്തിനും, ധർമ്മബോധവും ധർമ്മാർത്ഥ ജീവിതവും ആവശ്യമാണെന്ന തത്വം സർവസാധാരണമായിത്തീരുകയും ചെയ്യും. തെളിവും യുക്തിയുമില്ലാത്ത വെറും വിശ്വാസങ്ങളിലും, പുരോഹിതരുടെ വാക്കുകളിലും മാത്രം കണ്ണുമടച്ചു വിശ്വസിക്കുന്ന ദുർബലശീലത്തിൽ നിന്നും ഉയർന്ന നിരീക്ഷണത്തിലും സത്യം സ്വയം കണ്ടെത്തുവാനുള്ള മനുഷ്യന്റെ സ്വാഭാവിക വാസനയിലും അവനു് ദൃഢവിശ്വാസം ഉണ്ടാകുകയും ചെയ്യും. അതുകൊണ്ടു് ജ്ഞാനം—യഥാർത്ഥജ്ഞാനം —— ലോകത്തിൽ നൂറുക്കു നൂറും ഉണ്ടാകുമാറാകട്ടെ.

ഉപസംഹാരം.

സഖാക്കളെ,

ഈ ഗ്രന്ഥം അവസാനിപ്പിക്കുന്നതിനുമുൻപ് ഉപസംഹാരമായി രണ്ടുവാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. ഹിന്ദുമതം എന്തുകൊണ്ടുപേക്ഷിക്കണമെന്നും മതമൊന്നും സ്വീകരിക്കരുതാത്തതെന്തുകൊണ്ടെന്നും ഇതുവരെ ഉപന്യസിച്ചതിൽ നിന്നും സാമാന്യമായി മനസ്സിലാക്കിയിരിക്കുമല്ലോ. ഹിന്ദുമതാവലംബംകൊണ്ടു്, ഹിന്ദുക്കൾക്കു തന്നെ യാതൊരുവിധ പരിഷ്ക്കാരവും ഉയർച്ചയും ഉണ്ടായിട്ടില്ല. മനുവിന്റെ പിന്നിൽ ക്കോടിനാൽ ഇന്ത്യൻജനതയെ സന്മാർഗ്ഗികളാക്കുവാനോ, അതതു സമുദായക്കാരെ അവരവർക്കു വിധിച്ചിട്ടുള്ള കർമ്മങ്ങളിൽ തന്നെ നിരതരാക്കി വർണ്ണവ്യവസ്ഥയെ നിലനിർത്തുവാനോ കഴിഞ്ഞിട്ടില്ല. ഹിന്ദുവിന്റെ പരിഷ്ക്കാരങ്ങളുത്തുയും നമുക്കു അപരിഷ്ക്കാരങ്ങളാകുന്നു. ഹിന്ദുക്കൾക്കും

പൊതുവിൽ ഇന്ത്യക്കാർക്കും ഇന്നവർ എത്തിയിരിക്കുന്ന പരിഷ്ക്കാരത്തിലും നിലയിലും എത്തുവാൻ ഇടയായതു്, ബ്രിട്ടീഷുകാരുടെ ഭരണപരിപാടികളും, അവർ ഏർപ്പെട്ടുത്തിയ പീനൽക്കോട്ടും, അവരുമായുള്ള സമ്പർക്കവും, സർവ്വോപരി ഇംഗ്ലീഷു് വിദ്യാഭ്യാസവും കൊണ്ടുതന്നെ. ഇതു സംഭവിച്ചിരുന്നില്ലെങ്കിൽഇന്നും ഇന്ത്യയിൽ പണ്ടത്തെ അബ്രാഹ്മണമർദ്ദനപരമായ രാമരാജ്യഭരണംതന്നെ നടക്കുമായിരുന്നു എന്നുള്ളതിനു സംശയമുണ്ടോ?ഹിന്ദുവിന്റെമതവും, ഭാഷയും, സംസ്ക്കാരവും മനുഷ്യരെ ഖണ്ഡം ഖണ്ഡം തിരിച്ചു നിർത്തി ജാതിക്കോമരം തുള്ളിക്കുവാനല്ലാതെ മനുഷ്യരാക്കുവാൻ സഹായിച്ചിട്ടില്ല. ഒരു മനുഷ്യനെക്കണ്ടാൽ ആരെന്നു ചോദിക്കുകയും ജാതിപ്പേർ പറയുകയും ചെയ്യുന്ന ദുഷിച്ച പതിവു മാറി മനുഷ്യൻ ആദ്യമായും അവസാനമായും മനുഷ്യൻ തന്നെയാകണം. ഇതിനു മതങ്ങളും—പ്രത്യേകിച്ചും ഹിന്ദുമതം—പ്രതിബന്ധമാണു്. ഈ പ്രതിബന്ധം മാറ്റുവാൻ പരിശ്രമിക്കേണ്ടതു്, മനുഷ്യസ്നേഹികളായ ഏവരുടേയും കടമയാകുന്നു.

ഏതാലാലും; മതബാധയാൽ ശരിക്കു വികസിക്കാതെ മൊരടിച്ചുകിടക്കുന്ന സമുദായങ്ങളും പുതിയ ജീവൻ വീണ്ടും ധൈര്യമവലംബിക്കണം. ഹിന്ദുമതത്തോടും, മതപരമായി ഹിന്ദുക്കളോടും ഉള്ള സകലബന്ധങ്ങളും പൂർണ്ണമായി ഉപേക്ഷിക്കണം. നമുക്കു് ആ മതത്തോടു യാതൊരു ബന്ധവുമില്ലെന്നും, നാം ആ മതകുടുംബത്തിൽ പെട്ടവരല്ലെന്നും എവിടേയും ആരോടും ഉച്ചൈസ്സും തുറന്നുപറയണം. മതം വിട്ടു നാം ഒരു സ്വതന്ത്രജനതയായി നില്ക്കുമ്പോൾ ക്രമേണ മറ്റുള്ളവർക്കു നമ്മോടു ബഹുമാനവും മതിപ്പും സ്നേഹവും ഉണ്ടാകാതെ തരമില്ല. അതോടുകൂടി സമുദായങ്ങളും തമ്മിലുള്ള ഇന്നത്തെ

മേലു കീഴചിന്തകനം സ്വയം നശിച്ചു്, ശാശ്വതമായ മൈത്രിയും, സാഹോദര്യവും സംസ്ഥാപിതമായിത്തീരുകയും ചെയ്യും. ഈ മൈത്രിയുടെ ഫലമായി മനുഷ്യസമുദായത്തെ കരണ്ടു നശിപ്പിക്കുന്ന ജാതിയും മതവും അതുകളെ നിലനിർത്തുന്ന മിശ്രഭോജനമിശ്രവിവാഹ നിഷേധങ്ങളും പോയി മനുഷ്യരെല്ലാം ഏകോദരസഹോദരരെപ്പോലെ ഒന്നായി വർത്തിക്കുമെന്നു ചെയ്യും ഇതിനേക്കാൾ കാര്യമായ ഒരു ദശ മനുഷ്യക്കു സമാഗതമാകേണ്ടതുണ്ടോ?

സ്വതന്ത്രസമുദായവാദം ഇങ്ങനെ നായരേയും, നമ്പൂരിയേയും, ക്ഷത്രിയനേയും, തിയ്യനേയും, പുലയനേയും, മുഹമ്മദീയനേയും, ക്രിസ്ത്യനേയും ആരേയും, സ്വതന്ത്രരാക്കുവാൻ പര്യാപ്തമായ ഒരു പ്രസ്ഥാനമാണെന്നു് ആലോചനയുള്ളവർക്കറിയുവാൻ കഴിയും. സ്വാർത്ഥസംപൂർത്തിക്കുവേണ്ടി പുരോഹിതന്മാർ കരുതിക്കൂട്ടിച്ചമച്ചുവച്ചിട്ടുള്ള മതാന്ധതകളാകുന്ന പെരും കെട്ടുകളുടെ ദുർഭരഭാരത്താൽ തളർന്നു വശംകെട്ടുന്ന സഹോദരലക്ഷങ്ങളെ ഉയർത്തുവാനാണു് സ്വതന്ത്രസമുദായവാദികളായ "അഖിലകേരളതീയയുവജനസംഘക്കാർ" ആശിക്കുന്നതു്. ഈ ഉദ്ദേശശുദ്ധിയിൽ വിശ്വസിച്ചും, അനുകൂലിച്ചും ജനസമൂഹം മതത്തോടും പുരോഹിതമേധാവിത്വത്തോടും പോരാടുവാൻ സന്നദ്ധരായിവരുമെങ്കിൽ അതെത്ര ശ്രേഷ്ഠമായിരിക്കും. ആ ഒരു സൽബുദ്ധി എല്ലാസമുദായക്കാരിലും ഉണ്ടാകുമാറാകട്ടെ!

ദൈവം പറഞ്ഞുതരാത്തതു, ദൈവാനുഗ്രഹം തീരെ ഇല്ലാത്തതുമായ ഈ പുസ്തകത്തിലെ ഉള്ളടക്കങ്ങളെപ്പറ്റി നിഷ്പക്ഷമായും സമാധാനപരമായും ചിന്തിച്ചുനോക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. "ഇതു വരപ്രസാദമുള്ളതു്, അപ്രമാദിത്വമുള്ളതു്, ഇതിനെ വിശ്വസിക്കണം" എന്നു പറയുന്ന

മുറ പുരോഹിതനുള്ളതാണ്. കണ്ണുമടച്ചുള്ള വിശ്വാസവും അനുസരണവും മനുഷ്യനെ എത്ര നാശത്തിൽ കൊണ്ടുപോയിച്ചാടിച്ചു എന്നതിനു കണക്കില്ല. ഇതു രണ്ടും കൈവെടിഞ്ഞു യുക്തിപൂർവ്വം ചിന്തിക്കുവാനാണ് ഞാൻ അപേക്ഷിക്കുന്നതു്. എന്റെ അറിവിലും അനുഭവത്തിലും ശരിയെന്നു തോന്നിയ സംഗതികൾ ഒട്ടും മറച്ചു വയ്ക്കാതെയും, പ്രീതിക്കു നോക്കി നിൽക്കാതെയും, ഭീതിക്കു വിധേയനാകാതേയും തുറന്നു പറഞ്ഞിരിക്കുന്നു. ഇതിൽ സമുദായ വൈരങ്ങൾക്കോ മതലഹളകൾക്കോ സ്ഥാനമില്ല. ഇവ രണ്ടും ഇല്ലായ്മ ചെയ്യുവാൻ നിദാനമറിഞ്ഞു പ്രതിവിധി നിശ്ചയിക്കുക മാത്രമാണു ചെയ്തിട്ടുള്ളതു്. സ്വതന്ത്രസമുദായവാദികളായ ഞങ്ങൾക്കു് ഒരു മതക്കാരോടോ, സമുദായത്തോടോ വെറുപ്പും വിദ്വേഷവും ഇല്ല. ഉണ്ടാകേണ്ട ആവശ്യവുമില്ല. ഞങ്ങൾ എല്ലാവരേയും സ്നേഹിക്കുകയും ആദർശങ്ങൾക്കായി, വേണ്ടിവന്നാൽ ആരോടും എതിർക്കുകയും ചെയ്യുമെന്നല്ലാതെ ഞങ്ങൾക്കു് വ്യക്തിപരമായി യാതൊരു വഴക്കും ഇല്ലെന്നു് ഒരിക്കൽ കൂടി പറഞ്ഞുകൊള്ളട്ടെ! ഞങ്ങൾ ജാതിമതഭേദമില്ലാതെ പുരോഹിതന്മാരുടെയും മതങ്ങളുടേയും പിടിയിൽനിന്നും സകലരേയുംവിടുവിച്ചു്, മനുഷ്യമാഹാത്മ്യത്തിൽമാത്രം വിശ്വസിപ്പിച്ചു് സ്വതന്ത്രരാക്കി എടുക്കുവാനുള്ള ഒരു മഹാവേലയാണു് ഏറ്റെടുത്തിരിക്കുന്നതു്. ഈ വേലയിൽ പങ്കെടുക്കുവാനായി ഞങ്ങൾ എല്ലാ യുക്തിവാദിമാന്മാരേയും ക്ഷണിച്ചുകൊള്ളുന്നു. മനുഷ്യലോകത്തിനു പൊതുവിൽ ലഭ്യമാകുവാനിടയുള്ള, ഈ സ്വതന്ത്ര്യസ്വർഗ്ഗത്തിനുവേണ്ടി എത്ര ത്യാഗങ്ങൾ ചെയ്താലും അധികമായിപ്പോകുമോ? ''മനുഷ്യസ്വാതന്ത്ര്യത്തിനുവേണ്ടി ലോകത്തിലെ സകലതും ഉപേക്ഷിക്കാം'' എന്നാണു് മഹാസ്വതന്ത്രവാദിയായിരുന്ന ഇംഗർസോൾ പറഞ്ഞിട്ടുള്ളതു്. മരിച്ചു മണ്ണടിയുന്നതിനു മുൻപു് താൻ ഉൽപ്പെട്ട മനുഷ്യസമു

ദായത്തിന്റെ സമുദ്ധരണത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നുള്ള പുരുഷോചിതമായ മോഹം എല്ലായുഗവുമുള്ളതാണ്. അങ്ങനെയിരിക്കേണ്ടതല്ലേ? കാറ്റത്തു നിന്നാടിയും മഴയത്തു നിന്നുതുള്ളിയും വളരുന്ന പാഴ്ച്ചെടിക്കൊപ്പം വെറുതേ നിന്നു മുത്തുമൊശടിച്ചുപോകുവാൻ മാത്രമുള്ളവരാണോ യുവാക്കൾ? മതമെന്നും ദൈവമെന്നും നശീകരണമെന്നും മറ്റും ഒരുമിച്ചു കേൾക്കുമ്പോൾ കട്ട്യാവു കണ്ട കാളയെപ്പോലെ ഈറപിടിച്ചു വിരണ്ടോടുന്ന മനുഷ്യർ എവിടെയെങ്കിലും പോയി കൊമ്പുകുത്തട്ടെ!

മതം നല്ലതോ ചീത്തയോ; സത്യമോ, അസത്യമോ? ദൈവം ഉണ്ടോ ഇല്ലയോ എന്നുംമറ്റുമുള്ള പാഴ്വാദങ്ങളൊന്നും നമുക്കിനിയും കേൾക്കേണ്ട. മനുഷ്യർ എത്രയോ നൂറ്റാണ്ടുകൾ ഈ ഒട്ടുങ്ങാത്തവാദം തന്നെ കേട്ടു ചെവിതഴമ്പുപിടിപ്പിച്ചിരിക്കുന്നു! മതം നന്മയായിരിക്കട്ടെ, തിന്മയായിരിക്കട്ടെ; സത്യമായിരിക്കട്ടെ അസത്യമായിരിക്കട്ടെ; ദൈവം ഉണ്ടായിരിക്കട്ടെ, ഇല്ലാതിരിക്കട്ടെ, ഇതുകളെക്കൊണ്ടു മനുഷ്യസമുദായത്തിനു് ഇവിടെ എന്തു പ്രയോജനം എന്നുമാത്രമേ നമുക്കന്വേഷിക്കേണ്ടതുള്ളൂ. മരണശേഷം; ഉണ്ടെന്നിതുവരെതെളിവു കിട്ടിയിട്ടില്ലാത്ത പരലോക സുഖത്തിനുവേണ്ടിയാണു് മതവും ദൈവവും, എന്നുപറയുന്ന മനുഷ്യദ്രോഹികളായ മിഥ്യാവാദക്കാരോടു് തല്ക്കാലം മാറിനില്ക്കുവാൻ പറയണം. മരണാനന്തരം വല്ലതുമുണ്ടെങ്കിൽ ആ കാര്യം അന്നു ചിന്തിക്കാം. ഇന്നു് ഈ ലോകത്തിൽ സുഖമായി ജീവിക്കാനുള്ള വഴിതേടാം.

പണ്ടത്തെ മേന്മയും, ചരിത്രവും ഉദ്ധരിച്ചു മനോരാജ്യം അയവിറക്കിക്കൊണ്ടിരുന്നാൽ ഇനിഫലമില്ല. ഇന്നത്തെസ്ഥിതി നല്ലതുപോലെ നോക്കിക്കണ്ടു സ്വതന്ത്രമായി ചിന്തിച്ചു ധൈര്യമായി മുന്നോട്ടിറങ്ങി ആണത്തമായി പ്രവർത്തിക്ക

ണം. അതിന് തയ്യാറില്ലാത്ത മേഴകയെ മാറിനിൽക്കണം. നിറം, കുലം, ഗ്രന്ഥം, പൂർവ്വകാലമാഹാത്മ്യം ഇവ വാഴ്ത്തിക്കൊണ്ട് നമ്മെ ഇനിയും കുതിരകയറുവാൻ വരുന്നവർക്ക് നാം കനിഞ്ഞുനിന്നുകൊടുക്കരുതു്. ഇനിയുള്ളകാലം അതു നടപ്പില്ലെന്നവരെ ധരിപ്പിക്കണം. ജീവിതത്തിനുപറ്റാത്ത അപ്രായോഗികവേദാന്തങ്ങളും ആദർശവാക്യങ്ങളും മുറിശ്ലോകങ്ങളുംകൊണ്ടുനടക്കുന്ന ജനദ്രോഹികളേയും നാം ദൂരെനിറുത്തണം. ആളിന്റെ നിലയും സ്ഥിതിയുംനോക്കി അഭിപ്രായത്തിനു വിലപ്പിക്കുന്ന മൗഢ്യവും ആണത്തമില്ലായ്മയും നാം കൈവെടിയണം. നമുക്കു ശരിയെന്നുതോന്നുന്നതേതും തുറന്നുപറയണം. ഏതുമഹാന്റെയായാലും, 'മഹാത്മാ'വിന്റെയായാലും തെറ്റുതെറ്റെന്നുതന്നെ വിളിച്ചുപറയണം. വിഷയഗൗരവവും ഉദ്ധൃതിയുംകൊണ്ട് അവിവേകികളോ, വഴിപിഴച്ചവരോ ആകാതിരുന്നാൽ ധാരാളം മതിയാകും. അധർമ്മവും അനീതിയും സാധുജനമർദ്ദനവും ഒരിടത്തും ഉണ്ടാകുവാൻ ഇടം കൊടുക്കരുതെന്നായിരിക്കണം ഓരോയുവാവിന്റെയും പരമാദർശം! അഴിമതിയും, അക്രമവും കണ്ടാൽ കോപംജ്വലിക്കാത്ത യുവഹൃദയം കല്ലുകൊണ്ട് തീർത്തതാകാനേതരമുള്ള. ഏതു മുഷ്ക്കിനും കീഴടങ്ങാത്ത ധർമ്മതൽപ്പരതയും അഭിപ്രായധീരതയും നമ്മിൽ അങ്കുരിക്കണം "ഈ ഉരുണ്ട ഭൂമിയുടെ ചക്രവർത്തിയാകാമെന്നിരുന്നാൽ കൂടി ഞാൻ എന്റെ ഹൃദയത്തിലെ ഒരങ്കുരമെങ്കിലും നശിപ്പിക്കയില്ല" എന്നു പറഞ്ഞ റോബർട്ട് ഗ്രീൻ ഇംഗർസോളിന്റെ (Robert green Ingersoll) ധീരചിത്തമാണ് നമ്മിൽ ഓരോരുത്തരിലും ഉണ്ടാകേണ്ടതു്.

മനുഷ്യസമുദായത്തിനു പൊതുക്കെ, സുഖവും സമാധാനവും സ്നേഹഭാവനയും ആവിർഭവിക്കുവാൻവേണ്ടിയുള്ള നമ്മുടെ പരിശ്രമത്തിനു് എതിരായ അഭിപ്രായങ്ങളേയും നിലകളേ

യും നാം തെല്ലും ക്ഷീണിക്കുന്നതില്ല. ധൈര്യമായും സ്ഥിരനി
ശ്ചയത്തോടുകൂടിയും മുന്നോട്ടുനീങ്ങുമ്പോഴും തടസ്സങ്ങൾ തക
ർന്നു തരിപ്പണമായിക്കൊള്ളും. മലപോലെ അസാദ്ധ്യമായി
ത്തോന്നിയ പല കാര്യങ്ങളും ഉദ്ദേശശുദ്ധിയും സ്ഥിരയത്നവും
കൊണ്ടു വെറും പഞ്ഞിപോലെ നിസ്സാരമായിത്തീർന്നിട്ടുള്ളതി
ന് ദൃഷ്ടാന്തങ്ങൾ ഇല്ലാതില്ല. നമ്മുടെ അഭിപ്രായങ്ങൾ എല്ലാ
വരും സ്വീകരിക്കുന്നവയാണോ എന്നുള്ള പരുരുഷഹീനമായ
നോട്ടമല്ല നമ്മിലുണ്ടാകേണ്ടതു്. എല്ലാവർക്കും ആവശ്യമുള്ള
താണോ നാം പറയുന്നതെന്നമാത്രമേ നോക്കേണ്ടതുള്ളൂ. പൊതു
ജനാഭിപ്രായം എങ്ങനെയുമിരുന്നുകൊള്ളട്ടെ. നാം നേരെ നി
വർന്നുനിന്നു നിസ്സങ്കോചമായും, നിരന്തരമായും പ്രവർത്തിച്ചാൽ
പൊതുജനാഭിപ്രായം നമുക്കനുകൂലമായി ഒഴുകിക്കൊള്ളും. പൊ
തുജനാഭിപ്രായത്തെ മാനിക്കുകയും ഭയപ്പെടുകയും ചെയ്യുന്ന
ഭീരുക്കളെയല്ല, അവരുടെതിർത്തു പോരാടി നവീനാദർശ
ങ്ങളിലേക്കു ജനതയെ തിരിച്ചു വിടുന്ന ധീരപുരുഷന്മാരെ
യാണു നമുക്കാവശ്യം. അങ്ങനെയുള്ള സിംഹപരാക്രമികളെ
കൊണ്ടുമാത്രമേ ലോകത്തിനു നന്മയുണ്ടായിട്ടുള്ളൂ. അവർ
പൊതുജനങ്ങളുടെ അവഹേളനത്തേയോ ഖണ്ഡനമണ്ഡനങ്ങ
ളേയോ തെല്ലും പരിഗണിക്കുന്നതുമില്ല. ലോകനന്മക്കുവേണ്ടി
നിർഭയമായി നിരന്തരം നിന്നു പൊരുതുന്ന ധീരപുരുഷന്റെ
അഭിപ്രായം പൊതുജനാഭിപ്രായമായി മാറുകതന്നെ ചെയ്യും.
ആ ധർമ്മധീരന്റെ മുൻപിൽ പൊതുജനങ്ങൾ തലകുനിക്കാതെ
യും ഇരിക്കയില്ല. അതുകൊണ്ടു്, ഇന്നു നമ്മുടെ ശ്രമത്തിൽ
അനുകൂലിക്കാത്തവർ നാളെ യഥാർത്ഥം ഗ്രഹിച്ചു് പശ്ചാ
ത്താപപൂർവം അടുത്തുവരുമെന്നു നമുക്കാശിക്കാം. ഇന്നു നമ്മെ
പഴിക്കുന്ന നാവുകൊണ്ടു് നാളെ സ്തുതിഗീതം പാടുമെന്നു
നിശ്ചയിക്കാം. അതുപോലെ, ഇന്നു നമുക്കെതിരായെഴുതുന്ന
പേനത്തുമ്പുകൊണ്ടു തന്നെ നാളെ നമുക്കനുകൂലമായി എഴുതു
കയും ചെയ്യും. ഇന്നു നമ്മെ അടിക്കുവാൻ പൊക്കുന്ന കരം

കൊണ്ട് നാളെ നമ്മെ മാലയും ചാർത്തും. ധർമ്മനിരതമ
യ പ്രസ്ഥാനങ്ങളുടെ മുൻപിൽ ഏതു മഹച്ഛക്തിയും തല
നിക്കുമെന്നുള്ള ലോകനീതിക്കു വിപരീതമായി ഒരു പരീ
കാലം ഉണ്ടായിട്ടേ ഇല്ല.

ആകയാൽ, സഹോദരരെ! ഇന്നു നമ്മുടെ ജീവിത
നും പുരോഗമനത്തിനും പ്രതിബന്ധമായി നിൽക്കുന്ന മ
ശൃംഖലകളെ ഓരോന്നായി പൊട്ടിച്ചെറിയുവാൻ സന്നദ്ധ
യി നമുക്കു മുന്നോട്ടിറങ്ങാം. ഏറ്റവും ശ്രമാവഹവും, ബ
മുട്ടേറിയതുമായ ഈ മഹാവേലക്കു സ്ഥാനമാനികളും,
പിള്ളമാരാകാൻ മോഹിക്കുന്നവരും ഒരുങ്ങിയിറങ്ങുന്നി
അതുകൊണ്ടു നമുക്കുതന്നെ ഈ മഹാകാര്യത്തിനായി മു
ട്ടിറങ്ങാം.

പ്രതിബന്ധങ്ങളും കണ്ടുപിടിച്ചുവിറച്ചു പിമ്പോ
ട്ടുന്ന ചുമട്ടുകഴുതകളെപ്പോലെ ചുമടു ചുമന്നു കൊള്ളുട്ടെ! ത
പോലെ, സർ സി. വി. രാമന്റെ ഭാഷയിൽ പറഞ്ഞാ
മതഭ്രാന്തിന്റേയും അന്ധതയുടേയും, യഥാസ്ഥിതികരു
ത്തിന്റേയും നാശ്ശം കരുതട്ടെ; എത്രയെങ്കിലും കിടന്നു
ച്ചുകൊള്ളട്ടെ! നമുക്കുമുമ്പോട്ടുപോകാം. നമ്മുടെ ആദർശങ്ങ
ക്കുവേണ്ടിത്തന്നെ പുഞ്ചിരിയോടെ മരണത്തെ വരിച്ച
ന്തകരായ മഹാപുരുഷന്മാരുടെ ഉദാഹരണങ്ങളും നമുക്കു ജീ
നും ആശയും നൽകുന്നില്ലേ? അവരുടെയെല്ലാം സ്മരണക
നമ്മുടെ ഇടയിൽ അനേകം അനേകം ആദർശഭ്രാന്തന്മാ
സൃഷ്ടിക്കേണ്ടതല്ലേ? യുക്തിക്കും നീതിക്കും ഒക്കാത്ത ഏ
നേയും എതിർത്തു പൊടിപാറ്റുവാനുള്ള ചങ്കൂറ്റവും തന്നേ
വുമല്ലേ നമ്മിലുണ്ടാകേണ്ടതു്? അധർമ്മപ്പക ഒരിക്കലും അ
രിക്കാത്ത ജീവശ്ശവങ്ങളും ഇരുന്നിട്ടെന്തുഫലം! അവർ എ
ടെയെങ്കിലും പോയിത്തുലയട്ടെ! നാം ജീവിച്ചു എന്നു് ഇ
യുള്ള തലമുറയെങ്കിലും അറിയട്ടേ! അവർക്കു നമ്മേപ്പറ്റ
ആദരവും സ്നേഹവും തോന്നട്ടെ!. നാം ഉണർന്നും ഉ
രണം. മറ്റുള്ള പലേ പരിഷ്ക്കാരങ്ങളേയും പോലെ, മ
നശീകരണ പരിഷ്ക്കരണവും തീയയുവാക്കളെ മുൻ
ന്നസാധിച്ചു എന്നുള്ള മഹിമയുറ്റകാര്യം ഭാവിചരിത്ര
രന്മാർ സസന്തോഷം രേഖപ്പെടുത്തുമാറാകട്ടെ!!!



പ്രഭാത് ബുക്ക് ഹൗസ്

